# വിവാഹിതരാവുന്നവരോട്...

മുഹമ്മദ് അൽ ജിബാലി

# വിവാഹിതരാവുന്നവരോട്...

വിവർത്തനം
പി.എസ്. അബ്ദുൽ നാസ്വിർ
മുഹമ്മദ് സിയാദ് കണ്ണൂർ

**DA'WA BOOKS**
**P.B No: 1981, Vyttila, Cochin - 19**

**DA'WA BOOKS**

Malayalam | Study | Vivahidarakunnavarodu
വിവാഹിതരാവുന്നവരോട്...
Author: Muhammad Musthafa Jibali
Translators: P.S. Abdul Nasir, Muhammed Ziyad Kannur
Third Edition: April 2014
**Price: Rs. 100.00**

Publisher | Distribution
Da'wa Books | Vyttila | Kochi - 19 | Kerala | India
Web: www.dawabooks.in | Email: dawabook@gmail.com
Cover : Irshad | Type Setting : Creative Media | Printing : Anaswara Offset, Kochi
ISBN: 978-93-82581-41-3

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد لله.

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെﷺ പ്രത്യേകമായ അംഗീകാരം ലഭിച്ച ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

സമാധാനപൂർണവും ആസ്വാദകരവുമായ ദാമ്പത്യജീവിതം ആഗ്രഹിച്ചുകൊണ്ടാണ് എല്ലാവരും വിവാഹത്തിന് മുതിരുന്നത്. സീരിയലുകളിലും നോവലുകളിലുമുള്ള കഥാപാത്രങ്ങളെ അനുകരിക്കുവാൻ ശ്രമിക്കുന്നവർക്ക് ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാതെ കണ്ണീർകുടിക്കേണ്ട ഗതികേടുണ്ടാവാറുണ്ട്. ജീവിതത്തിന്റെ മറ്റേതുമേഖലയിലുമെന്നതുപോലെ ദൈവിക മാർഗദർശനങ്ങൾ അനുധാവനം ചെയ്തവർക്ക് മാത്രമെ ദാമ്പത്യ ജീവിതത്തെയും പൂർണമായി ആസ്വദിക്കാനാവൂ. ദാമ്പത്യ ജീവിതത്തിലേക്ക് കടക്കുന്നവർക്ക് ഖുർആനും സുന്നത്തും നൽകുന്ന മാർഗരേഖ സമഗ്രമായി വിശദീകരിക്കുന്ന ഗ്രന്ഥം.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ**

# താളുകളിൽ


ആമുഖം ................................................................ 11

01. അനുഗ്രഹീത ബന്ധം ........................................ 13

02. ഇണയെ തെരഞ്ഞെടുക്കൽ ................................ 36

03. വിവാഹാന്വേഷണം ............................................ 51

04. വിവാഹക്കരാർ .................................................. 75

05. വിവാഹാഘോഷം ............................................ 111

06. വലീമത്ത് ........................................................ 128

07. വിവാഹം യാഥാർത്ഥ്യമാക്കൽ ........................ 164

08. നിരോധിക്കപ്പെട്ട വിവാഹ ബന്ധങ്ങൾ ............ 171

09. ഉപസംഹാരം .................................................... 198

# ആമുഖം

അല്ലാഹുവിന് സർവ സ്തുതിയും, മുഹമ്മദു നബി(ﷺ)യുടെ മേൽ അല്ലാഹുവിന്റെ രക്ഷയും സമാധാന വുമുണ്ടാകട്ടെ.

മുസ്‌ലിം കുടുംബം എന്ന പരമ്പരയിലെ ഒന്നാമത്തെ പുസ്തകമാണിത്. വിവാഹബന്ധം സ്ഥാപിക്കുന്നതിന് ആവ ശ്യമായ എല്ലാകാര്യങ്ങളും ഈ പുസ്തകത്തിൽ ചർച്ചചെയ്യ പ്പെട്ടിരിക്കുന്നു. വിവാഹത്തിന്റെ പ്രാധാന്യം, വിവാഹംകൊ ണ്ടുള്ള ഗുണങ്ങൾ, ഇണക്ക് വേണ്ട ഗുണങ്ങൾ, വിവാഹാ ലോചന, വിവാഹക്കരാറിന് വേണ്ട വ്യവസ്ഥകളും നിബന്ധ നകളും, വിവാഹം സാധുവാകാനുള്ളു ചടങ്ങുകൾ, വിവാഹാഘോഷം. നിരോധിക്കപ്പെട്ട വിവാഹങ്ങൾ. എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വിവാഹത്തിന്റെ ഓരോ ചുവടിലും ഇസ്‌ലാമിന് വിരു ദ്ധമായി മുസ്‌ലിംകൾ സാധാരണ വരുത്താറുള്ള അബദ്ധ ങ്ങളും ഈ പുസ്തകം ചൂണ്ടിക്കാണിക്കാണിക്കുന്നു.

വിവാഹത്തെ സംബന്ധിച്ച് സാമാന്യേന ചോദിക്കപ്പെ ടാറുള്ളതുമായ എല്ലാ കാര്യങ്ങളും ഇതിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രതിപാദിക്കുന്നു. അത്കൊണ്ട് തന്നെ ഇതൊരു റഫറൻസ് പുസ്തകവും, അതേ സമയം തന്നെ പാഠപുസ്തകവുമാണ്. സാധാരണക്കാരന് എളുപ്പത്തിൽ വാ യിച്ച് മനസ്സിലക്കാൻ ഉതകുന്ന തരത്തിൽ വളരെ ലളിതമാ യിട്ടാണ് ഈ പുസ്തകത്തിൽ കാര്യങ്ങൾ അവതരിപ്പിട്ടുള്ളത്.

മുഹമ്മദ് അൽ ജിബാലി

# അദ്ധ്യായം 1
# അനുഗ്രഹീത ബന്ധം

## വിവാഹം അല്ലാഹുവിന്റെ നിയമമാണ്

അല്ലാഹു ഈ ലോകത്തെ സൃഷ്ടിക്കുകയും അതിനെ നിയന്ത്രിക്കുന്ന നിയമങ്ങളുണ്ടാക്കുകയും ചെയ്തു. നമ്മുടെ നിലനിൽപിന്നാവശ്യമായ ഭക്ഷണവും ശ്വസിക്കാനുള്ള വായുവും സസ്യജാലങ്ങൾക്കുള്ള മഴയും മറ്റും അല്ലാഹുവിന്റെ നിയമങ്ങളിൽ പെട്ടതാണ്.

അല്ലാഹുവിന്റെ സുപ്രധാന നിയമങ്ങളിലൊന്നാണ് അവൻ വസ്തുക്കളെ ഇണകളായി സൃഷ്ടിച്ചു എന്നത്; ഈ ഇണകളിൽ നിന്നും പ്രത്യുൽപാദനം നടക്കുന്നു. അല്ലാഹു പറയുന്നു:

﴿ وَمِن كُلِّ شَيْءٍ خَلَقْنَا زَوْجَيْنِ لَعَلَّكُمْ تَذَكَّرُونَ ﴾

എല്ലാ വസ്തുക്കളിൽ നിന്നും ഈ രണ്ട് ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുവാൻ വേണ്ടി. (സൂറ. ദാരിയാത്ത് : 49)

ആണും പെണ്ണുമാകുന്ന ഇണകളായി സൃഷ്ടിക്കപ്പെട്ട മനുഷ്യകുലത്തിനും ഇത് ബാധകമാണ്. മനുഷ്യകുലം തുടങ്ങിയത് നമ്മുടെ പിതാവായ ആദമിൽ നിന്നും മതാവായ ഹവ്വയിൽ നിന്നുമാണ്. ആ

ഇണകളിൽ നിന്നും അല്ലാഹു മറ്റെല്ലാ മനുഷ്യരെയും സൃഷ്ടിച്ചു. അല്ലാഹു പറയുന്നു:

﴿ يَـٰٓأَيُّهَا ٱلنَّاسُ ٱتَّقُوا۟ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ﴾

"മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ." (സൂറ. നിസാഅ് : 1)

അല്ലാഹു വീണ്ടും പറയുന്നു:

﴿ يَـٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَـٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَـٰكُمْ شُعُوبًا وَقَبَآئِلَ لِتَعَارَفُوٓا۟ ۚ إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌ ﴾

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു." (സൂറ. ഹുജുറാത്ത് :13)

മനുഷ്യരുടെ പ്രത്യുൽപാദനത്തിന്റെ മാർഗമായി ഇത് തുടർന്നുകൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു.

﴿ وَٱللَّهُ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا وَجَعَلَ لَكُم مِّنْ أَزْوَٰجِكُم بَنِينَ وَحَفَدَةً وَرَزَقَكُم مِّنَ ٱلطَّيِّبَـٰتِ ﴾

അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് തന്നെ ഇണകളെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രൻമാരെയും പൗത്രൻമാരെയും ഉണ്ടാക്കിത്തരികയും, വിശിഷ്ട വസ്തുക്കളിൽ നിന്നും അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. (സൂറ. നഹ്ൽ : 72)

## മുസ്‌ലിംകൾ വിവാഹം കഴിക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു

### നിർവചനം

വിവാഹത്തെ സൂചിപ്പിക്കാനായി ഇസ്‌ലാമിക ഗ്രന്ഥങ്ങൾ സാധാരണ ഉപയോഗിക്കുന്ന പദം 'നികാഹ്' എന്നാണ്. ഈ വാക്കിന് അറബി ഭാഷയിൽ 'സംയോഗം' എന്നാണർഥം. പിന്നീട് വിവാഹ ഉടമ്പടിക്ക് ഈ വാക്ക് ഉപയോഗിക്കപ്പെട്ടു. കാരണം അത് സംയോഗത്തിലേക്കുള്ള ഒരു മാർഗമാണല്ലോ. (ലിസാനുൽ അറബ്)

അങ്ങനെ, "ഇന്ന വ്യക്തിയുടെ മകളെ അവൻ നികാഹ് ചെയ്തു എന്ന് പറഞ്ഞാൽ അവൻ വിവാഹ ഉടമ്പടി നടത്തി എന്നാണ് സാധാരണയായി അർഥമാക്കാറുള്ളത്. മറിച്ച്, 'അവൻ സ്വന്തം ഭാര്യയെ നികാഹ് ചെയ്തു' എന്ന വാചകത്തിന്റെയർഥ സംയോഗം ചെയ്തു എന്നാണ്. ഈ പുസ്തകത്തിൽ 'നികാഹ്' എന്ന പദത്തിന് ആശയക്കുഴപ്പമൊഴിവാക്കാൻ സമാനാർഥമുള്ള പദങ്ങൾ യഥാസ്ഥാനത്ത് ഉപയോഗിക്കും.

## അല്ലാഹുവിന്റെയും റസൂലിന്റെയും കൽപന

സത്യവിശ്വാസികളോട് വിവാഹം കഴിക്കാനും അവരുടെ കീഴിൽ വരുന്നവരെ വിവാഹത്തിനായി സഹായിക്കാനും അല്ലാഹു കൽപിക്കുന്നു: അവൻ പറയുന്നു.

﴿ وَأَنكِحُوا۟ ٱلْأَيَـٰمَىٰ مِنكُمْ وَٱلصَّـٰلِحِينَ مِنْ عِبَادِكُمْ وَإِمَآئِكُمْ ۚ إِن يَكُونُوا۟ فُقَرَآءَ يُغْنِهِمُ ٱللَّهُ مِن فَضْلِهِۦ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴾

നിങ്ങളിലുള്ള അവിവാഹിതരെയും, നിങ്ങളുടെ അടിമകളിൽ നിന്നും അടിമസ്ത്രീകളിൽ നിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തിൽ ഏർപെടുത്തുക. അവർ ദരിദ്രരാണെ

**ങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവ്വജ്ഞ നുമത്രെ.** (സൂറ. നൂർ 32)

കൂടാതെ, യുവാക്കളോട് റസൂൽ(ﷺ) വിവാഹം കഴിക്കാൻ കൽപി ക്കുകയും അതിന് സാധിക്കാത്തവർ ലൈംഗികതൃഷ്ണ നിയന്ത്രി ക്കുന്നതിനായി വ്രതമനുഷ്ഠിക്കാൻ ഉപദേശിക്കുകയും ചെയ്തു. ഇബ്നു മസ്ഊദ്(ﷺ) നിവേദനം. ഞങ്ങൾ യുവാക്കളായിരിക്കെ, ഒരിക്കൽ പ്രവാചകനോ(ﷺ)നോടൊപ്പമായിരുന്നു. അന്ന് ഞങ്ങൾക്ക് സമ്പത്തൊ ന്നുമുണ്ടായിരുന്നില്ല. അപ്പോൾ റസൂൽ(ﷺ) പറഞ്ഞു:

**'يَا مَعْشَرَ الشَّبَابِ مَنْ اسْتَطَاعَ مِنْكُمْ الْبَاءَةَ فَلْيَتَزَوَّجْ فَإِنَّهُ أَغَضُّ لِلْبَصَرِ وَأَحْصَنُ**

'ഓ യുവ സമൂഹമേ! നിങ്ങളിൽ നിന്നും വിവാഹത്തിന് കഴിവു ള്ളവർ വിവാഹം ചെയ്യട്ടെ, കാരണം അത് അവന്റെ നോട്ടത്തെ നിയ ന്ത്രിക്കുകയും ഗുഹ്യാവയവത്തെ (വ്യഭിചാരത്തിൽ നിന്നും) സംര ക്ഷിക്കുകയും ചെയ്യും. അതിന് കഴിവില്ലാത്തവർ നോമ്പെടുക്കുക. അതവന്റെ വികാരത്തെ നിയന്ത്രിക്കും." (ബുഖാരി, മുസ്ലിം)

അതേ രൂപത്തിൽ, അനസ്(ﷺ) നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു:

عليكم بالباءة فمن لم يستطع فعليه بالصوم ، فإنه له وجاء

"നിങ്ങൾ വിവാഹം കഴിക്കണം. അതിനു സാധിക്കാത്തവർ നോമ്പ് അനുഷ്ഠിക്കട്ടെ. കാരണം, അത് അവരുടെ ഇച്ഛകളെ അടക്കി നിർത്തുന്നു"[1]

**من كان منكم ذا طول فليتزوج فإنه أغض للبصر وأحصن للفرج ومن لا فالصوم له وجاء**

"നിങ്ങളിൽ നിന്നും കഴിവുള്ളവൻ വിവാഹം കഴിക്കട്ടെ. എന്തെ ന്നാൽ, അത് (കാമാതുരമായ) ദൃഷ്ടികളെ താഴ്ത്താനും ഗുഹ്യാവയ വങ്ങളെ കാത്തുസൂക്ഷിക്കാനും സഹായിക്കും. അതിന് സാധിക്കാ

1) ത്വബ്റാനി (അൽ ഔസതിൽ); അദ്ദിയാ അൽ മഖ്ദിസി. സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി (സ്വഹീഹു)

ത്തവൻ നോമ്പനുഷ്ഠിക്കട്ടെ. കാരണം നോമ്പ് അവന്ന് (ദേഹേഛരക ളിൽ നിന്നുള്ള) ഒരു നിയന്ത്രണമാണ്.“(2)

## അല്ലാഹുവിന്റെ സഹായ വാഗ്ദാനം

പാപം ചെയ്തു പോകുന്നതിൽ നിന്നും മാറിനിൽക്കുന്നതി ന്നായി വിവാഹം കഴിക്കാനുദ്ദേശിക്കുന്നവനെ അല്ലാഹു സഹായി ക്കുമെന്ന് കരാർ ചെയ്തതായി റസൽ(ﷺ) സൂചിപ്പിക്കുന്നു: അബൂ ഹുറയ്റ(رضي الله عنه) നിവേദനം. റസൂൽ(ﷺ) പറഞ്ഞു:

ثَلَاثَةٌ حَقٌّ عَلَى اللَّهِ عَوْنُهُمْ الْمُجَاهِدُ فِي سَبِيلِ اللَّهِ وَالْمُكَاتَبُ الَّذِي يُرِيدُ الْأَدَاءَ وَالنَّاكِحُ الَّذِي يُرِيدُ الْعَفَافَ

“മൂന്ന് കൂട്ടരെ സഹായിക്കുന്നത് അല്ലാഹുവിന്റെ ബാധ്യതക ളിൽ പെട്ടതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവനും (മോചനമൂല്യം) കൊടുത്തു തീർക്കാനുദ്ദേശിച്ചുകൊണ്ട് സ്വാതന്ത്ര്യ ക്കച്ചീട്ടെഴുതുന്ന അടിമയും ചാരിത്ര്യശുദ്ധിയെ ഉദ്ദേശിച്ച് വിവാഹം കഴിക്കുന്നവനും”(3)

മറ്റൊരു റിപ്പോർട്ട്: അബൂഹുറയ്റ(رضي الله عنه) നിവേദനം. റസൂൽ(ﷺ) പറഞ്ഞു:

حق على الله عون من نكح التماس العفاف عما حرم الله

“അല്ലാഹു നിഷിദ്ധമാക്കിയവയിൽ നിന്നും മാറിനിൽക്കുന്നതി നായി വിവാഹം കഴിക്കുന്നവനെ സഹായിക്കൽ അല്ലാഹുവിന്റെ മേൽ ബാധ്യതയുള്ളതാണ്.(4)

---

2. നസാഈ സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി (സ്വഹീഹുൽ ജാമിഅ് ന. 6498)
3. അഹ്മദ്, തിർമിദി, നസാഈ, മറ്റും അൽബാനി ഇത് ‘ഹസൻ’ ആണെന്ന് പറഞ്ഞു. (സ്വഹീഹുല് ജാമിഅ് ന. 3050)
4. ഇബ്നു അദിയ്യ്, ഹസൻ ആണെന്ന് അൽബാനി പറഞ്ഞു. (സ്വഹീഹുൽ ജാമിഅ് 3152)

## ബ്രഹ്മചര്യയുടെ അനർഥങ്ങൾ

അടുത്തകാലത്തായി മുസ്‌ലിംകൾക്കിടയിൽ അസാധാരണമായ ഒരു പ്രതിഭാസം രൂപപ്പെട്ടുവന്നിട്ടുണ്ട്. ഏതെങ്കിലും രാജ്യത്തിന്റെയോ ഏതെങ്കിലും ജനവിഭാഗത്തിന്റെയോ അതിർത്തിക്കുള്ളിൽ ഒതുങ്ങി നിൽക്കാത്ത ആ പ്രതിഭാസം മുസ്‌ലിം സമുദായത്തിനൊന്നാകെ വിനാശകരമായി മാറിയേക്കാവുന്ന ഒന്നാണ്. അവിവാഹിതരായ മുസ്‌ലിം സ്ത്രീ പുരുഷന്മാരുടെ എണ്ണത്തിലുള്ള അമ്പരപ്പിക്കുന്ന വളർച്ചയാണത്.

വൈയക്തികമായ നിലക്ക് നോക്കുമ്പോൾ, ബ്രഹ്മചര്യയെന്നത് മുസ്‌ലിം ലോകത്തിന് തീരെ നിസ്സാരമായ ഭീഷണി മാത്രമേ ഉയർത്തുന്നുള്ളൂവെന്ന് തോന്നിയേക്കാം. എന്നാൽ മറ്റു മതങ്ങളിൽ നിന്നും വ്യത്യസ്തമായി, ഇസ്‌ലാമിൽ കാര്യങ്ങൾ വിലയിരുത്തുന്നത്. സമുദായത്തിന് മൊത്തത്തിൽ ഗുണമാണോ ദോഷമാണോ അതുണ്ടാക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കിയാണ്. അപ്പോൾ, അവിവാഹിതരായ സ്ത്രീ പുരുഷന്മാർ സമുദായത്തിനുണ്ടാകുന്ന ബാധ്യതയെന്താണ്? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നാം അമുസ്‌ലിം സമൂഹങ്ങളിലേക്ക് കണ്ണോടിച്ചാൽ മതി. അമുസ്‌ലിംകൾ അവരുടെ സമുദായത്തിൽ സ്വീകാര്യമായി കാണുന്ന അധർമങ്ങളും പാപപങ്കിലമായ പ്രവർത്തികളും നാം ദിനേന കണ്ടുകൊണ്ടിരിക്കുന്നു. വിവാഹത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കാനുള്ള അവരുടെ പ്രകൃതി വിരുദ്ധമായ തീരുമാനം കാരണമാണ് ഇത് സംഭവിക്കുന്നത്. അധർമവും ധിക്കാരവും കാരണമായി അല്ലാഹു പൂർണമായും നശിപ്പിച്ച പോംപേയി, സോദോം, ഗൊമോറ എന്നീ പട്ടണങ്ങളിലെ ജീവിത ശൈലിയിലേക്ക് മുസ്‌ലിം സമുദായം ചെന്നെത്തണമെന്ന് ഒരു മുസ്‌ലിമും ആഗ്രഹിക്കുകയില്ല. അത്തരമൊരു വിനാശത്തിൽ നിന്നുമുള്ള മോചനം നിയമപരമായ വിവാഹത്തിലൂടെ മാത്രമാണ്.

## വിവാഹം പ്രവാചകന്മാരുടെ ഒരു നടപടിക്രമമാണ്

### കഴിഞ്ഞകാല പ്രവാചകന്മാർ

മുൻകാല പ്രവാചകന്മാരെല്ലാം വിവാഹം കഴിച്ചവരാണ്. അവരിലാരും തന്നെ ബ്രഹ്മചര്യം അനുഷ്ഠിച്ചതായി അറിയപ്പെട്ടിട്ടില്ല. അല്ലാഹു പറയുന്നു:

﴿ وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ وَجَعَلْنَا لَهُمْ أَزْوَاجًا وَذُرِّيَّةً ﴾

"നിനക്ക് മുമ്പും നാം ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരെയും സന്താനങ്ങളെയും നൽകിയിട്ടുണ്ട്. (സൂറ. അർറ അദ് :88)

## നമ്മുടെ പ്രവാചകൻ

വിവാഹം പ്രവാചകചര്യയുടെ (സുന്നത്തിന്റെ) ഭാഗമാണെന്നും അതിനെ അവഗണിക്കുന്നവൻ തന്റെ യഥാർഥ അനുയായികളിൽ പെട്ട വനല്ലെന്നും മുഹമ്മദ് നബി(ﷺ) സൂചിപ്പിച്ചു. തനിക്ക് ഏറ്റവുമധികം ആനന്ദവും സംതൃപ്തിയും ലഭിക്കുന്നത് നമസ്കാരത്തിൽ നിന്നാണെങ്കിലും, സ്ത്രീ, സുഗന്ധദ്രവ്യം പോലുള്ള ലൗകിക സുഖങ്ങളിൽ തനിക്ക് താൽപര്യമുള്ളതായി റസൂൽ(ﷺ) തന്നെ ദ്യോതിപ്പിച്ചിട്ടുണ്ട്. മനുഷ്യനായ ഒരു ദൂതനെ സംബന്ധിച്ചിടത്തോളം ഇത് തികച്ചും സ്വാഭാവികം മാത്രമാണ്. അനസ്(رضي الله عنه) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

حبب إلي من دنياكم النساء والطيب وجعلت قرة عيني في الصلاة

"നിങ്ങളുടെ ഈ ലോകത്ത് സ്ത്രീകളെയും സുഗന്ധ ദ്രവ്യങ്ങളെയും ഞാൻ ഇഷ്ടപ്പെടുന്നു. എന്നാൽ എനിക്ക് കൺകുളിർമ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് നമസ്കാരത്തിലാണ്.[5]

ആയിശ(رضي الله عنها) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

النِّكَاحُ مِنْ سُنَّتِي فَمَنْ لَمْ يَعْمَلْ بِسُنَّتِي فَلَيْسَ مِنِّي وَتَزَوَّجُوا فَإِنِّي مُكَاثِرٌ بِكُمْ الْأُمَمَ وَمَنْ كَانَ ذَا طَوْلٍ فَلْيَنْكِحْ وَمَنْ لَمْ يَجِدْ فَعَلَيْهِ بِالصِّيَامِ فَإِنَّ الصَّوْمَ لَهُ وِجَاءٌ

"വിവാഹം എന്റെ നടപടിക്രമമാണ്. ആരെങ്കിലും എന്റെ സുന്നത്തനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ അവൻ എന്നിൽപെട്ടവനല്ല. നിങ്ങൾ വിവാഹം കഴിക്കുക. കാരണം, അന്ത്യനാളിൽ മറ്റു സമുദായങ്ങളെ സംഖ്യാബലം കൊണ്ട് പിന്നിലാക്കുന്നത് ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. ത്രാണിയുള്ളവൻ വിവാഹം കഴിക്കട്ടെ. അതിന്

5) അഹ്മദ്, നസാഈ മറ്റും. അൽബാനി സ്വഹീഹാണെന്ന് സ്ഥിരപ്പെടുത്തി. (സ്വഹീഹുൽ ജാമിഅ് 3124)

സാധിക്കാത്തവൻ വ്രതമനുഷ്ഠിക്കേണ്ടതാണ്. കാരണം വ്രതാനുഷ്ഠാനം അവന്ന് ഒരു പരിചയാണ്.[6]

സഈദുബ്നു ജുബൈറി(ﷺ)നോട് ഇബ്നു അബ്ബാസ്(ﷺ) റഞ്ഞു:

"വിവാഹം കഴിക്കുക: നിശ്ചയം, ഈ ഉമ്മത്തിലെ ഏറ്റവും ഉത്തമനായ വ്യക്തിക്കാണ് ഏറ്റവും കൂടുതൽ ഭാര്യമാരുണ്ടായിരുന്നത്.[7]

മുൻകാല പ്രവാചകന്മാരുടെ ചില അനുയായികൾ ആത്മശിക്ഷണത്തിന്റെ ഭാഗമായി ഏകാന്തവാസമനുഷ്ഠിക്കുകയും അതിലൂടെ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാൻ പറ്റുമെന്ന് കരുതുകയും ചെയ്തു. എന്നാൽ അവരുദ്ദേശിച്ച രീതിയിൽ അതിനെ പൂർത്തീകരിക്കാൻ അവർക്ക് സാധിച്ചില്ല. അത് മനുഷ്യപ്രകൃതിക്ക് വിരുദ്ധമാണെന്നതാണ് കാരണം. അതുകൊണ്ട് തന്നെയാണ് ഇസ്‌ലാമിൽ അത് അനുവദിക്കപ്പെടാതിരുന്നത്.

ആയിശ (ﷺ) നിവേദനം: ഹകീമിബ്നു ഹാരിഥ ഇബ്നുൽ അഖ്‌വസ് അസ്സുലമിയുടെ മകളായ ഖുവൈല അവരെ സന്ദർശിച്ചു. ഖുവൈല വിവാഹം കഴിച്ചത് ഉസ്മാനുബ്നു മള്ഊഹിനെയായിരുന്നു. റസൂൽ(ﷺ) അവറെ കാണുകയും അവളുടെ അലസമായ വസ്ത്രധാരണം ശ്രദ്ധിക്കുകയും ചെയ്തു. അവിടുന്ന് ആയിശ(ﷺ)യോട് ചോദിച്ചു: 'ഓ ആയിശ! ഖുവൈല ഇങ്ങനെ അലസമായി വസ്ത്രധാരണം നടത്തിയത് എന്തുകൊണ്ടാണ്? ആയിശ(ﷺ) പ്രതിവചിച്ചു. "തിരുദൂതരേ! ഈ സ്ത്രീയുടെ ഭർത്താവ് പകൽ നോമ്പനുഷ്ഠിക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യും. അതുകൊണ്ട് തന്നെ, അവർക്ക് ഒരു ഭർത്താവില്ലാത്തത് പോലെയാണ്. അങ്ങനെ അവർ നല്ല വേഷവിധാനത്തെ അവഗണിച്ചു." നബി(ﷺ) ഉഥ്മാനുബ്നു മള്ഊനെ വിളിച്ചുവരുത്തിക്കൊണ്ട് പറഞ്ഞു: "ഓ ഉഥ്മാൻ! നീ എന്റെ ചര്യയെ അവഗണിക്കുകയാണോ?" അദ്ദേഹം പറഞ്ഞു: "അല്ലാഹുവാണ! അങ്ങനെയല്ല, തിരുദൂതരേ, അങ്ങയുടെ ചര്യ പിൻപറ്റുക എന്നത് മാത്രമാണ് എന്റെ താൽപര്യം" അപ്പോൾ തിരുദൂതർ പറഞ്ഞു:

6) ഇബ്നുമാജ, അൽബാനി. സ്വഹീഹാണെന്ന് സ്ഥിരപ്പെടുത്തി. (അസ്വഹീഹ 2383)

7) ബുഖാരി, അഹ്മദ്

فَإِنِّي أَنَامُ وَأُصَلِّي وَأَصُومُ وَأُفْطِرُ وَأَنْكِحُ النِّسَاءَ فَاتَّقِ اللَّهَ يَا عُثْمَانُ فَإِنَّ لِأَهْلِكَ عَلَيْكَ حَقًّا وَإِنَّ لِضَيْفِكَ عَلَيْكَ حَقًّا وَإِنَّ لِنَفْسِكَ عَلَيْكَ حَقًّا فَصُمْ وَأَفْطِرْ وَصَلِّ

"നിശ്ചയം, ഞാൻ ഉറങ്ങുകയും നമസ്കരിക്കുകയും ചെയ്യും. ഞാൻ നോമ്പനുഷ്ഠിക്കുകയും ഒഴിവാക്കുകയും ചെയ്യും. ഞാൻ വിവാഹം ചെയ്തിട്ടുണ്ട്. ഓ ഉഥ്മാൻ ! അതിനാൽ നീ അല്ലാഹുവിനെ സൂക്ഷിക്കുക. നിന്റെ വീട്ടുകാരോട് നിനക്ക് ബാധ്യതയുണ്ട്. നിന്റെ അതിഥികളോട് നിനക്ക് ബാധ്യതയുണ്ട്. നിന്റെ സ്വന്തത്തോടും നിനക്ക് ബാധ്യതയുണ്ട് അതിനാൽ, നീ നോമ്പെടുക്കുകയും ഒഴിവാക്കുകയും ചെയ്യുക. ഉറങ്ങുകയും നമസ്കരിക്കുകയും ചെയ്യുക.[8]

ആയിശ(ﷺ)യിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടിൽ റസൂൽ(ﷺ) അദ്ദേഹത്തോട് പറഞ്ഞു:

يَا عُثْمَانُ إِنَّ الرَّهْبَانِيَّةَ لَمْ تُكْتَبْ عَلَيْنَا أَفَمَا لَكَ فِيَّ أُسْوَةٌ فَوَاللَّهِ إِنِّي أَخْشَاكُمْ لِلَّهِ وَأَحْفَظُكُمْ لِحُدُودِهِ

"ഓ ഉഥ്മാൻ! ബ്രഹ്മചര്യം നമ്മുടെ മേൽ നിശ്ചയിക്കപ്പെട്ടതല്ല. നിനക്ക് എന്നിൽ ഒരു മാതൃകയില്ലേ? അല്ലാഹുവാണെ നിങ്ങളിലുള്ള ആരേക്കാളും കൂടുതൽ അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ വിലക്കുകളെ സൂക്ഷിക്കുകയും ചെയ്യുന്നവൻ ഞാനാണ്."[9]

## സുന്നത്തിനെ വെറുക്കൽ

നാം മുകളിൽ കണ്ടതുപോലെ, പ്രകൃത്യായുള്ള ഒരു തൃഷ്ണയെ അനുവദനീയമായ ഒരു മാർഗത്തിലൂടെ പൂർത്തീകരിക്കുന്നത് തെറ്റല്ല. എന്ന് മാത്രമല്ല, അത് ഭക്തിയുടെ കുറവിനെ സൂചിപ്പിക്കുന്നതുമല്ല. പ്രത്യുത, ജനങ്ങളിൽ ഏറ്റവും ഭക്തനായ പ്രവാചകന്റെ(ﷺ) മാർഗമാണത്.

8) അഹ്മദ്; അബൂദാവൂദ്, അൽബാനി സ്വഹീഹാണെന്ന് സ്ഥിരപ്പെടുത്തി (ഇർവാഉൽ ഗലീൽ 2015)

9) ഇബ്നുഹിബ്ബാൻ, അഹ്മദ്, ത്വബ്റാനി (അൽകബീറിൽ) അൽബാനി സ്വഹീഹാണെന്ന് സ്ഥിരപ്പെടുത്തി. (ഇർവാഉൽ ഗലീൽ 2015)

ഇതേ ആശയം വരുന്ന ഒരു ഹദീസ് അനസി(ﷺ)ൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു സംഘം ആളുകൾ പ്രവാചക പത്നി മാരുടെ വീടുകളിലേക്ക് ചെന്ന് കൊണ്ട് പ്രവാചകന്റെ(ﷺ) ആരാധനാ രീതിയെകുറിച്ച് അന്വേഷിച്ചു. വിശ്വാസികളുടെ മാതാക്കൾ അവർക്ക് അത് വിവരിച്ചുകൊടുത്തപ്പോൾ നബി(ﷺ)യുടെ ആരാധന വളരെ കുറവാണെന്ന് അവർക്ക് തോന്നി. അവർ വാദിച്ചു." നമുക്കെങ്ങനെ റസൂലി(ﷺ)ന്റെ പദവിയിലേക്കെത്താൻ കഴിയും. മുൻകഴിഞ്ഞതും വരാനിരിക്കുന്നതുമായ പാവങ്ങലെല്ലാം അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുത്തിട്ടുണ്ടല്ലോ? അവരിൽ ഒരാൾ പറഞ്ഞു: "ഞാൻ എന്നും രാത്രി മുഴുവൻ ഉറങ്ങാതെ നമസ്കരിക്കും." മറ്റൊരാൾ പറഞ്ഞു: "ഞാൻ നിത്യേന നോമ്പ് നോൽക്കും" മറ്റൊരാൾ പറഞ്ഞു: "ഞാൻ സ്ത്രീകളിൽ നിന്നും വിട്ടുനിൽക്കും; ഒരിക്കലും വിവാഹം കഴിക്കുകയില്ല." മറ്റൊരാൾ പറഞ്ഞു: "ഞാൻ ഒരിക്കലും കിടക്കയിൽ കിടന്നുറങ്ങുകയില്ല." മറ്റൊരാൾ പറഞ്ഞു: "ഞാൻ ഒരിക്കലും മാംസം ഭക്ഷിക്കുകയില്ല." പ്രവാചകൻ(ﷺ) ഇത് കേട്ടപ്പോൾ, അവരെയും മറ്റു മുസ്ലിംകളെയും അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു:

مَا وَاللَّهِ إِنِّي لَأَخْشَاكُمْ لِلَّهِ وَأَتْقَاكُمْ لَهُ لَكِنِّي أَصُومُ وَأُفْطِرُ وَأُصَلِّي وَأَرْقُدُ وَأَتَزَوَّجُ النِّسَاءَ فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي

"എന്നാൽ അല്ലാഹുവാണെ! നിങ്ങളെക്കാൾ അല്ലാഹുവിനെ ഭയപ്പെടുന്നവനും സൂക്ഷിക്കുന്നവുമാണ് ഞാൻ. എന്നാൽ ഞാൻ നോമ്പ് നോൽക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു. നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുന്നു. വിവാഹം ചെയ്ത് ഭാര്യമാരൊത്ത് ജീവിക്കുന്നു. അതിനാൽ, എന്റെ ചര്യയെ വെറുക്കുന്നവൻ എന്നിൽ പെട്ടവനല്ല."[10]

## വിവാഹം കൊണ്ട് വ്യക്തികൾക്കുണ്ടാകുന്ന പ്രയോജനങ്ങൾ

സർവജ്ഞാനിയും നീതിമാനുമായ അല്ലാഹു നിശ്ചയിച്ച ഒരു കാര്യമായത് കൊണ്ട് തന്നെ വിവാഹത്തിന് ധാരാളം ഗുണങ്ങളും നന്മകളുമുണ്ടായിരിക്കുമെന്ന് ഉറപ്പാണ്. അവയിൽ ചിലത് നാം താഴെ ചേർക്കുന്നു.

10) ബുഖാരി, മുസ്ലിം മറ്റും

## 1. വിശ്വാസ സംരക്ഷണം

അല്ലാഹുവിനെ അനുസരിക്കുന്നതിനും പാപങ്ങൾ വെടിയുന്നതിനും പ്രാപ്തരാക്കിത്തീർക്കാൻ ആവശ്യമായ ഉപദേശങ്ങളും സഹായ സഹകരണങ്ങളും നൽകിക്കൊണ്ട് മതബോധമുള്ള ഇണകൾ തങ്ങളുടെ ദീൻ സംരക്ഷിക്കുന്നതിനായി പരസ്പരം സഹായിക്കും.

അനസ്(ﷺ) നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു:

من رزقه الله امرأة صالحة ، فقد أعانه على شطر دينه ، فليتق الله في الشطر الثاني

“ആർക്കെങ്കിലും അല്ലാഹു മതബോധമുള്ള ഒരു ഭാര്യയെ നൽകിയാൽ, അവന്റെ ദീനിന്റെ പകുതി സംരക്ഷിക്കാൻ (അല്ലാഹു) സഹായിച്ചു. അതിനാൽ, ബാക്കി പകുതിയുടെ കാര്യത്തിൽ അവൻ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ.” (11)

അനസ്(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു:

إذا تزوج العبد فقد استكمل نصف دينه فاليتق الله فيما بقي

“(അല്ലാഹുവിന്റെ) ഒരു അടിമ വിവാഹം ചെയ്താൽ, അവൻ തന്റെ ദീനിന്റെ പകുതി പൂർത്തിയാക്കി. ബാക്കി പകുതിയുടെ കാര്യത്തിൽ അവൻ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ.”(12)

അനസ് നിവേദനം: തിരുദൂതർ(ﷺ) പറഞ്ഞു:

من تزوج فقد استكمل نصف الإيمان فليتق الله في النصف الباقي

“ഒരാൾ വിവാഹം ചെയ്താൽ അവൻ തന്റെ ഈമാനിന്റെ പകുതി പൂർത്തീകരിച്ചു. ബാക്കി പകുതിയുടെ കാര്യത്തിൽ അവൻ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ”(13)

---

11) ത്വബ്റാനി, ഹാകിം, അൽബാനി. ഹസൻ ആണെന്ന് പറഞ്ഞു. (അസ്വഹീഹ 625)

12) ത്വബ്റാനി (അൽ ഔസതിൽ)യും മറ്റും. അൽബാനി ഇത് ഹസൻ ആണെന്ന് പറഞ്ഞു. - സ്വഹീഹ് 625, സ്വഹീഹുൽ ജാമിഅ് 430)

13) ത്വബ്റാനി അൽ ഔസതിൽ, അൽബാനി ഇത് ഹസൻ ആണെന്ന് പറഞ്ഞു. - അസ്വഹീഹ 625, സ്വഹീഹുൽ ജാമിഅ് 6148)

## 2. ചാരിത്ര്യ സംരക്ഷണം

പുരുഷന്മാർക്ക് പ്രകൃതിപരമായിത്തന്നെ സ്ത്രീകളോട് താൽപര്യമുണ്ട്. തിരിച്ചും അങ്ങനെ തന്നെ. ഈ ഒരു താൽപര്യത്തെ പിശാച് മുതലെടുക്കും. ഒരു സ്ത്രീ പുരുഷനെ സമീപിക്കുമ്പോഴും അവനിൽ നിന്നും മാറി പോകുമ്പോഴും കാമവികാരമുണ്ടാക്കിക്കൊണ്ട് പിശാച് അവനെ പ്രലോഭിപ്പിക്കും. പിശാച് അവളെ ഏറ്റവും ആകർഷകമായ രൂപത്തിൽ അവനു മുമ്പിൽ ചിത്രീകരിക്കും. അതുകാരണം, തങ്ങളുടെ കാമവികാരങ്ങൾക്ക് അടിമപ്പെട്ടുകൊണ്ട് വിവിധതരം കുറ്റകൃത്യങ്ങളിലേക്ക് അവർ നയിക്കപ്പെടും.

ഉസാമ ഇബ്നു സൈദ്(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു: തിരുദൂതർ(ﷺ) പറഞ്ഞു.

ما تركت بعدي فتنة أضر علي الرجال من النساء

“എന്റെ കാലശേഷം പുരുഷന്മാർക്ക് നേരിടേണ്ടിവരുന്ന ഏറ്റവും വലിയ കുഴപ്പം സ്ത്രീകളിൽ നിന്നായിരിക്കും. [14]

ഒരു വിവാഹിതനെ സംബന്ധിച്ചിടത്തോളം പിശാചിന്റെ ദുർമന്ത്രണങ്ങളിൽ നിന്നും ദുഷ്പ്രേരണകളിൽ നിന്നും സ്വയം പ്രതിരോധിക്കാൻ എളുപ്പമാർഗങ്ങളുണ്ട്. ജാബിർ(ﷺ) നിവേദനം. തിരുദൂതർ(ﷺ) പറഞ്ഞു:

إِنَّ الْمَرْأَةَ تُقْبِلُ فِي صُورَةِ شَيْطَانٍ وَتُدْبِرُ فِي صُورَةِ شَيْطَانٍ فَإِذَا أَبْصَرَ أَحَدُكُمْ مْرَأَةً فَلْيَأْتِ أَهْلَهُ فَإِنَّ ذَلِكَ يَرُدُّ مَا فِي نَفْسِهِ

“നിശ്ചയം, ഒരു സ്ത്രീ പിശാചിന്റെ പ്രലോഭനത്തിന്റെ രൂപത്തിൽ വരും; പിശാചിന്റെ (പ്രലോഭനത്തിന്റെ) രൂപത്തിൽ തന്നെ പോകുകയും ചെയ്യും. നിങ്ങൾക്ക് ആകർഷകമായി തോന്നുന്ന വല്ലതും ഒരു സ്ത്രീയിൽ നിങ്ങൾ കാണുകയാണെങ്കിൽ, അവൻ തന്റെ ഭാര്യയുടെ അടുക്കലേക്ക് ചെല്ലട്ടെ. കാരണം, മറ്റുള്ള സ്ത്രീകൾക്കുള്ളത് അവർക്കുമുണ്ട്. (അനുവദനീയമായ മാർഗത്തിലൂടെ) അവന്റെ വികാരങ്ങളെ അത് ശമിപ്പിക്കുകയും ചെയ്യുന്നു.”[15]

---

14) ബുഖാരി, മുസ്ലിം മറ്റും

15) മുസ്ലിം, അബൂദാവൂദ് എന്നിവരും മറ്റും ചേർന്ന് റിപ്പോർട്ട് ചെയ്തത്. (അസ്സ്വഹീഹ 235)

## 3. സ്നേഹം, ദയ, ഭദ്രത എന്നിവയുടെ ആസ്വാദനം

സ്നേഹവും കാരുണ്യവും ഒരാളുടെ ജീവിതത്തെ പ്രകാശപൂരിതമാക്കുന്ന വികാരങ്ങളാണ്. അവ സമാശ്വാസവും സുരക്ഷിതത്വബോധവും സന്തോഷവും നൽകുന്നു. അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണ് വിവാഹിതരായ ദമ്പതികൾക്കിടയിൽ അവൻ ഇട്ടുകൊടുക്കുന്ന സ്നേഹവും കാരുണ്യവും. അവർ പരസ്പരാശ്വാസം കണ്ടെത്തുന്നു. തനിക്ക് സുരക്ഷിതത്വവും സംരക്ഷണവും സന്തോഷവും നൽകുന്ന ഒരു വീട്ടിൽ പ്രവേശിച്ചത് പോലെയുള്ള ഒരാശ്വാസം. അല്ലാഹു പറയുന്നു.

﴿ وَمِنْ ءَايَـٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴾

നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്. (സൂറ റൂം 21)

കൂടാതെ, വിവാഹിതരായ ദമ്പതികൾ തമ്മിൽ അത്ഭുതകരമായ ഒരു അടുപ്പമുണ്ട്. ഒരു വ്യക്തിയുടെ ശരീരവുമായി വസ്ത്രത്തിനുള്ള അടുപ്പംപോലെ. അവർ പരസ്പരം സംരക്ഷണവും ആശ്വാസവും മറയുമാണ്. അല്ലാഹു പറയുന്നു:

﴿ هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ ﴾

“അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു. (സൂറ. ബഖറ 187)

## 4. അനുവദനീയമായ വികാര ശമനം

മുമ്പ് സൂചിപ്പിച്ചത് പോലെ, അല്ലാഹു മനുഷ്യർക്ക് തന്റെ എതിർലിംഗത്തോട് ഒരു അഭിലാഷം ഇട്ട് കൊടുത്തിട്ടുണ്ട്. വ്യക്തി പരമായും സാമൂഹികമായും വിനാശകരമായ ഫലങ്ങളുണ്ടാക്കുന്ന നിഷിദ്ധമായ മാർഗങ്ങളിലൂടെയും ഇത്തരം വികാരം ശമിപ്പിക്കാൻ സാധിക്കും. അതിനെ കുറിച്ച് വിശദമായി ഈ ഗ്രന്ഥത്തിന്റെ അവ സാന ഭാഗത്ത് വരുന്നുണ്ട്.

പകരം, നമ്മുടെ വികാരശമനത്തിനുള്ള അനുവദനീയമായ ഒരു മാർഗമായി വിവാഹം നിശ്ചയിച്ചു തന്നതിലൂടെ അല്ലാഹു നമുക്ക് വലിയൊരു അനുഗ്രഹമാണ് നൽകിയത്. ഇബ്നു ഉമർ(ﷺ), ഇബ്നു അംറ്(ﷺ) തുടങ്ങിയവർ നിവേദനം. നബി(ﷺ) പറഞ്ഞു:

الدُّنْيَا كُلُّهَا مَتَاعٌ وَخَيْرُ مَتَاعِ الدُّنْيَا الْمَرْأَةُ الصَّالِحَةُ

"ഇഹലോകം വിഭവസമൃദ്ധമാണ്. അതിലെ ഏറ്റവും നല്ല വിഭവം ധർമബോധമുള്ള ഒരു ഭാര്യയാണ്."[16]

ഇബ്നു അബ്ബാസ്(ﷺ) നിവേദനം: ഒരാൾ പ്രവാചക(ﷺ)ന്റെ അടുക്കൽ വന്നുകൊണ്ട് പറഞ്ഞു: "നമ്മുടെ സംരക്ഷണത്തിൽ ഒരു അനാഥ പെൺകുട്ടിയുണ്ട്. ദരിദ്രനായ ഒരാളും ധനികരനായ ഒരാളും അവളെ വിവാഹാലോചന നടത്തിയിട്ടുണ്ട്. അവൾക്ക് ദരിദ്രനോ ടാണ് താൽപര്യം. എന്നാൽ, ധനികനോടാണ് നമുക്ക് താൽപര്യം (ഞങ്ങൾ എന്ത് ചെയ്യണം?)" പ്രവാചകൻ(ﷺ) പറഞ്ഞു:

لم ير للمتحابين مثل النكاح

"പരസ്പരം ഇഷ്ടപ്പെട്ടവർക്ക് വിവാഹമല്ലാതെ മറ്റൊന്നും ഗുണകരമായി തെളിയിക്കപ്പെട്ടിട്ടില്ല.[17]

---

16) മുസ്ലിം, അഹ്മദ്, നസാഈ

17) ഇബ്നുമാജ, ഹാകിം, മറ്റും. അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചു. (അസ്വഹീഹ 624)

## 5. സൽകർമങ്ങൾ വർധിപ്പിക്കുന്നതിന് ആനന്ദദായകമായ മാർഗം

വിവാഹം എന്നത് ഒരുവന്റെ വികാരപൂർത്തീകരണത്തിനുള്ള മാർഗം മാത്രമല്ല, അത് സൽകർമങ്ങളുടെ തുലാസ് കനം തൂങ്ങാനുള്ള ഒരു മാർഗംകൂടിയാണ്.

അബൂദർറ്(رضي الله عنه) നിവേദനം: തിരുദൂതരുടെ ചില അനുചരന്മാർ വന്ന് അദ്ദേഹത്തോട് പരാതിപ്പെട്ടു. “തിരുദൂതരേ! പ്രതിഫലം മുഴുവൻ ധനികർ കൊണ്ടുപോയി. നാം നമസ്കരിക്കുന്നതുപോലെ അവരും നമസ്കരിക്കുന്നു. നാം നോമ്പനുഷ്ഠിക്കുന്നത് പോലെ അവരും നോമ്പനുഷ്ഠിക്കുന്നു. കൂടുതലുള്ള ധനത്തിൽ നിന്നും അവർ ദാനധർമങ്ങൾ നൽകുകയും ചെയ്യുന്നു.“

അവിടുന്ന് പറഞ്ഞു:

أَوَ لَيْسَ قَدْ جَعَلَ اللَّهُ لَكُمْ مَا تَصَّدَّقُونَ إِنَّ بِكُلِّ تَسْبِيحَةٍ صَدَقَةً وَكُلِّ تَكْبِيرَةٍ صَدَقَةً وَكُلِّ تَحْمِيدَةٍ صَدَقَةً وَكُلِّ تَهْلِيلَةٍ صَدَقَةً وَأَمْرٌ بِالْمَعْرُوفِ صَدَقَةٌ وَنَهْيٌ عَنْ مُنْكَرٍ

“എന്നാൽ, ദാനധർമമായി നൽകുന്നതിന് വേണ്ടി അല്ലാഹു നിങ്ങൾക്ക് (ചിലത്) നിശ്ചയിച്ചു തന്നിട്ടില്ലേ? നിശ്ചയം:

- എല്ലാ ‘തസ്ബീഹുംട (സുബ്ഹാനല്ലാഹ് എന്ന് പറയൽ) ദാനധർമ്മമാണ്.
- എല്ലാ ‘തക്ബീറും’ (അല്ലാഹു അക്ബർ എന്ന് പറയൽ) ദാനധർമ്മമാണ്.
- എല്ലാ ‘തഹ്ലീലും’ (ലാഇലാഹ ഇല്ലല്ലാഹ്’ എന്ന് പറയൽ) ദാനധർമ്മമാണ്.
- എല്ലാ ‘തഹ്മീദും’ (അൽഹംദുലില്ലാഹ് എന്ന് പറയൽ) ദാനധർമ്മമാണ്.
- നന്മ കൽപിക്കൽ ദാനധർമ്മമാണ്
- തിന്മ വിരോധിക്കൽ ദാനധർമ്മമാണ്
- ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർപ്പെടലും ദാനധർമ്മമാണ്.

അനുചരന്മാർ ചോദിച്ചു. "തിരുദൂതരേ, ഒരാൾ തന്റെ വികാരം ശമിപ്പിക്കുന്നതിനും പ്രതിഫലം നൽകപ്പെടുമോ? അവിടുന്ന് പ്രതിവ ചിച്ചു.

أَرَأَيْتُمْ لَوْ وَضَعَهَا فِي حَرَامٍ أَكَانَ عَلَيْهِ فِيهَا وِزْرٌ

"നിഷിദ്ധമായതിലൂടെയാണ് അവനത് പ്രവർത്തിച്ചതെങ്കിൽ അവൻ(അതിന്റെ കുറ്റം) വഹിക്കേണ്ടി വരികയില്ലേ?"

അവർ പറഞ്ഞു 'തീർച്ചയായും'

അവിടുന്ന് പറഞ്ഞു

فَكَذَلِكَ إِذَا وَضَعَهَا فِي الْحَلَالِ كَانَ لَهُ أَجْرًا

"അപ്രകാരം തന്നെ, അനുവദനീയമായ മാർഗത്തിലൂടെയാണെ ങ്കിൽ അവന്ന് പ്രതിഫലവുമുണ്ട്"

ശേഷം, ദാനധർമ്മത്തിന്റെ പട്ടികയിൽ വരുന്ന മറ്റു പല കാര്യ ങ്ങളും എണ്ണിപ്പറഞ്ഞ ശേഷം ഇപ്രകാരം സമാപിപ്പിച്ചു.

ويجزئ من هذا كله ركعتا الضحى

"പ്രഭാത മധ്യത്തിലെ (ളുഹാ) രണ്ട് റക്അത്ത് നമസ്കാരത്തിൽ ഇതെല്ലാം അടങ്ങിയിരിക്കുന്നു"(18)

ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട്, അൽബാനി(റഹി) പറഞ്ഞു: "സുയൂത്വി ഇദ്കാറുൽ അദ്കാർ' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഒരു വൻ (തന്റെ ഭാര്യയുമായി) ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് ദാന ധർമ്മാണെന്നാണ്. (അവന് ആ നിലക്കുള്ള എന്തെങ്കിലും ഉദ്ദേശം ഉണ്ടായിക്കൊള്ളണെന്നില്ല. ഓരോ സംയോഗത്തിന്റെയും അവസര ത്തിൽ അങ്ങനെ ഉദ്ദേശം ഉണ്ടാകുന്നില്ലെങ്കിലും ആദ്യമായി സംയോഗം നടത്തുമ്പോൾ അങ്ങനെയൊരുദ്ദേശം ഉണ്ടായിരിക്കണം എന്നാണ് എന്റെ അഭിപ്രായം"(19)

18) മുസ്ലിം; അഹ്മദ് മറ്റും
19) ആദാബുസ്സിഫാഫ്, പേ. 138)

ഇതേ രൂപത്തിലുള്ള ഒരു ഹദീഥ് അബൂദർറ്(﵁) നിവേദനം: തിരുദൂതർ(ﷺ) പറഞ്ഞു:

علي كل نفس في كل يوم طلعت فيه الشمس صدقة منه علي نفسه

“സൂര്യനുദിച്ചുയരുന്ന ദിവസങ്ങളിലെല്ലാം സ്വന്തത്തിന് വേണ്ടി ദാനധർമ്മം ചെയ്യൽ (സ്വദഖ) ഓരോരുത്തരുടെയും മേൽ ബാധ്യതയാണ്.”

അബൂദർറ്(﵁) ചോദിച്ചു. “തിരുദൂതരേ! പണമൊന്നുമില്ലാത്ത ഞാൻ എങ്ങനെയാണ് സ്വദഖ ചെയ്യുക?” അദ്ദേഹം (ﷺ) പ്രതിവചിച്ചു:

لِأَنَّ مِنْ أَبْوَابِ الصَّدَقَةِ التَّكْبِيرَ وَسُبْحَانَ اللَّهِ وَالْحَمْدُ لِلَّهِ وَلَا إِلَهَ إِلَّا اللَّهُ وَأَسْتَغْفِرُ اللَّهَ وَتَأْمُرُ بِالْمَعْرُوفِ وَتَنْهَى عَنْ الْمُنْكَرِ وَتَعْزِلُ الشَّوْكَةَ عَنْ طَرِيقِ النَّاسِ وَالْعَظْمَ وَالْحَجَرَ وَتَهْدِي الْأَعْمَى وَتُسْمِعُ الْأَصَمَّ وَالْأَبْكَمَ حَتَّى يَفْقَهَ وَتُدِلُّ الْمُسْتَدِلَّ عَلَى حَاجَةٍ لَهُ قَدْ عَلِمْتَ مَكَانَهَا وَتَسْعَى بِشِدَّةِ سَاقَيْكَ إِلَى اللَّهْفَانِ الْمُسْتَغِيثِ وَتَرْفَعُ بِشِدَّةِ ذِرَاعَيْكَ مَعَ الضَّعِيفِ كُلُّ ذَلِكَ مِنْ أَبْوَابِ الصَّدَقَةِ مِنْكَ عَلَى نَفْسِكَ وَلَكَ

“കാരണം (താഴെ പറയുന്നവ) സ്വദഖയുടെ രൂപങ്ങളിൽ പെട്ടതാണ്.

- തക്ബീർ (അല്ലാഹു അക്ബർ എന്ന് പറയൽ);
- ‘സുബ്ഹാനല്ലാഹ്‘
- ‘അൽഹംദുലില്ലാഹ്‘
- ‘ലാഇലാഹ ഇല്ലല്ലാഹ്‘
- ‘അസ്തഗ്ഫിറുല്ലാഹ്‘
- നന്മ കൽപിക്കൽ
- തിന്മ വിരോധിക്കൽ
- ജനങ്ങൾ നടന്നുപോകുന്ന വഴിയിൽ നിന്ന് കല്ല്, മുള്ള്, എല്ല് എന്നിവ നീക്കൽ
- അന്ധനായ മനുഷ്യന് വഴികാണിച്ചുകൊടുക്കൽ

- ബധിരനും മൂകനുമായ മനുഷ്യന് അവന് മനസ്സിലാകും വിധം കേൾപ്പിക്കൽ
- ഒരാളിൽ നിന്നും വല്ലതും നഷ്ടപ്പെട്ടാൽ ആ വസ്തു എവിടെയാണെന്ന് നിനക്കറിയുമെങ്കിൽ അത് കണ്ടെത്താൻ സഹായിക്കുക.
- അടിയന്തര സഹായം ആവശ്യമുള്ള വ്യക്തിയെ സഹായിക്കാൻ നിങ്ങളുടെ കാലുകളുടെ ശക്തിയുപയോഗിച്ചുകൊണ്ട് ഓടൽ
- ദുർബലനായ ഒരു മനുഷ്യന് വേണ്ടി, നിങ്ങളുടെ കൈകളുടെ ശക്തി ഉപയോഗിച്ചുകൊണ്ട് ഒരു വസ്തു ഉയർത്താൻ സഹായിക്കൽ
- നിങ്ങളുടെ ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിന് പോലും നിങ്ങൾക്ക് പ്രതിഫലമുണ്ട്

ഇവയെല്ലാം സ്വന്തത്തോട് ചെയ്യുന്ന സ്വദഖയുടെ വിവിധ രൂപങ്ങളാണ്.

അബൂദർറ്(ﷺ) ചോദിച്ചു: "എന്റെ വികാരം ശമിപ്പിച്ചതിന് എങ്ങനെയാണ് എനിക്ക് പ്രതിഫലം ലഭിക്കുക? പ്രവാചകൻ(ﷺ) പ്രതിവചിച്ചു.

قَالَ أَبُو ذَرٍّ كَيْفَ يَكُونُ لِي أَجْرٌ فِي شَهْوَتِي فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَرَأَيْتَ لَوْ كَانَ لَكَ وَلَدٌ فَأَدْرَكَ وَرَجَوْتَ خَيْرَهُ فَمَاتَ أَكُنْتَ تَحْتَسِبُ

"നിന്റെ ഒരു കുട്ടി പ്രായപൂർത്തിയാവുകയും അവനിൽ നിന്നും നീ നന്മ പ്രതീക്ഷിച്ചുകൊണ്ടിരിക്കെ അവൻ മരിച്ചുപോകുകയും ചെയ്തുവെങ്കിൽ, അതിന്റെ പേരിൽ നീ അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിക്കുകയില്ലേ?"

അബൂദർറ്(ﷺ) പറഞ്ഞു: "തീർച്ചയായും!" പ്രവാചകൻ(ﷺ) ചോദിച്ചു. "നീയാണോ (ആ കുട്ടിയെ) സൃഷ്ടിച്ചത്? അബൂദർറ്(ﷺ) പറഞ്ഞു: അല്ല! അല്ലാഹുവാണ് അവനെ സൃഷ്ടിച്ചത്. പ്രവാചകൻ(ﷺ) ചോദിച്ചു "നീയാണോ അവനെ സന്മാർഗത്തിലാക്കിയത്?

അബൂദർറ്(ﷺ) പറഞ്ഞു: അല്ല, അല്ലാഹുവാണ് അവനെ സന്മാർഗ ത്തിലാക്കിയത്!" പ്രവാചകൻ(ﷺ) ചോദിച്ചു "നീയാണോ അവന് ഉപജീവനം നൽകുന്നത്?"

അബൂദർറ്(ﷺ) പറഞ്ഞു: "അല്ല, അല്ലാഹുവാണ് അവന് ഉപ ജീവനം നൽകുന്നത്."

ശേഷം പ്രവാചകൻ(ﷺ) പറഞ്ഞു:

كَذَلِكَ فَضَعْهُ فِي حَلَالِهِ وَجَنِّبْهُ حَرَامَهُ فَإِنْ شَاءَ اللَّهُ أَحْيَاهُ وَإِنْ شَاءَ أَمَاتَهُ وَلَكَ أَجْرٌ

"അപ്രകാരം തന്നെ, നീ അതിനെ (നിന്റെ ബീജത്തെ) അനു വദനീയമായതിൽ വെക്കുകയും നിഷിദ്ധമായതിൽ നിന്നും മാറി നിൽക്കുകയും ചെയ്യുക. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ, അതിന് ജീവൻ നൽകും. അവൻ ഉദ്ദേശിക്കുകയാണെങ്കിൽ അതിനെ മരിപ്പിക്കുകയും ചെയ്യും (രണ്ടായാലും) നിനക്ക് അതിൽ പ്രതിഫ ലമുണ്ട്"[20]

## 6. മനപ്പൊരുത്തമുള്ള ജീവിതം

വിവാഹം ഒരു മനുഷ്യനെ അവന്റെ മനുഷ്യപ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ ഉപയുക്തനാക്കുന്നു. അന്തസംഘർഷങ്ങളും വ്യഥകളും അവനിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നു. നേരത്തെ സൂചിപ്പിച്ച പോലെ, വിവാഹം വേണ്ടെന്നു വെക്കുന്നത് പ്രവാച കൻ (ﷺ) വിലക്കിയ പ്രകൃതിവിരുദ്ധമായ പ്രവർത്തിയാണ്. സഅദ് ഇബ്നു അബീവഖാസും സമുറ ഇബ്നു ജുൻദുബും(ﷺ) നിവേ ദനം:

نهي رسول الله عن التبتل

ബ്രഹ്മചര്യം റസൂൽ(ﷺ) നിരോധിച്ചു" [21]

20) അഹ്മദ്, ഇബ്നുഹിബ്ബാൻ, നസാഇൗ, അൽബാനി സ്വഹീഹാണെന്ന് വിധിച്ചു- അസ്വഹീഹ 575)

21) ബുഖാരി, മുസ്ലിം, മറ്റും)

## 7. പ്രവാചകന്മാരുടെ പാത പിൻതുടരൽ

വിവാഹം എന്നത് പ്രവാചകന്മാരുടെ നടപടിക്രമമായിരുന്നുവെന്ന് നാം നേരത്തെ കണ്ടു. അവരെല്ലാം മനുഷ്യകുലത്തിന് മാതൃകകളായി അല്ലാഹു തെരഞ്ഞെടുത്തതായതിനാൽ, അവരുടെ നടപടിക്രമങ്ങൾ നല്ലതാണ്. നമുക്ക് സാധിക്കുംവിധം അവരെ പിന്തുടരൽ നമ്മുടെ ബാധ്യതയുമാണ്.

## 8. അല്ലാഹുവിന്റെ സഹായം അർഹിക്കുന്നു.

പാപം ചെയ്യുന്നതിൽ നിന്നും സ്വയം ജാഗ്രത പാലിക്കുന്നതിനായി വിവാഹം ചെയ്യുന്നവനെ അല്ലാഹു ഉറപ്പായും സഹായിക്കുമെന്ന് കാര്യം നാം നേരത്തെ കണ്ടതാണ്.

## 9. നിലനിൽക്കുന്ന ബന്ധം

വിവാഹിതരായ ദമ്പതികൾ തമ്മിൽ വിശ്വാസത്തിന്റെയും തഖ്‌വയുടെയും അടിസ്ഥാനത്തിലുള്ള ഒരു ബന്ധമാണുള്ളതെങ്കിൽ, അവരുടെ ആ ബന്ധം അടുത്ത ജീവിതത്തിലേക്ക് നീണ്ടുകിടക്കുകയും ഈ ജീവിതത്തിൽ അവസാനം വിവാഹം ചെയ്തയാളുടെ ഭാര്യയായി തുടരുകയും ചെയ്യും. അബൂദർദാഅ്(﵁) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

أيما امرأة توفي عنها زوجها فتزوجت بعده فهي الآخر أزواجها

"ഒരു സ്ത്രീയുടെ ഭർത്താവ് മരിക്കുകയും ശേഷം മറ്റൊരാൾ വിവാഹം കഴിക്കുകയും ചെയ്താൽ, അവൾ (പരലോകത്ത്) അവസാനത്തെ ഭർത്താവിനുള്ളതായിരിക്കും."(22)

ആയിശ(ﵲ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

المرأة لآخر أزواجها

"ഒരു സ്ത്രീ തന്റെ അവസാനത്തെ ഭർത്താവിനുള്ളവളായിരിക്കും"(23)

22) ത്വബ്റാനി (അൽ- കബീറിൽ). സ്വഹീഹാണെന്ന് അൽബാനി വിധിച്ചു. - സ്വഹീഹുൽ ജാമിഅ് 2704, അസ്വഹീഹ 1281)

23) ഇബ്നു ഖുസൈമ, ഇബ്നു ഹിബ്ബാൻ, മറ്റും. സ്വഹീഹാണെന്ന് അൽബാനി വിധിച്ചു. (സ്വഹീഹുൽ ജാമിഅ് 6691, അസ്വഹീഹ 1281)

## വിവാഹം കൊണ്ട് സമൂഹത്തിനുണ്ടാകുന്ന പ്രയോജനങ്ങൾ

മുൻകഴിഞ്ഞ ചർച്ചയിൽ നിന്നും വിവാഹം സമൂഹത്തിന് മൊത്തത്തിൽ നിരവധി പ്രയോജനങ്ങളുള്ളതാണെന്ന് ഉപസംഹരിക്കാം. അവയിൽ ചിലത് നാം താഴെ ചേർക്കുന്നു.

### 1. മനുഷ്യകുലത്തിന്റെ നിലനിൽപ്പ്

വിവാഹം അല്ലാഹുവിന്റെ പ്രജനന നിയമത്തെ പൂർത്തീകരിക്കുന്നു. ഇത് നാം മുമ്പ് ചർച്ച ചെയ്തിട്ടുണ്ട്. അങ്ങനെ അത് മനുഷ്യകുലം നിലനിൽക്കാനുള്ള ശരിയായ മാർഗമായിത്തീരുന്നു. ഭൂമിയെയും അതിലുള്ള സർവതിനേയും അല്ലാഹു അനന്തരമെടുക്കുവോളം.

### 2. ബന്ധങ്ങളുടെ നിലനിൽപ്

വ്യഭിചാരത്തിൽ നിന്നും വ്യത്യസ്തമായി, വിവാഹബന്ധങ്ങളെ ആദരിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. അത് കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള ബന്ധങ്ങളെ ദൃഢീകരിക്കുന്നു. അതാകട്ടെ, അവർക്കെല്ലാം അന്തസ്സും ആത്മാഭിമാനവും പ്രദാനം ചെയ്യുന്നു. ഇത് സമൂഹത്തിനുള്ളിൽ സ്നേഹവും ജാഗരൂകതയും ഊട്ടിയുറപ്പിക്കുന്നു.

### 3. സദാചാര ഭ്രംശത്തിൽ നിന്നും സമൂഹത്തെ സംരക്ഷിച്ചു നിർത്തുന്നു

വിവാഹം എന്നത് സ്ത്രീയും പുരുഷനും തമ്മിൽ കുറ്റമറ്റതും അനുവദനീയവുമായ ബന്ധം സ്ഥാപിക്കാനുള്ള ശരിയായ മാർഗമാണ്. ഇത് പാതിവ്രത്യം നിലനിർത്താനും വ്യഭിചാരത്തിന്റെയും ബന്ധപ്പെട്ട മറ്റു തിന്മകളുടെയും ചളിക്കുണ്ടിലേക്ക് വഴുതിവീഴുന്നതിൽ നിന്നും മുസ്‌ലിംകളെ സംരക്ഷിക്കാനും സഹായിക്കുന്നു. (മറ്റൊരധ്യായത്തിൽ ഇത് പൂർണമായി ചർച്ച ചെയ്യുന്നുണ്ട്) അങ്ങനെ, സമൂഹങ്ങളുടെ സർവനാശത്തിന് പ്രധാന കാരണമായിത്തീരുന്ന സദാചാരഭ്രംശത്തിന്റെയും അധോഗതിയുടെയും വാതി

ലുകൾ വിവാഹം വഴികൊട്ടിയടക്കപ്പെടുന്നു.

## 4. ശാരീരിക രോഗങ്ങളിൽ നിന്നും സമൂഹത്തെ സംരക്ഷിക്കുന്നു

വ്യഭിചാരത്തോടും ബന്ധപ്പെട്ട മറ്റു തിന്മകളോടുമൊപ്പം വിനാശകരമായ അസുഖങ്ങളുടെ ഒരു വ്യൂഹം തന്നെ വരും. ഗൊണോറിയ, സിഫിലി, ലൈംഗിക വ്രണങ്ങൾ (വെനേറിയൽ അൾസർ), എന്നിവയും കൂടാതെ അടുത്തകാലത്തായി വന്ന എയ്ഡ്സും അവയിൽ പെട്ടതാണ്. ഇതിൽ നിന്നും പകരുന്ന മറ്റു അസുഖങ്ങളിൽ നിന്നുമെല്ലാം സമൂഹത്തെ സംരക്ഷിക്കുന്നതിനുള്ള പ്രധാന മാർഗമാണ് വിവാഹം. അത്തരം അസുഖങ്ങൾ കുട്ടികളെ പോലും വെറുതെ വിടാറില്ല.

## 5. കുടുംബാന്തരീക്ഷത്തിന്റെ സംസ്ഥാപനം

കുട്ടികളെ പോറ്റുന്നതിനും പരിപാലിക്കുന്നും വേണ്ട ആരോഗ്യകരമായ ഒരന്തരീക്ഷം സ്ഥാപിക്കുന്നതിലേക്കുള്ള അനിവാര്യമായ ഒരു കാൽവെപ്പാണ് വിവാഹം. നമ്മുടെ കുട്ടികൾ നമ്മുടെ തലമുറയുടെ ഉൽപന്നങ്ങളും നമ്മുടെ സമുദായത്തിന്റെ ഭാവിയിലെ പുരുഷന്മാരും സ്ത്രീകളുമാണ്. അവരുടെ ഉചിതമായ വളർച്ചക്കും പോഷണത്തിനും ആവശ്യമായ സ്നേഹം, കാരുണ്യം, അനുകമ്പ, മാർഗനിർദേശം പോലെയുള്ള കാര്യങ്ങൾ നല്ല വിവാഹങ്ങളിലൂടെ അവർക്ക് നാം ഒരുക്കിക്കൊടുക്കുന്നു.

## 6. മുസ്‌ലിംകളുടെ എണ്ണം വർദ്ധിപ്പിക്കൽ

ഇസ്‌ലാമിൽ, ആളുകളുടെ എണ്ണത്തിന് മാത്രമല്ല പരിഗമന നൽകുന്നത്. പകരം, എണ്ണത്തോടൊപ്പം ഗുണനിലവാരവും കൂടി കണക്കിലെടുക്കുന്നു. അതിനാൽ, നല്ല മുസ്‌ലിംകളുടെ - ഉപരിപ്ലവമായ മുസ്‌ലിംകളല്ല എണ്ണം കൂട്ടാൻ നാം ബാധ്യസ്ഥരാണ്. നല്ല മുസ്‌ലിംകളെന്നാൽ അല്ലാഹുവിന്റെ കൽപനകളനുസരിച്ചും അവന്റെ ദൂതന്മാരുടെ (ﷺ) മാതൃക പിൻപറ്റിയും ജീവിക്കുന്നവരാണ്. അത്തരത്തിലുള്ള ആളുകളാണ് വർദ്ധിക്കുകയും പെരുകുകയും ചെയ്യേണ്ടത്. എന്നാൽ മാത്രമേ, ഈ ലോകത്ത് അല്ലാഹു

വിന്റെ മതം സ്ഥാപിതമാകുകയും പരലോകത്ത് അവന്റെ സ്വർഗ പ്പൂന്തോപ്പിൽ പ്രവേശിക്കുകയും ചെയ്യുകയുള്ളൂ.

സച്ചരിതരായ മുസ്‌ലിംകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ഉദ്ദേശത്തോട് കൂടിയായിരിക്കണം ഒരു മുസ്‌ലിം വിവാഹം കഴി ക്കേണ്ടത്. തുടർന്ന്, യഥാർത്ഥ മതത്തെ അടിസ്ഥാനമാക്കിക്കൊണ്ട് തന്റെ കുടുംബത്തെ കെട്ടിപ്പടുക്കണം. എങ്കിൽ മാത്രമേ, അന്ത്യനാ ളിൽ റസൂൽ(ﷺ) അവിടെ ഹാജറുള്ള മറ്റു സമുദായങ്ങൾക്ക് മുന്നിൽ അഭിമാനം കൊള്ളുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന മുസ്‌ലിം കളുടെ കൂട്ടത്തിൽ ഉൾപ്പെടുകയുള്ളൂ.

അബൂഹുറയ്റ(رضي الله عنه) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

انكحو فإني مكاثر بكم

"വിവാഹം കഴിക്കുക, നിങ്ങളുടെ ഭീമമായ എണ്ണത്തെ ഞാൻ പ്രദർശിപ്പിക്കും."(24)

അബൂഉമാമ(رضي الله عنه) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

تزوجوا فإني مكاثر بكم الأمم ولا تكونوا كراهبانية النصاري

"നിങ്ങൾ വിവാഹം കഴിക്കുക, മറ്റു സമുദായത്തേക്കാൾ സംഖ്യാബലത്തിൽ നിങ്ങൾ മുന്തിനിൽക്കുന്നതിൽ ഞാൻ സന്തു ഷ്ടനായിരിക്കും. ക്രിസ്ത്യാനികളെപ്പോലെ നിങ്ങൾ ഏകാന്തവാസം ആചരിക്കരുത്."(25)

പ്രാപ്തരായ ഒരു മുസ്‌ലിം സമുദായത്തെയാണ് അല്ലാഹു വിന് ആവശ്യം. അനുവദനീയമായ വിവാഹത്തിലൂടെ ചാരിത്ര്യം കാത്തുസൂക്ഷിക്കുന്നത് കൊണ്ട് മാത്രമേ ഇത് പൂർത്തീകരിക്കപ്പെ ടുകയുള്ളൂ.

---

23) ഇബ്നു ഖുസൈമ, ഇബ്നു ഹിബ്ബാൻ, മറ്റും. സ്വഹീഹാണെന്ന് അൽബാനി വിധിച്ചു. - സ്വഹീഹുൽ ജാമിഅ് 6691, അസ്വഹീഹ 1281

25) ബൈഹഖിയും മറ്റും സ്വഹീഹാണെന്ന് അൽബാനി വിധിച്ചു. - സ്വഹീഹുൽ ജാമിഅ് 2941, അസ്വഹീഹ് 1782)

## അദ്ധ്യായം 2
# ഇണയെ തെരഞ്ഞെടുക്കൽ

കഴിഞ്ഞ അദ്ധ്യായത്തിൽ, വിവാഹത്തിന്റെ മുഖ്യ താൽപര്യത്തെ കുറിച്ച് നാം പ്രതിപാദിച്ചു. അത് മനസ്സിൽ വെച്ച് കൊണ്ട് തന്നെ, ഏറ്റവും തൃപ്തികരമായ മാർഗത്തിലൂടെ വിവാഹത്തിന്റെ ഉദ്ദിഷ്ടഫലങ്ങൾ നേടാൻ സഹായിക്കുന്ന ഒരു പങ്കാളിയെ തെരഞ്ഞെടുക്കാൻ ഒരു മുസ്‌ലിം ഉത്സാഹിക്കണം. ഇത് ഇണയെ തെരഞ്ഞെടുക്കുന്ന പ്രവൃത്തിയെ നിർണായകമാക്കുന്നു.

### വധുവിനെ തെരഞ്ഞെടുക്കൽ
### സോപാധിക പരിഗണന

ഇസ്‌ലാമിൽ, വിവാഹവുമായി ബന്ധപ്പെട്ട് ഒരു പുരുഷന് തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നു.

﴿ وَإِنْ خِفْتُمْ أَلَّا تُقْسِطُوا۟ فِى ٱلْيَتَـٰمَىٰ فَٱنكِحُوا۟ مَا طَابَ لَكُم مِّنَ ٱلنِّسَآءِ مَثْنَىٰ وَثُلَـٰثَ وَرُبَـٰعَ ۖ فَإِنْ خِفْتُمْ أَلَّا تَعْدِلُوا۟ فَوَٰحِدَةً أَوْ مَا مَلَكَتْ أَيْمَـٰنُكُمْ ۚ ذَٰلِكَ أَدْنَىٰٓ أَلَّا تَعُولُوا۟ ﴾

“അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്കു നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽ നിന്ന്

**നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ, മൂന്നോ, നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതിപുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം (വിവാഹം കഴിക്കുക.) അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീയെ (ഭാര്യയെപ്പോലെ സ്വീകരിക്കുക.) നിങ്ങൾ അതിരുവിട്ട് പോകാതിരിക്കാൻ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്."**

എന്നാൽ, "സ്ത്രീകളിൽ നിന്നും നിങ്ങൾക്ക് ഇഷ്ടപ്പെടുന്ന" എന്ന ഭാഗം ഖുർആനിലെയും സുന്നത്തിലേയും മൂലവാക്യങ്ങൾ കൊണ്ട് വ്യക്തമാക്കപ്പെട്ട ഒരു പൊതു നിർദേശമാണ്. തന്റെ ജീവിത പങ്കാളിയായും തന്റെ കുട്ടികളുടെ മാതാവായും ജീവിക്കാൻ യോഗ്യയായ ഒരു സ്ത്രീയിൽ പുരുഷൻ അന്വേഷിക്കേണ്ട ചില പ്രധാനപ്പെട്ട സവിശേഷതകളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകൾ നാം താഴെ വിവരിക്കുന്നു.

## 1. മതബോധം

ഒരു ഭാര്യയിലുണ്ടായിരിക്കേണ്ട പ്രഥമവും പ്രധാനവുമായ സവിശേഷത മതബോധമാണ്. പ്രവാചകൻ(ﷺ) പുരുഷന്മാരോട് ആവശ്യപ്പെട്ടത് വിശ്വാസവും ഭക്തിയുമുള്ള സ്ത്രീയെ അന്വേഷിക്കാനാണ്. അങ്ങനെയുള്ള സ്ത്രീയെ വിവാഹം ചെയ്യുന്നത് കൊണ്ട് മാത്രമേ ഒരു പുരുഷന് ആനന്ദം ലഭിക്കുകയുള്ളൂ എന്നും പ്രവാചകൻ(ﷺ) സൂചിപ്പിച്ചു.

അബൂഹുറയ്റ(رضي الله عنه) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

**"സ്ത്രീ വിവാഹം ചെയ്യപ്പെടുന്നത് നാല് കാര്യങ്ങൾ പരിഗണിച്ചാണ്: അവളുടെ ധനം, തറവാട്, സൗന്ദര്യം, ദീൻ (മതബോധം) അതിനാൽ മതബോധമുള്ളവറെ നീ തെരഞ്ഞെടുക്കുക. നീ വിജയിച്ചേക്കും."**[(26), (27)]

---

26) ഭാഷാപരമായി, "നിന്റെ കൈയിൽ മണ്ണായാലും ശരി" എന്നാണ് പ്രവാചകൻ(ﷺ) പറഞ്ഞത്. അത്തരം ഒരു പ്രയോഗം പ്രവാചകൻ(ﷺ)ന്റെ കാലത്ത് സുവിദിതമായിരുന്നു. എന്നാൽ അതിന്റെ ഉദ്ദേശം ഭാഷാപരമല്ല. അത് പ്രോത്സാഹനത്തെയോ കരഘോഷത്തേയോ പ്രതിഫലിപ്പിക്കുന്ന ഒരു പ്രയോഗം മാത്രമാണ്.

27) ബുഖാരി, മുസ്ലിം മറ്റും

ഥൗബാൻ(ﷺ) നിവേദനം: അല്ലാഹു സ്വർണവും വെള്ളിയും സൂക്ഷിച്ചുവെക്കുന്നതിനെ കുറിച്ചുള്ള താക്കീത് അവതരിപ്പിച്ചപ്പോൾ,[28] സ്വഹാബികൾക്ക് സന്ദേഹമായി "പിന്നെ എന്തുതരം സമ്പത്താണ് ഞങ്ങൾ സൂക്ഷിച്ചുവെക്കേണ്ടത്?" ഇബ്നു ഉമർ(ﷺ) പറഞ്ഞു: "ഇതിനുള്ള മറുപടി ഞാൻ കണ്ടെത്തും" അദ്ദേഹം തന്റെ ഒട്ടകത്തെ ധൃതിയിൽ സവാരി ചെയ്യിച്ച് റസൂലി(ﷺ)ന്റെയരികിലെത്തി. അദ്ദേഹം (ഥൗബാൻ) തൊട്ടുപിറകിലുണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു: "തിരുദൂതരേ! എന്തുതരം സമ്പത്താണ് ഞങ്ങൾ സൂക്ഷിച്ചുവെക്കേണ്ടത്? അവിടുന്ന് പറഞ്ഞു:

ليتخذ أحدكم قلبا شاكرا ولساناؤذاكرا وزوجة تعينه على أمر الآخرة

നിങ്ങളിലോരോരുത്തരും (അല്ലാഹുവോട്) നന്ദിയുള്ള ഒരു ഹൃദയവും (അല്ലാഹുവിന്) സ്തുതികീർത്തനങ്ങൾ നടത്തുന്ന ഒരു നാവും പാരത്രിക ജീവിതത്തിന്റെ കാര്യത്തിൽ തന്നെ സഹായിക്കുന്ന വിശ്വാസിയായ ഒരു ഭാര്യയെയും സ്വീകരിച്ചുകൊള്ളുക."(29)

അബൂ ഉമാമ(ﷺ)യും അലി(ﷺ)യും ഇതേ രൂപത്തിൽ നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു:

قلب شاكر و لسان ذاكر و زوجة صالحة تعينك على أمر دنياك و دينك
خير ما اكتنز الناس

(അല്ലാഹുവോട്) നന്ദിയുള്ള ഒരു ഹൃദയം; (അല്ലാഹുവിന്) സ്തുതികീർത്തനങ്ങൾ നടത്തുന്ന ഒരു നാവ് നിങ്ങളുടെ ജീവിത വ്യവഹാരങ്ങളിലും മതകാര്യങ്ങളിലും നിങ്ങളെ സഹായിക്കുന്ന സച്ചരിതയായ ഒരു ഭാര്യ- ഇവയാണ് ജനങ്ങൾക്ക് ലഭിക്കാവുന്നതിൽ ഏറ്റവും ഉത്തമമായ അമൂല്യ വസ്തുക്കൾ"[30]

---

28) സൂറ തൗബ 34-35

29) അഹ്മദ്, തിർമിദി, മറ്റും സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി - അസ്വഹീഹ 2176

30) ബൈഹകി, - ശുഅ്ബുൽ ഈമാനിൽ), തിർമിദി, ഇബ്നു അബ്ദുർറസാഖ് - മുസന്നഫിൽ. മറ്റും. സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി - സ്വഹീഹുൽ ജാമിഅ് 4409

## 1. സന്തോഷവും ദുരിതവും കൊണ്ടുവരുന്നത് ഭാര്യ തന്നെയാണ്

ഈ ജീവിതത്തിൽ സൗഭാഗ്യത്തിന്റെ പ്രധാന ഉറവിടം മതബോധമുള്ള ഭാര്യതന്നെയാണ്. അതേ രൂപത്തിൽ ദുരിതത്തിന്റെ പ്രധാന കാരണം ദുർമാർഗിയായ ഒരു ഭാര്യയുമാണ്. സഅദ് ഇബ്നു അബീ വക്വീസ്(﵁) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

ثلاثة من السعادة و ثلاثة من الشقاء فمن السعادة : المرأة الصالحة تراها فتعجبك و تغيب عنها فتأمنها على نفسـها و مالك و الدابـة تكون و طيئة فتلحقـك بأصحابـك و الدار تكون واسـعة كثيرة المرافق و من الشقـاء : المرأة تراها فتسوؤك و تحمل لسانها عليك و إن غبت عنها لم تأمنها على نفسـها و مالك و الدابة تكون قطوفا فإن ضربتها أتعبتك و إن تركتها لم تلحقك بأصحابك و الدار

"നാല് കാര്യങ്ങൾ സൗഭാഗ്യത്തിൽ പെട്ടതാണ്; നാലെണ്ണം ദൗർഭാഗ്യത്തിൽ പെട്ടതുമാണ്.

### സൗഭാഗ്യത്തിൽ പെട്ടവ

1. സദ്ഗുണയായ ഭാര്യ- നീ അവളെ നോക്കിയാൽ, അവൾ നിന്നെ സന്തോഷിപ്പിക്കും. അവളിൽ നിന്നും വിട്ടുനിന്നാൽ അവളുടെ കാര്യത്തിലും നിന്റെ ധനത്തിന്റെ കാര്യത്തിലും നിനക്ക് അവളിൽ വിശ്വാസമർപ്പിക്കാം;
2. നിന്റെ കൂട്ടുകാരോടൊപ്പം എത്തിച്ചേരാൻ സൗകര്യപ്പെടുന്ന ഒരു സവാരി മൃഗം
3. സൗകര്യങ്ങളുള്ള വിശാലമായ ഒരു വീട്.
4. ഒരു നല്ല അയൽവാസി.

### ദൗർഭാഗ്യത്തിൽ പെട്ടവ

1) ദുർമാർഗിയായ ഒരു ഭാര്യ നീ അവളെ നോക്കിയാൽ അവൾ നിന്നെ ഭീതിപ്പെടുത്തും. നിനക്കെതിരെ അവളുടെ നാവ് അവൾ ഉപയോഗിക്കും. അവളിൽ നിന്നും നീ വിട്ടുനിന്നാൽ, അവളുടെ കാര്യത്തിലും നിന്റെ ധനത്തിന്റെ കാര്യത്തിലും നിനക്ക് അവളിൽ വിശ്വാസമർപ്പിക്കാൻ സാധിക്കുകയില്ല.

2. ഇണങ്ങാത്ത ഒരു സവാരി മൃഗം. നീ അതിനെ അടിച്ചാൽ അത് നിന്നെ ക്ഷീണിപ്പിക്കും. അതിനെ നീ വെറുതെ വിടുകയാണെങ്കിൽ നിന്റെ കൂട്ടുകാരോടൊപ്പം എത്താൻ നിനക്ക് സാധിക്കുകയുമില്ല.
3. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഇടുങ്ങിയ ഒരു വീട്
4. ഒരു ചീത്ത അയൽവാസി [31]

**2. സൽസ്വഭാവം**

ഒരാൾ അന്വേഷിക്കേണ്ടത് സൽസ്വഭാവിയായ ഒരു സ്ത്രീയെയായിരിക്കണം. അതല്ലെങ്കിൽ നല്ല ധാർമികാന്തരീക്ഷത്തിൽ വളർത്തപ്പെട്ട ഒരു സ്ത്രീയെ മുമ്പുദ്ധരിച്ച അബൂഹുറയ്റ(﵁)യുടെതിന് സമാനമായ ഒരു ഹദീഥിൽ അബൂ സഈദിൽ ഖുദ്‌രി(﵁) നിവേദനം: തിരുദൂതർ(ﷺ) പറഞ്ഞു:

تنكح المرأة على إحدى خصال ثلاث : تنكح المرأة على جمالها و تنكح المرأة على دينها و خلقها فعليك بذات الدين تربت يمينك

“സ്ത്രീ വിവാഹം ചെയ്യപ്പെടുന്നത് മൂന്നിലൊരു സവിശേഷതയിന്മേലാണ്. അവളുടെ ധനം കാരണത്താൽ അവൾ വിവാഹം ചെയ്യപ്പെടുന്നു. അവളുടെ സൗന്ദര്യം കാരണത്താൽ വിവാഹം ചെയ്യപ്പെടുന്നു, അവളുടെ മതബോധം കാരണത്താൽ വിവാഹം ചെയ്യപ്പെടുന്നു. അപ്പോൾ, മതബോധവും സ്വഭാവവുമുള്ളവളെ സ്വീകരിക്കുക- നിന്റെ വലതു കൈ സമൃദ്ധമാവട്ടെ.[32]

31) ഹാകിം, ഹസൻ ആണെന്ന് അൽബാനി വിധിച്ചു. -അസ്വഹീഹ് 1047, സ്വഹീഹുൽ ജാമിഅ് 3056 ഇതിലെ നാലാമത്തെ ഇനം ഇബ്നു ഹിബ്ബാനും ഖത്വീബും മറ്റും രേഖപ്പെടുത്തിയ മറ്റൊരു റിപ്പോർട്ടിൽ നിന്നും ഒരുമിച്ചു ചേർത്തതാണ്. ഇത് സ്വഹീഹാണെന്ന് അൽബാനി വിധിച്ചിട്ടുണ്ട്. -അസ്വഹീഹ 282, സ്വഹീഹുൽ ജാമിഅ് 887. ഈ ഹദീഥിന്റെ ഒരു സംക്ഷിപ്ത രൂപം അത്വയാലിസി രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഹസൻ ആണെന്ന് അൽബാനി വിധിച്ചു. (അസ്വഹീഹ. 1803, സ്വഹീഹുൽ ജാമിഅ് 3629)

32) ഇബ്നു ഹിബ്ബാൻ, അഹ്മദ്, ഹാകിം, സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി. (അസ്വഹീഹ 307)

ധാർമികനിലവാരം കുറഞ്ഞ സ്ത്രീയെ ഒഴിവാക്കേണ്ടത് തന്നെയാണ്. സൗന്ദര്യം, സമ്പത്ത് പോലെയുള്ള ആകർഷകമായ ഗുണങ്ങൾ അവളിലുണ്ടായാലും ശരി.

അബൂമൂസൽ അശ്അരി(﵁) നിവേദനം: തിരുദൂതർ(ﷺ) പറഞ്ഞു:

ثلاثة يدعون الله عز و جل فلا يستجاب لهم : رجل كانت تحته امرأة سيئة الخلق فلم يطلقها و رجل كان له على رجل مال فلم يشهد عليه و رجل آتى سفيهاماله

“മൂന്നാളുകൾ അവർ അല്ലാഹുവോട് പ്രാർഥിക്കുന്നു. എന്നാൽ അവർക്ക് ഉത്തരം ലഭിക്കുന്നില്ല. (ആ മൂന്ന് ആളുകൾ ഇവരാണ്). സ്വഭാവ ദൂഷ്യമുള്ള ഒരു ഭാര്യ തന്റെ കീഴിലുണ്ടായിട്ടും വിവാഹ മോചനം നടത്താത്ത ഭർത്താവ്; സാക്ഷികളെ സ്വീകരിക്കാതെ മറ്റൊരാൾക്ക് കടം കൊടുക്കുന്നവൻ, അവിവേകിയായ ഒരുവന് തന്റെ പണം കൊടുക്കുന്നവൻ[33]

ഈ ഹദീഥിൽ “സ്വഭാവദൂഷ്യം” കൊണ്ടുള്ള ഉദ്ദേശം ദുർന്നടപ്പും അരാജകത്വവുമാണ്. ഇത്തരം കാരണങ്ങൽ അവളുടെ സ്വഭാവത്തെ സംശയാസ്പദമാക്കുകയും അവളുടെ ചാരത്ര്യത്തെ ചോദ്യം ചെയ്യത്തക്കതാക്കുകയും ചെയ്യുന്നു. അത്തരം ഒരു ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നവൻ ‘യയ്യൂഥ്’ ആണ്. ഇതേകുറിച്ച് വിശദമായി ഈ പരമ്പരയിലെ അടുത്ത ഗ്രന്ഥത്തിൽ ചർച്ച ചെയ്യും. ഇൻശാ അല്ലാഹ്

## കന്യകത്വം

കന്യകത്വം എന്നത് വിവാഹത്തിനുള്ള ഒരു വ്യവസ്ഥയല്ല. എന്നാൽ അത് പ്രോത്സാഹനാർഹമായ ഒരു ഗുണമാണ്. ഒരാളുടെ പരിഗണനയിലുള്ള സ്ത്രീകൾ മറ്റെല്ലാ സംഗതികളിലും തുല്യരായതിനാൽ അവന്റെ മുന്നിൽ രണ്ട് മാർഗങ്ങളുണ്ടാകുന്ന പക്ഷം കന്യകത്വം എന്നത് പല കാരണങ്ങൾ കൊണ്ടും ഒരു നിർണായക ഘടകമായി മാറും. അതിനെ കുറിച്ച് വിശദമായി തുടർന്നുള്ള ഉപ വിഭാഗങ്ങളിൽ സൂചിപ്പിക്കും. (ഇൻശാ അല്ലാഹ്)

33) ഹാകിം, അബൂനുഐം, മറ്റും സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി (സ്വഹീഹുൽ ജാമിഅ് 3075, അസ്വഹീഹ് 1805)

ജാബിർ ഇബ്നു അബ്ദില്ല(ﷺ) നിവേദനം; തന്റെ പിതാവ്[34] മരിച്ചപ്പോൾ, ജാബിറിന്റെ സംരക്ഷണച്ചുമതലയിൽ ഒമ്പതു പെൺകുട്ടികളെ വിട്ടേച്ചുകൊണ്ടാണ് പോയത്. ഉടനെത്തന്നെ, ഒരു വിധവയെ ജാബിർ വിവാഹം ചെയ്തു. പ്രവാചകൻ(ﷺ) അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോൾ ചോദിച്ചു: "ഓ ജാബിർ! നീ വിവാഹം കഴിച്ചുവോ?" അദ്ദേഹം പറഞ്ഞു: "അതേ" പ്രവാചകൻ ചോദിച്ചു, "കന്യകയെയോ വിധവയെയോ?" അദ്ദേഹം പറഞ്ഞു:

( فهلا جارية تلاعبها وتلاعبك تضاحكها وتضاحكك )

"വിധവയെ" പ്രവാചകൻ(ﷺ) വീണ്ടും ചോദിച്ചു: "നിനക്ക് ഒരു കന്യകയെ പരിഗണിച്ചുകൂടായിരുന്നോ? നിങ്ങൾക്ക് പരസ്പരം കളിക്കുകയും ആനന്ദിക്കുകയും ചെയ്യാമായിരുന്നില്ലേ?"

ജാബിർ(ﷺ) പറഞ്ഞു: "നിശ്ചയം, കുറെ പെൺമക്കളെയും വിട്ടേച്ചുകൊണ്ടാണ് എന്റെ പിതാവായ അബ്ദുല്ല മരിച്ചത്. ആ യുവതികളുടെ കൂടെ അതുപോലെയുള്ള ഒന്നിനെയും കൂടി ചേർക്കേണ്ടതില്ലെന്ന് എനിക്ക് തോന്നി. അത്കൊണ്ട് അവരെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഞാൻ മുതിർന്ന ഒരു സ്ത്രീയെ വിവാഹം ചെയ്തു." അപ്പോൾ റസൂൽ(ﷺ) പറഞ്ഞു:

"നിശ്ചയമായും നല്ലൊരു തീരുമാനമാണ് നീയെടുത്തത്. അല്ലാഹു നിന്നെ നന്നായി അനുഗ്രഹിക്കട്ടെ."[35]

## 4. പ്രസവശേഷി

വിവാഹത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രത്യുൽപാദനമായതിനാൽ, ധാരാളം കുട്ടികളെ പ്രസവിക്കാൻ സാധ്യതയുള്ള ഒരു യുവതിയെ വിവാഹം ചെയ്യുന്നത് പ്രോത്സാഹനാർഹമാണ്. വിധവകളേക്കാൾ കൂടുതൽ അതിന് സാധ്യതയുള്ളത് കന്യകക്ക് തന്നെയാണ്.

---

34) ജാബിറിന്റെ പിതാവ്, അബ്ദുല്ല ഇബ്നു അംറുബ്നു ഹറാം ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷിയായ വ്യക്തിയാണ്. അന്ന് ജാബിറിന് പത്തൊമ്പത് വയസ്സായിരുന്നു.

35) ബുഖാരി, മുസ്ലിം മറ്റും

അബ്ദുല്ലാഹിബ്നു മസ്ഊദ്(ﷺ) നിവേദനം: തിരുദൂതർ(ﷺ) പറഞ്ഞു:

تزوجوا الأبكار فإنهن أعذب أفواها وانتق أرحاما وأرضى باليسي

"നിങ്ങൾ കന്യകകളെ വിവാഹം ചെയ്യുക. കാരണം, അവരുടെ വായുകൾ (അതായത് സംസാരം) ആന്ദിപ്പിക്കുന്നതും ഗർഭപാത്രങ്ങൾ ഫലഭൂയിഷ്ഠവും ചെറിയ സമ്പത്ത് കൊണ്ട് തന്നെ അവർ തൃപ്തിപ്പെടുന്നവരുമായിരിക്കും.[36]

മഅ്കിൽ ഇബ്നു യസാർ(ﷺ) നിവേദനം: അല്ലാഹുവിന്റെ റസൂലി (ﷺ)ന്റെയടുക്കലേക്ക് ഒരാൾ വന്നുകൊണ്ട് ചോദിച്ചു. അഭിമാനവും സൗന്ദര്യവുമുള്ള ഒരു സ്ത്രീയെ ഞാൻ കണ്ടുമുട്ടി. എന്നാൽ അവൾക്ക് പ്രസവിക്കാൻ സാധിക്കുകയില്ല. ഞാൻ അവളെ വിവാഹം ചെയ്യണമോ?" അവിടുന്ന് പറഞ്ഞു: "വേണ്ട" ഇത് തന്നെ രണ്ട് തവണ കൂടി ആവർത്തിച്ചപ്പോൾ, റസൂൽ(ﷺ) പറഞ്ഞു:

تزوجوا الودود الولود فإني مكاثر بكم

"ധാരാളമായി സ്നേഹിക്കുകയും പ്രസവിക്കുകയും ചെയ്യുന്ന സ്ത്രീയെ നീ വിവാഹം ചെയ്യുക. കാരണം (അന്ത്യനാളിൽ) നിങ്ങളുടെ എണ്ണത്തെ സംബന്ധിച്ച് ഞാൻ അഭിമാനം കൊള്ളും."[37]

## 6. സ്നേഹിക്കാനുള്ള മനഃസ്ഥിതി

ഭർത്താവിനോട് സ്നേഹവും താൽപര്യവും കാണിക്കാൻ സാധ്യതയുള്ള സ്ത്രീകളെ വിവാഹമന്വേഷിക്കണം. സാധാരണഗതിയിൽ, അവളുടെ ചുറ്റുപാടുകളിൽ നിന്നും അവളുടെ കുടുംബ പശ്ചാത്തലത്തിൽ നിന്നും ഇത് ഗ്രഹിക്കാൻ സാധിക്കും. മുകളിലുദ്ധരിച്ച മഅ്കലിന്റെ ഹദീഥ് ഇത് സൂചിപ്പിക്കുന്നു. അതുപോലെ, അബൂ ഉഥയ്ന അസ്സദഫി(ﷺ) നിവേദനം: തിരുദൂതർ(ﷺ) പറഞ്ഞു:

---

36) ത്വബ്റാനി - അൽ കബീറിൽ ഹസൻ ആണെന്ന് അൽബാനി പറഞ്ഞു.- അസ്വഹീഹ 623, സ്വഹീഹുൽ ജാമിഅ് 2939)

37) അബൂദാവൂദ്, നസാഇൗ, സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി (സ്വഹീഹുൽ ജാമിഅ്, 2940 ഇർവാഉൽഗലീൽ 1784)

خير نسائكم الولود الودود المواسية المواتية إذا اتقين الله و شر نسائكمالمتبرجات المتخيلات و هن المنافقات لا يدخل الجنة منهن إلا مثل الغراب

“നിങ്ങളിൽ ഏറ്റവും ഉത്തമരായ സ്ത്രീകൾ, കൂടുതൽ പ്രസവിക്കുന്നവരും സ്നേഹിക്കുന്നവരും ആശ്വസിപ്പിക്കുന്നവരും ക്ഷമിക്കുന്നവരുമാണ്. അല്ലാഹുവിനെ സൂക്ഷിക്കുന്നവരായിരിക്കണമെന്ന് മാത്രം.

നിങ്ങളിൽ ഏറ്റവും മോശമായ സ്ത്രീകൾ, തങ്ങളുടെ സൗന്ദര്യം (ഭർത്താവല്ലാത്തവരുടെ മുന്നിൽ) പ്രദർശിപ്പിക്കുന്നവരും അഹങ്കാരത്തോട് കൂടി നടക്കുന്നവരുമാണ്. അവർതന്നെയാണ് കപടവിശ്വാസികൾ. അവരിൽ നിന്നും സ്വർഗത്തിൽ പ്രവേശിക്കുന്നവർ ചുവന്ന കാലുകളും ചുവന്ന കൊക്കുകളുമുള്ള കാക്കകളുടെയത്രയും വിരളമാണ്.”[38]

ഇബ്നു അബ്ബാസ്(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു.

نسائكم من أهل الجنة الودود الولود العؤود على زوجها

“സ്വർഗവാസികളായ നിങ്ങളുടെ സ്ത്രീകൾ ഇവരാണ്. കൂടുതൽ സ്നേഹിക്കുന്നവരും ഭർത്താവിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധയുള്ളവരുമാണ്.“[39]

## 6. സംതൃപ്തി

ഒരു ഭാര്യയിൽ അന്വേഷിക്കേണ്ട ഒരു പ്രധാന ഗുണം സംതൃപ്തിയാണ്. അസംതൃപ്തയായ ഒരു ഭാര്യ തന്റെ ഭർത്താവിന്റെ ജീവിതം ദുസ്സഹമാക്കുകയും അവളെ പ്രീതിപ്പെടുത്തുന്നതിന് വേണ്ടി എന്തും ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യും.

ഭർത്താവിന്റെ സാമ്പത്തിക സ്ഥിതിയിലും അവൻ അവൾക്ക് നൽകുന്നതിലും തൃപ്തിപ്പെടാൻ വിധവയേക്കാൾ എളുപ്പം കന്യ

38) ബൈഹകി (സുനനിൽ)യും മറ്റും സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി - സ്വഹീഹുൽ ജാമിഅ് 3330, അസ്വഹീഹ 1843, അവസാനഭാഗം- കാക്കകളെക്കുറിച്ചുള്ള) അഹ്മദിൽ നിന്നും മറ്റുമാണ്.

39) തമ്മാമുറാസി, ഇബ്നു അസാകിർ, മറ്റും, ഹസൻ ആണെന്ന് അൽബാനി പറഞ്ഞു. - അസ്വഹീഹ 287

കക്കാണ്. മുൻകഴിഞ്ഞ ഇബ്നു മസ്ഊദിന്റെ ഹദീഥിന് സമാന മായി ജാബിർ ഇബ്നു അബ്ദില്ല നിവേദനം. തിരുദൂദർ(ﷺ) പറഞ്ഞു:

عليكم بالأبكار فإنهن أنتق أرحاما و أعذب أفواها و أقل خبا و أرضى باليسير

"കന്യകകളെ (വിവാഹം) അന്വേഷിക്കുക, കാരണം അവർ ഫലഭൂയിഷ്ടമായ ഗർഭപാത്രമുള്ളവരും മധുരഭാഷണമുള്ളവരും കാപട്യം കുറഞ്ഞവരും കുറഞ്ഞതിൽ തൃപ്തിയടയുന്നവരുമാണ്."(40)

ഉത്ബ ഇബ്നു ഉവൈം ഇബ്നു സാഇദ അൽ അൻസാരി(رضي الله عنه) നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു: "കന്യകകളെ വിവാഹം കഴി ക്കുക! മധുരഭാഷണമുള്ളവരും ഫലഭൂയിഷ്ഠമായ ഗർഭപാത്രമുള്ള വരും കുറഞ്ഞതിൽ സംതൃപ്തിയടയുന്നവരുമാണ്."(41)

## 7. നിഷ്കളങ്കത

നിഷ്കളങ്കത, ലാളിത്യം, ഹൃദയശുദ്ധി എന്നിവയെല്ലാം ഒരു ഭാര്യയിലുണ്ടായിരിക്കേണ്ട സ്തുത്യർഹമായ ഗുണങ്ങളാണ് അതാ കട്ടെ, വിധവകളിലാണ് കൂടുതലുമുള്ളത്. കുറഞ്ഞ ജീവിതപരിചയം മാത്രമേയുള്ളൂ. എന്നത് തന്നെയാണ് അതിനുള്ള കാരണം നേരത്തെയുദ്ധരിച്ച ജീബിറി(رضي الله عنه)ന്റെ ഹദീഥിൽ ഇത് വ്യക്തമാക്കിയി ട്ടുണ്ട്.

## 8. സൗന്ദര്യം

സൗന്ദര്യം, സമ്പത്ത്, പ്രതാപം- ഇവയെല്ലാം മുമ്പ് സൂചി പ്പിച്ച അബൂഹുറയ്റയുടെ ഹദീഥിൽ തീരെ അപ്രധാന ഗുണങ്ങ ളായി എണ്ണിയിരുന്നു. ഇവയൊന്നും തന്നെ ധർമ്മബോധത്തിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ട് സ്വീകരിക്കാവതല്ല.

എന്നാൽ, ഇവയെല്ലാം മൊത്തത്തിൽ അവഗണിക്കാവുന്ന തുമല്ല- വിശിഷ്യാ, സൗന്ദര്യം. അബൂഹുറയ്റ(رضي الله عنه) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

---

40) ത്വബ്റാനി - അൽ ഔസതിൽ- ദിയാ അൽ മഖ്ദിസി, സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി -അസ്സ്വഹീഹ 624, സ്വഹീഹുൽ ജാമിഅ് 4053)

41) ഇബ്നുമാജയും മറ്റും സാഇദയിൽ നിന്നും ജാബിറിൽ നിന്നും ഹസൻ ആണെന്ന് അൽബാനി പറഞ്ഞു. - അസ്വഹീഹ 823)

خير النساء التي تسره إذا نظر و تطيعه إذا أمر و لا تخالفه في نفسها و لا مالها بما يكره

“ഏറ്റവും ഉത്തമമായ സ്ത്രീ, അവൻ നോക്കിയാൽ സന്തോഷിപ്പിക്കുകയും അവൻ കൽപിച്ചാൽ അനുസരിക്കുകയും ചെയ്യുന്നവളാണ്. അവൻ വെറുക്കുന്ന മാർഗത്തിൽ അവൾ ധനം ചെലവഴിക്കുകയോ സ്വയം വിധേയമാക്കുകയോ ചെയ്യുകയില്ല.”(42)

ഇതിന് സമാനമായി, അബ്ദുല്ലാഹിബ്നു സലാമി(ﷺ)ൽ നിന്നും നിവേദനം: റസൂൽ(ﷺ) ചോദിക്കപ്പെട്ടു. ആരാണ് ഏറ്റവും ഉത്തമമായ സ്ത്രീ അവിടുന്ന് പറഞ്ഞു:

خير النساء من تسرك إذا أبصرت و تطيعك إذا أمرت و تحفظ غيبتك في نفسها و مالك

“ഏറ്റവും ഉത്തമമായ സ്ത്രീ ആരാണെന്നാൽ, നിങ്ങൾ അവളെ നോക്കിയാൽ അവൾ നിങ്ങളെ സന്തോഷിപ്പിക്കും; നിങ്ങൾ കൽപിച്ചാൽ അവൾ അനുസരിക്കും; നിങ്ങളുടെ അഭാവത്തിൽ അവൾ സ്വന്തത്തെയും നിങ്ങളുടെ ധനത്തെയും സംരക്ഷിക്കും.”(43)

ഒരു സ്ത്രീയുടെ രൂപം അവളുടെ ഭർത്താവിന് തൃപ്തികരമാകേണ്ടത് ആദ്യമായി അവളുടെ ധാർമിക ബോധവും അല്ലാഹുവോടുള്ള ആജ്ഞാനുവർത്തിത്വവും കണ്ടുകൊണ്ടാണ്. എന്നാൽ അവളുടെ ശാരീരിക സൗന്ദര്യത്തിലും തൃപ്തി തോന്നാവുന്നതാണ്. അത് കൊണ്ടാണ് ഒരു സ്ത്രീയെ വിവാഹാന്വേഷണം നടത്തുമ്പോൾ അവളെ നോക്കാൻ അനുവദിച്ചത്.

## 9. പൊരുത്തം

ഒരു പുരുഷൻ, താനുമായി പൊരുത്തപ്പെട്ടുപോകാവുന്ന ഒരു ഭാര്യയെയാണ് അന്വേഷിക്കേണ്ടത്. ഒരു സ്ത്രീയും തനിക്ക് പൊരുത്തപ്പെട്ടുപോകാവുന്ന ഒരു ഭർത്താവിനെ അന്വേഷിക്കണം. ആയിശ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

43) ത്വബ്റാനി (അൽകബീറിൽ)യും മറ്റും സ്വഹീഹായി അൽബാനി സ്ഥിരീകരിച്ചു. – സ്വഹീഹുൽ ജാമിഅ് 3299, അസ്വഹീഹ 1838)

42) അഹ്മദ്, നസാഇൗ, ഹാകിം, അൽബാനി സ്വഹീഹാണെന്ന് സ്ഥിരപ്പെടുത്തി.

تخيروا لنطفكم فانكحوا الأكفاء و انكحوا إليهم

‘നിങ്ങളുടെ ബീജങ്ങൾക്ക് (നന്നായി) യോജിക്കുന്ന ഒന്നിനെ തെരഞ്ഞെടുക്കുക. (നിങ്ങൾക്ക്) പൊരുത്തപ്പെടുന്ന സ്ത്രീയെ വിവാഹം കഴിക്കുക, (നിങ്ങളുമായി പൊരുത്തപ്പെട്ടുപോകാവുന്ന) അവർക്ക് നിങ്ങൾ (നിങ്ങളുടെ പെൺമക്കളെ) വിവാഹം ചെയ്തുകൊടുക്കുക.”(44)

പൊരുത്തം എന്നതിന്റെ നിർവചനത്തെ സംബന്ധിച്ചാണ് സംശയം. മൊത്തത്തിൽ അതിന് രണ്ട് പ്രധാന ഘടകങ്ങളുണ്ട്. ഒന്ന് ദീൻ, മറ്റൊന്ന് സ്വഭാവ ഗുണം. ഒരു ഭാര്യക്കുണ്ടായിരിക്കേണ്ട രണ്ട് സവിശേഷതകളാണിത്. രണ്ടും നാം മുമ്പ് ഇത് സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഭർത്താവിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന അടുത്ത ഭാഗത്ത് ഉദ്ധരിച്ച അബൂഹുറയ്റയുടെ ഹദീഥിൽ അത് ഊന്നിപ്പറയുന്നുമുണ്ട്.

ദീനിന്റെയും സ്വഭാവഗുണത്തിന്റെയും വിഷയത്തിൽ ഒരിക്കലും വിട്ടുവീഴ്ച ചെയ്യരുത്. അവയാണ് പൊരുത്തത്തിന്റെ കേന്ദ്രബിന്ദു. ഇവയിലൊന്നിന്റെ അഭാവമുള്ള സ്ത്രീയോ പുരുഷനോ ആ സ്ഥാനത്തേക്ക് പറ്റാത്തയാളാണ്. അതുകൊണ്ട് തന്നെ അങ്ങനെയുള്ളയാളെ പരിഗണിക്കരുത്.

ദമ്പതികൾ തമ്മിലുള്ള പൊരുത്തത്തിലേക്ക് എണ്ണാവുന്ന മറ്റു സവിശേഷതകളുമുണ്ട്. എന്നാൽ അവയൊന്നും അനിവാര്യ ഘടകങ്ങളായി പരിഗണിച്ചുകൂടാ. പൊരുത്തത്തിന്റെ ഘടകങ്ങൾക്കുള്ള ഉദാഹരണങ്ങളാണ് പ്രായം, ഭാഷ, സാമ്പത്തിക പദവി, കുടുംബമഹിമ, രാഷ്ട്ര പശ്ചാത്തലം മുതലായവ.

എന്നാൽ, ദീനും സ്വഭാവഗുണവുമല്ലാത്ത മറ്റു സവിശേഷതകളെല്ലാം അപ്രധാനങ്ങളാണ്. അവയ്ക്കൊന്നും അമിത പ്രാധാന്യം കൊടുക്കരുത്. പ്രത്യേകിച്ച് വംശം, സാമൂഹിക പദവി, ജന്മദേശം മുതലായവയെ വിവേചനത്തിന്റെ മാനദണ്ഡമായി ഉപയോഗിക്കുമ്പോൾ.

---

44) ഇബ്നുമാജ; ഹാകിം മറ്റും സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി. (സ്വഹീഹുൽ ജാമിഅ് 2928, അസ്സ്വഹീഹ 1067)

മുകളിൽ പറഞ്ഞ അറിവ് കണക്കിലെടുക്കുമ്പോൾ, പ്രായം, പൊരുത്തത്തിന്റെ ഒരു അപ്രധാന ഘടകമായി പറയാം. അത് പ്രധാനമാകുന്നത്. അവർ രണ്ടുപേരും തമ്മിലുള്ള പ്രായവ്യത്യാസം. ഒരാൾക്ക് മറ്റൊരാളുടെ ദാമ്പത്യാവകാശങ്ങൾ പൂർത്തീകരിച്ചുകൊടുക്കാൻ സാധിക്കാത്തത്രയും വരുമ്പോഴാണ്.

## ഒരു നല്ല ഭർത്താവിൽ അന്വേഷിക്കേണ്ട ഗുണങ്ങൾ

### ദീനും സൽസ്വഭാവവും

നല്ല ദീനും സൽസ്വഭാവമുള്ള പുരുഷന്മാർക്ക് വിവാഹം ചെയ്തുകൊടുക്കാൻ പ്രവാചകൻ(ﷺ) സ്ത്രീകളുടെ രക്ഷിതാക്കളോട് നിർദേശിച്ചു. മതബോധവും സൽസ്വഭാവവുമുള്ള പുരുഷൻ ഒരു സ്ത്രീയെ വിവാഹമന്വേഷിച്ചു വന്നാൽ, അത് ഗൗരവത്തിൽ തന്നെ പരിഗണിക്കണം.

അബൂഹുറയ്റ, ബ്നു ഉമർ, അബൂ ഹാതിം അൽ മുസ്നി(رضي الله عنه) എന്നിവർ നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു:

إذا أتاكم من ترضون خلقه و دينه فزوجوه إن لا تفعلوا تكن فتنة في الأرض و فساد عريض

“ഒരു പുരുഷൻ വിവാഹമന്വേഷിച്ചുകൊണ്ട് നിങ്ങളുടെയടുക്കലേക്ക് വരികയും അവന്റെ ദീനിലും സ്വഭാവത്തിലും നിങ്ങൾക്ക് തൃപ്തി തോന്നുകയും ചെയ്താൽ, അവന് നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുക. അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ, ഭൂമിയിൽ ഫിത്നയും വ്യാപകമായ നാശനഷ്ടങ്ങളുമുണ്ടാകും.[45]

### സമ്പത്ത് പ്രധാനമാണോ?

ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഒരുവനെ അന്വേഷിക്കുമ്പോൾ, അവന്റെ ഈമാൻ, തക്വ്‌വ, അക്വീദ, എന്നിവ അന്വേഷിക്കുന്നതിന് പകരം വധുവിന്റെ വീട്ടുകാരോ വലിയ്യോ ആദ്യമായി നോക്കുന്നത് അവന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ്.

45) തിർമിദി, ഇബ്നുമാജ, മറ്റും അൽബാനി ഹസൻ ആണെന്ന് പറഞ്ഞു- സ്വഹീഹുൽ ജാമിഅ് 270, അസ്വഹീഹ 1022)

﴿ وَأَنكِحُوا۟ ٱلْأَيَـٰمَىٰ مِنكُمْ وَٱلصَّـٰلِحِينَ مِنْ عِبَادِكُمْ وَإِمَآئِكُمْ ۚ إِن يَكُونُوا۟ فُقَرَآءَ يُغْنِهِمُ ٱللَّهُ مِن فَضْلِهِۦ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴾

നിങ്ങളിലുള്ള അവിവാഹിതരെയും, നിങ്ങളുടെ അടിമകളിൽ നിന്നും അടിമസ്ത്രീകളിൽ നിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തിൽ ഏർപെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവ്വജ്ഞനുമത്രെ. (സൂറ നൂർ 32)

സച്ചരിതരായ ആളുകൾക്ക് ഇത്രയും ഔദാര്യപൂർണവും സത്യസന്ധവുമായ വാഗ്ദാനം അല്ലാഹു നൽകുമ്പോൾ, മതബോധമില്ലാത്തവനും അല്ലാഹുവോട് നന്ദികേട് കാണിക്കുന്നവനുമായ ഒരു മനുഷ്യന്റെ ധനം കണ്ണിമവെട്ടുന്ന നേരം കൊണ്ട് അല്ലാഹു പിടിച്ചെടുക്കുകയില്ലെന്ന ഒരുറപ്പുമില്ല.

## താരതമ്യപ്പെടുത്തൽ ഇല്ല

മതബോധവും സൽസ്വഭാവവുമുള്ള പുരുഷനെ ഒരു സ്ത്രീ വിവാഹം ചെയ്താൽ, അവർക്ക് ഒരു നിലക്കും ഒരു നഷ്ടവും സംഭവിക്കുകയില്ല: അവൻ അവളെ നിലനിർത്തുകയാണെങ്കിൽ, മാന്യതയോടുകൂടി അത് ചെയ്യും; അവൻ അവളെ പിരിച്ചയക്കുകയാണെങ്കിൽ, മാന്യതയോട് കൂടിത്തന്നെ അതും ചെയ്യും. മാത്രമല്ല, മതബോധവും സൽസ്വഭാവവുമുള്ള ഒരു പുരുഷൻ അവൾക്കും അവളുടെ മക്കൾക്കും ഒരനുഗ്രഹമാണ്. ദീൻ പഠിക്കാനും മെച്ചപ്പെടുത്താനും അവരെല്ലാം പരസ്പരം സഹായിക്കും.

ഇത്തരം ഗുണങ്ങളൊന്നുമില്ലാത്ത പുരുഷനെ സ്ത്രീ ഒഴിവാക്കണം. വിശിഷ്യാ, നമസ്കാരം അവഗണിക്കുകയോ, മദ്യപിക്കുകയോ, വ്യഭിചരിക്കുകയോ, മറ്റു വൻ പാപങ്ങളിലൊന്ന് ചെയ്യുകയോ ചെയ്യുന്നവനാണെങ്കിൽ. സമ്പത്തും സാമൂഹ്യ പദവിയുമൊന്നും ഒരു വരനനുകൂലമായോ എതിരായോ തീരുമാനമെടുക്കാനുള്ള, അവളുടെ പ്രധാനമാനദണ്ഡമാക്കരുത്. സഹ്ൽ ഇബ്നു

സഅദ് അസ്സാഇദി(ﷺ) നിവേദനം: ഒരിക്കൽ പ്രവാചകൻ(ﷺ) തന്റെ അനുചരന്മാർക്കൊപ്പം ഇരിക്കുമ്പോൾ, ഒരാൾ അവരുടെ സമീപ ത്തുകൂടെ നടന്നുപോയി. നബി(ﷺ) അനുചരന്മാരിലൊരാളോട് ചോദിച്ചു. "ഇയാളെപ്പറ്റി എന്താണ് നിങ്ങളുടെ അഭിപ്രായം?" അവ രിൽ ചിലർ പറഞ്ഞു: അദ്ദേഹം കുലീനനാണ്. അല്ലാഹുവാണെ, ഇയാൾ വിവാഹാലോചന നടത്തിയാൽ വിവാഹം ചെയ്തുകൊ ടുക്കപ്പെടും: അവൻ ശുപാർശ ചെയ്താൽ, ആ ശുപാർശ സ്വീകരി ക്കപ്പെടും." പ്രവാചകൻ(ﷺ) ഒന്നും പറഞ്ഞില്ല. അപ്പോൾ, മറ്റൊ രാൾ അവരുടെ സമീപത്തുകൂടി നടന്നുപോയി. നബി(ﷺ) ചോദിച്ചു: "ഇയാളെപ്പറ്റി എന്താണ് നിങ്ങളുടെ അഭിപ്രായം?" അവരിൽ ചിലർ പറഞ്ഞു: "മുസ്ലിംകളിൽപെട്ട ഒരു ദരിദ്രനാണ് ഇയാൾ. അദ്ദേഹം വിവാഹാലോചന നടത്തിയാൽ സ്വീകരിക്കപ്പെടുകയില്ല. അവന്റെ ശുപാർശയും ആരും സ്വീകരിക്കുകയില്ല. അദ്ദേഹം പറയുന്നത് ആരും ശ്രദ്ധിക്കുകയുമില്ല. അപ്പോൾ റസൂൽ(ﷺ) പറഞ്ഞു:

هذا خير من ملء الأرض مثل هذا

"ആദ്യം പോയവനെപ്പോലെയുള്ളവർ ഭൂമി മുഴുക്കെ ഉണ്ടെ ങ്കിലും അവരെക്കാളെല്ലാം ഉത്തമൻ ഇദ്ദേഹമാണ്.[46]

46) ബുഖാരി, മുസ്ലിം

## അദ്ധ്യായം 3
# വിവാഹാന്വേഷണം

### നിർവചനങ്ങൾ

ഉത്തമ സ്വഭാവഗുണങ്ങളുള്ള ഒരു സ്ത്രീയെ ഒരു പുരുഷൻ വിവാഹയോഗ്യയായി കണ്ടാൽ, അവന്റെ അടുത്ത ചുവട്‌വെയ്പ്പ് അവളോടോ അവളുടെ കുടുംബത്തോടോ വിവാഹാലോചന നടത്തലാണ്. നാം ഇതിനെ 'വിവാഹാഭ്യർഥന'(ഈൗൃശേഴ) എന്നോ 'ഖിത്ബ' എന്നോ വിളിക്കും. വിവാഹം ചെയ്യാൻ വേണ്ടി ഒരു സ്ത്രീയെ ആവശ്യപ്പെടുന്ന കർമ്മമാണത്. താൽപര്യമുള്ള പുരുഷൻ സാന്ദർഭികമായി സ്ത്രീയെ വ്യക്തിപരമായോ അല്ലെങ്കിൽ അവളുടെ രക്ഷിതാക്കൽ മുഖേനയോ സമീപിക്കും. അതുമല്ലെങ്കിൽ അവന്റെ ചില ബന്ധുക്കളോ സുഹൃത്തുക്കളോ അവനെ പ്രതിനിധീകരിച്ച് കൊണ്ട് അന്വേഷണം നടത്തും.

ഒരാളുടെ വിവാഹാഭ്യർഥന സ്വീകരിച്ചു കഴിഞ്ഞാൽ, അവൾ അവനുമായി വിവാഹനിശ്ചയം (ലിഴമഴലാലിേ) ചെയ്തതായി പരിഗണിക്കപ്പെടും. പൂർണവും യഥാർത്ഥവുമായ വിവാഹ ഉടമ്പടിയിൽ ഏർപ്പെടുന്നതിന് മുമ്പുള്ള ഒരു താൽക്കാലികവും നിയമസാധുതയില്ലാത്തതുമായ ഒരു ഏർപ്പാട് മാത്രമാണ് ഈ വിവാഹ നിശ്ചയം.

ഒരു അംഗീകൃത 'ഖിത്ബ' നിയമപരമായി ഇരുവിഭാഗത്തിനും ബാധ്യതയില്ലാത്തതാണെങ്കിൽ പോലും അത് വിവാഹത്തിനുള്ള പരസ്പര വാഗ്ദാനമായിത്തീരുന്നുണ്ട്. മതിയായ കാരണം കൂടാതെ അത് ലംഘിക്കുന്നത് വഞ്ചനാത്മകമായ ഒരു അസാന്മാർഗിക പ്രവർത്തിയായിരിക്കും.

തങ്ങൾ സമ്മതം നൽകുന്ന അവസരത്തിൽ അറിയാതിരുന്ന ഏതെങ്കിലും ഒരു ഗുരുതരമായ പ്രശ്നം വരനിൽ പിന്നീട് കണ്ടെത്തിയാൽ, വധുവിന്റെ ഭാഗത്തുനിന്നുള്ളവർക്ക് 'ഖിത്ഖ്' ലംഘിക്കുന്നതിന് അത് തക്കതായ കാരണമാണ്. അതേ രൂപത്തിൽ തന്നെ, താൻ വിവാഹാലോചന നടത്തിയപ്പോൾ അറിയാതിരുന്ന എന്തെങ്കിലും ഒരു പ്രശ്നം വധുവിൽ പിന്നീട് കണ്ടെത്തിയാൽ അതിന്റെ യടിസ്ഥാനത്തിൽ വരന് 'ഖിത്ബ' ലംഘിക്കാവുന്നതാണ്.

## സുന്നത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ

ഒരു ഹദീഥിൽ (ഇതിന്റെ പൂർണ രൂപം അടുത്ത അധ്യായത്തിൽ ഉദ്ധരിക്കും) ഇപ്രകാരം കാണാം: ഒരാൾ ഒരു സ്ത്രീയെ അയാൾക്ക് വിവാഹം ചെയ്തുകൊടുക്കാൻ പ്രവാചക(ﷺ)യോട് ആവശ്യപ്പെട്ടു. അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു:

اذهب فقد أنكحتكها بما معك من القرآن

"നീ പോകുക (എന്നിട്ട് അവളെ ഭാര്യയായി സ്വീകരിക്കുക), നീ ഖുർആനിൽ നിന്നും മനഃപാഠമാക്കിയ ഭാഗംകൊണ്ട് ഞാൻ അവളെ നിനക്ക് വിവാഹം ചെയ്തുതരാം"(47)

കന്യകയായിരുന്ന ആയിശ(رضي الله عنها)യുടെ കാര്യത്തിൽ പ്രവാചകൻ(ﷺ) അവരുടെ പിതാവിനോട് വിവാഹാഭ്യർഥന നടത്തുകയാണ് ചെയ്തത്. ഉർവ ഇബ്നു സുബൈർ(رضي الله عنه) നിവേദനം: പ്രവാചകൻ(ﷺ) ആയിശ(رضي الله عنها)ക്ക് വേണ്ടി അവരുടെ പിതാവിനോട് വിവാഹാഭ്യർഥന നടത്തി. അബൂബക്കർ(رضي الله عنه) പറഞ്ഞു: "പക്ഷെ, ഞാൻ അങ്ങയുടെ സഹോദരനാണല്ലോ!" തിരുദൂതർ(ﷺ) പറഞ്ഞു:

نت أخي في دين الله وكتابه وهي لي حلال

47. ബുഖാരി, മുസ്ലിം മറ്റും

"അല്ലാഹുവിന്റെ ദീനിന്റെയും ഖുർആനിന്റെയും കാര്യത്തിൽ താങ്കൾ എന്റെ സഹോദരനാണ്. എന്നാൽ അവളെ സംബന്ധിച്ചേടത്തോളം അവൾ എനിക്ക് അനുവദനീയമാണ്."[48]

ഇതിന് വിപരീതമായി, പ്രവാചകൻ(ﷺ) ഉമ്മുസലമയെ നേരിട്ട് സമീപിക്കുകയാണ് ചെയ്തത്. തന്റെ ഇദ്ദ (49) കഴിഞ്ഞ ശേഷം അബൂബക്ർ വിവാഹാലോചന നടത്തിയപ്പോൾ അത് നിരസിച്ചതായി ഉമ്മുസലമ(ﷺ) തന്നെ റിപ്പോർട്ട് ചെയ്തു. ശേഷം, അവരോട് വിവാഹാലോചന നടത്തുന്നതിനായി റസൂൽ(ﷺ) ഒരു പ്രതിനിധിയെ അയക്കുകയും അവർ സമ്മതിക്കുകയും ചെയ്തു.

അബൂബക്കർ ഇബ്നു ഹഫ്സ(ﷺ) നിവേദനം: വിവാഹാലോചന നടത്തുന്നതിനായി ഇബ്നു ഉമറി(ﷺ)നെ ആരുടെയെങ്കിലും പ്രതിനിധിയായി അയക്കുകയാണെങ്കിൽ അദ്ദേഹം നേരെ ആ സ്ത്രീയുടെ കുടുംബത്തിലേക്ക് ചെന്നുകൊണ്ട് പറയും:

الحمد لله وصلى الله على محمد إن فلانا خطب إليكم فلانة إن أنكحتموه فالحمد لله وإن رددتموه فسبحان الله

"അല്ലാഹുവിന് സ്തുതി, മുഹമ്മദിന്റെ മേൽ അല്ലാഹു 'സ്വലാത്ത്' ചൊരിയട്ടെ. നിശ്ചയം, ഇന്ന വ്യക്തി ഇന്നയാളെ വിവാഹമാലോചിച്ചിരിക്കുന്നു. അവളെ അവന്ന് വിവാഹം ചെയ്തുകൊടുക്കുകയാണെങ്കിൽ, (അത് സൗകര്യപ്പെടുത്തിയതിന്) അല്ലാഹുവിന് സ്തുതി. അത് നിരസിക്കുകയാണെങ്കിൽ (അല്ലാഹുവിന്റെ സൃഷ്ടികളിലുള്ള ന്യൂനതകളിൽ നിന്നെല്ലാം) അല്ലാഹു പരിശുദ്ധൻ"[50]

ബുറൈദ ഇബ്നുൽ ഹസീബ്(ﷺ) നിവേദനം. ഒരു കൂട്ടം അൻസാറുകൾ അലി(ﷺ)യോട് പറഞ്ഞു: നിനക്കെന്തുകൊണ്ട്

---

48) ബുഖാരി, അൽബാനി ഇപ്രകാരം സൂചിപ്പിച്ചു. ഈ റിപ്പോർട്ട് താബിഅ ആയ ഉർവയിൽ നിന്നുള്ളതാണെങ്കിലും അദ്ദേഹം തന്റെ മാതൃസഹോദരിയായ ആയിശയിൽ നിന്നോ മാതാവായ അസ്മയിൽ നിന്നോ കേട്ടതായിരിക്കാം. (ഇർവാഉൽ ഗലീൽ 1818)

49) ഒരു സ്ത്രീ വിവാഹമോചന ശേഷമോ ഭർത്താവിന്റെ മരണ ശേഷമോ മറ്റൊരു വിവാഹത്തിനു മുമ്പായി ചെലവഴിക്കേണ്ട കാലാവധി)

50) ബൈഹഖി, സ്വഹീഹാണെന്ന് അൽബാനി പ്രഖ്യാപിച്ചു. (ഇർവാഉൽ ഗലീൽ 1822)

(വിവാഹത്തിനായി) ഫാത്വിമയെ പരിഗണിച്ചുകൂടാ." അവരുടെ ഉപദേശം കേട്ടുകൊണ്ട് അദ്ദേഹം പ്രവാചകൻ(ﷺ)ന്റെയടുക്കലേക്ക് ചെന്നപ്പോൾ അവിടുന്ന് ചോദിച്ചു. "അബൂത്വാലിബിന്റെ പുത്രന് എന്താണാവശ്യം?" അദ്ദേഹം പറഞ്ഞു: "തിരുദൂതരേ! അല്ലാഹുവിന്റെ ദൂതരുടെ മകളായ ഫാത്വിമയെ അന്വേഷിച്ചുകൊണ്ടാണ് ഞാൻ വന്നത്." പ്രവാചകൻ(ﷺ) പ്രതിവചിച്ചു. "മർഹബൻ വഅഹ്ലൻ- സ്വാഗതം! വീട്ടുകാരാ ! അവിടുന്ന് കൂടുതലായി ഒന്നും പറഞ്ഞില്ല. അലി തന്നെ കാത്തുനിൽക്കുന്ന അൻസാറുകളുടെ കൂട്ടത്തിലേക്ക് മടങ്ങിച്ചെന്നു. അവർ ചോദിച്ചു. 'നീയെന്ത് വൃത്താന്തമാണ് കൊണ്ടുവരുന്നത്?' അദ്ദേഹം പറഞ്ഞു: എനിക്കറിയില്ല അവിടുന്ന് എന്നോട് 'മർഹബൻ വഅഹ്ലൻ' എന്ന് മാത്രമാണ് പറഞ്ഞത്." അവർ പറഞ്ഞു: "തിരുദൂതരിൽ നിന്നുള്ള ഈ രണ്ടിലൊരു വാക്ക് തന്നെ നിനക്ക് മതിയാകും; അവിടുന്ന് നിനക്ക് 'വീട്ടുകാരൻ' എന്നും 'വിശാലത' എന്നുമുള്ള പദവി നൽകിയല്ലോ."(51)

## ഫാതിഹ ഓതുക എന്ന ബിദ്അത്ത്

ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹാലോചന നടത്തി അവളുടെ വീട്ടുകാർ ആ വിവാഹാലോചന സ്വീകരിച്ചാൽ, എല്ലാവരും കൈകളുയർത്തി ഫാതിഹ ഓതുന്ന സമ്പ്രദായം ഇന്ന് മുസ്ലിംകൾക്കിടയിൽ വ്യാപകമാണ്. ഈ സമ്പ്രദായം ഒരു ബിദ്അത്താണ്. കാരണം പ്രവാചകചര്യയിലോ സലഫുകളുടെ നടപടിക്രമങ്ങളിലോ ഇതിന് യാതൊരടിസ്ഥാനവുമില്ല.

## വിവാഹാലോചന നടത്തുന്ന സ്ത്രീയെ കാണൽ അനുവാദം

ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം ചെയ്യാനുദ്ദേശിച്ചാൽ, ഔപചാരികമായി വിവാഹാലോചന നടത്തുന്നതിന് മുമ്പായി അവളെ അവൻ കാണുന്നത് അനുവദിക്കപ്പെട്ടതാണ്. സാധാരണ ഗതിയിൽ അവളിൽ കാണാവുന്നത്രയും നോക്കാവുന്നതാണ്. ശരിയായ ഒരു തീരുമാനമെടുക്കാനും അവളുടെ ബാഹ്യരൂപത്തിൽ

51) ഇബ്നു സഅ്ദ്, ത്വബ്റാനി, ഇബ്നു അസാകിർ, ഹസൻ ആണെന്ന് അൽബാനി സ്ഥിരപ്പെടുത്തി - ആദാബുസ്സിഫാഫ് പേ. 173, 174- ഈ ഹദീസിന്റെ പൂർണ രൂപം 5-ാം അദ്ധ്യായത്തിൽ കാണാം.

സംതൃപ്തിപ്പെട്ടുവെന്ന് ഭാര്യയായി സ്വീകരിക്കാൻ പറ്റുമെന്ന് ഉറപ്പു വരുത്താനും അത് സഹായിക്കും.

അബൂഹുറയ്റ(ﷺ)യിൽ നിന്ന് അദ്ദേഹം ഒരിക്കൽ പ്രവാചകനോടൊപ്പമായിരിക്കെ, ഒരാൾ വന്നുകൊണ്ട് അൻസാറുകളിൽ പെട്ട ഒരു സ്ത്രീയെ ഞാൻ വിവാഹം അന്വേഷിച്ചതായി പ്രവാചകനെ അറിയിച്ചു. പ്രവാചകൻ(ﷺ) അയാളോട് ചോദിച്ചു: "നീ അവളെ കണ്ടുവോ?" അയാൾ പ്രതിവചിച്ചു. "ഇല്ല" അവിടുന്ന് പറഞ്ഞു:

انظر إليها فإن في أعين الأنصار شيئا

"നീ അവളെ കാണുക, എന്തെന്നാൽ അൻസാറുകളുടെ കണ്ണുകളിൽ എന്തോ ഒന്നുണ്ട്" (52)

മുഗീറതുബ്നു ശുഅ്ബ(ﷺ)യും അനസുബ്നു മാലികും(ﷺ) നിവേദനം. മുഗീറക്ക് ഒരു സ്ത്രീയെ വിവാഹം ചെയ്യണം. അങ്ങനെ, തിരുദൂതർ അദ്ദേഹത്തോട് പറഞ്ഞു.

اذهب فانظر إليها . فإنه أحرى أن يؤدم بينكما

"നീ പോയി അവളെ കാണുക; നിങ്ങൾ രണ്ട് പേർക്കിടയിൽ സ്വരച്ചേർച്ചയുണ്ടാക്കാൻ അതിന് സാധിക്കും."

അദ്ദേഹം അവളുടെ വീട്ടിലേക്ക് പോയി അവൾ അവളുടെ കിടപ്പുമുറിയിലായിരുന്നു. അദ്ദേഹം അവരുടെ മാതാപിതാക്കളെ കണ്ട് ഇപ്രകാരം പറഞ്ഞു. "റസൂൽ(ﷺ) എന്നോട് അവളെ കാണണമെന്ന് നിർദേശിച്ചു." അവർ മിണ്ടാട്ടമില്ലാതെ നിലകൊണ്ടപ്പോൾ, ആ യുവതി കിടപ്പുമുറിയുടെ കർട്ടന്റെ ഒരു ഭാഗം പൊക്കിക്കൊണ്ട് പറഞ്ഞു: "ഞാൻ നിങ്ങളെ ശക്തമായി ഭത്സിക്കുന്നു! എന്നെ കാണാൻ റസൂൽ(ﷺ) നിങ്ങളോട് കൽപിച്ചെങ്കിൽ എന്നെ നോക്കുക. ഇല്ലായെന്നുണ്ടെങ്കിൽ നോക്കരുത്!" അദ്ദേഹം അവളെ നോക്കി. ശേഷം വിവാഹം കഴിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം ഇങ്ങനെ സൂചിപ്പിക്കുകയുണ്ടായി." ഞാൻ എഴുപതിലധികം വിവാഹം കഴിച്ചിട്ടുണ്ടെങ്കിലും എന്റെയടുക്കൽ ഒരു സ്ത്രീയും

52) മുസ്ലിം, നസാഈ

(സ്നേഹത്തിന്റെ കാര്യത്തിൽ) അവളുടെ പദവിയിലെത്തിയിട്ടില്ല!"[53]

മുഹമ്മദ്ബ്നു മസ്‌ലമ(ﷺ) നിവേദനം പ്രവാചകൻ(ﷺ) പറഞ്ഞു:

إذا ألقي في قلب امرىء خطبة امرأة فلا بأس أن ينظر إليها

"ഒരു സ്ത്രീയെ വിവാഹാലോചന നടത്താൻ ഒരാളുദ്ദേശിച്ചാൽ, അവളെ നോക്കുന്നത്കൊണ്ട് കുഴപ്പമില്ല.[54]

ജാബിർ ഇബ്നു അബ്ദില്ല(ﷺ) നിവേദനം: പ്രവാചകൻ(ﷺ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു.

إذا خطب أحدكم المرأة فإن استطاع أن ينظر إلى ما يدعوه إلى نكاحها فليفعل

"നിങ്ങളിലൊരാൾ ഒരു സ്ത്രീയെ വിവാഹമന്വേഷിക്കുമ്പോൾ അവൾ തനിക്ക് വിവാഹയോഗ്യയാണെന്ന് ബോധ്യപ്പെടുവോളം അവന് നോക്കാൻ സാധിക്കുമെങ്കിൽ, അവൻ എങ്ങനെ ചെയ്യട്ടെ."

ഈ നിർദേശം പ്രയോഗവത്കരിച്ചുകൊണ്ട് ജാബിർ(ﷺ) പറഞ്ഞു:

"പിന്നീട്, എനിക്ക് ഒരു സ്ത്രീയെ വിവാഹമാലോചിക്കേണ്ടി വന്നപ്പോൾ ഞാൻ ഒവളെ ഒഴിഞ്ഞിരുന്നുകൊണ്ട് നിരീക്ഷിക്കുമായിരുന്നു. അവളെ വിവാഹം കഴിക്കാൻ കാരണമായ ഒരു കാര്യം അവളിൽ കാണുന്നതുവരെ (ഇത് തുടർന്നു)"[55]

## നിബന്ധനകൾ

ഒരു പുരുഷനെ സംബന്ധിച്ചിടത്തോളം, ഒരു സ്ത്രീ അവന്റെ 'മഹ്റും' അല്ലെങ്കിൽ അവളെ മനഃപൂർവം നോക്കുന്നത് വിരോധിക്കപ്പെട്ട ഒരു കാര്യമാമ്. വിവാഹം കഴിക്കുന്നതിന് വേണ്ടി ഒരു സ്ത്രീയെ നോക്കുന്നത് ഈ നിയമത്തിന് സ്വാഭാവികമായ ഒരപ

53) അഹ്മദ്, ഹാകിം സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി– അസ്സ്വഹീഹ 96

54) ഇബ്നു മാജ, അഹ്മദ്, സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി – അസ്സ്വഹീഹ 98)

55) അബൂദാവൂദ്, അഹ്മദ്. ഹസൻ ആണെന്ന് അൽബാനി സ്ഥിരപ്പെടുത്തി – അസ്സ്വഹീഹ 99, ഇർവാഉൽ ഗാലിൽ 1791)

വാദമാണ്. അതുകൊണ്ട് തന്നെ, അതിന് ചില നിബന്ധനകൾ പൂർത്തീകരിക്കേണ്ടതുണ്ട്.

അബൂഹുമയ്ദ അസ്സാഇദീ(ﷺ) നിവേദനം: തിരുദൂതർ പറഞ്ഞു:

إذا خطب أحدكم امرأة فلا جناح عليه ان ينظر إليها إذا كان إنما ينظر إليها لخطبته وان كانت لا تعلم

"നിങ്ങളിലൊരാൾ ഒരു സ്ത്രീയെ വിവാഹാലോചന നടത്തുമ്പോൾ, അവൻ അവളെ നോക്കുന്നത്കൊണ്ട് കുഴപ്പമില്ല. അവളെ വിവാഹാലോചന നടത്തുന്നതിന് വേണ്ടി മാത്രമായിരിക്കണം നോക്കുന്നത്. (അവൻ അവളെ നോക്കുന്നത്) അവൾ അറിഞ്ഞിട്ടില്ലെങ്കിലും."(56)

ഇതിൽ നിന്നും മറ്റു രേഖകളിൽ നിന്നുമായി താഴെ പറയുന്ന നിബന്ധനകൾ അനുമാനിക്കാൻ നമുക്ക് സാധിക്കും.

1. ആകസ്മികനോട്ടവും വിവാഹമന്വേഷിക്കുന്ന ഒരാളുടെ നോട്ടവും തമ്മിലുള്ള വ്യത്യാസം എന്താണെന്നാൽ, രണ്ടാമത് പറഞ്ഞവന് തുറിച്ചുനോക്കാനും ആവർത്തിച്ചു നോക്കാനും അനുവാദമുണ്ട്.
2. നോട്ടം വിവാഹാന്വേഷണത്തിന് വേണ്ടി മാത്രമായിരിക്കണം. അല്ലാതെ, തന്റെ ഇച്ഛകളെ തൃപ്തിപ്പെടുത്തുന്നതിന് വേണ്ടിയോ വികാരപൂർത്തീകരണത്തിന് വേണ്ടിയോ ആകരുത്.
3. വിവാഹം കഴിക്കാൻ തനിക്ക് സാധിക്കും എന്നുറപ്പുള്ള ഒരു സ്ത്രീയെ മാത്രമെ ഒരാൾക്ക് നോക്കാൻ പാടുള്ളൂ. അതായത്, അവൻ വിവാഹാലോചന നടത്തിയാൽ, അവളുടെ വീട്ടുകാർ അവനെ അംഗീകരിക്കുമെന്ന് അവന്ന് തോന്നണം.
4. സ്പർശനമോ 'ഖുൽവ'യോ (അവളോടൊപ്പം ഒറ്റപ്പെടൽ) കൂടാതെയായിരിക്കണം കാണേണ്ടത്.

56) അഹ്മദ്, ത്വബ്റാനി– അൽകബീറിൽ– സ്വഹീഹാണെന്ന് അൽബാനി സ്ഥിരീകരിച്ചു. – അസ്വഹീഹ 97)

5. അന്യ പുരുഷന്മാർക്ക് മുന്നിൽ വെളിപ്പെടുത്താൻ അനുവദിച്ച സ്ത്രീകളുടെ ശരീരഭാഗങ്ങളിലേക്ക് അതായത് മുഖവും മുൻകൈയും മാത്രമേ നോക്കാൻ പാടുള്ളൂ.

മുകളിലുദ്ധരിച്ച ജാബിറി(ﷺ)ന്റെ ഹദീഥിന്റെയടിസ്ഥാനത്തിൽ നാം മുകളിൽ പറഞ്ഞതിനേക്കാൾ അൽപം കൂടുതൽ നോക്കാൻ ചില പണ്ഡിതന്മാർ അനുവാദം നൽകുന്നുണ്ട്. പല കാരണങ്ങൾ കൊണ്ടും ഈ അഭിപ്രായത്തെ നാം അനുകൂലിക്കുകയില്ല. ഏറ്റവും പ്രധാനമായി, രോഗാതുര ഹൃദയമുള്ളവർ അതിനെ ദുർവിനിയോഗം ചെയ്യും. അത് നിരപരാധികളായ സ്ത്രീകളെ അപകീർത്തിപ്പെടുത്താൻ ദുർബലപ്പെടുത്താനുമുള്ള വിശാലമായ ഒരു കവാടം തുറന്നുവെക്കലാകും.

ഒരു പുരുഷന്ന് ആ നോട്ടത്തിലൂടെ, അവൻ വിവാഹാലോചന നടത്തുന്ന സ്ത്രീയെക്കുറിച്ച തൃപ്തികരമായ ഒരു ധാരണ ലഭിച്ചിട്ടില്ല എന്ന് തോന്നുകയാണെങ്കിൽ, അവളെ സൂക്ഷിച്ചു നോക്കാം. അവളെ കുറിച്ച് അവന് കൂടുതലായി പറഞ്ഞുകൊടുക്കുന്നതിന് വേണ്ടി അവന്റെ ബന്ധുക്കളിൽപെട്ട ഒരു സ്ത്രീയെ അതിനായി നിയോഗിക്കാവുന്നതാണ്.

## പരസ്പരം ഫോട്ടോ കൈമാറൽ

ഇന്ന് ഫോട്ടോഗ്രാഫി വ്യാപകമായതോടെ, വിവാഹാന്വേഷണം നടത്തുന്ന യുവതീ- യുവാക്കൾ തമ്മിൽ ഫോട്ടോ കൈമാറാൻ പാടുണ്ടോ എന്നത് നിരന്തരമായി ഉന്നയിക്കപ്പെടുന്ന ഒരു ചോദ്യമാണ്.

ഈ ചോദ്യത്തിന് മറുപടി പറയുന്നതിന് മുമ്പ്, ചില പ്രധാനപ്പെട്ട കാര്യങ്ങൾ വിശദമാക്കേണ്ടതുണ്ട്.

1. ജീവനുള്ള വസ്തുക്കളുടെ ഫോട്ടോകളും ചിത്രങ്ങളും പൊതുവെ ഇസ്ലാമിൽ വിലക്കപ്പെട്ടതാണ്. മുസ്ലിംകൾക്ക് വ്യക്തമായ 'മസ്ലഹ' (ഉപകാരം) ഉണ്ടാകുകയും അതേ ആവശ്യം പൂർത്തീകരിക്കാൻ അതുപോലെയുള്ള മറ്റ് അനുവദനീയ മാർഗങ്ങളൊന്നും ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസരങ്ങളിൽ മാത്രമേ അത് അനുവദിക്കപ്പെടുകയുള്ളൂ.

2. ഒരു പ്രത്യേക സാഹചര്യത്തിൽ ഫോട്ടോ അനുവദിക്കപ്പെടുകയാണെങ്കിൽ പോലും വിലക്കപ്പെട്ട ഒരു കാര്യം അതിൽ ഉണ്ടാകാൻ പാടില്ല. ഉദാഹരണത്തിന്. പൂർണമായ 'ഹിജാബ്' ധരിക്കാത്ത ഒരു സ്ത്രീയുടെ ഫോട്ടോ.

3. വിവാഹാലോചന നടത്തുന്ന വ്യക്തി താൻ വിവാഹം ചെയ്യാനുദ്ദേശിക്കുന്ന സ്ത്രീയെ (നേരിട്ട്) നോക്കുകയാണെങ്കിൽ, ആ നോട്ടത്തെ അവളോ അവളുടെ വലിയ്യോ നിയന്ത്രിക്കും. അതുകൊണ്ടുതന്നെ അത് അവളുടെ സ്വകാര്യതയിൽ അതിക്രമിച്ചു കയറലോ അനുവദിക്കപ്പെട്ടതിൽ അതിർലംഘനം നടത്തലോ ആകുകയില്ല. നേരെ മറിച്ച്, ഒരു പുരുഷന്ന് ഒരു സ്ത്രീയുടെ ഫോട്ടോയിലേക്ക് ദീർഘനേരം തുറിച്ചുനോക്കുകയും അത് കാണാൻ പാടില്ലാത്തവർക്ക് കാണിച്ചു കൊടുക്കുകയും ആ വിവാഹാലോചന സഫലമായിട്ടില്ലെങ്കിലും അത് അവന്റെ കൈവശം വെക്കുകയും ചെയ്യാം. ഇത് ആ സ്ത്രീക്ക് ഗുരുതരമായ ദോഷം വരുത്തിവെക്കുന്നു. അവളുടെ ആ സ്വകാര്യ ഫോട്ടോ ആർക്കും ഏതു സമയത്തും കാണാം എന്ന അവസ്ഥ വരുന്നു.

മുകളിൽ പറഞ്ഞ കാരണങ്ങൾ കൊണ്ടു തന്നെ ഫോട്ടോ കൈമാറുന്നത് അനുവദനീയമല്ല. എന്നാൽ, വിവാഹമാലോചിക്കുന്ന വ്യക്തിക്ക് അവന്റെ കൈവശം വെക്കാനനുവദിക്കാത്ത രീതിയിൽ ആ സ്ത്രീയുടെ ഫോട്ടോ അവളുടെ 'മഹ്റമു'കളിലൊരാൾ കാണിച്ചുകൊടുക്കുന്നതിന് വിരോധമില്ല.

## ഒരു സ്ത്രീക്ക് നോക്കാനനുവാദമുണ്ടോ?

തന്റെ ഭാവി വധുവിനെ കാണാൻ പുരുഷന്ന് അനുവാദമുള്ളത്പോലെ, ഭാവി വരനെ കാണാൻ സ്ത്രീക്കും അനുവാദമുണ്ട്. മുകളിൽ പറഞ്ഞ നിബന്ധനകളോടെ പുരുഷന്മാരുടെ ഔറത്ത് മുട്ടുപൊക്കിൾക്കിടയിലുള്ള ഭാഗമാണെന്ന് മാത്രം. എന്നാൽ, പുരുഷന്മാർക്ക് വിപരീതമായി ഒരു സ്ത്രീയുടെ നോട്ടത്തിൽ അവളുടെ സ്ത്രീത്വത്തിന്റെ സവിശേഷതയായ പാതിവ്രത്യത്തിന്റെ ഒരംശം പ്രതിഫലിക്കണം.

## സംസാരവും ആശയവിനിമയവും

ഒരു പുരുഷന്ന് അവൻ വിവാഹം കഴിക്കാനുദ്ദേശിക്കുന്ന സ്ത്രീയുമായി സംസാരിക്കുന്നതും ആശയ വിനിമയം നടത്തുന്നതും അനുവദനീയമാണ്. എന്നാൽ, അത് ചെയ്യേണ്ടത് കർശന നിയന്ത്രണങ്ങളോടെയായിരിക്കണം. സ്ത്രീയുടെ വലിയ്യിന്റെയോ അവന്റെ പ്രതിനിധിയുടെയോ സാന്നിധ്യത്തിലും ശ്രദ്ധയിലുമായിരിക്കണം. 'ഖുൽവ' സ്വർശനം, അതുപോലെയുള്ള മറ്റും വിലക്കുകൾ- ഇവയെല്ലാം ഒഴിവാക്കണം. തങ്ങളുടെ തീരുമാനങ്ങളെടുക്കാൻ ദമ്പതികൾക്ക് സഹായകമാവുന്ന കാര്യങ്ങൾക്ക് വേണ്ടി മാത്രം പരിമിതപ്പെടുത്തണം.

## ഇന്റർനെറ്റ് വിവാഹാലോചനയുടെ പ്രശ്നങ്ങൾ

മനുഷ്യകുലം ഇന്നുവരെ രൂപം നൽകിയതിൽ വെച്ച് ഏറ്റവും നൂതനവും പ്രബലവുമായ ഒരു ആശയ വിനിമയോപകരണമാണ് ഇന്റർനെറ്റ്. ഒരു ശരാശരി മനുഷ്യൻ ഇന്ന് ഓരോ ആഴ്ചയിലും അനേകം മണിക്കൂറുകൾ ഇന്റർനെറ്റിന് മുന്നിൽ ചെലവഴിക്കുന്നു. സർഫിങ്ങ്, സേർച്ചിങ്ങ്, ചേറ്റിംങ്ങ് തുടങ്ങി എഴുത്ത്, വായന, പഠനം, ക്രയവിക്രയങ്ങൾ വരെയുള്ള പല കാര്യങ്ങൾക്കും വേണ്ടി അതു കൊണ്ടുതന്നെ, ഈ വിസ്മയലോകത്തേക്ക് ഇണകളെ തേടിപ്പോകുന്ന വ്യക്തികൾ നമ്മെ അത്ഭുതപ്പെടുത്തുന്നില്ല.! സ്ത്രീയും പുരുഷനും 'ചേറ്റ്' ചെയ്യുന്നു; ഇ.മെയിലുകൾ കൈമാറുന്നു. ഡിജിറ്റലൈസ് ചെയ്ത ഫോട്ടോകൾ പോലും പരസ്പരം കൈമാറുന്നു.!

എന്നാൽ, ഇന്റർനെറ്റിലൂടെയുള്ള വിവാഹാലോചനക്കും വിവാഹത്തിനും പലപ്പോഴും പ്രതികൂല ഫലങ്ങളാണുണ്ടാകുന്നത്. അതിൽ ദോഷകരവും ആക്ഷേപകരവുമായ ധാരാളം നടപടികളുൾക്കൊള്ളുന്നു. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1. ഓരോ വ്യക്തിയും മറു ഭാഗത്തുള്ളവരെ ആകർഷിക്കുന്നതിന്ന് വേണ്ടി സ്വന്തത്തെക്കുറിച്ചുള്ള അയാഥാർഥ്യമായ ചിത്രങ്ങൾ വരച്ചുകാട്ടുന്നു. ഒരാൾ അവൻ (അല്ലെങ്കിൽ അവൾ) ആഗ്രഹിക്കുന്നതാണ് വിശദീകരിക്കുന്നത്- താൻ യഥാർഥത്തിലുള്ളതിനെയല്ല! ഒരു കീബോർഡും മോണിറ്ററുമായി ഒരു സ്വകാര്യ മുറിയിലായതിനാൽ, വേഷം കെട്ടലിന് നല്ല സൗകര്യം ലഭിക്കുന്നു. അതുകൊണ്ട് തന്നെ ഇത്തരം ആശയ വിനിമയങ്ങ

ളിൽ നുണയും വഞ്ചനയും സർവ സാധാരണമാണ്. അസ്മ(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു:

المتشبع بما لم يعط كلابس ثوبي زور

"കിട്ടാത്തത് കിട്ടിയതായി നടിക്കുന്നവൻ വഞ്ചനയുടെ ഇരട്ട വേഷം ധരിക്കുന്നവനെപോലെയാണ്."(57)

2. അടുത്ത അദ്ധ്യായത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത് പോലെ, വിവാഹാലോചന നടത്തുന്ന പുരുഷന്റെ കുടുംബം അവന്റെ സുഹൃത്തുക്കൾ, അവന്റെ പെരുമാറ്റം, സാമ്പത്തിക നില തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടത് സാധാരണഗതിയിൽ സ്ത്രീയുടെ 'വലിയ്യ്' (രക്ഷാധികാരി) ആണ്. മറിച്ച് ഇന്റർനെറ്റ് വിവാഹാലോചന പോകട്ടെ, ഒരു സ്ത്രീ ഇനി നിയമങ്ങളെല്ലാം കാറ്റിൽപറത്തി അവർ തന്നെ സ്വയം അന്തിമ വിധികർത്താവാകുകയും തന്റെ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ തീരുമാനമെടുക്കാൻ സ്വന്തം വികാരങ്ങളെയും വിവാഹാഭ്യർഥന നടത്തുന്നവന്റെ തന്ത്രങ്ങളെയും അനുവദിക്കുകയും ചെയ്യുന്നു!

3. അമൂല്യമായ സമയത്തിന്റെ വലിയൊരു ഭാഗം തേച്ചുമിനുക്കിയ ഇ മെയിലുകൾ എഴുതുന്നതിന് വേണ്ടിയും അനാവശ്യമായ 'ചാറ്റു'കൾക്ക് വേണ്ടിയും പാഴാക്കുന്നു. അബ്ദുല്ലാഹിബ്നു മസ്ഊദും അബൂ ബുറാസ്(ﷺ)യും നിവേദനം: റസൂൽ (ﷺ) പറഞ്ഞു:

لا تزول قدما ابن آدم يوم القيامة من عند ربه حتى يسأل عن خمس : عن عمره فيم أفناه ؟ و عن شبابه فيم أبلاه ؟ و عن ماله من أين اكتسبه ؟ و فيم أنفقه ؟ و ماذا عمل فيما علم ؟

"അന്ത്യനാളിൽ തന്റെ നാഥന്റെയടുക്കൽ വെച്ച് അഞ്ച് കാര്യങ്ങളെ കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നത് വരെ ആദം സന്തതിയുടെ പാദങ്ങൾ നീങ്ങുകയില്ല. അവന്റെ ആയുസ്സ് അതെങ്ങനെ അവൻ

57) ബുഖാരി, മുസ്‌ലിം

പാഴാക്കിയെന്ന്; അവന്റെ യുവത്വം (അല്ലെങ്കിൽ ശരീരം) അതെങ്ങനെ അവൻ വിനിയോഗിച്ചുവെന്ന് അവന്റെ സമ്പത്ത് അതെങ്ങനെ അവൻ സമ്പാദിച്ചുവെന്നും ചെലവഴിച്ചുവെന്നും; അവൻ അറിഞ്ഞതനുസരിച്ച് എന്ത് പ്രവർത്തിച്ചുവെന്നും.“58 (58. തിർമിദി സ്വഹീഹാണെന്ന് അൽബാനി പറഞ്ഞു. -അസ്വഹീഹ 946)

4. ഡി.ഡിറ്റൈസ് ചെയ്ത ചിത്രങ്ങളാണ് പലപ്പോഴും കൈമാറുന്നത്. മുകളിൽ സൂചിപ്പിച്ചത് പോലെ, ഈ രീതി വിലക്കപ്പെട്ടത് തന്നെയാണ്. വിശിഷ്യാ ഡിജിറ്റൈസ് ചെയ്ത ചിത്രങ്ങൾ കമ്പ്യൂട്ടറിൽ എളുപ്പത്തിൽ സൂക്ഷിക്കാനും സ്ഥിരമായി അതിൽ നിലനിർത്താനും ഇതേ സംവിധാനമുപയാഗിച്ച് സാധിക്കും എന്നത് കൊണ്ട്.

5. പലപ്പോഴും ഇന്റർനെറ്റിലൂടെയുള്ള ആശയ വിനിമയം നടക്കാറുള്ളത് പുരുഷനും വിവാഹിതയായ ഒരു സ്ത്രീയും (പലപ്പോഴും കുട്ടികളുള്ള സ്ത്രീ) തമ്മിലായിരിക്കും! ആ സ്ത്രീ ക്രമേണ സ്വന്തം ഭർത്താവിന്റെ പിഴവുകൾ വലുതായി കാണാൻ തുടങ്ങും. ഇന്റർനെറ്റിലൂടെ ചാറ്റ് ചെയ്യുന്ന വ്യക്തി അവളെ, സ്വന്തം ഭർത്താവുമൊത്തുള്ള ദുരിതപൂർണമായ ആ ജീവിതത്തിൽ നിന്നും രക്ഷപ്പെടുത്തുന്ന ഒരു തികഞ്ഞ ഹീറോ ആയി അവളുടെ മനസ്സിൽ വളർന്നുവരും. ഇത്തരം സംഭവങ്ങൾക്ക് നാം ഒരു പാട് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവ പലപ്പോഴും വിവാഹമോചനത്തിലോ, അല്ലെങ്കിൽ അവർ ഒരിക്കലും കണ്ടുമുട്ടിയിട്ടില്ലാത്ത ആ ഹീറോയൊടൊപ്പം ചേരുന്നതിനായി അവളുടെ ഭർത്താവിന്റെ വീട് വിട്ട് ഓടിപ്പോകുന്നതിലോ കലാശിക്കും! അടുത്ത ഭാഗത്ത് നമുക്ക് കാണാൻ സാധിക്കുന്നത് പോലെ, ഒരു സ്ത്രീയെ അവളുടെ ഭർത്താവിനെതിരിൽ തിരിക്കുന്നത് വലിയ പാപമാണ്.

മുകളിൽ പറഞ്ഞ കാരണങ്ങൾ കൊണ്ടും മറ്റും ഇന്റർനെറ്റ് വിവാഹാലോചന സച്ചരിതരായ മുസ്ലിംകൾ ഒഴിവാക്കേണ്ട ആപൽക്കരമായ ഒരു സമ്പ്രദായമാണ്.

# വിലക്കപ്പെട്ട വിവാഹാലോചന

## വിവാഹിതയായ സ്ത്രീയെ വിവാഹമാലോചിക്കൽ

വിവാഹിതയായ ഒരു സ്ത്രീയെ വിവാഹാലോചന നടത്തുന്നത് വിലക്കപ്പെട്ടതാണ്. ഭർത്താവ് അവസാനമൊഴി ചൊല്ലിയിട്ടില്ലാത്ത, (ഒന്നാമത്തെയോ രണ്ടാമത്തെയോ മാത്രം ചൊല്ലി) 'ഇദ്ദ'യിൽ തന്നെ കഴിച്ചുകൂട്ടുന്ന സ്ത്രീയെ സംബന്ധിച്ചും ഇത് ബാധകമാണ്. ഇതിനുള്ള കാരണം, രണ്ടവസ്ഥകളിലും സ്ത്രീ അവളുടെ ഭർത്താവിന്റെ അധീനതയിലായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ആ അധികാരത്തെ ആരും വെല്ലുവിളിക്കുകയില്ല.

തനിക്ക് വിവാഹം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ഒരു സ്ത്രീയെ അവളുടെ ഭർത്താവിനെതിരിൽ തിരിക്കുന്നത് വലിയൊരു പാപമാണ്. അബൂഹുറയ്റ(ﷺ)യും ബുറൈദ(ﷺ)യും നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

ليس منا من خبب امرأة على زوجها أو عبدا على سيده

"ഒരു സ്ത്രീയെ അവളുടെ ഭർത്താവിനെതിരിലോ ഒരടിമയെ തന്റെ യജമാനനെതിരിലോ തിരിക്കുന്നവൻ നമ്മിൽ പെട്ടവനല്ല."[59]

## വിവാഹം നിശ്ചയിക്കപ്പെട്ട സ്ത്രീയെ വിവാഹമാലോചിക്കൽ

മുസ്ലിമായ ഒരാൾ ഒരു സ്ത്രീയെ വിവാഹാലോചന നടത്തുമ്പോൾ മറ്റു മുസ്ലിംകൾക്ക് അവളെ വിവാഹാലോചന നടത്താൻ അനുവാദമില്ല. അവളുടെ ഭാഗത്തുനിന്നുള്ളവർ (അവൾ, അവളുടെ വീട്ടുകാർ അല്ലെങ്കിൽ അവളുടെ പ്രതിനിധി) ആ വിവാഹാലോചന സ്വീകാര്യമോ അസ്വീകാര്യമോ എന്ന വിഷയത്തിൽ വ്യക്തമായൊരു തീരുമാനമെടുക്കുന്നതുവരെ അവർ കാത്തിരിക്കണം. ആ വിവാഹാലോചന നിരസിക്കുകയാണെങ്കിൽ, മറ്റുള്ളവർക്ക് വിവാഹാലോചനയുമായി അവളെ സമീപിക്കാവുന്നതാണ്.

---

59. അബൂദാവൂദ്, അഹ്മദ്, ഹാകിം. സ്വഹീഹാണെന്ന് അൽബാനി പ്രഖ്യാപിച്ചു.- സ്വഹീഹുൽ ജാമിഅ്. 5436, 5437, 6223, അസ്വഹീഹ 324, 325)

അബൂഹുറയ്റ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

إياكم والظن فإن الظن أكذب الحديث ولا تجسسوا ولا تحسسوا ولا تباغضوا وكونوا إخوانا ولا يخطب الرجل على خطبة أخيه حتى ينكح أو يترك

“നിങ്ങൾ ഊഹങ്ങളെ സൂക്ഷിക്കുക; കാരണം സംസാരത്തിൽ ഏറ്റവും കളവായത് ഊഹമാണ്; നിങ്ങൾ മറ്റുള്ളവരുടെ രഹസ്യവാർത്തകളും സ്ഥിതിഗതികളും ചുഴിഞ്ഞന്വേഷിക്കരുത്; നിങ്ങൾ പരസ്പരം കിടമത്സരം നടത്തരുത്, വിദ്വാഷം പുലർത്തരുത്, അവഗമിച്ചു തിരിഞ്ഞുകളയരുത്, അല്ലാഹുവിന്റെ അടിമകളേ! നിങ്ങൽ സഹോദരങ്ങളാവുക. മറ്റൊരാൾ വിവാഹാലോചന നടത്തുന്ന സ്ത്രീയെ അവൻ വിവാഹം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നത് വരെ വിവാഹാലോചന നടത്തരുത്.”(60)

ഉഖ്ബതുബ്നു ആമിർ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

لمؤمن أخو المؤمن فلا يحل للمؤمن أن يبتاع على بيع أخيه ولا يخطب على خطبة أخيه حتى يذر

“ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ സഹോദരനാണ്. ഒരു സത്യവിശ്വാസിക്ക് തന്റെ സഹോദരൻ വിലപറഞ്ഞുകൊണ്ടിരിക്കുന്നതിന് മേൽ വില പറയാനോ, തന്റെ സഹോദരൻ വിവാഹാലോചന നടത്തുന്ന സ്ത്രീയെ അവൻ ഒഴിയുന്നതുവരെ വിവാഹാലോചന നടത്താനോ പാടുള്ളതല്ല.”(61)

അബൂഹുറയ്റ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

لا يخطب أحدكم على خطبة أخيه حتى ينكح أو يترك

“നിങ്ങളിലാരും തന്റെ സഹോദരൻ വിവാഹാലോചന നടത്തുന്ന സ്ത്രീയെ വിവാഹമാലോചിക്കരുത്. അവൻ ഉപേക്ഷിക്കുകയോ വിവാഹം കഴിക്കുകയോ ചെയ്യുന്നതുവരെ”(62)

60) ബുഖാരി, മുസ്‌ലിം

61) മുസ്‌ലിം

62) നസാഈ, സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി (ഇർവാതുൽ ഗലീൽ 1817, അസ്സ്വഹീഹ 1030)

അബൂഹുറയ്റ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

لا يخطب الرجل على خطبة أخيه ولا يسوم على سوم أخيه ولا تنكح المرأة على عمتها ولا على خالتها ولا تسأل طلاق أختها لتكتفئ ما في صحـــفتها ولتنكح فإنما لها ما كتب الله له

“ഒരാൾക്ക് സ്വന്തം സഹോദരന് വിവാഹാലോചന നടത്തുന്ന സ്ത്രീയെ വിവാഹാലോചന നടത്താനോ, സ്വന്തം സഹോദരൻ വിലപറഞ്ഞ വസ്തുവിന്റെ മേൽ വില പറയാനോ പാടില്ല. ഒരു സ്ത്രീക്ക് തന്റെ പിതൃസഹോദരിയോ മാതൃസഹോദരിയേയോ വിവാഹം ചെയ്തൊരാളെ വിവാഹം ചെയ്യാനും പാടില്ല. തന്റെ ഭക്ഷണപാത്രം തിരിച്ചുകളയാനും വിവാഹം ചെയ്തുകിട്ടാനും വേണ്ടി സ്വന്തം സഹോദരിയുടെ വിവാഹമോചനം ഒരു സ്ത്രീയും ആവശ്യപ്പെടരുത്. കാരണം, അവൾക്ക് വേണ്ടി അല്ലാഹു രേഖപ്പെടുത്തിയത് മാത്രമേ അവർക്ക് ലഭിക്കുകയുള്ളൂ.[64]

താഴെ പറയുന്ന വിവാഹാലോചനാ രീതികളും വിലക്കപ്പെട്ടതാണ്.

1. ഒരാൾക്ക് നാല് ഭാര്യമാർ നിലവിലുണ്ടായിരിക്കെ ഇനിയൊരു സ്ത്രീയെ അയാൾ വിവാഹാലോചന നടത്തരുത്. നിലവിലുള്ള ഭാര്യമാരിൽ ഒന്നോ അതിൽ കൂടുതലോ ഉള്ളവരെ വിവാഹമോചനം ചെയ്താലല്ലാതെ.
2. ഒരു ഭാര്യ നിലവിലുള്ളപ്പോൾ, അതേ സമയത്ത് തന്നെ വിവാഹം ചെയ്യുന്നത് അനുവദനീയമല്ലാത്ത ഭാര്യാസഹോദരി, ഭാര്യയുടെ അമ്മായി പോലെയുള്ളവരുമായി വിവാഹാലോചന നടത്താൻ ഒരു പുരുഷന്ന് അനുവദമില്ല.
3. ഒരു പുരുഷന്ന് അവൻ മൂന്നു തവണ ‘ത്വലാഖ്’ ചൊല്ലിയ ഒരു സ്ത്രീയെ വിവാഹാലോചന നടത്തുന്നത് അനുവദനീയമല്ല. അവൾ അയാൾക്ക് ശേഷം മറ്റൊരാളെ വിവാഹം ചെയ്യുകയും ശേഷം വിവാഹമോചനം നടത്തുകയും ചെയ്ത ശേഷം മാത്രമേ ആദ്യത്തെയാൾക്ക് ഇവളെ പരിഗണിക്കാൻ പാടുള്ളൂ.

64) മുസ്‌ലിം)മറ്റു വിലക്കപ്പെട്ട രൂപങ്ങൾ

4. ഭർത്താവിന്റെ മരണത്താലോ, അന്തിമ മൊഴി ചൊല്ലിയ കാരണത്താലോ 'ഇദ്ദ'യിലിരിക്കുന്ന സ്ത്രീയെ, അവളുടെ ഇദ്ദ അവസാനിക്കുന്നതിന് മുമ്പായി നേരിട്ട് വിവാഹാലോചന നടത്തരുത്. ചെറുതായി ഒരു സൂചന മാത്രമേ അവർക്ക് നൽകാവൂ. ഉദാഹരണത്തിന് "നിന്റെ ഇദ്ദ അവസാനിച്ചാൽ, ചുരുക്കം കുട്ടികൾ മാത്രമുള്ള ഒരാൾ നിന്നെ വിവാഹാഭ്യർഥന നടത്തിയേക്കും." എന്നത്പോലെയുള്ള വാക്കുകൾ. അല്ലാഹു പറയുന്നു:

﴿ وَلَا جُنَاحَ عَلَيْكُمْ فِيمَا عَرَّضْتُم بِهِۦ مِنْ خِطْبَةِ ٱلنِّسَآءِ أَوْ أَكْنَنتُمْ فِىٓ أَنفُسِكُمْ ۚ عَلِمَ ٱللَّهُ أَنَّكُمْ سَتَذْكُرُونَهُنَّ وَلَٰكِن لَّا تُوَاعِدُوهُنَّ سِرًّا إِلَّآ أَن تَقُولُوا۟ قَوْلًا مَّعْرُوفًا ۚ وَلَا تَعْزِمُوا۟ عُقْدَةَ ٱلنِّكَاحِ حَتَّىٰ يَبْلُغَ ٱلْكِتَٰبُ أَجَلَهُۥ ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ يَعْلَمُ مَا فِىٓ أَنفُسِكُمْ فَٱحْذَرُوهُ ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ غَفُورٌ حَلِيمٌ ﴾

"(ഇദ്ദഃയുടെ ഘട്ടത്തിൽ) ആ സ്ത്രീകളുമായുള്ള വിവാഹാലോചന നിങ്ങൾ വ്യംഗ്യമായി സൂചിപ്പിക്കുകയോ, മനസ്സിൽ സൂക്ഷിക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. അവരെ നിങ്ങൾ ഓർത്തേക്കുമെന്ന് അല്ലാഹുവിന്നറിയാം. പക്ഷെ നിങ്ങൾ അവരോട് മര്യാദയുള്ള വല്ല വാക്കും പറയുക എന്നല്ലാതെ രഹസ്യമായി അവരോട് യാതൊരു നിശ്ചയവും ചെയ്തു പോകരുത്. നിയമപ്രകാരമുള്ള അവധി (ഇദ്ദഃ) പൂർത്തിയാകുന്നത് വരെ (വിവാഹമുക്തകളുമായി) വിവാഹബന്ധം സ്ഥാപിക്കാൻ നിങ്ങൾ തീരുമാനമെടുക്കരുത്. നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുകയും, അവനെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക. അല്ലാഹു ഏറെ പൊറുക്കുന്നവനും സഹനശീലനുമാണെന്നും നിങ്ങൾ മനസ്സിലാക്കുക." (സൂറ ബക്വറ 235)

## വിവാഹ വാഗ്ദാനം

ഒരാൾക്ക് തന്റെ മകളെയോ തന്റെ സംരക്ഷണത്തിലുള്ള ഒരു സ്ത്രിയെ അവൾക്ക് അനുയോജ്യമാണെന്ന് താൻ വിശ്വസിക്കുന്ന ഒരുവന്ന് വിവാഹം ചെയ്തുതരാമെന്ന് വാഗ്ദാനം ചെയ്യുന്നത് അനുവദനീയമാണ്.

അബ്ദുല്ലാഹിബ്നു ഉമർ(ﷺ) നിവേദനം: തന്റെ സഹോദരിയായ ഹഫ്സയുടെ ഭർത്താവ്, ഖുനൈസ് ഇബ്നു ഹുദാഫ അസ്സ്ഹ്മി(ﷺ) മരിച്ചപ്പോൾ, ഉമർ(ﷺ) ഹഫ്സയെ ഉഥ്മാനി(ﷺ)ന് വിവാഹം ചെയ്തുതരാമെന്ന് വാഗ്ദാനം നൽകി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഉഥ്മാൻ(ﷺ) ക്ഷമാപണം നടത്തി." ഇപ്പോൾ വിവാഹം വേണ്ടെന്നാണ് എനിക്ക് തോന്നുന്നത്." ശേഷം ഉമർ അബൂബക്റിന് വാഗ്ദാനം നൽകി. എന്നാൽ, അബൂബക്ർ മറുപടി നൽകിയില്ല. ഇത് ഉമറിനെ മനോവിഷമത്തിലാക്കി. എന്നാൽ പ്രവാചകൻ അദ്ദേഹത്തെ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു:

"ഉഥ്മാനെക്കാൾ ഉത്തമനായ ഒരാൾ ഹഫ്സയെ വിവാഹം ചെയ്യും: ഹഫ്സയെക്കാൾ നല്ലൊരു സ്ത്രീയെ65 (65 സ്വന്തം മകളായ ഉമ്മുകുൽസുവിനെയാണ് പ്രവാചകൻ ഉദ്ദേശിച്ചത്) ഉഥ്മാനും വിവാഹം ചെയ്യും.[66]

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ റസൂൽ(ﷺ) പറ്സയെ വിവാഹമന്വേഷിച്ചു. ഉമർ അത് സ്വീകരിക്കുകയും ചെയ്തു. പിന്നീട് അബൂബക്കർ ഉമറിനെ കണ്ടുമുട്ടിയപ്പോൾ പറഞ്ഞു: "ഹഫ്സക്ക് വേണ്ടി എന്നോട് വിവാഹാന്വേഷണം നടത്തിയപ്പോൾ ഞാൻ മറുപടി നൽകാതിരുന്നതിൽ താങ്കൾക്ക് എന്നോട് വെറുപ്പ് തോന്നിയിരിക്കാം." ഉമർ പറഞ്ഞു: "അതെ" അബൂബക്കർ വിശദീകരിച്ചു: "താങ്കളുടെ അന്വേഷണത്തിന് മറുപടി നൽകാൻ എനിക്ക് തടസ്സമായത് ഹഫ്സയെപ്പറ്റി നബി(ﷺ) താൽപര്യപൂർവം അനുസ്മരിച്ചിട്ടുണ്ടെന്ന അറിവ് മാത്രമാണ്. നബിയുടെ രഹസ്യം പുറത്ത് പറയാൻ എനിക്കാകുമായിരുന്നില്ല. നബി അത് തിരസ്കരിച്ചിരുന്നുവെങ്കിൽ, തീർച്ചയായും ഞാനത് സ്വീകരിക്കുമായിരുന്നു.[67]

സച്ചരിതനായ ഒരു മനുഷ്യൻ തന്റെ രണ്ട് പെൺമക്കളിൽ ഒരാളെ മൂസാ (അ)ക്ക് വിവാഹം ചെയ്തുതരാമെന്ന് വാഗ്ദാനം നൽകിയ സംഭവം അല്ലാഹു മുക്ക് പറഞ്ഞുതരുന്നു

66) ബുഖാരി, ഇബ്നു സഅ്ദ് - ഫത്ഹുൽബാരി 5122)

67) ബുഖാരി, നസാഈ

﴿ قَالَ إِنِّيٓ أُرِيدُ أَنۡ أُنكِحَكَ إِحۡدَى ٱبۡنَتَيَّ هَٰتَيۡنِ عَلَىٰٓ أَن تَأۡجُرَنِي ثَمَٰنِيَ حِجَجٖۖ فَإِنۡ أَتۡمَمۡتَ عَشۡرٗا فَمِنۡ عِندِكَ ﴾

അദ്ദേഹം (പിതാവ്) പറഞ്ഞു: നീ എട്ടു വർഷം എനിക്ക് കൂലിവേല ചെയ്യണം എന്ന വ്യവസ്ഥയിൽ എന്റെ ഈ രണ്ടു പെൺമക്കളിൽ ഒരാളെ നിനക്ക് വിവാഹം ചെയ്തു തരാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇനി പത്തുവർഷം നീ പൂർത്തിയാക്കുകയാണെങ്കിൽ അത് നിന്റെ ഇഷ്ടം. (സൂറ അൽ ഖ്വസസ് 27)

## ഇസ്തിഖാറ നടത്തി ഉപദേശം തേടൽ

### ഇസ്തിഖാറയുടെ വിശദീകരണം

'ഇസ്തിഖാറ' എന്നതിനർഥം അല്ലാഹുവിൽ പൂർണമായി സമർപ്പിച്ചുകൊണ്ട് നന്മ തേടലാണ്. ഒരു സത്യവിശ്വാസി ഏതൊരു പ്രധാന കാര്യവും ഏറ്റടുക്കുന്നതിന് മുമ്പായി ഇസ്തിഖാറ നടത്തേണ്ടതാണ്. വിവാഹം എന്നത് ഒരാൾ എടുക്കുന്ന തീരുമാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായതിനാൽ. വിവാഹിതരാകേണ്ട ആണും പെണ്ണും തങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള അവസാന വാക്ക് നൽകുന്നതിന് മുമ്പായി ഇസ്തിഖാര നടത്തേണ്ടത് ആവശ്യമാണ്.

ജാബിർഇബ്നു അബ്ദില്ല(ﷺ) നിവേദനം: ഖുർആനിലെ ഒരദ്ധ്യായം പഠിപ്പിക്കുന്ന അതേ രൂപത്തിൽ തന്നെ തങ്ങളുടെ എല്ലാ കാര്യങ്ങളിലും ഇസ്തിഖാറ നടത്തേണ്ട രീതി റസൂൽ(ﷺ) തന്റെ അനുചരന്മാരെ പഠിപ്പിച്ചിരുന്നു. പ്രവാചകൻ(ﷺ) പറഞ്ഞു.

إِذَا هَمَّ أَحَدُكُمْ بِالْأَمْرِ فَلْيَرْكَعْ رَكْعَتَيْنِ مِنْ غَيْرِ الْفَرِيضَةِ ثُمَّ لِيَقُلْ اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ فَإِنَّكَ تَقْدِرُ وَلَا أَقْدِرُ وَتَعْلَمُ وَلَا أَعْلَمُ وَأَنْتَ عَلَّامُ الْغُيُوبِ اللَّهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هَذَا الْأَمْرَ خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي أَوْ قَالَ عَاجِلِ أَمْرِي وَآجِلِهِ فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ وَإِنْ كُنْتَ تَعْلَمُ أَنَّ هَذَا الْأَمْرَ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي أَوْ قَالَ فِي عَاجِلِ أَمْرِي وَآجِلِهِ فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ وَاقْدُرْ لِي الْخَيْرَ حَيْثُ كَانَ ثُمَّ أَرْضِنِي قَالَ وَيُسَمِّي حَاجَتَهُ

“നിങ്ങളിലാരെങ്കിലും ഒരു (സുപ്രധാന) കാര്യം ചെയ്യാനുദ്ദേശിച്ചാൽ, അയാൾ രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞുകൊള്ളട്ടെ.

‘അല്ലാഹുവേ, നിന്റെ അറിവിനെ മുൻനിർത്തി നിന്നോട് ഞാൻ നന്മയെ ചോദിക്കുന്നു. നിന്റെ കഴിവിനെ മുൻനിർത്തി നിന്നോട് ഞാൻ കഴിവിനെ ചോദിക്കുന്നു. നിന്റെ മഹത്തായ ഔദാര്യത്തിൽ നിന്നും നിന്നോട് ഞാൻ യാചിക്കുന്നു. എന്തുകൊണ്ടെന്നാൽ, നീ കഴിവുറ്റവനാണ്. എനിക്ക് കഴിവില്ല. നീ അറിയുന്നു. എനിക്ക് അറിവില്ല. നീ അദൃശ്യകാരങ്ങളും അറിയുന്നവനാണല്ലോ. അല്ലാഹുവേ! ഈ കാര്യം എന്നിട്ട് ആ കാര്യം പറയുക) എന്റെ ദീനിലും എന്റെ ജീവിതത്തിലും എന്റെ അവസാന പരിണാമത്തിലും ഇഹലോകത്തും പരലോകത്തും എനിക്ക് ഗുണകരമാണെന്ന് അറിയുന്നുണ്ടെങ്കിൽ അതെനിക്ക് നീ വിധിക്കുകയും സൗകര്യപ്പെടുത്തിത്തരികയും അതിൽ എനിക്ക് കൂടുതൽ നന്മകൾ ചൊരിഞ്ഞ് തരികയും ചെയ്യേണമേ. അഥവാ ഇക്കാര്യം എന്റെ ദീനിലും എന്റെ ജീവിതത്തിലും എന്റെ അവസാന പരിണാമത്തിലും - ഇഹലോകത്തും പരലോകത്തും- എനിക്ക് ദോഷകരമാണെന്നാണ് നീ അറിയുന്നതെങ്കിലും എന്നിൽ നിന്ന് അതിനെയും അതിൽ നിന്ന് എന്നെയും നീ തെറ്റിച്ച്കളയണമേ. നന്മ എവിടെയാണെങ്കിലും അതെനിക്ക് വിധിക്കുകയും അതിൽ എനിക്ക് സംതൃപ്തി നൽകുകയും ചെയ്യേണമേ.

സ്രഷ്ടാവിനോട് നന്മ തേടുന്നതിലും സൃഷ്ടികളുമായി കൂടിയാലോചന നടത്തുന്നതിലും തന്റെ കാര്യങ്ങളിൽ ഉറച്ചുനിൽക്കുന്നതിലും അവന്റെ ഒരിക്കലും ഖേദിക്കുകയില്ല.[68]

ഈ ഹദീഥിൽ നിന്നും ഇസ്തിഖാറ എന്നത് താഴെ പറയുന്ന സവിശേഷതകളുള്ള ഒരു പ്രത്യേക പ്രാർഥനയാണെന്നത് വ്യക്തമാണ്.

1. ഒരു പ്രധാനകാര്യം ചെയ്യാനുദ്ദേശിച്ച ശേഷം അത് ചെയ്യുന്നതിന് തൊട്ടുമുമ്പായി, അല്ലാഹു നന്മ തെരഞ്ഞെടുത്ത് തരും എന്ന പ്രതീക്ഷയിലാണ് അത് പ്രാർഥിക്കുന്നത്.

68. ബുഖാരി

2. അതിന് മുമ്പായി രണ്ട് റക്അത്ത് ഐച്ഛിക നമസ്കാരം നിർവ ഹിക്കുന്നു. അത് പ്രാർഥിക്കുമ്പോൾ, ഏതൊരു പ്രാർഥനയി ലേതും പോലെ, കൈകളുയർത്താവുന്നതാണ്.

3. ഒരാൾ ഇസ്തിഖാറ നടത്തിയ ശേഷം, അതിന് മുമ്പ് താൻ ചെയ്യാനുദ്ദേശിച്ചത് ഏറ്റെടുക്കണം. അത് അവന് നന്മയാണെ ങ്കിൽ, അല്ലാഹു അവന്ന് അത് എളുപ്പമാക്കിക്കൊടുക്കും. അങ്ങ നെയല്ലെങ്കിൽ അതിനെ തടസ്സപ്പെടുത്തുന്ന സാഹചര്യങ്ങൾ അവൻ കൊണ്ടുവരും.

4. അതിന്റെ അനന്തരഫലത്തിൽ നിന്നുണ്ടാകുന്ന അനുഭൂതി ഉടനെ അനുഭവിക്കണമെന്നില്ല. എന്നാൽ കാലക്രമേണ അത് രൂപപ്പെട്ടുവരികതന്നെ ചെയ്യും.

## ഇസ്തിഖാറയെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ

1) രണ്ടാം അതിലധികമോ വ്യത്യസ്തമാർഗങ്ങൾക്കിടയിൽ അനിർണിതമായി നിൽക്കുമ്പോഴാണ് ഒരാൾ ഇസ്തിഖാറ നട ത്തേണ്ടത് എന്നത് ഇസ്തിഖാറയെ കുറിച്ചുള്ള ഒരു തെറ്റിദ്ധാ രണയാണ്.

2) ചിലർ ധരിച്ചിരിക്കുന്നത് ഇസ്തിഖാറയുടെ മുഖ്യ നിബന്ധന കളിലൊന്ന് ഉറങ്ങാൻ കിടക്കുന്നതിന് തൊട്ടു മുമ്പ് അത് നിർവ ഹിക്കണമെന്നും എങ്കിൽ എന്തു ചെയ്യണമെന്നത് സ്വപ്നത്തി ലൂടെ സൂചന നൽകപ്പെടുമെന്നുമാണ്.

3) മറ്റു ചിലർ ധരിച്ചിരിക്കുന്നത് ശരിയായ മാർഗത്തിലേക്കുള്ള ഒരു ചായ്‌വ് ഇസ്തിഖാറ മൂലം ഹൃദയത്തിൽ ഇട്ടുതരുമെന്നാണ്.

ഈ രണ്ട് ധാരണകൽക്കും യാതൊരടിസ്ഥാനവുമില്ല. മുകളി ലുദ്ധരിച്ച ഹദീഥ് അതിനെ അനുകൂലിക്കുന്നുമില്ല. യഥാർഥത്തിൽ, മുകളിലുദ്ധരിച്ച ഹദീഥ് സൂചിപ്പിക്കുന്നത് ഇസ്തിഖാറയുടെ ഫല മായി, ഒരാൾ ഏറ്റെടുക്കാൻ പോകുന്ന കാര്യം അല്ലാഹു തടസ്സപ്പെ ടുത്തിയാൽ, അത് അവന്റെ മനസ്സിൽ ചെറിയ നീരസ മുണ്ടാകും. അപ്പോൾ അതിൽ നിന്നും സംതൃപ്തി നേടുന്നതിന് വേണ്ടിയാണ് അല്ലാഹുവോട് പ്രാർഥിക്കുന്നത്.

## ഉപദേശം തേടൽ

ഇസ്തിഖാറ നടത്തുന്നതിന് പുറമെ, സുപ്രധാനമായ ഏതൊരു തീരുമാനവുമെടുക്കുന്നതിന് മുമ്പ് അതിനെ കുറിച്ച് അറിവുള്ള ഏതാനും ആളുകളുമായി കൂടിയാലോചന നടത്തുന്നത് അഭികാമ്യമാണെന്ന് മുമ്പുദ്ധരിച്ച ഹദീഥിൽ നിന്നും നാം മനസ്സിലാക്കിയതാണ്.

അതിനാൽ, വിവാഹിതരാകാൻ പോകുന്ന ആണും പെണ്ണും (അല്ലെങ്കിൽ അവളുടെ വലിയ്യ്), താനാവശ്യപ്പെടുന്ന സ്വഭാവ സവിശേഷതകൾ തന്റെ ഭാവി പങ്കാളിയിലുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന്, അവരെ കുറിച്ച് അന്വേഷണം നടത്തേണ്ടതാണ്.

വിവാഹത്തിനോ, കച്ചവട പങ്കാളിത്തത്തിനോ വേണ്ടി പരിഗണിക്കേണ്ട വ്യക്തികളെ കുറിച്ച് ഉപദേശം തേടിവന്നാൽ, സത്യസന്ധവും നീതിപൂർവകവുമായ ഉപദേശം നൽകണം. ഈ ഉപദേശം വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരിമിതപ്പെടുത്തണം. മറ്റു മേഖലകളിലേക്ക് അതിരു കവിയരുത്. കാരണം അത് പരദൂഷണത്തിന്റെ നിഷിദ്ധമായ രൂപത്തിൽ എണ്ണപ്പെട്ടേക്കും.

ഫാത്വിമ ബിൻത് ഖൈസ്(ﷺ) നിവേദനം. അവരുടെ ഭർത്താവ് അംറുബ്നു ഹഫ്സ്(ﷺ) അയ്യാശുബ്നു റബീഅ(ﷺ)യെ മൂന്നാമത്തെയും അവസാനത്തെയും ത്വലാഖ് നൽകുവാൻ വേണ്ടി അയച്ചു. അദ്ദേഹത്തിന്റെ കൈയിൽ അവർക്ക് സമ്മാനമായി കുറച്ച് ഈത്തപ്പഴവും ബാർലിയും കൊടുത്തയച്ചിരുന്നു. ഫാത്വിമ അയ്യാശിനോട് പ്രതിഷേധിക്കുകയും കൂടുതൽ സഹായം അഭ്യർഥിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പ്രതിവചിച്ചു. "അല്ലാഹുവാണെ, നിങ്ങൾ ഗർഭിണിയല്ലാത്തിടത്തോളം, നിങ്ങൾ സഹായം അർഹിക്കുന്നില്ല." അവർ റസൂലി(ﷺ)ന്റെയടുക്കലേക്ക് ചെന്നുകൊണ്ട് ആവലാതി ബോധിപ്പിച്ചു. അപ്പോൾ അവിടുന്ന് ചോദിച്ചു. "അദ്ദേഹം എത്ര തവണ ത്വലാഖ് ചൊല്ലി?" അവർ പറഞ്ഞു: "മൂന്ന് തവണ" അവിടുന്ന് പറഞ്ഞു: "എങ്കിൽ അവൻ ചെയ്തത് ശരിയാണ് - അയാൾ നിങ്ങൾക്ക് ഒരു സഹായത്തിനും കടപ്പെട്ടിരിക്കുന്നില്ല."

അവരുടെ 'ഇദ്ദ' കാലം ഉമ്മുശരീകി(ﷺ)ന്റെ വീട്ടിൽ ചെലഴിക്കാൻ പ്രവാചകൻ(ﷺ) നിർദേശിച്ചിരുന്നു. എന്നാൽ അവരുടെ വീട്ടിലേക്ക് പുരുഷന്മാരായ ചില അനുചരന്മാർ പോകാറുണ്ടായിരുന്നു

എന്ന കാര്യം പ്രവാചകന് പിന്നീടാണ് ഓർമ വന്നത്. അതിനാൽ അവിടുന്ന് പറഞ്ഞു:

اعْتَدِّي فِي بَيْتِ ابْنِ عَمِّكِ ابْنِ أُمِّ مَكْتُومٍ فَإِنَّهُ ضَرِيرُ الْبَصَرِ تُلْقِي ثَوْبَكِ عِنْدَهُ فَإِذَا انْقَضَتْ عِدَّتُكِ فَآذِنِينِي

“നിന്റെ അനന്തിരവനായ അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂമിന്റെ വീട്ടിൽ ചെലവഴിക്കുക. അദ്ദേഹം അന്ധനായ മനുഷ്യനാണ് അതിനാൽ, നീ നിന്റെ മുഖമക്കന ഊരിവെക്കുകയാണെങ്കിലും അദ്ദേഹം നിന്നെ കാണുകയില്ലല്ലോ. പിന്നീട്, നീ നിന്റെ ഇദ്ദകാലം പൂർത്തിയാക്കിയാൽ എന്നെ അറിയിക്കുക.”

അങ്ങനെ, അവരുടെ ഇദ്ദ പൂർത്തിയായപ്പോൾ, മുആവിയ ഇബ്നു അബീ സുഫ്യാനും അബൂജഹ്മും തന്നെ വിവാഹമന്വേഷിച്ചതായി ഫാത്വിമ പ്രവാചകന്റെയടുക്കലേക്ക് ചെന്നുകൊണ്ട് പറഞ്ഞു. റസൂൽ(ﷺ) പറഞ്ഞു:

مَّا أَبُو جَهْمٍ فَلَا يَضَعُ عَصَاهُ عَنْ عَاتِقِهِ وَأَمَّا مُعَاوِيَةُ فَصُعْلُوكٌ لَا مَالَ لَهُ انْكِحِي أُسَامَةَ بْنَ زَيْدٍ

“അബൂജഹ്മ് സ്ത്രീകളോട് കഠിനമായി പെരുമാറുന്നവനാണ്. അവൻ ചുമലിൽ നിന്നും വടി ഇറക്കിവെക്കാറില്ല; എന്നാൽ മുആവിയയാകട്ടെ, അദ്ദേഹം സമ്പത്തൊന്നുമില്ലാത്ത ദരിദ്രനായ ഒരാളാണ്. നീ ഉസാമതുബ്നു സൈദിനെ വിവാഹം ചെയ്യുക.“

അവർക്ക് അതിഷ്ടപ്പെട്ടില്ല. എന്നാൽ പ്രവാചകൻ(ﷺ) ആവർത്തിച്ചു. “നീ ഉസാമതുബ്നു സൈദിനെ വിവാഹം ചെയ്യുക.’ അവസാനം അവർ പറഞ്ഞു:

“പിന്നീട് ഞാൻ ഉസാമയെ വിവാഹം ചെയ്തു. അല്ലാഹു അദ്ദേഹത്തിൽ ധാരാളം നന്മകൾ ഇട്ടുകൊടുത്തു. ഞാൻ അദ്ദേഹത്തോടൊപ്പം വളരെ സന്തോഷത്തോടെ കഴിഞ്ഞു.”[69]

69) മുസ്‌ലിം, അബൂദാവൂദ്

## സത്യം പറയൽ

മുമ്പ് സൂചിപ്പിക്കപ്പെട്ടത് പോലെ, ഒരു 'ഖിത്ബ'യിലുൾപ്പെട്ട രണ്ട് വ്യക്തികളെ കുറിച്ച് സത്യസന്ധമായ വിവരം നൽകൽ. പ്രധാനമാണ്. ആ വിവരം വിവാഹവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മാത്രം പരിമിതപ്പെടുത്തണം. അതിലുൾപ്പെട്ട രണ്ട് വിഭാഗമാളുകളെ കുറിച്ചും തികഞ്ഞ സത്യമാണ് ലഭിക്കേണ്ടത്. (അതായത്) വിവാഹം കഴിക്കാനുദ്ദേശിക്കുന്ന പുരുഷനും സ്ത്രീയും അതോടൊപ്പം അവരുടെ പ്രതിനിധികളും ശേഷം ഉപദേശം ചോദിക്കപ്പെട്ട മറ്റു വ്യക്തികളും

ഒരാൾക്കറിയാവുന്ന ഏതെങ്കിലും ഒരു പ്രശ്നം മറച്ചുവെക്കുന്നത് ഇസ്‌ലാമികമായി ഒരു പാപകർമമാണ്. അത് ഭാവിയിൽ പല കഷ്ടനഷ്ടങ്ങളുമുണ്ടാക്കും.

ഉദാഹരണത്തിന്, 'ഖിത്ബ'യിലുൾപ്പെട്ട രണ്ടാളുകളിൽ എന്തെങ്കിലും ശാരീരിക പ്രശ്നങ്ങളുണ്ടെങ്കിൽ അത് സൂചിപ്പിക്കേണ്ടതാണ്. വന്ധ്യത, ഗുഹ്യരോഗങ്ങൾ, പോലെയുള്ള ശാരീരിക ന്യൂനതകൾ അവരിലൊരാൾക്കുണ്ടെങ്കിൽ വിവാഹം ഉറപ്പിക്കുന്നതിന് മുമ്പ് അത് ബന്ധപ്പെട്ടവർക്ക് അറിയിച്ചുകൊടുക്കണം.

മറ്റേയാളിലുള്ള പ്രശ്നങ്ങൾ അറിഞ്ഞുകഴിഞ്ഞാൽ അവൻ അറിവ് പരസ്യമാക്കുകയോ ആ രഹസ്യങ്ങൾ പുറത്തുവിടുകയോ ചെയ്യരുത്.

## 'ഖിത്ബ'യിലെ അതിക്രമങ്ങൾ

മുസ്‌ലിംകളിൽ ചിലർ 'ഖിത്ബ'യെന്ന പ്രക്രിയയിൽ പല അതിക്രമങ്ങളും കടത്തിക്കൂട്ടിയിട്ടുണ്ട്. അമുസ്‌ലിംകളെ അന്ധമായി അനുകരിച്ചതിന്റെ ഫലമായിട്ടാണ് പല അതിക്രമങ്ങളും ഉയർന്നു വരുന്നത്. അവയിൽ ചിലത് മാത്രം നാം താഴെ സൂചിപ്പിക്കുന്നു.

### 1. വിവാഹം നിശ്ചയിക്കപ്പെട്ട സ്ത്രീയും പുരുഷനും തമ്മിലുള്ള സ്വകാര്യത

വിവാഹ നിശ്ചയത്തിന് ശേഷം, വിവാഹ കരാറിന്റെ മുമ്പായി, 'പ്രതിശ്രുത വരൻരെ' കൂടെ പുറത്തുപോകാനും അവനോടൊപ്പം സ്വകാര്യതയിൽ ഒരുമിക്കാനും സ്പർശിക്കാനും ചുംബിക്കാനും വരെ പെണ്ണിന്റെ വീട്ടുകാർ അവർക്ക് അനുമതി നൽകുന്നു.

വിവാഹ നിശ്ചയം എന്നത് 'ഡ്രൈവിംഗ്' പരിശീലിക്കേണ്ട ഒരു കാലഘട്ടമായി ചിലർക്ക് തോന്നാറുണ്ട്. അവരുടെ പങ്കാളി

കൾക്ക് അവരോടൊപ്പം ഏറെക്കാലം ജീവിക്കാൻ സാധിക്കുമോ എന്ന് ആ കാലഘട്ടത്തിൽ അവർ പരീക്ഷിക്കും. അത് വെച്ചുകൊണ്ട് അവർ 'വ്യഭിചാര'മടക്കമുള്ള ചെറുതും വലുതുമായ പാപങ്ങൾ ചെയ്യും. രസകരമെന്ന് പറയട്ടെ, ഇത്തരം വിവാഹ നിശ്ചയ സമ്പ്ര ദായങ്ങളിൽ പലതും പരാജയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. വിവാ ഹത്തിന് മുമ്പ് തന്നെ അത് വേർപിരിയുകയും ചെയ്യും.

## 2. വിവാഹ നിശ്ചയ സൽക്കാരം

പല മുസ്‌ലിം രാഷ്ട്രങ്ങളിലും 'ഖിത്ബ' എന്നത് വലിയ സൽക്കാരങ്ങളും വിരുന്നുകളുമാണ്. അതിൽ പാനിയങ്ങൾ വിള മ്പുകയും സംഗീതോപകരണങ്ങൾ വായിക്കുകയും വരൻ വധു വിനെ ചുംബിക്കുകയും അവളോടൊപ്പം ചിത്രങ്ങളെടുക്കുകയും ചെയ്യാറുണ്ട്. ഇതെല്ലാം ഇസ്‌ലാമികാധ്യാപനങ്ങൾക്കും നബിച ര്യക്കും കടകവിരുദ്ധമാണ്. അതെല്ലാം പൂർണമായി ഒഴിവാക്കണം.

മാത്രമല്ല, 'ഖിത്ബ' ജനങ്ങളുടെ കണ്ണിൽപെടാതെ നട ത്തേണ്ട ഒന്നാണ്. കാരണം, ശറഈയായ യാതൊരു ഫലവും അതിൽ നിന്നുമുണ്ടാകുന്നില്ല. എന്തെങ്കിലും കാരണത്താൽ പര സ്യമായി നടത്തിയ ഒരു 'ഖിത്ബ' വിവാഹത്തിൽ കലാശിച്ചില്ലെ ങ്കിൽ, പരസ്യപ്പെടുത്തിയതിന്റെ പേരിൽ വലിയ അനർത്ഥങ്ങളു ണ്ടാകും. പ്രത്യേകിച്ച്, വധുവിന്റെ യശസ്സിനെ അത് ബാധിക്കും

## 3. വിവാഹ നിശ്ചയ മോതിരവും ആഭരണങ്ങളും

വിവാഹം നിശ്ചയിക്കപ്പെട്ട ദമ്പതികൾ പലപ്പോഴും വിവാഹ നിശ്ചയ മോതിരങ്ങൾ കൈമാറുകയും വരൻ വധുവിന്ന് 'ഖിത്ബ'യുടെ സമയത്ത് ആഭരണങ്ങളും സമ്മാനങ്ങളും നൽകു കയും ചെയ്യും. ഇത് ഇസ്‌ലാമികമായി അതിക്രമമാണ്. കാരണം, വിവാഹ കരാറിലൂടെ അവർ തമ്മിൽ നിയമപരമായി ബന്ധിക്ക പ്പെട്ടിട്ടില്ലാത്തിടത്തോളം സ്വത്തോ സമ്മാനമോ കൈമാറാൻ യാതൊരു ന്യായവും അവിടെയില്ല. എന്തെങ്കിലും കാരണത്താൽ വിവാഹം മുടങ്ങിയാൽ ഈ അപക്വമായ കൃത്യം മൂലം ഗുരുതര മായ കലഹങ്ങളുടലെടുക്കാറുണ്ട്.

കൂടാതെ, 'വിവാഹ നിശ്ചയ' മോതിരത്തിന് ഇസ്‌ലാമികപര മായി യാതൊരടിസ്ഥാനവുമില്ല. മുസ്‌ലിംകൾ ഒരിക്കലും അനുക രിക്കാൻ പാടില്ലാത്ത പഴയ ക്രൈസ്തവാചാരങ്ങളിൽ നിന്നാണ് അതിന്റെ ഉത്ഭവം.

## അദ്ധ്യായം 4
# വിവാഹക്കരാർ (നിക്കാഹ്)

### ആമുഖം വിവാഹക്കരാറിന്റെ പ്രാധാന്യം

പരസ്പരം ആന്ദിക്കുന്നതിനും ഒരു നല്ല കുടുംബം രൂപപ്പെടുത്തുന്നതിനും വേണ്ടി ഒരു പുരുഷനും സ്ത്രീയും തമ്മിലുണ്ടാക്കുന്നതാണ് വിവാഹക്കരാർ (അഥവാ 'നികാഹ്')

അപരിചിതരായ രണ്ട് വ്യക്തികളെ ഭർത്താവും ഭാര്യയുമാക്കി മാറ്റുന്ന ഒരു ഔപചാരിക ഉടമ്പടിയാണ് വിവാഹക്കരാർ. വിവാഹക്കരാർ മൂലം പല അവകാശങ്ങളും ബാധ്യതകളും അനുപേക്ഷ്യമായിത്തീരും. അതിലൂടെ അനേകം ഫലങ്ങൾ പ്രതീക്ഷിക്കപ്പെടുന്നുമുണ്ട്.

പലർക്കും തങ്ങളുടെ ജീവിതകാലത്ത് നിർവഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കരാറാണ് വിവാഹക്കരാർ. ഓരോ വിവാഹക്കരാറും എടുത്ത് നോക്കിയാൽ, അത് പലരുടേയും മനസ്സിൽ ഈടുറ്റ് നിൽക്കുന്നതായി കാണാം. അതിൽ തന്നെ പലരും ഇനി ജനിക്കാനിരിക്കുന്നതേയുള്ളൂ.

വിവാഹക്കരാറിന് മഹത്തരവും ഉദാത്തവുമായ അർത്ഥങ്ങളുള്ളത് കൊണ്ട് തന്നെ അത് പൂർത്തീകരിക്കേണ്ടതിനായി ഇസ്ലാം ധാരാളം മാർഗരേഖകൾ മുന്നോട്ട് വെക്കുന്നുണ്ട്. ആ മാർഗരേഖകളാണ് ഈ അദ്ധ്യായത്തിലെ ചർച്ചാ വിഷയം

## വിവാഹം കളിതമാശയല്ല

വിവാഹം എന്നത് ഗൗരവമേറിയ ഒരു കാര്യമായാണ്. അത് ഗൗരവമായി തന്നെ പരിഗണിക്കേണ്ടതുണ്ട്. വിവാഹം കഴിച്ച ശേഷം അവനത് യഥാർത്ഥത്തിൽ ഉദ്ദേശിച്ചിട്ടില്ലെന്നും ഒരു നേര മ്പോക്ക് മാത്രമായിട്ടേ അതിനെ കണ്ടിട്ടുള്ളൂ എന്നും വാദിക്കുന്നത് അനുവദനീയമല്ല.

അബൂഹുറയ്റ(﵁) നിവേദനം റസൂൽ(ﷺ) പറഞ്ഞു:

ثلاث جدهن جد وهزلهن جد النكاح والطلاق والرجعة

"ഗൗരവമേറിയതോ നിസ്സാരമായതോ ആയ ചർച്ചയിലായാൽ പോലും ഗൗരവമായി പരിഗണിക്കപ്പെടുന്ന മൂന്ന് കാര്യങ്ങളുണ്ട്. വിവാഹം വിവാഹമോചനം, മടക്കം (അന്തിമമല്ലാത്ത ത്വലാഖ് ചൊല്ലപ്പെട്ട സ്ത്രീ)"(70)

ഫുളാലബ്നു ഉബൈദ(﵁) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

ثلاث لا يجوز اللعب فيهن الطلاق والنكاح والعتق.

"മൂന്ന് കാര്യങ്ങളിൽ കളിതമാശ അനുവദനീയമല്ല. വിവാഹം, വിവാഹമോചനം, (അടിമ) വിമോചനം."(71)

## മൗലിക തത്വങ്ങൾ

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന ത്പോലെ, ഇസ്ലാമിലെ വിവാഹ കരാറിന് ആറ് വ്യവസ്ഥകളും രണ്ട് സ്തംഭങ്ങളും ഒരു നിർബന്ധ ബാധ്യതയും ഒരു ഐഛിക കാര്യവുമുണ്ട്. ഏതെങ്കിലും ഒരു വ്യവസ്ഥയോ സ്തംഭമോ ഒഴിവാക്കിയാൽ ആ കരാർ അസാധുവാകും. നിർബന്ധബാധ്യത മനഃപൂർവം ഒഴിവാക്കുന്നത് പാപമാണ്.

70) അബൂദാവൂദ്, തിർമിദി, ഹസൻ ആണെന്ന് അൽബാനി വ്യക്തമാക്കി.- ഇർവാഉൽ ഗലീൽ 1826, സ്വഹീഹുൽ ജാമിഅ് 3027)

71) ത്വബ്റാനി (അൽ കബീറിൽ) ഹസൻ ആണെന്ന് അൽബാനി വ്യക്തമാക്കി (ഇർവാഉൽ ഗലീൽ 1826, സ്വഹീഹുൽ ജാമിഅ് 3047)

## വ്യവസ്ഥകൾ

1. വരന്റെ യോഗ്യത
2. വധുവിന്റെ യോഗ്യത
3. വരന്റെ സമ്മതം
4. വധുവിന്റെ സമ്മതമോ അനുവാദമോ
5. വലിയ്യിന്റെ അംഗീകാരം
6. രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യം

## സ്തംഭങ്ങൾ

1. സമർപ്പണം (ഈജാബ്)
2. സ്വീകരിക്കൽ (ക്വബൂൽ)

നിർബന്ധ ബാധ്യത മഹ്ർ

ഐഛരിക കാര്യം ചെലുത്തപ്പെട്ട വ്യവസ്ഥകൾ

ഈ ഘടകങ്ങളെല്ലാം താഴെ വരുന്ന ഭാഗങ്ങളിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

## വരന്റെ യോഗ്യത

വിവാഹത്തിന് അർഹത നേടാൻ, വരൻ താഴെ പറയുന്ന വ്യവസ്ഥകൾ പൂർത്തീകരിച്ചിരിക്കണം.

1. മുസ്ലിമായ പുരുഷനായിരിക്കണം
2. പാതിവ്രത്യമുള്ളവനായിരിക്കണം
3. വിവേകിയായിരിക്കണം
4. പ്രായപൂർത്തിയാകണം.
5. വധുവുമായി രക്തബ്ധം, മുലകുടിബന്ധം, വിവാഹംമൂലമുള്ള ബന്ധം എന്നിങ്ങനെ സ്ഥിരമായ വിലക്കുകളുള്ള ബന്ധമുണ്ടായിരിക്കരുത് (അദ്ധ്യായം 8 കാണുക)
6. വധുവുമായി വിവാഹം മൂലമുണ്ടാകുന്ന താൽക്കാലിക വിലക്കുള്ള ബന്ധമുണ്ടായിരിക്കരുത്. (അദ്ധ്യായം 8 കാണുക)

7. കരാറിലേർപ്പെടുന്നത് സ്വമനസ്സാലെയായിരിക്കണം. നിർബന്ധത്തിന് വഴങ്ങിയിട്ടാകരുത്.

## വധുവിന്റെ യോഗ്യത

വിവാഹത്തിന് അർഹത നേടാൻ വധു താഴെ പറുയന്ന വ്യവസ്ഥകൾ പൂർത്തീകരിച്ചിരിക്കണം

1. മുസ്ലിമോ ക്രിസ്ത്യാനിയോ ജൂതമതസ്ഥയോ ആയ സ്ത്രീയായിരിക്കണം.
2. പതിവ്രതയായിരിക്കണം
3. വിവേകമുള്ളവളായിരിക്കണം
4. മറ്റൊരാളുടെ ഭാര്യയോ മറ്റൊരാളിൽ നിന്നും ഇദ്ദ ആചരിക്കുന്നവളോ ആകരുത്.
5. വരനുമായ രക്തബന്ധം, മുലകുടിബന്ധം, വിവാഹം മൂലമുള്ള ബന്ധം എന്നിങ്ങനെ സ്ഥിരമായ വിലക്കുകളുള്ള ബന്ധമുണ്ടായിരിക്കരുത് (അദ്ധ്യായം 8 കാണുക)
6. വരനുമായി വിവാഹം മൂലമുണ്ടാകുന്ന താൽക്കാലിക വിലക്കുകളുള്ള ബന്ധമുള്ളവളായിരിക്കരുത്. (അദ്ധ്യായം 8 കാണുക)
7. കരാറിലേർപ്പെടുന്നത് സ്വമനസ്സാലെയായിരിക്കണം നിർബന്ധത്തിന് വഴങ്ങിയിട്ടാകരുത്.

## വധുവിൻരെ സമ്മതം

### വിധി

വിവാഹക്കാരാറിലുൾപ്പെടുന്ന രണ്ട് വ്യക്തികളിൽ ഒരാളെന്ന നിലവയിൽ, ദീർഘകാലം തന്റെ ജീവിത പങ്കാളിയായി കഴിയേണ്ടയാളെപ്പറ്റി വധുവിന് എന്തെങ്കിലും പറയാനുള്ള അവസരം നൽകേണ്ടതാണ്.

ആയിശ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

ستأمروا النساء في أبضاعهن

“സ്ത്രീകളോട് അവരുടെ ഗുഹ്യാവയവങ്ങളുടെ (അതായത് വിവാഹത്തിന്റെ) വിഷയത്തിൽ അനുമതി തേടുക.”(72)

അബൂമൂസൽ അശ്അരി(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

إذا أراد أحدكم أن يزوج ابنته فليستامرها

“നിങ്ങളിലാരെങ്കിലും സ്വന്തം മകളെ വിവാഹം കഴിപ്പിക്കാനുദ്ദേശിക്കുകയാണെങ്കിൽ, അവൻ അവളുടെ അനുമതി തേടട്ടെ.”(73)

വധുവിന്റെ സമ്മതം വിവാഹ കരാറിലെ അവശ്യ ഘടകമാണ്. ഈ സമ്മതത്തെ മാറ്റിനിർത്തിയാൽ, ഒന്നുകിൽ കരാർ അസാധുവും നിരർഥകവുമാണ്; അല്ലെങ്കിൽ വധുവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിക മേലധികാരികൾക്ക് അതിനെ അസാധുവാക്കാവുന്നതാണ്.

വധുവിന്റെ സാഹചര്യത്തിനനുസരിച്ച് അവളോട് സമ്മതം തേടുന്നതിന്റെ രീതിയിലും മാറ്റം വരുന്ന പൂർണ്ണമായും വാചികവും ദൃഢവുമായ സമ്മതം മുതൽ പരോക്ഷവും വലിയ്യിന്റെ തീരുമാനത്തിന് വഴങ്ങുന്നതുമായ സമ്മതം വരെയാകാം.

## കന്യകയായ വധു

കന്യകയായ ഒരു വധു (അറബിയിൽ ബിക്ർ) എന്നാൽ പുരുഷന്മാരുമായി ഒരിക്കലും ലൈംഗിക ബന്ധത്തിലേർപ്പെട്ടിട്ടില്ലാത്ത ഒരു സ്ത്രീയാണ്. സാധാരണഗതിയിൽ, ഇത്കൊണ്ട് അർത്ഥമാക്കുന്നത്. അവളുടെ കന്യാചർമം ക്ഷതമേൽക്കാതെ നിലകൊള്ളുന്നുണ്ടെന്നാണ്; എന്നാൽ ഇതൊരു കേവല നിബന്ധനയല്ല; കാരണം ചില കന്യകകൾക്ക് തങ്ങളുടെ കന്യാചർമം അസുഖം മൂലമോ അപകടം മൂലമോ നഷ്ടപ്പെട്ടേക്കാം.

ഒരു കന്യക സാധാരണ ഗതിയിൽ, നിഷ്കളങ്കയും ജീവിത രീതികളെ കുറിച്ചും ജനങ്ങളുടെ കൗശലങ്ങളെക്കുറിച്ചും പരിചയമില്ലാത്തവളാണ്. പുരുഷന്മാരെ കുറിച്ച് അവൾക്ക് അറിവില്ല. അതു

---

72) അഹ്മദ്, നസാഇൗ, സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി. – സ്വഹീഹുൽ ജാമിഅ്930, അസ്വഹീഹ 398)

73) ത്വബ്റാനി (അൽകബീറിൽ) അബൂയഅ്ല. സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി– സ്വഹീഹുൽ ജാമിഅ് 300, അസ്സ്വഹീഹ1206)

കൊണ്ട് തന്നെ ഒരു സമർഥനായ ഭർത്താവിനെ വിലയിരുത്താൻ അവൾക്ക് പ്രാപ്തിയില്ല. ആ വിഷയത്തിൽ വ്യക്തമായൊരു തീരുമാനമെടുക്കാൻ അവൾക്ക് സാധിക്കുകയുമില്ല. അതിനാൽ അവളുടെ വലിയ്യ് സാധാരണയായി അതവളുടെ പിതാവായിരിക്കും. അവൾക്ക് വേണ്ടി തീരുമാനമെടുക്കും. എങ്കിൽപോലും അയാൾ അവളുമായി കൂടിയാലോചിച്ച് വിവാഹ കരാറിന് മുമ്പായി അവളുടെ സമ്മതം വാങ്ങേണ്ടതാണ്.

ആദ്യകാല മുസ്‌ലിം സ്ത്രീകൾക്കുണ്ടായിരുന്നത് പോലെയുള്ള അങ്ങേയറ്റം ഹയാഅ് (നാണം) ഒരു കന്യകക്ക് ഉണ്ടാവുകയാണെങ്കിൽ, അവളെ വിവാഹമന്വേഷിക്കുന്നയാളിനെപ്പറ്റി അവളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ അവൾക്ക് മടിയുണ്ടായേക്കും. അത്തരം ഒരു സന്ദർഭത്തിൽ, അവളുടെ പരോക്ഷമായ അംഗീകാരം തന്നെ പര്യാപ്തമാണ്.

പരോക്ഷമായ അംഗീകാരം പ്രകടിപ്പിക്കപ്പെടുന്നത് വധുവിന്റെ മൗനം, തലയാട്ടൽ എന്നിവയോ വിവാഹത്തിന് അവൾക്ക് എതിർപ്പില്ലെന്ന് സൂചിപ്പിക്കാൻ ഉപയുക്തമായ മറ്റു ചലനങ്ങളോ കൊണ്ടാണ്. നേരെ മറിച്ച് അവൾക്ക് എതിർപ്പുണ്ടെങ്കിൽ, അവൾ അത് വ്യക്തമായ ഒരു ചേഷ്ടയിലൂടെയോ വാക്കിലൂടെയോ പ്രകടിപ്പിക്കണം.

വധുവിന്റെ പരോക്ഷമായ അംഗീകാരമാണ് സമ്മതത്തിന്റെ ഏറ്റവും ചുരുക്ക രൂപം. എന്നാൽ അവളുടെ അംഗീകാരം കുറച്ചുകൂടി ദൃഢമായ രീതിയിൽ അവൾക്ക് പ്രകടിപ്പിക്കാവുന്നതാണ്. ഉദാഹരണത്തിന് "അതെ, എനിക്ക് അയാളെ വിവാഹം കഴിക്കാൻ സമ്മതമാണ്." എന്ന് പറയൽ.

അബൂഹുറയ്റ(ﷺ) നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു:

لا تنكح الثيب حتى تستأمر ولا تنكح البكر حتى تستأذن وإذنها الصموت

"വിധവയെ അവളുമായി ആലോചിച്ച ശേഷമല്ലാതെ വിവാഹം ചെയ്തുകൊടുക്കരുത്; കന്യകയെ, അവളുടെ അനുവാദം ചോദിച്ചതിന് ശേഷമല്ലാതെ വിവാഹം ചെയ്തുകൊടുക്കരുത്. മൗനമാണ് അവളുടെ സമ്മതം."(74)

74) ബുഖാരി, മുസ്‌ലിം

ഉമയ്റ അൽ കിന്ദി(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

آمروا النساء في أنفسهن فإن الثيب تعرب عن نفسها (بلسانها). والبكر رضاها صمتها

“സ്ത്രീകളുടെ കാര്യത്തിൽ അവരുടെ അനുവാദം ചോദിക്കുക. വിധവ അവളുടെ നാവ്കൊണ്ട് പ്രകടിപ്പിക്കും. കന്യകയുടെ മൗനമാണ് അവളുടെ സമ്മതം.”(75)

ഇബ്നു അബ്ബാസ്(ﷺ) നിവേദനം

“കന്യകയായ ഒരു സ്ത്രീ പ്രവാചകന്റെയടുക്കലേക്ക് വന്നുകൊണ്ട് അവളുടെ സമ്മതമില്ലാതെ പിതാവ് വിവാഹം കഴിപ്പിച്ചുകൊടുത്തതായി പരാതിപ്പെട്ടു. അതിൽപിന്നെ, പ്രവാചകൻ(ﷺ) അവൾക്ക് (അത് നിലനിർത്താനോ വിവാഹം ഒഴിവാക്കാനോ ഉള്ള) സ്വാതന്ത്ര്യം നൽകി”(76)

## കന്യകയല്ലാത്ത വധു

വിവാഹത്തിലൂടെയാകട്ടെ, വ്യഭിചാരത്തിലൂടെയാകട്ടെ ഏറ്റവും ചുരുങ്ങിയത് ഒരു തവണയെങ്കിലും പുരുഷനുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ട ഒരു സ്ത്രീയാണ് കന്യകയല്ലാത്ത വധു (അറബിയിൽ ഥയ്യിബ്)

ഒരു ഥയ്യിബിന് സാധാരണഗതിയിൽ ജീവിതപരിചയവും സ്വന്തം വിവാഹത്തെ കുറിച്ച് തീരുമാനമെടുക്കാൻ ഏറെ കഴിവും ഉള്ളവളായിരിക്കും. അതിനാൽ അവൾക്ക് അഭിപ്രായം പ്രകടിപ്പിക്കാനും തീരുമാനമെടുക്കാനുമുള്ള അവസരം നൽകണം. അവളുടെ തീരുമാനം അവളുടെ വലിയ്യ് മുഖവിലക്കെടുക്കുകയും വേണം. മുകളിലുദ്ധരിച്ച ഹദീഥിൽ ഇത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അതേ രൂപത്തിൽ തന്നെ, ഇബ്നു അബ്ബാസ്(ﷺ) നിവേദനം: തിരുദൂതർ(ﷺ) പറഞ്ഞു:

الأيم أحق بنفسها من وليها والبكر تستأذن في نفسها وإذنها صماتها

75) അഹ്മദ്, ഇബ്നു മാജ. സ്വഹീഹാണെന്ന് അൽബാനി സ്ഥിരീകരിച്ചു.- സ്വഹീഹുൽ ജാമിഅ്, 13, 3084ഇർവ ഉൽ ഗലീൽ 1836

76) ഇബ്നുമാജ, സ്വഹീഹാണെന്ന് അൽബാനി സ്ഥിരീകരിച്ചു- സ്വഹീഹ് ഇബ്നു മാജ 1520

'ഒരു വിധവക്ക് സ്വന്തം കാര്യത്തിൽ അവളുടെ രക്ഷാകർത്താവിനേക്കാൾ അവകാശമുണ്ട്; കന്യകയുടെ കാര്യത്തിൽ, അവളുടെ സ്വന്തത്തെ ക്കുറിച്ച അവളുടെ അനുമതി തേടണം. മൗനമാണ് അവളുടെ സമ്മതം."[77]

അൽഖൻസാഅ് ബിൻത് ഖിദാം അൽ അൻസാരിയ്യ(ﷺ) നിവേദനം. അവരുടെ പിതാവ് (അവരുടെ സമ്മതം കൂടാതെ) വിവാഹം കഴിപ്പിച്ചു. അന്ന് അവർ വിധവയായിരുന്നു. അവർക്ക് ആ വിവാഹം ഇഷ്ടപ്പെട്ടിരുന്നില്ല. പ്രവാചകനോട് പരാതിപ്പെട്ടപ്പോൾ അവിടുന്ന് ആ വിവാഹകരാർ അസാധുവാക്കി.[78]

## അനാഥയായ വധു

പിതാവ് നഷ്ടപ്പെട്ട ഒരു കന്യകയാണ് അനാഥ പെൺകുട്ടി എന്നത് കൊണ്ടുള്ള ഉദ്ദേശം. അതായത് അവളുടെ വലിയ്യ് അവളുടെ പിതാവല്ല. വിവാഹത്തിനുള്ള സമ്മതത്തിന്റെ കാര്യത്തിൽ, അവളുടെ വാക്കിന് സാധാരണ കന്യകയേക്കാൾ മുൻതൂക്കമുണ്ട്.

അബൂമൂസൽ അശ്അരി(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

آمروا اليتيمة في نفسها وإذنها صماتها

(കന്യകയായ) അനാഥ പെൺകുട്ടിക്ക് അവളുടെ (വിവാഹത്തിന്റെ) കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അവകാശം നൽകുക. മൗനമാണ് അവളുടെ സമ്മതം"[79]

അബൂഹുറയ്റ(ﷺ) നിവേദനം. തിരുദൂതർ പറഞ്ഞു:

تستأمر اليتيمة في نفسها فإن سكتت فهو إذنها وإن أبت فلا جواز عليها

"(കന്യകയായ) അനാഥ പെൺകുട്ടിയുടെ കാര്യത്തിൽ അവളുടെ അനുവാദം ചോദിക്കുക. അവൾ മൗനം പാലിക്കുകയാണെങ്കിൽ, അതുതന്നെയാണ് അവളുടെ സമ്മതം. അവൾ വിസമ്മതിക്കുകയാണെങ്കിൽ, അവളുടെ താൽപര്യത്തിനെതിരായി അവളെ നിർബന്ധിക്കരുത്.[80]

---

77) മുസ്‌ലിം, അബൂദാവൂദ്
78) ബുഖാരി, അഹ്മദ്
79) ത്വബ്റാനി, അഹ്മദ് സ്വഹീഹാണെന്ന് അൽബാനി സ്ഥിരീകരിച്ചു. (സ്വഹീഹുൽ ജാമിഅ് 14, അസ്വഹീഹ് 656)
80) അബൂദാവൂദ്, നസാഈ സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി.- സ്വഹീഹുൽ ജാമിഅ്, 1347, 8194, ഇർവാഉൽ ഗലീൽ 1834

അബ്ദുല്ലാഹിബ്നു ഉമർ(ﷺ) നിവേദനം: ഉഥ്മാനുബ്നു മള്ഊൻ(ﷺ) മരിച്ചപ്പോൾ തന്റെ ഭാര്യയായ ഖുവൈല ബിൻത് ഹാകിമിൽ നിന്നുള്ള ഒരു മകളെ വിട്ടേച്ചുകൊണ്ടാണ് പോയത്. തന്റെ വിൽപത്രത്തിൽ അവളുടെ രക്ഷാകർത്താവായി തന്റെ സഹോദരൻ ക്വുദാമ ഇബ്നു മള്ഊനിനെ ഉഥ്മാൻ നിയോഗിച്ചിരുന്നു. ആ അനാഥ പെൺകുട്ടിയെ വിവാഹമന്വേഷിച്ചുകൊണ്ട് ഇബ്നു ഉമർ(ﷺ) (തന്റെ അമ്മാവനായ) ക്വുദാമയെ സമീപിച്ചു. ക്വുദാമ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുക്കാൻ സമ്മതിക്കുകയും ചെയ്തു. എന്നാൽ മുഗീറതുബ്നു ശുഅ്ബ(ﷺ) അവളുടെ മാതാവിനെ സമീപിക്കുകയും പണം കൊടുത്ത് വശത്താക്കുകയും ചെയ്തു. മാതാവ് അദ്ദേഹത്തിലേക്ക് ചാഞ്ഞു. അവരുടെ മകളും മാതാവിനെ പിന്തുടർന്നുകൊണ്ട് ഇബ്നു ഉമറിനെ വിവാഹം ചെയ്യാൻ വിസമ്മതിച്ചു. അവർ തമ്മിൽ കലഹിക്കുകയും പ്രവാചകസന്നിധിയിലെത്തുകയും ചെയ്തു. ക്വുദാമ പറഞ്ഞു:

''തിരുദൂതരേ! അവൾ എന്റെ സഹോദര പുത്രിയാണ്. അദ്ദേഹം എന്നെ അവളുടെ രക്ഷാകർത്താവാക്കിയിരിക്കുന്നു. അങ്ങനെ ഞാൻ അവളെ അബ്ദുല്ലാഹിബ്നു ഉമറിന് വിവാഹം ചെയ്തുകൊടുത്തു. മതബോധമോ പൊരുത്തമോ ഞാൻ കണക്കിലെടുക്കാതിരുന്നിട്ടില്ല. എന്നാൽ അവളൊരു സ്ത്രീയാണ് അവളിപ്പോൾ മാതാവിന്റെ താൽപര്യത്തിനനുസരിച്ച് ചാഞ്ഞിരിക്കുകയാണ്.''

റസൂൽ(ﷺ) പ്രതിവചിച്ചു. هي يتيمة ولا تنكح إلا بإذنها

''അവൾ ഒരു അനാഥയാണ്. അവളുടെ സമ്മതം കൂടാതെ അവളെ വിവാഹം ചെയ്യിക്കരുത്.''

ഇബ്നു ഉമർ കൂട്ടിച്ചേർത്തു.

''അങ്ങനെ, അല്ലാഹുവാണെ, അവൾ (വിവാഹത്തിലൂടെ) എന്റെ അധീനതയിൽ വന്നിട്ടുപോലും അവൾ പിൻവലിക്കപ്പെടുകയും മുഗീറ ഇബ്നു ശുഅ്ബക്ക് വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്തു.[81]

---

81) അഹ്മദ്, ദാറഖുത്നി, അൽബാനി ഹസൻ ആയി പ്രഖ്യാപിച്ചു (ഇർവാഉൽ ഗലീൽ 1835)

## മോചിപ്പിക്കപ്പെട്ട അടിമസ്ത്രീ

അടിമകളായ വിവാഹ ദമ്പതികളിൽ സ്ത്രീയാണ് ആദ്യം മോചിതയാവുന്നതെങ്കിൽ അവൾക്ക് അവളുടെ ഭർത്താവിനോടൊപ്പം നിൽക്കാനോ അയാളേ വിട്ടുപിരിയാനോ ഉള്ള സ്വാതന്ത്ര്യം നൽകാവുന്നതാണ്. ആദ്യത്തേതാണ് അവൾ തെരഞ്ഞെടുക്കുന്നതെങ്കിൽ, അയാളുടെ ഭാര്യയായി കഴിഞ്ഞുകൂടാം. പിന്നീട്, ആ കാര്യത്തിൽ മറ്റൊരവസരം അവൾക്കുണ്ടാവുകയില്ല.

അൻസാറുകളിൽ ചിലരുടെ അധീനതയിലുണ്ടായിരുന്ന ഒരടിമസ്ത്രീയായിരുന്ന ബരീറ. അവൾ മുഗീഥ് എന്ന ഒരു കറുത്ത അടിമക്ക് വിവാഹം ചെയ്തുകൊടുക്കപ്പെട്ടവളായിരുന്നു.

ആയിശ(ﷺ) നിവേദനം: റസൂൽ(ﷺ) ബരീറയെ കുറിച്ച് അവരോട് പറഞ്ഞു: 'അവളെ സ്വീകരിക്കുകയും മോചിപ്പിക്കുകയും ചെയ്യുക." അങ്ങനെ അവർ അവളുടെ ഉടമസ്ഥരിൽ നിന്നും അവളെ വാങ്ങി മോചിപ്പിച്ചു. പ്രവാചകൻ(ﷺ) പിന്നീട് അവൾക്ക് ഭർത്താവിന്റെ കൂടെ കഴിഞ്ഞുകൂടാനോ സ്വന്തമായി നിൽക്കാനോ ഉള്ള തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം നൽകി. അവൾ സ്വന്തമായി നിൽക്കാൻ തീരുമാനിച്ചു. 82 (82. അബൂദാവൂദ്, സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി.- മിശ്കാത്ത് 3201)

ആയിശ(ﷺ) വീണ്ടും നിവേദനം. ബരീറക്ക് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയപ്പോൾ റസൂൽ(ﷺ) അവളോട് പറഞ്ഞു: "അവൻ നിന്നെ സമീപിക്കുകയാണെങ്കിൽ, നിനക്ക് പിന്നെ (തെരഞ്ഞെടുക്കാനുള്ള) സ്വാതന്ത്ര്യമുണഅടാവുകയില്ല"

ബരീറയുടെ വേർപാട് മുഗീഥിനെ നിരാശനാക്കി. ഇബ്നു അബ്ബാസ്(ﷺ) പറയുന്നു. "മദീനയിലെ തെരുവുകളിലൂടെ തന്റെ താടി നനയുവോളം കരഞ്ഞുകൊണ്ട് അവൻ അവളെ പിന്തുടരുന്നത് ഞാനിന്നും കാമുന്നത് പോലുണ്ട്." റസൂൽ(ﷺ) പറഞ്ഞു:

''ഓ അബ്ബാസ്! മുഗീഥ് ബരീറയോട് കാണിക്കുന്ന സ്നേഹവും ബരീറ മുഗീഥിനോട് കാണിക്കുന്ന വെറുപ്പും നിന്നെ അത്ഭുതപ്പെടുത്തുന്നില്ലേ?"

പിന്നീട് പ്രവാചകൻ(ﷺ) ബരീറയോട് പറഞ്ഞു: "നീ അവനെ തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കുമോ?" അവൾ പറഞ്ഞു: തിരു

ദൂതരേ! ഇത് അങ്ങയുടെ ഒരു കൽപനയാണോ?" അവിടുന്ന് പറഞ്ഞു: "ഞാൻ (അവന് വേണ്ടി) ശുപാർശ ചെയ്യുക മാത്രമാണ്." അവൾ പറഞ്ഞു: "അങ്ങനെയാണെങ്കിൽ എനിക്കദ്ദേഹത്തോട് ഒട്ടും താൽപര്യമില്ല."(83)

## സ്ത്രീയുടെ വലിയ്യ്

### വിധി

ഒരു സ്ത്രീക്ക് അവളുടെ ഇഷ്ടാനുസരണം സ്വയം വിവാഹം കഴിക്കാൻ പാടില്ല. അവളുടെ വലിയ്യ് അതിന് അവളെ പ്രതിനിധീ കരിക്കണം. കന്യകയാണെങ്കിൽ അവളുടെ സമ്മതം വാങ്ങണം. അതല്ലെങ്കിൽ അയാൾ അവളുടെ നിർദേശങ്ങൾ പിൻപറ്റണം.

അബൂമൂസൽ അശ്അരി(ﷺ), അബ്ദുല്ലാഹിബ്നു അബ്ബാൻ, ജാബിറുബ്നു അബ്ദില്ല(ﷺ), അബൂഹുറയ്റ(ﷺ) എന്നിവർ നിവേ ദനം: റസൂൽ(ﷺ) പറഞ്ഞു:

"വലിയ്യില്ലാതെ നികാഹില്ല"(84)

അപ്പോൾ വലിയ്യിന്റെ സാന്നിദ്ധ്യം നികാഹിന്റെ സാധുത ക്കുള്ള നിബന്ധനയാണ്.

### ആരാണ് ഒരു സ്ത്രീയുടെ വലിയ്യ്?

സാധാരണഗതിയിൽ, ഒരു സ്ത്രീയുടെ വലിയ്യ് അവളുടെ പിതാവാണ്. എന്തെങ്കിലും കാരണത്താൽ പിതാവിന് വലിയ്യാകാൻ സാധിക്കുകയില്ലെങ്കിൽ, പിന്നീട് ഏറ്റവും അടുത്ത് 'മഹ്റും' (പിതാ മഹൻ, പുത്രൻ, സഹോദരൻ, അമ്മാവൻ തുടങ്ങിയവർ) ആയി രിക്കും അവളുടെ വലിയ്യ്.

സ്ത്രീയുടെ അടുത്ത ബന്ധുക്കളെല്ലാം അമുസ്ലിംകളാണെ ങ്കിൽ, അവരൊന്നും ശറഇയ്യായ രക്ഷാകർത്താക്കളല്ല. അല്ലാഹു പറയുന്നു.

﴿ وَلَن يَجْعَلَ ٱللَّهُ لِلْكَٰفِرِينَ عَلَى ٱلْمُؤْمِنِينَ سَبِيلًا ﴾

---

83) ബുഖാരി

84) അബൂദാവൂദ്, തിർമിദി. സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി.- ഇർവാ ഉൽ ഗലീൽ 1834)

"വിശ്വാസികൾക്കെതിരിൽ അല്ലാഹു ഒരിക്കലും സത്യനിഷേധികൽക്ക് വഴിതുറന്നു കൊടുക്കുന്നതല്ല" (സൂറ. അന്നിസാഅ് 141)

ഒരു സ്ത്രീ മറ്റൊരു സ്ത്രീയെ അവളുടെ വലിയ്യാക്കരുത്. അബൂഹുറയ്റ(ﷺ) നിവേദനം. റസൂൽ(ﷺ) പറഞ്ഞു. ഒരു സ്ത്രീ മറ്റൊരു സ്ത്രീയെ വിവാഹം കഴിപ്പിക്കരുത്. ഒരു സ്ത്രീ (വലിയ്യില്ലാതെ) സ്വയം വിവാഹം കഴിക്കുകയുമരുത്."

അബൂഹുറയ്റ(ﷺ) ഇപ്രകാരം കൂട്ടിച്ചേർത്തു. വലിയ്യില്ലാതെ സ്വയം വിവാഹം കഴിക്കുന്നവൾ വ്യഭിചാരിണിയാണ്."[85]

വധുവിന്ന് വലിയ്യായി മുസ്ലിംകളായ രക്തബന്ധുക്കളൊന്നുമില്ലെങ്കിൽ, ജഡ്ജിയോ ഭരണാധികാരിയോ പ്രതിനിധിയായിട്ടുള്ള ഇസ്ലാമികാധികാരികൾ അവൾക്ക് വേണ്ടി ഒരു വലിയ്യിനെ നിശ്ചയിച്ചുകൊടുക്കണം. പല അമുസ്ലിം രാഷ്ട്രങ്ങളിലും മുസ്ലിം സമൂഹത്തിലെ പ്രാദേശിക ഇമാമായാണ് ഒരു ഇസ്ലാമിക ന്യായാധിപന്റെ പൊതുവായ കർത്തവ്യങ്ങൾ നിർവഹിച്ചുപോരുന്നത്. അതുകൊണ്ട് തന്നെ വലിയ്യില്ലാത്ത സ്ത്രീക്ക് ആ ഇമാം തന്നെ വലിയ്യാകും.

ആയിശ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

"വലിയ്യിനെ കൂടാതെ നികാഹില്ല. വലിയ്യില്ലാത്തവരുടെ വലിയ്യ് ഇസ്ലാമിക രാജ്യത്തെ ഭരമആധികാരിയാണ്"[86]

## ഒരു സ്ത്രീ സ്വന്തമായി വലിയ്യിനെ നിശ്ചയിക്കരുത്

മുസ്ലിമായ മഹ്റമില്ലാത്ത ഒരു സ്ത്രീ സ്വന്തമായി വലിയ്യിനെ നിശ്ചയിക്കുന്ന ഒരേർപ്പാട് പല അമുസ്ലിം രാജ്യങ്ങളിലുമുണ്ട്. ഇത് തെറ്റാണ്. അവൾക്ക് അതിനുള്ള അവകാശമില്ല. മുകളിൽ കണ്ടത് പോലെ, ഇത് ഇസ്ലാമിക ന്യായാധിപന്റെയോ ഇമാമിന്റെയോ ബാധ്യതയാണ്. ഈ തെറ്റായ നടപടിക്രമം കാരണം പല അനിഷ്ട സംഭവങ്ങളുമുണ്ടായിട്ടുണ്ട്. അവയിൽ ചിലത് താഴെ പറയുന്നു:

85) ഇബ്നുമാജ, ബൈഹഖി സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി. - ഇർവാഉൽഗലീല് 1841)

86) അഹ്മദ്, അബൂദാവൂദ്, സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കി.- അൽവാഉൽ ഗലീൽ 1840)

1. ആ നിയുക്ത വലിയ്യ് പലപ്പോഴും തന്നെ ഏൽപിക്കപ്പെട്ട ഉത്തരവാദിത്തത്തിന് അനർഹനും തന്റെ കക്ഷിയുടെ താൽപര്യങ്ങൾ കൃത്യമായി സംരക്ഷിക്കുന്ന വിഷയത്തിൽ അശക്തനുമായിരിക്കും.

2. ചില സ്ത്രീകൾ വലിയ്യുമായി ഇടപെടുമ്പോൾ അമിതമായ സ്വാതന്ത്ര്യമെടുക്കുന്നത് കാണാം. അവർ അയാളെ ഉറ്റ സുഹൃത്തോ അടുത്ത ബന്ധുവോ ആയി കണക്കാക്കുകയും അയാളുമായി അതീവ രഹസ്യങ്ങൾ പങ്കുവെക്കുകയും അയാളോടൊപ്പം 'ഖുൽവ'യിൽ (പൂർണ സ്വകാര്യത) പോവുകയും ചെയ്യും. ഇത് വൻ പാപങ്ങൾ വരെ ചെയ്യാൻ പലപ്പോഴും പ്രേരിപ്പിക്കപ്പെടാറുണ്ട്.

3. ചില സ്ത്രീകൾ വലിയ്യിൽ നിന്നും അവരുടെ കഴിവിനപ്പുറത്തുള്ളത് പ്രതീക്ഷിക്കും. അദ്ദേഹത്തിന്റെ കർത്തവ്യം ആ സ്ത്രീയെ പ്രതിനിധീകരിക്കുകയെന്നതും വിവാഹ സംബന്ധമായ ചർച്ചകളിലും നികാഹുമായി ബന്ധപ്പെട്ട കാര്യങ്ങളിലും അവളുടെ താൽപര്യങ്ങൾ സംരക്ഷിക്കുക എന്നതും മാത്രമാണ്. ഒരിക്കൽ അത് ചെയ്തുകഴിഞ്ഞാൽ, അയാളുടെ കർത്തവ്യം അവിടെ തീരുകയും ഇനി അവളുടെ വലിയ്യല്ലാതായിത്തീരുകയും ചെയ്യും. എന്നാൽ, ചില സ്ത്രീകൾ കരുതുന്നത് വലിയ്യിന്റെ സ്ഥാനം ശാശ്വതമാണെന്നാണ് അതുകൊണ്ട് തന്നെ അവർ ജീവിതത്തിലെ ചെറുതും വലുതുമായ ഏതൊരു പ്രശ്നത്തിലും അയാളെ സമീപിക്കും. ഇത് അവർ തമ്മിലുള്ള വഴിവിട്ട ഒരു ബ്ധത്തിലേക്ക് നയിക്കുക (2)ൽ പറഞ്ഞത് പോലെയുള്ള ഗൗരവതരമായ പാപത്തിൽ കലാശിക്കുകയും ചെയ്യും.

## വലിയ്യില്ലാത്ത വിവാഹം

മേൽ പ്രസ്താവിച്ചതിൽ നിന്നും വലിയ്യിന്റെ സാന്നിധ്യം വിവാഹ കരാറിന്റെ സാധുതക്കുള്ള ഒരു നിബന്ധനയാണെന്ന് നാം മനസ്സിലാക്കുന്നു. അതിനാൽ, വലിയ്യിന്റെ അംഗീകാരവും സമ്മതവുമില്ലാത്ത ഒരു വിവാഹം നിയമസാധുതയില്ലാത്തതാണ്.

ആയിശ(﵂) നിവേദനം: റസൂൽ(ﷺ) പറഞ്ഞു: "വലിയ്യിന്റെ അനുമതിയില്ലാതെ ഏതൊരു സ്ത്രീ വിവാഹം ചെയ്യുന്നുവോ, അവളുടെ വിവാഹം അസാധുവാണ്. അവളുടെ വിവാഹം അസാധു

വാണ്. അവളുടെ വിവാഹം അസാധുവാണ്. അവൻ(ഭർത്താവ്) അവളുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ടാൽ, മഹ്ർ അവളുടെ അവകാശമായി മാറും. കാരണം അവളുടെ ഗുഹ്യാവയവങ്ങൾ അവൻ നിയമാനുസൃതമാക്കി. ഇനി, അവർ (ഈ ഒരു വിഷയത്തിലോ മറ്റുള്ളവയിലോ വലിയ്യുമായി) കലഹിക്കുകയാണെങ്കിൽ, വലിയ്യില്ലാത്തവന്റെ വലിയ്യാകുന്നത് ഭരണാധികാരിയായിരിക്കും."(87)

## പ്രശ്നക്കാരനായ വലിയ്യ്

ഒരു വലിയ്യ് തന്റെ കക്ഷിയെ പ്രതിനിധീകരിക്കുകയും അവളുടെ താൽപര്യങ്ങളെ സംരക്ഷിക്കുകയും വേണം ഒരു വലിയ്യ് തന്റെ കക്ഷിയെ അനാവശ്യമായി ദ്രോഹിക്കുകയോ, അല്ലാഹു അവൾക്ക് അനുവദിച്ച കാര്യങ്ങളിൽ നിന്നും തടഞ്ഞുവെക്കുകയോ ചെയ്യുകയാണെങ്കിൽ, അവൾക്ക് ഇസ്‌ലാമികാധികാരികൾക്ക് മുമ്പിൽ പ്രതിഷേധിക്കുകയും പരാതിപ്പെടുകയും ചെയ്യാവുന്നതാണ്. എന്ന് മുകളിലുദ്ധരിച്ച ഈയിശ (ﷺ)യുടെ ഹദീഥിൽ നിന്നും നമുക്ക് കാണാം. അപ്പോൾ, അവളുടെ ആരോപണങ്ങൾ സത്യമാണെന്ന് കണ്ടാൽ, ആ വലിയ്യിനോട് അവന്റെ തെറ്റ് തിരുത്താനോ തന്റെ രക്ഷാകർതൃത്വ പദവി മറ്റുള്ളവരിലേക്ക് മാറ്റാനോ, അതുമല്ലെങ്കിൽ അവളുടെ കാര്യത്തിൽ ഉചിതമാണെന്ന് തോന്നുന്ന മറ്റ് തീരുമാനങ്ങൾ എടുക്കാനോ ഒരു ഇസ്‌ലാമിക ന്യായാധിപന് ആവശ്യപ്പെടാവുന്നതാണ്.

മഅ്ഖിൽ ഇബ്നു യസാർ(ﷺ) നിവേദനം: അദ്ദേഹം തന്റെ സഹോദരിയെ ഒരാൾക്ക് വിവാഹം ചെയ്തുകൊടുത്തു. എന്നാൽ, പിന്നീട് അയാൾ അവളെ വിവാഹമോചനം ചെയ്തു. അവളുടെ 'ഇദ്ദ' അവസാനിച്ച ശേഷം. പുനർ വിവാഹം അന്വേഷിച്ചുകൊണ്ട് അയാൾ വന്നു. അയാളോട് മഅ്ഖിൽ പറഞ്ഞു: "ഞാൻ അവളെ നിനക്ക് വിവാഹം ചെയ്തുതന്നു. വീട്ടുപകരണങ്ങൾ ഒരുക്കിത്തന്നു; നിന്നോട് മഹാമനസ്കത കാണിച്ചു. എന്നാൽ നീ അവളെ വിവാഹമോചനം ചെയ്തു! ഇല്ല, അല്ലാഹുവണെ, അവൾ ഒരിക്കലും നിങ്ങളോടൊപ്പം തിരിച്ചുവരികയില്ല! എന്നാൽ അയാൾ സാമാന്യം

87) അഹ്മദ്, അബൂദാവൂദ്, സ്വഹീഹാണെന്ന് അൽബാനി വ്ടക്തമാക്കി - ഇർവാഉൽ ഗലീൽ 1840)

നല്ലൊരു മനുഷ്യനായിരുന്നു. ആ സ്ത്രീക്ക് അവനോടൊപ്പം തിരിച്ചുപോകണമെന്നുണ്ടായിരുന്നു. അപ്പോൾ അല്ലാഹു അവതരിപ്പിച്ചു.

**"നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്തിട്ട് അവരുടെ അവധി പ്രാപിച്ചാൽ അവർ തങ്ങളുടെ ഭർത്താക്കൻമാരുമായി വിവാഹത്തിൽ ഏർപെടുന്നതിന് നിങ്ങൾ തടസ്സമുണ്ടാക്കരുത്; മര്യാദയനുസരിച്ച് അവർ അന്യോന്യം തൃപ്തിപ്പെട്ടിട്ടുണ്ടെങ്കിൽ. നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കുള്ള ഉപദേശമാണത്. അതാണ് നിങ്ങൾക്ക് ഏറ്റവും ഗുണകരവും സംശുദ്ധവുമായിട്ടുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല."** (സൂറ അൽബഖറ : 232)

ശേഷം, മഅ്ഖിൽ റസൂലിനോട് പറഞ്ഞു "ഇപ്പോൾ ഞാൻ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു. തിരുദൂതരേ!" അങ്ങനെ, അദ്ദേഹം അവരെ പുനർവിവാഹം ചെയ്യിക്കുകയും സ്വന്ത ശപഥം പിൻവലിക്കുകയും ചെയ്തു.(88)

## വലിയ്യിന്റെ ഉത്തരവാദിത്തം

ജന്മം കൊണ്ടുള്ള വലിയ്യാണെങ്കിലും നിയുക്ത വലിയ്യാണെങ്കിലും നിന്റെ കക്ഷിയുടെ കാര്യത്തിൽ അല്ലാഹുവിന് അവൻ അവളെ പ്രതിനിധീകരിക്കുകയും സാധ്യമാകുംവിധം അവളുടെ താൽപര്യങ്ങളെ സംരക്ഷിക്കുകയും വേണം. അവളെ വിവാഹമന്വേഷിക്കുന്ന പുരുഷൻ അവൾക്ക് അനുയോജ്യനാണെന്ന് അയാൾ ഉറപ്പ് വരുത്തണം. അല്ലാഹുവിന്റെ പ്രീതി ലഭിക്കുക എന്നതായിരിക്കണം അയാൾ മാനദണ്ഡമാക്കേണ്ടത്. (രണ്ടാം അദ്ധ്യായത്തിൽ വിവരിച്ചത് പോലെ)- അതല്ലാതെ സമൂഹത്തിലെ പദവി, സമ്പത്ത്, അല്ലെങ്കിൽ മറ്റ് ഭൗതിക ലാഭങ്ങളൊന്നുമാകരുത്.

വലിയ്യ്, അവനെ ഏൽപിക്കപ്പെട്ട ഉത്തരവാദിത്തത്തിന് അനുയോജ്യനല്ലെന്ന് പ്രകടമാകുകയാണെങ്കിൽ, നേരത്തെ വിവരിച്ച നടപടിപ്രകാരം അവന്റെ വലായ('വലിയ്യ്' എന്ന സ്ഥാനം) നഷ്ടപ്പെടും.

## സാക്ഷികൾ

വിവാഹകരാറിന്റെ സാധുതക്കുള്ള മറ്റൊരു നിബന്ധന, ഏറ്റവും ചുരുങ്ങിയത് രണ്ട് മുസ്ലിം പുരുഷന്മരായ സാക്ഷികളുടെ

88) ബുഖാരി, ദാറുഖുത്നി)

സാന്നിദ്ധ്യമാണ്. ആയിശ(ﷺ), ഇംറാൻ ഇബ്നു ഹുസൈൻ(ﷺ), അബൂ മൂസൽ അശ്അരി(ﷺ) എന്നിവർ നിവേദനം. പ്രവാചകൻ(ﷺ) പറഞ്ഞു:

"ഒരു വലിയ്യിനെയും വിശ്വസ്തരായ രണ്ട് സാക്ഷികളെയും കൂടാതെ വിവാഹം (നികാഹ് ശരിയാവുകയില്ല."[89]

വധു വലിയ്യിന് നൽകിയ അനുവാദമുൾപ്പെടെയുള്ള കരാറിലെ മുഴുവൻ വിശദവിവരങ്ങളും സാക്ഷികൾ കേൾക്കുകയും സാക്ഷ്യംവഹിക്കുകയും ചെയ്യണം.

## മഹ്ർ (വധുവിന് കൊടുക്കുന്ന ധനം, വിവാഹമൂല്യം)

ഇസ്‌ലാമിൽ ഭർത്താവ്, ഭാര്യക്ക് വിവാഹസമയത്ത് നല്കുന്ന സമ്മാനമാണ് വിവാഹമൂല്യം. അറബിയിൽ അതിനെ മഹർ എന്നോ സ്വദഖ് എന്നോ പറയുന്നു. അല്ലാഹു കല്പിക്കുന്നു:

﴿ وَءَاتُوا۟ ٱلنِّسَآءَ صَدُقَـٰتِهِنَّ نِحْلَةً ﴾

"നിങ്ങളുടെ സ്ത്രീകൾക്ക് നിങ്ങൾ (വിവാഹം കഴിക്കുമ്പോൾ) അവരുടെ വിവാഹമൂല്യം നല്കുക" (നിസാഅ് 4:4)

ഈ ആയത്തിനെപ്പറ്റി അൽഖുർതുബി(رحمه الله) പറഞ്ഞു: "ഈ ആയത്ത് സൂചിപ്പിക്കുന്നത് സ്ത്രീകളുടെ വിവാഹമൂല്യം നിർബന്ധമാണ് എന്നാണ്. ഇതിനെക്കുറിച്ച് (പണ്ഡിതന്മാർക്ക്) അഭിപ്രായൈക്യമുണ്ട്. ഇതിനെ സംബന്ധിച്ച് യാതൊരു ഭിന്നതയും നിലവിലില്ല."[90]

അല്ലാഹു വീണ്ടും കൽപിക്കുന്നു:

﴿ فَٱنكِحُوهُنَّ بِإِذْنِ أَهْلِهِنَّ وَءَاتُوهُنَّ أُجُورَهُنَّ بِٱلْمَعْرُوفِ ﴾

89) അഹ്മദ്, ഇബ്നുഹിബ്ബാൻ, അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കി. (ഇർവാഉൽ ഗലീൽ, 1839, 1859, 1860)

90) അൽജാമിഉ ലി അഹ്കാമിൽ ഖുർആൻ)

"നിങ്ങൾ അവർക്ക് (വിവാഹം കഴിക്കപ്പെടുന്ന സ്ത്രീകൾക്ക്) വിവാഹമൂല്യം ഒരു ബാധ്യത എന്ന നിലയിൽ നൽകേണ്ട താണ്."(അന്നിസാഅ് 4:24)

മഹർ എന്നത് ഭർത്താവിന്റെ നിർബന്ധചുമതലയാണെ ങ്കിലും, വിവാഹം സാധുവാകാനുള്ള ഒരു വ്യവസ്ഥയാണ് എന്നതിന് തെളിവൊന്നുമില്ല. താഴെ കാണുന്നതുപോലെ മഹറ് വ്യക്തമാക്കാ തെയും വിവാഹം നടത്താവുന്നതാണ്. പക്ഷേ സാധാരണഗതിയിൽ മഹർ വ്യക്തമാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം അത് ഭാവിയിൽ തർ ക്കത്തിനും സങ്കീർണതകൾക്കും കാരണമാകാൻ സാധ്യതയുണ്ട്.

## മഹർ ആർക്ക് ഉള്ളതാണ്?

മഹർ എന്നത് ഭാര്യയുടെ സ്വന്തം അവകാശമാണ്. അതിൽ നിന്ന് ഒന്നും തന്നെ ആരും അവളുടെ അനുവാദം കൂടാതെ എടുക്കരുത്. മാതാപിതാക്കൾ പോലും.

ഇപ്പറഞ്ഞ കാര്യത്തെ ചിലരെങ്കിലും എതിർക്കും. അവർ കാണിക്കുക മൂസാനബി ഒരാൾക്ക് തന്റെ അധ്വാനം മഹറായി നല്കിക്കൊണ്ട് അയാളുടെ മകളെ വരിച്ചു എന്നാണ്. സൻആനി സൂചിപ്പിക്കുന്നത് അത് ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുൻപ് അനുദനീയമായിരിക്കാമെങ്കിലും ഇസ്‌ലാം ഉടലെടുത്തതോടെ റദ്ദു ചെയ്യപ്പെട്ടു എന്നതാണ്.[91] മാത്രവുമല്ല, അദ്ദേഹത്തിന്റെ കീഴിൽ മൂസാ അനുഷ്ടിച്ച സേവനം മൂസായുടെ ഭാര്യയ്ക്കു കൂടി ഉപകാരപ്രദമായിരുന്നിരിക്കുമല്ലോ. ചിലപ്പോൾ മൂസായുടെ സേവനത്തിന് പകരമായി തന്റെ പിതാവിൽ നിന്ന് അവൾ എന്തെ ങ്കിലും കൈപ്പറ്റിയിട്ടുണ്ടായിക്കൂടായ്കയില്ല. അല്ലെങ്കിൽ അവളുടെ മഹ്ർ പിതാവിന് ഒരു സമ്മാനമായി നല്കാൻ തയ്യാറായതുമാകാം.

മഹർ എന്നത് സ്ത്രീ ഭർത്താവിന് സ്വയം സമർപ്പിക്കുന്ന തിനുവേണ്ടി പകരമായി പറ്റുന്ന പ്രതിഫലമാണ്. അതിന്മേൽ അവ ൾക്ക് പൂർണമായ അവകാശം അല്ലാഹു തന്നെ നല്കുന്നു-അവൾ വിവാഹമോചിതയാവുകയാണെങ്കിൽ പോലും (അവളുടെ ഭാഗത്ത് തെറ്റൊന്നുമില്ലാതെ തന്നെ അവളുടെ ഭർത്താവ് മൊഴി ചൊല്ലുകയാണെങ്കിൽ) അല്ലാഹു പറയുന്നു:

91) സുബുലുസ്സലാം

﴿ وَإِنْ أَرَدتُّمُ ٱسْتِبْدَالَ زَوْجٍ مَّكَانَ زَوْجٍ وَءَاتَيْتُمْ إِحْدَىٰهُنَّ قِنطَارًا فَلَا تَأْخُذُوا۟ مِنْهُ شَيْـًٔا ۚ أَتَأْخُذُونَهُۥ بُهْتَـٰنًا وَإِثْمًا مُّبِينًا ﴿٢٠﴾ وَكَيْفَ تَأْخُذُونَهُۥ وَقَدْ أَفْضَىٰ بَعْضُكُمْ إِلَىٰ بَعْضٍ وَأَخَذْنَ مِنكُم مِّيثَـٰقًا غَلِيظًا ﴾

നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം തന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ നിന്ന് യാതൊന്നും തന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്. കള്ള ആരോപണം ചുമത്തിക്കൊണ്ടും പ്രത്യക്ഷമായ അധർമ്മം ചെയ്തുകൊണ്ടും നിങ്ങളത് മേടിക്കുകയോ? നിങ്ങൾ അന്യോന്യം കൂടിച്ചേരുകയും അവർ നിങ്ങളിൽ നിന്ന് കനത്ത ഒരു കരാർ വാങ്ങുകയും ചെയ്തുകഴിഞ്ഞിരിക്കെ നിങ്ങൾ അതങ്ങനെ മേടിക്കും? (അന്നിസാഅ്: 4: 20-21)

ഈ ആയത്തിൽ പറഞ്ഞ 'കിൻതാർ' എന്നത് മഹർ മാത്രമല്ല, ഒരാൾ തന്റെ ഭാര്യയ്ക്കു വളരെ ഗൗരവതരമായ കാരണം കൂടാതെ വിവാഹമോചനം നടത്തുമ്പോൾ നല്കുന്ന സമ്മാനമാണ്.

അപ്പോൾ മഹർ മുഴുവൻ സ്വയം എടുത്തുവയ്ക്കണമോ അതോ തന്റെ മാതാപിതാക്കൾക്ക് നല്കണമോ അതോ അതിൽ നിന്ന് കുറെ ഭാഗം ഭർത്താവിന് തന്നെ നല്കണമോ എന്നത് അവളുടെ താല്പര്യമനുസരിച്ച് ചെയ്യാവുന്നതാണ്.[92] അല്ലാഹു പറയുന്നു.

﴿وَءَاتُوا۟ ٱلنِّسَآءَ صَدُقَـٰتِهِنَّ نِحْلَةً ۚ فَإِن طِبْنَ لَكُمْ عَن شَىْءٍ مِّنْهُ نَفْسًا فَكُلُوهُ هَنِيٓـًٔا مَّرِيٓـًٔا ﴾

സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങൾ മനഃസംതൃപ്തി യോട് കൂടി നിങ്ങൾ നൽകുക. ഇനി അതിൽ നിന്ന് വല്ലതും

സന്മനസ്സോടെ അവർ വിട്ടുതരുന്ന പക്ഷം നിങ്ങളത് സന്തോഷ പൂർവ്വം സുഖമായി ഭക്ഷിച്ചു കൊള്ളുക. (അന്നിസാഅ് : 4)

## മഹർ എന്തൊക്കെയാവാം?

വിവാഹമൂല്യം എന്നത് പണമാവാം, ആഭരണമാവാം, വസ്ത്രമാവാം അല്ലെങ്കിൽ മറ്റെന്ത് സാധനങ്ങളുമാവാം. സാധന സാമഗ്രികളല്ലാത്ത സമ്മാനങ്ങളുമാവാം. അത് എങ്ങനെയെന്ന് നമുക്ക് നോക്കാം.

വിവാഹമൂല്യത്തിന്റെ തുക ഭർത്താവിന്റെ സാമ്പത്തിക നിലയ്ക്ക് അനുസരിച്ചും ഭാര്യയുടെ സാമൂഹ്യപദവിക്കനുസരിച്ച് ഉചിതമായതുമായിരിക്കണം. അത് സാധാരണ നിശ്ചയിക്കപ്പെടുന്നത് ഭർത്താവും ഭാര്യയും (അതല്ലെങ്കിൽ അവളുടെ വലിയ്യ്) തമ്മിലാണ്.

സഹ്ൽ ബിൻ സഅ്ദ് നിവേദനം ചെയ്യുന്നു: ഒരിക്കൽ ഒരു സ്ത്രീ പ്രവാചകനടുത്ത് വന്നിട്ട് സ്വയം പ്രവാചകനുമായി വിവാഹിതയാകാൻ തയ്യാറാണെന്നറിയിച്ചു. പ്രവാചകൻ അത് നിരസിക്കുകയും തനിക്ക് ഇനിയും കൂടുതൽ ഭാര്യമാരുടെ ആവശ്യം ഇല്ല എന്ന് പറയുകയും ചെയ്തു. ഉടൻ പ്രവാചകനടുത്ത് നിന്നിരുന്ന ഒരാൾ പറഞ്ഞു: “അവളെ എനിക്ക് വിവാഹം ചെയ്തുതന്നാലും.” പ്രവാചകൻ ചോദിച്ചു: “(അവൾക്കു നല്കാനായി) നിന്റെ കൈയിൽ എന്തെങ്കിലും ഉണ്ടോ?'' അയാൾ പറഞ്ഞു. ഇല്ല. പ്രവാചകൻ പറഞ്ഞു: “ഒരിരുമ്പുവളയെങ്കിലും അവൾക്ക് നല്കുക.” അതും അയാൾക്ക് താങ്ങാനാവുന്നതിനപ്പുറമായിരുന്നു. അപ്പോൾ പ്രവാചകൻ ചോദിച്ചു: “നീ ഖുർആൻ മന:പാഠമാക്കിയിട്ടുണ്ടോ?” അയാൾ പറഞ്ഞു. “ഞാൻ ഇന്നയിന്ന സൂറത്തുകൾ മന:പാഠമാക്കിയിട്ടുണ്ട്.” അപ്പോൾ പ്രവാചകൻ പറഞ്ഞു:

ذهب فقد أنكحتكها بما معك من القرآن

‘‘ചെന്ന് അവളെ ഭാര്യയാക്കുക. നീ മന:പാഠമാക്കിയ ഖുർആനിന് പകരമായി ഞാൻ അവളെ നിനക്ക് വിവാഹം ചെയ്തുതന്നിരിക്കുന്നു.”[93]

---

93) അൽബുഖാരി, മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

സ്വാഭാവികമായും ഒരു ചോദ്യം ഉയർന്നേക്കാം. അയാൾ ഖുർആൻ മന:പാഠമാക്കിയതുകൊണ്ട് അവൾക്ക് എന്താണ് പ്രയോജനം? അതിനുള്ള മറുപടി അയാൾ മന:പാഠമാക്കിയതിൽ നിന്ന് അവളെ അല്പമെങ്കിലും പഠിപ്പിയ്ക്കും എന്നുമാത്രമല്ല, പഠിച്ചുവെച്ചതിൽ നിന്ന് ഉൾക്കൊള്ളുന്ന ഗുണങ്ങൾ കൊണ്ട് അവളോട് ദയാപൂർവം പെരുമാറും എന്നതാണ്. ഇതെല്ലാം ഭൗതികമായ സമ്മാനങ്ങളേക്കാൾ വധുവിന് ഉപകാരപ്പെടുന്ന താണല്ലോ.

പണത്തിനു പുറമെ ചില സംസ്കാരങ്ങളിൽ ചില സാധനങ്ങ ളും കൂടി വധുവിനുവേണ്ടി ആവശ്യപ്പെടാറുണ്ട്. വസ്ത്രം, ആഭരണം തുടങ്ങിയവയെല്ലാം അതിൽ ഉൾപ്പെടുന്നു. ഇസ്ലാമിക നിയമത്തിൽ ഇതെല്ലാം മഹറിന്റെ ഭാഗമായാണ് കരുതപ്പെടുന്നത്. അതുകൊണ്ട് തന്നെ വിവാഹച്ചടങ്ങിൽ വെച്ച് ഇതെല്ലാം വ്യക്തമായി പറയുന്നതാണ് ഭാവിയിൽ തർക്കങ്ങൾ ഒഴിവാക്കാൻ നല്ലത്.

## വിവാഹമൂല്യത്തിലെ മിതത്വം

വിവാഹമൂല്യം എന്നതിന് ഇസ്ലാം ഉയർന്ന പരിധി നിശ്ചയിക്കുന്നില്ല. പക്ഷേ വിവാഹം കഴിക്കാനുദ്ദേശിക്കുന്ന പുരുഷന് എളുപ്പമായതും അമിതഭാരമേല്പിക്കാത്തതുമായി രിക്കണം എന്ന് ശുപാർശ ചെയ്യുന്നു. ഭാരിച്ച ഒരു മഹർ ദുരിതപൂർ ണവും സഹാനുഭൂതിയില്ലാത്തതുമായ ഒരു വിവാഹത്തിന്റെ നിമിത്തമാണെന്ന് പറയാം.

പല മുസ്ലിം രാഷ്ട്രങ്ങളിലും സ്ത്രീയുടെ മാതാപിതാക്കൾ വളരെ കൂടിയ വിവാഹമൂല്യം ചോദിക്കുന്നു. ഇത് പലപ്പോഴും യുവാക്കളെ വിവാഹം തന്നെ വേണ്ടെന്നു വയ്ക്കുവാനോ വിവാഹം അനന്തമായി നീട്ടിക്കൊണ്ടുപോകാനോ ഹേതുവാകുന്നു. ഇത് 'സിന'യും മറ്റു പാപങ്ങളും ചെറുപ്പക്കാരുടെ ഇടയിൽ പടർന്നുപിടി ക്കാൻ കാരണമാവുന്നു. അതുകൊണ്ട് രക്ഷിതാക്കൾ മനസ്സിലാക്കേ ണ്ടത് കൂടുതൽ വിവാഹമൂല്യം ചോദിക്കുന്നത് തന്റെ മകളുടെ ജീവിതം ദുരിതപൂർണമാക്കുകയും മുസ്ലിം സമുദായത്തിന് മൊത്തത്തിൽ നാശത്തിനുള്ള ഹേതുവാകുകയും ചെയ്യുന്നുവെ ന്നാണ്. അബൂഹുറയ്റ, ഒരാൾ പ്രവാചകന്റെ അടുത്ത് വന്ന്

ഇപ്രകാരം പറഞ്ഞതായി പറയുന്നു: "ഞാൻ അൻസാരികളിൽപെട്ട ഒരു സ്ത്രീയെ വിവാഹം ചെയ്തിട്ടുണ്ട്.[94] പ്രവാചകൻ ചോദിച്ചു: "നീ അവൾക്ക് എത്രയാണ് മഹറായി കൊടുത്തത്?" അയാൾ പറഞ്ഞു: ''നാല് ഊഖിയ്യകൾ.''[95] അയാളുടെ പരിമിതമായ സാമ്പത്തിക സ്ഥിതിയെ കുറിച്ചറിയുന്ന പ്രവാചകൻ, ആ തുക നല്കണമെങ്കിൽ അവന് സഹായമാവശ്യമാണെന്നറിഞ്ഞുകൊണ്ട് പറഞ്ഞു:

على أربع أواق ؟ كأنما تنحتون الفضة من عرض هذا الجبل

''നീയെന്താ ഈ പർവ്വതത്തിനരികിൽ നിന്ന് വെള്ളി വാരിയെടുക്കുകയാണ് എന്ന് തോന്നുന്നുവല്ലോ.[96]

അബൂഹദ്റദ് അൽ അസ്‌ലമി (ﷺ) നിവേദനം ചെയ്യുന്നു: ഒരു സ്ത്രീയുടെ മഹ്റ് കൊടുക്കാനായി സഹായമഭ്യർത്ഥിച്ച് അദ്ദേഹം പ്രവാചകന്റെ അടുത്തെത്തി. പ്രവാചകൻ ചോദിച്ചു: "നീ എത്രയാണ് അവൾക്ക് വാഗ്ദാനം നല്കിയത്?" അദ്ദേഹം മറുപടി പറഞ്ഞു:''ഇരുനൂറ് ദിർഹം." പ്രവാചകൻ (ﷺ) പറഞ്ഞു:

لو كنتم تعرفون من بطحان ما زدتم

നീ ബത്താനിൽ[97] നിന്ന് വെള്ളി കോരിയെടുക്കുകയായിരുന്നെങ്കിൽ പോലും ഇതിൽ കൂടുതൽ വാഗ്ദാനം ചെയ്യരുത്.[98] ഇഖ്ബാഹ്ബിൻ ആമിർ അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) ഇങ്ങനെ പറഞ്ഞതായി പറയുന്നു:

خير النكاح (أو الصداق) أيسره

---

94) ഇതേ ആളോടോത്ത് പ്രവാചകൻ വിവാഹത്തിനു മുൻപ് വധുവിനെ കണ്ടിട്ടുണ്ടോ എന്ന് ചോദിച്ചത്

95) ഒരു ഉഖിയ്യയെന്നാൽ നാല്പത് ദിർഹമിന് തുല്യമാണ്

96) മുസ്‌ലിം, നസാഈ തുടങ്ങിയവർ രേഖപ്പെടുത്തിയത്

97) മദീനയിലെ ഒരു താഴ്‌വര

98) അൽഹക്കിം, അഹ്മദ് തുടങ്ങിയവർ രേഖപ്പെടുത്തിയത്. (അൽഅൽബാനി പ്രാമാണികമെന്ന് ഉറപ്പിച്ചത്)

“ഏറ്റവും നല്ല വിവാഹം (അഥവാ വിവാഹമൂല്യങ്ങൾ) ഏറ്റവും എളുപ്പമുള്ളതാണ്.[99] ഭർത്താവിന് വളരെ ഭാരം കുറഞ്ഞതായി തോന്നുന്ന വിവാഹമൂല്യം വധുവിന് അനുഗ്രഹത്തിന്റെ അടയാളമാണ്. ആഇഷ അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതായി പറയുന്നു:

إن من يمن المرأة تيسير خطبتها و تيسير صداقها و تيسير رحمها

“തീർച്ചയായും ഒരു സ്ത്രീക്ക് അനുഗ്രഹത്തിന്റെ ലക്ഷണങ്ങൾ അവളുടെ വിവാഹനിശ്ചയം, സ്വദഖ, അവളുടെ ഗർഭപാത്രം (ജനനം നല്കൽ) എന്നിവ എളുപ്പമാക്കുക എന്നതാണ്.[100]

## കൃത്യമായി പറയാത്ത മഹ്റ്:

ഒരു വിവാഹം നടത്തുന്നത് മഹ്റ് വ്യക്തമായി പറയാതെയാണെങ്കിൽ ഭാര്യക്ക് അതിനുള്ള അവകാശം നഷ്ടപ്പെടുന്നുവെന്ന് അർത്ഥമില്ല.

“ഉഖ്ബാഹ്ബിൻ അമീർ (رضي الله عنه) പറയുന്നു: പ്രവാചകൻ ഒരു മനുഷ്യനോട് ചോദിച്ചു: “ഞാൻ ഇന്ന സ്ത്രീയെ നിനക്ക് വിവാഹം ചെയ്തുതരട്ടെയോ?'' അയാൾ പറഞ്ഞു: ‘‘ശരി.'' അങ്ങനെ പ്രത്യേകം മഹ്ർ പറയാതെയും ഒന്നും കൊടുക്കാതെയും അവർ തമ്മിലുള്ള വിവാഹം നടത്തി. അയാൾ ഹുദൈബിയാ സന്ധിക്ക് സാക്ഷിയായ ഒരാളായിരുന്നു. ഖൈബർ യുദ്ധത്തിൽ പിടിച്ചെടുത്ത ധനത്തിന്റെ ഒരോഹരി അയാൾക്കു ലഭിച്ചിരുന്നു. അങ്ങനെ അയാൾ മരണശയ്യയിൽ കിടക്കുമ്പോൾ പറഞ്ഞു:

“തീർച്ചയായും അല്ലാഹുവിന്റെ പ്രവാചകൻ ഇന്ന സ്ത്രീയെ എനിക്ക് വിവാഹം ചെയ്തുതന്നിട്ടുണ്ടായിരുന്നു. ഞാൻ അന്ന് അവൾക്ക് ഒന്നും തന്നെ നല്കിയിട്ടില്ല. ഖൈബർ യുദ്ധത്തിൽ നിന്ന് എനിക്ക് കിട്ടാനുള്ള വിഹിതം ഞാൻ അവൾക്ക് മഹറായി നല്കുന്നു.”

---

99) അബൂദാവൂദ്, ഇബ്നുമാജ തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽഅൽബാനി പ്രാമാണികമെന്നുറപ്പിച്ചത് (സ്വഹീഹ് ഉൽ ജാമിഅ് 3279, 3350, അസ്സ്വഹീഹ് 1842, ഇർവാഉൽ ഗലീൽ 1924)

100) അഹ്മദ്, അൽഹക്കീം തുടങ്ങിയവർ രേഖപ്പെടുത്തിയത്

അങ്ങനെ അവൾ ആ പങ്ക് വാങ്ങുകയും ഒരു ലക്ഷത്തിന് വിൽക്കുകയും ചെയ്തു.(101)

ഉൽഖുമാ നിവേദനം ചെയ്യുന്നു: കുറെയാളുകൾ അബ്ദുല്ലാ ബിൻ മസ്ഊദിനടുക്കൽ വന്ന് ഒരു പ്രത്യേക സംഗതി പറഞ്ഞു. അതായത് ഒരാൾ മഹറൊന്നും പറയാതെ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും വിവാഹം പൂർണമായ അവസ്ഥയിൽ എത്തുന്നതിന് മുൻപ് അയാൾ മരിച്ചുപോവുകയും ചെയ്തു. അബ്ദുല്ല പറഞ്ഞു. ഞാൻ പ്രവാചകനുമായി പിരിഞ്ഞ ശേഷം ഇത്രയും വിഷമമേറിയ ഒരു പ്രശ്നം എന്നോട് ചോദിയ്ക്കപ്പെട്ടിട്ടില്ല. വേറെ വല്ലവരോടും ചോദിക്കൂ." അവർ അദ്ദേഹത്തിൽ നിന്ന് ഉത്തരം ലഭിക്കാനായി ഒരു മാസത്തോളം ശ്രമിച്ചു. അവസാനം അവർ പറഞ്ഞു: "താങ്കളോട് ചോദിക്കാൻ പറ്റില്ലെങ്കിൽ ഞങ്ങൾ ആരോട് ചോദിക്കും? ഈ രാജ്യത്ത് മുഹമ്മദ് (സ.അ)യുടെ ഏറ്റവും ബഹുമാനിക്കപ്പെടുന്ന അനുചരന്മാരിൽ ഒരാൾ താങ്കളാണല്ലോ." അദ്ദേഹം പറഞ്ഞു: ''ഞാൻ എന്റെ ഏറ്റവും നല്ല അഭിപ്രായം പറയാം. അത് നേരാണെങ്കിൽ പങ്കുകാരില്ലാത്ത അല്ലാഹുവിൽ നിന്നുള്ളതാണ്. തെറ്റാണെങ്കിൽ അത് സാത്താനിൽനിന്നും എന്നിൽ നിന്നുള്ള തുമാണ്. അല്ലാഹുവിന്നും തിരുദൂതർക്കും അതിൽ യാതൊരു കുറ്റവുമില്ല." എന്നിദ്ദേഹം തുടർന്നു:

لها صداق نسائها لا وكس ولا شطط وعليها العدة ولها الميراث

അവളുടെ വീട്ടിലെ മറ്റു സ്ത്രീകൾക്ക് കിട്ടിയതനുസരിച്ചുള്ള മഹറ് (അല്ലെങ്കിൽ അവളുടെ സാമൂഹ്യസ്ഥിതി അനുസരിച്ചുള്ള മഹറ്) അവൾക്ക് നൽകണം. കൂട്ടാനും കുറയ്ക്കാനും പാടില്ല. അവൾ (നാലുമാസവും പത്ത് ദിവസവും) ഇദ്ദ ആചരിക്കുകയും വേണം. അനന്തരാവകാശസ്വത്തിന്റെ അവൾക്ക് അർഹതപ്പെട്ട ഭാഗം നൽകുകയും വേണം."

അശ്ജാഅ് ഗോത്രത്തിൽ നിന്നുള്ള ചിലർ അവിടെ ഉണ്ടായിരുന്നു. അവരിൽ മഅ്ഖിൽ ബിൽസിനാൻ അഷ്ജായി എന്നയാൾ ചോദിച്ചു:

---

101) അബൂദാവൂദ്, ഇബ്നു ഹിബ്ബാൻ തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽബാനി പ്രാമാണികമെന്നുറപ്പിച്ചത്. (ഇർവാഉൽ ഗലീൽ 1924)

“നിങ്ങളുടെ വിധി തീർപ്പ് ഞങ്ങളുടെ വർഗത്തിൽപ്പെട്ട ബറുബിൻത് വാഷിഖ് എന്ന സ്ത്രീയുടെ കാര്യത്തിൽ അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതിന് തുല്യമാണ്.[102]

ഇസ്ലാമിൽ ചേർന്നതുമുതൽ, ഇതുകേട്ടപ്പോൾ സന്തുഷ്ടനായത്ര ഒരിക്കലും അബ്ദുല്ലാഹിബ്നു മസ്ഊദിനെ സന്തുഷ്ടനായി കാണപ്പെട്ടിട്ടില്ല.

മുകളിൽ കൊടുത്ത സംഭവങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നത്, ഒരു സ്ത്രീക്ക് വിവാഹത്തിന്റെ സമയത്ത് മഹ്റ് നിശ്ചയിക്കപ്പെട്ടിട്ടില്ലെങ്കിൽ, അല്ലെങ്കിൽ അവൾക്കൊത്ത സ്ഥിതി വച്ചുനോക്കുമ്പോഴോ ഭർത്താവിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചോ അവളുടെ പദവിയിലുള്ള മറ്റു സ്ത്രീകൾക്ക് സാധാരണ കൊടുക്കാറുള്ളതോ ആയ മഹറ് കിട്ടിയിട്ടില്ലെങ്കിൽ അവൾക്ക് ആ മഹറ് കിട്ടാനുള്ള അവകാശം ഉണ്ട്. അവൾക്ക് ഇസ്ലാമിക അധികാരികളുടെയടുത്ത് ആവലാതിപ്പെടാവുന്നതാണ്.

അതുകൊണ്ട് ഒരു സ്ത്രീയുടെ വലിയ്യ് അവൾക്ക് മാന്യമായ ഒരു മഹറ് ലഭിക്കുന്നുണ്ട് എന്ന കാര്യത്തിൽ വളരെ ശ്രദ്ധാലുവായിരിക്കേണ്ടതും, വിവാഹസമയത്ത് മാന്യമായ മഹ്റ് ഉറപ്പാക്കേണ്ടതുമാണ്. അതുകഴിഞ്ഞ് അവളുടെ ഭർത്താവിനുവേണ്ടി അവൾ മഹറിൽ ഒരു ഭാഗമോ, മഹറു തന്നെയോ ഉപേക്ഷിക്കുകയാണെങ്കിൽ അവൾ അത് സ്വന്തം നിലയ്ക്കും അറിഞ്ഞുകൊണ്ടുമായിരിക്കണം ചെയ്യേണ്ടത്.

## വിശ്വാസികളുടെ ഉമ്മമാരുടെ വിവാഹമൂല്യം

പ്രവാചകൻ തന്റെ പത്നിമാർക്ക് നൽകിയ മഹറ് ഓരോരുത്തർക്കും വ്യത്യസ്തമായിരുന്നു. സഫിയ്യയുടെ കാര്യത്തിൽ അത് അടിമത്തമോചനമായിരുന്നു. അനസ് (ﷺ) നിവേദനം:

أعتق النبي صفية وجعل عتقها صداقها

102) അബൂദാവൂദ്, അന്നസാഈ തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽബാനി പ്രാമാണികമെന്ന് ഉറപ്പിച്ചത് (ഇർവാഉൽ ഗലീൽ 1939)

“പ്രവാചകൻ സഫിയ്യയെ സ്വതന്ത്രയാക്കി (അവളെ വിവാഹം ചെയ്തു). അവരുടെ വിവാഹമൂല്യം അവരുടെ സ്വാതന്ത്ര്യമായിരുന്നു.[103]

ഉമ്മു ഹബീബ നിവേദനം: അവർ ഉബൈദുല്ല ബിൻ ജഹ്ശുമായി വിവാഹിതയായിരുന്നു. അവർ അൽഹബായിൽ (അബിസീനിയ)യിൽ ആയിരുന്നപ്പോൾ അദ്ദേഹം മരണപ്പെട്ടു. അതുകൊണ്ട് നജാശി (അബ്സീനിയായിലെ രാജാവ്) അവളെ അല്ലാഹുവിന്റെ ദൂതർക്ക് വിവാഹം ചെയ്തുകൊടുത്തു. അല്ലാഹുവിന്റെ പ്രവാചകനുവേണ്ടി നജാഷി നാലായിരം (ദിർഹം) മഹർ കൊടുക്കുകയും ശർഹബിൽ ഇബ്നു ഹസനത്തിന്റെ കൂടെ അവരെ പറഞ്ഞയക്കുകയും ചെയ്തു.[104]

ഉമ്മുഹബീബയുടെ മഹർ സാമാന്യം നല്ലൊരു തുകയായിരുന്നു. എന്നാൽ അത് പ്രവാചകനല്ല അവർക്ക് നല്കിയത്. അത് നജാശി അയാളുടെ സമ്മാനമായി നല്കിയതായിരുന്നു. ബാക്കിയെല്ലാവരുടെ കാര്യത്തിലും പ്രവാചകൻ നൽകിയ മഹർ അഞ്ഞൂറ് ദിർഹമിൽ കൂടുതൽ ആയിട്ടില്ല.

അബൂസലമ അബ്ദുർറഹ്മാൻ നിവേദനം: അദ്ദേഹം ആഇശയോട് അവർക്ക് അല്ലാഹുവിന്റെ ദൂതൻ എത്ര *സ്വദാഖ്* ആണ് മഹറായി തന്നത് എന്ന് ചോദിച്ചു. അവർ പറഞ്ഞു.

“അദ്ദേഹം ഭാര്യമാർക്ക് തന്ന സദാഖ് പന്ത്രണ്ട ഊഖിനയ്യയാണ്.[105]

അബുൽഅജ്ഫാ ഒരിക്കൽ ഉമർ ഇങ്ങനെ ഒരു *ഖുത്ബ*യിൽ പറഞ്ഞതായി പറയുന്നു.

لا تغالوا في صدقات النساء

“സ്ത്രീകളുടെ വിവാഹമൂല്യം വല്ലാതെ അധികമാക്കരുത്.” അദ്ദേഹം തുടർന്നു:

---

103) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

104) അബൂദാവൂദ്, അന്നസായി തുടങ്ങിയവർ രേഖപ്പെടുത്തിയത്. (സ്വഹീഹ് അബൂദാവൂദ് : 1853)

105) മുസ്ലിമും മറ്റുള്ളവരും രേഖപ്പെടുത്തി.

‘‘അത് ഇഹലോകജീവിതത്തിൽ അഭിമാനത്തിനോ അല്ലെങ്കിൽ അല്ലാഹുവിന്റെ മുൻപിൽ കൂടുതൽ തഖ്‌വക്കോ കാരണമായിരുന്നുവെങ്കിൽ പ്രവാചകൻ തന്നെ അങ്ങനെ ചെയ്യുമായിരുന്നു. പക്ഷേ പ്രവാചകൻ അദ്ദേഹത്തിന്റെ ഭാര്യമാർക്ക് ആർക്കും തന്നെ പന്ത്രണ്ട് ഉഖിയ്യയിൽ കൂടുതൽ വിവാഹമൂല്യം നൽകുകയോ ഏതെങ്കിലും മക്കൾക്ക് വേണ്ടി അതിൽ കൂടുതൽ വാങ്ങുകയോ ചെയ്തില്ല.(106)

## ദുർബലമായ ഒരു കഥ: “ഉമർ പറഞ്ഞത് തെറ്റും ഒരു സ്ത്രീ പറഞ്ഞത് ശരിയുമാണ്”

ഉമറിനും ഒരു സ്ത്രീയ്ക്കുമിടയിൽ നടന്നതായി പറയപ്പെടുന്ന ഒരു സംഭാഷണം വളരെ ദുർബലമായ ഒരു കഥയാണെന്നും ഇബ്നു തൈമിയ്യയെ പോലുള്ള ചില വലിയ പണ്ഡിതന്മാർ പോലും അതിന്റെ അറിയാതെ ഇത് എടുത്തുപറഞ്ഞിട്ടുണ്ടെന്നും മുന്നറിയിപ്പ് നല്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

കഥ ഇങ്ങനെയാണ്: ഒരിക്കൽ ഉമർ (رضي الله عنه) വിവാഹമൂല്യം അധികമാക്കുന്നതിനെതിരെ പ്രസംഗിച്ചു. എന്നിട്ട് പറഞ്ഞു: “പ്രവാചകന്റെ ഭാര്യമാരുടെയും മക്കളുടെയും വിവാഹമൂല്യത്തിനേക്കാൾ കൂടുതൽ ഞാൻ ഒരിക്കലും അനുവദിക്കുകയില്ല. ഒരു സ്ത്രീ പ്രതിഷേധ സ്വരത്തിൽ പറഞ്ഞു:

‘‘വിശ്വാസികളുടെ പടനായകാ! വിവാഹമൂല്യം അധികമാക്കുന്നതിനെ താങ്കൾ എതിർത്തുവല്ലോ. അല്ലാഹു ഞങ്ങൾക്ക് വാങ്ങാൻ അനുവദിച്ചതിനെ താങ്കൾ എന്തിനാണ് നിരോധിക്കുന്നത്?”

എന്നിട്ട് ആ സ്ത്രീ ഖുർആനിലെ ഈ ഭാഗം ഉദ്ധരിച്ചു:

﴿ وَإِنْ أَرَدتُّمُ ٱسْتِبْدَالَ زَوْجٍ مَّكَانَ زَوْجٍ وَءَاتَيْتُمْ إِحْدَىٰهُنَّ قِنطَارًا فَلَا تَأْخُذُوا۟ مِنْهُ شَيْـًٔا ۚ أَتَأْخُذُونَهُۥ بُهْتَٰنًا وَإِثْمًا مُّبِينًا ﴾

106) അബൂദാവൂദ്, അന്നസാഇ തുടങ്ങിയവർ രേഖപ്പെടുത്തി. അൽബാനി യഥാർത്ഥമാണ് എന്ന് പറഞ്ഞത് (ഇർവാഉൽ ഗലീൽ : 1927)

നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം തന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ നിന്ന് യാതൊന്നും തന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്. കള്ള ആരോപണം ചുമത്തിക്കൊണ്ടും പ്രത്യക്ഷമായ അധർമ്മം ചെയ്തുകൊണ്ടും നിങ്ങളത് മേടിക്കുകയോ? (അന്നിസാഅ്: 4:20)

ഇത് കേട്ടപ്പോൾ ഉമർ (رضي الله عنه) രണ്ടോ മൂന്നോ പ്രാവശ്യം പറഞ്ഞു: "എല്ലാ ജനങ്ങൾക്കും ഉമറിനേക്കാൾ നല്ല ധാരണയുണ്ട്. തീർച്ചയായും ആ സ്ത്രീ പറഞ്ഞത് ശരിയും ഉമർ പറഞ്ഞത് തെറ്റുമാണ്. എന്നിട്ട് ഉമർ മിമ്പറിൽ പോയി പറഞ്ഞു:

"തീർച്ചയായും ഞാൻ വിവാഹമൂല്യം അധികമാക്കുന്നതിനെ എതിർത്തിട്ടുണ്ട്. പക്ഷേ ഇപ്പോൾ ഞാൻ പറയുന്നു. എല്ലാമനുഷ്യരും തന്റെ കഴിവിനനുസരിച്ച് ചെയ്യട്ടെ.(107)

ഈ വൃത്താന്തത്തിന്റെ ദൂർബലത സൂചിപ്പിച്ച ശേഷം അൽബാനി പറയുന്നു. "ഈ നടന്നതായി പറയപ്പെടുന്ന സംഭവത്തിൽ സ്ത്രീ ഉദ്ധരിച്ച ആയത്ത് അസ്ഥാനത്താണ്. ഈ ആയത്ത് പ്രത്യേകിച്ച് കാരണമൊന്നും ഇല്ലാതെ വിവാഹമോചനം ചെയ്യുന്ന സ്ത്രീയെക്കുറിച്ചാണ്. അതിന്റെ അർത്ഥം ഇങ്ങനെയാണ്:

"നിങ്ങൾക്ക് ഒരു ഭാര്യയോട് താല്പര്യക്കുറവ് തോന്നുകയും അവൾ ഗൗരവതരമായ തെറ്റുകൾ ഒന്നും ചെയ്യാതെ തന്നെ ക്ഷമിക്കാൻ തയ്യാറാകാതെ അവളെ മാറ്റി പകരം മറ്റൊരു ഭാര്യയെ സ്വീകരിക്കുവാൻ നിങ്ങൾ താല്പര്യപ്പെടുകയാണെങ്കിൽ, നിങ്ങൾ അവൾക്ക് വലിയ ഒരു തുക മഹറായി കൊടുത്തിട്ടുണ്ടെങ്കിലും, അഥവാ വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും അതിൽ നിന്ന് യാതൊന്നും തിരിച്ചുവാങ്ങരുത്. അത് ആ ധനത്തിന്റെ അവകാശിയ്ക്കു തന്നെ അർഹതപ്പെട്ടതാണ്. (അതായത് അവൾക്കു തന്നെ). നിങ്ങൾ അവളെ മാറ്റി മറ്റൊരുവളെ സ്വീകരിക്കുന്നത് നിങ്ങളുടെ ഇച്ഛയ്ക്കും ആനന്ദത്തിനും വേണ്ടിയാണ്. ശരീഅത്ത്

106) ഇത് അബുയഅ്ലാ, അൽബയഹാഖി, അബ്ദുർറസാഖ് എന്നിവർ ഒന്നിച്ച് നിവേദനം ചെയ്തതാണ്. ഇത് വളരെ ദുർബലമാണ് എന്ന് അൽഅൽബാനി പ്രഖ്യാപിച്ചിട്ടുണ്ട്. (ഇർവാഉൽ ഗലീൽ: 1927)

പ്രകാരമുള്ള ഒരു കാരണത്താലല്ല. ശരീഅത്ത് പ്രകാരമുള്ള ഒരു കാരണത്താലാണെങ്കിൽ ആ ധനം നിങ്ങൾക്ക് എടുക്കാൻ സമ്മതമുണ്ടാകുമായിരുന്നു. ഉദാഹരണമായി നിങ്ങളുടെ മനസ്സിന് വളരെ വിഷമം ഉണ്ടാക്കിക്കൊണ്ട് നിങ്ങൾ അവളെ മൊഴിചൊല്ലാൻ നിർബന്ധിതനായിത്തീരുകയാണെങ്കിൽ അത് നിങ്ങൾക്ക് അനുവദനീയമാവുമായിരുന്നു. അവൾ അങ്ങനെ ഒന്നും തന്നെ ചെയ്തിട്ടില്ലെങ്കിൽ നിങ്ങൾ എങ്ങനെ അവളിൽ നിന്ന് അത് വാങ്ങും?"(108)

മേൽ പറഞ്ഞ കഥ സാധാരണ എഴുത്തുകാരും പ്രസംഗകരും ഒക്കെ എടുത്തുദ്ധരിക്കാറുണ്ട്. പലപ്പോഴും അങ്ങനെ ചെയ്യുന്നത് തികച്ചും തെറ്റായ പലകാര്യങ്ങളും ശരിയാണെന്ന് സ്ഥാപിക്കാനാണ്. ഇങ്ങനെ സ്ഥാപിക്കാൻ ശ്രമിക്കപ്പെടുന്ന തെറ്റുകളിൽ ചിലത് താഴെ കൊടുക്കുന്നു.

* അമിതമായ വിവാഹമൂല്യം ആവശ്യപ്പെടുന്നതിൽ തെറ്റില്ല.
* സ്ത്രീകൾ പള്ളിയിൽ എഴുന്നേറ്റ് നിന്ന് ഇമാമിനെയോ മറ്റ് പ്രാസംഗികരെയോ തെറ്റു തിരുത്തുന്നതിൽ കുഴപ്പമില്ല.
* ആണും പെണ്ണും ഇടകലർന്നിരിക്കുന്ന സദസ്സിനെ സ്ത്രീകൾ പരസ്യമായി അഭിസംബോധന ചെയ്യുന്നതിൽ തെറ്റില്ല.
* ഇസ്ലാമിലെ ഒരു പണ്ഡിതനും അത്ര വലിയ ബഹുമാനം അർഹിക്കുന്നില്ല. കാരണം ഒരു സാധാരണ സ്ത്രീക്കുപോലും അദ്ദേഹത്തിന്റെ തെറ്റ് തുറന്നുകാട്ടാം.
* സ്ത്രീകളെ മതപരമായ സദസ്സുകളിലെ അംഗങ്ങളോ, തലവരോ ആയി നിയമക്കുന്നതിൽ തെറ്റില്ല.
* ഇസ്ലാമിക കേന്ദ്രങ്ങളുടെയും സംഘടനകളുടെയും ശൂറാ ബോർഡുകളിൽ പോലും.

## നാശത്തിനുള്ള സാധ്യത

ഒരു ഭർത്താവിൽ നിന്ന് അയാൾക്ക് താങ്ങാൻ കഴിയുന്നതിലപ്പുറമുള്ള മഹറും, മറ്റ് സമ്മാനങ്ങളും ആവശ്യപ്പെടുന്നത് നാശത്തി

108) റഫ്ഉൽ മലാം അനിൽ അഇമ്മത്തിൽ അഅ്ലാം. പേ: 34-35

ന്നുള്ള ഒരു നല്ല കാരണമാവാൻ സാധ്യതയുണ്ട്. ഇങ്ങനെ ആവശ്യപ്പെടുന്നത് സ്ഥിരമായിക്കഴിഞ്ഞാൽ കുറച്ച് ആളുകളെങ്കിലും അവരുടെ ഭാര്യമാരുടെയും കുടുംബത്തിന്റെയും ആർത്തി ശമിപ്പിക്കാൻ കളവ്, കൈക്കൂലി, പണം വെച്ചുള്ള മത്സരങ്ങൾ, മറ്റു നിരോധിതമാർഗങ്ങൾ എന്നിവയിലേക്ക് തിരിയാൻ സാധ്യതയുണ്ട്. സമൂഹത്തിന് മൊത്തം നാശമാണ് പരിണിത ഫലം.

അബൂസെയ്ദ് അൽ ഖുദ്രി അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി പറയുന്നു:

ن الدنيا حلوة خضرة وإن الله مستخلفكم فيها فينظر كيف تعملون فاتقوا الدنيا واتقوا النساء فإن أول فتنة بني إسرائيل كانت في النساء

തീർച്ചയായും ദുനിയാവ് (ഇഹലോകവാസം) വളരെ മധുരതരവും സമൃദ്ധവുമാണ്. അല്ലാഹു നിങ്ങൾക്ക് അതിന്റെ ആധിപത്യം തരുന്നത് നിങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുക എന്നറിയാനാണ്. അതുകൊണ്ട് ദുനിയാവിന്റെ കാര്യത്തിൽ സൂക്ഷിക്കുക. സ്ത്രീകളുടെ കാര്യത്തിലും സൂക്ഷിക്കുക. കാരണം ഇസ്റായേൽ സന്തതികളിലെ ആദ്യത്തെ 'ഫിത്ന'(കുഴപ്പം) സ്ത്രീകളിലൂടെയായിരുന്നു.[109]

അബൂസയ്യിദ്, ഈ ഫിത്ന എന്താണെന്ന് വിവരിച്ചിട്ടുണ്ട്. ഒരിക്കൽ പ്രവാചകൻ ഈ ജീവിതത്തിലെയും അടുത്ത ജീവിതത്തിലെയും കാര്യങ്ങളെക്കുറിച്ച് ഒരു നീണ്ട പ്രഭാഷണം നടത്തി. ഇക്കാര്യങ്ങളുടെ ഇടയിൽ താഴെ പറയുന്ന കാര്യങ്ങളും അദ്ദേഹം പറഞ്ഞു:

إن أول ما هلك بنو إسرائيل أن امرأة الفقير كانت تكلفه من الثياب أو الصيغ أو قال : من الصيغة ما تكلف امرأة الغني

“തീർച്ചയായും ഇസ്റായേൽ സന്തതികളിലെ ആദ്യത്തെ നാശത്തിന് കാരണമായ സംഭവം ഒരു പാവപ്പെട്ട മനുഷ്യന്റെ ഭാര്യ ഒരു ധനവാന്റെ ഭാര്യയെപ്പോലെയുള്ള വസ്ത്രങ്ങളും ആഭരണങ്ങളും ആവശ്യപ്പെട്ടതാണ്.”[110]

109) മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

110) ഇബ്നുഖുസൈമ, അഹ്മദ് തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽഅൽബാനി പ്രാമാണികമാണ് എന്ന് പ്രഖ്യാപിച്ചത്. (അസ്സഹീഹ് 591)

## നീട്ടിവെയ്ക്കപ്പെട്ട മഹർ

വിവാഹച്ചടങ്ങിനുശേഷം ഉടൻ തന്നെ മഹ്റ് വധുവിന് നല്കുന്നതാണ് സ്വീകാര്യമായ രീതി. നേരത്തെ കണ്ട ഉദാഹരണത്തിൽ കണ്ടതുപോലെ പ്രവാചകൻ വരനോട് ആവശ്യപ്പെട്ടത് വിവാഹസമയത്ത് അവന് സാധിക്കുന്നത് കൊടുക്കാനാണ്. ഭാവിയിൽ ഒരു കാലത്ത് കൊടുക്കാനാകുമെന്ന് കരുതുന്ന തുക വാഗ്ദാനം ചെയ്യാനല്ല.

എന്നിട്ടും, ഇപ്പോൾ നടന്നുവരുന്ന ഒരു സാധാരണ സംഭവം മഹർ രണ്ട് ഭാഗമാക്കിത്തിരിച്ച് ഒരു ഭാഗം വിവാഹച്ചടങ്ങിനൊപ്പവും മറ്റൊരു ഭാഗം മരണമോ വിവാഹമോചനോ ആവുന്നത് വരെ നീട്ടിവയ്ക്കുകയും ചെയ്യുക എന്നതാണ്.

ഇത്തരത്തിൽ മഹർ നീട്ടിവെയ്ക്കുന്നത്,നൂതനാചാരവും. സുന്നത്തിൽ നിന്നുള്ള വ്യക്തമായ വ്യതിചലനവുമാണ്. മഹ്റിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെ തന്നെ അത് പരാജയപ്പെടുത്തുന്നു. യഥാർത്ഥത്തിൽ മഹർ എന്നത് വധുവുമായി ഗാഢസൗഹൃദത്തിൽ മുഴുകുന്നതിനു മുൻപ് അവൾക്ക് കൊടുക്കുന്ന സമ്മാനമാണ്. ഈ പുതിയ ശീലങ്ങൾ മഹറ് എന്നത് ഭർത്താവിന് അനിശ്ചിതകാലത്തേക്കുള്ള ഒരു ഭാരമായിത്തീർക്കുന്നു.

## സ്ത്രീയുടെ മഹറ് എടുത്താലുള്ള ശിക്ഷ

ഒരു സ്ത്രീയുടെ മഹറ് എന്നത് ഭർത്താവിന്റെ തലയിലെ ഭാരിച്ച ഒരു കടം തന്നെയാണ്. അവളുടെ സമ്മതമില്ലാതെ അത് അവളിൽ നിന്ന് എടുക്കുക എന്നത് വളരെ വലിയ ഒരു പാപം തന്നെയാണ്. അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി ഇബ്നുഉമർ പറയുന്നു:

إن أعظم الذنوب عند الله رجل تزوج امرأة فلما قضى حاجته منها طلقها و ذهب بمهرها و رجل استعمل رجلا فذهب بأجرته و آخر يقتل دابة عبثا

“അല്ലാഹുവിന്റെ മുൻപിൽ ഏറ്റവും വലിയ പാപങ്ങളിൽ ഒന്ന് ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും, അവന്റെ ആഗ്രഹങ്ങൾ നിറവേറ്റിയ ശേഷം അവളുടെ മഹർ സ്വന്തമാക്കി അവളെ ഉപേക്ഷിക്കുകയും ചെയ്യുക എന്നതാണ്. മറ്റൊന്ന് ഒരാളെ

ജോലിക്കായി (വാടകയ്ക്ക്) എടുത്ത ശേഷം അവന്റെ കൂലി നല്കാതിരിക്കുക എന്നതാണ്. മറ്റൊന്ന് കാരണം കൂടാതെ ഒരു ജീവിയെ കൊല്ലുക എന്നതാണ്."(111)

ഈ ഹദീഥ് ഇപ്പോൾ പടിഞ്ഞാറൻ രാജ്യങ്ങളിൽ നടന്നു വരുന്ന മറ്റൊരു കാര്യത്തിലേക്കും വിരൽ ചൂണ്ടുന്നു. മറ്റ് രാജ്യങ്ങളിൽ നിന്നും വരുന്ന മുസ്ലിംകളായ പുരുഷന്മാർ മുസ്ലിംകളായ പാശ്ചാത്യ വനിതകളെ ഒരു ചെറിയ മഹറിന് വിവാഹം കഴിക്കുകയും, കുറച്ചുകാലം അവരുമായി ആസ്വദിച്ചു കഴിഞ്ഞ ശേഷം അവർ വഴി ആ രാജ്യത്തെ പൗരത്വം സംഘടിപ്പിക്കുകയും ചെയ്യുന്നു. അവരുടെ കാര്യങ്ങളൊക്കെ ശരിയായിക്കഴിഞ്ഞാൽ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ അവരെ ഉപേക്ഷിക്കുകയും ചെയ്യുന്നു! അവർ ഭാര്യമാരെ ശരിക്കും 'മുതലാക്കുകയും' മഹർ കുറച്ചു കൊടുക്കുകയും ചെയ്യുന്നു. ഇക്കൂട്ടർ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. ഈ ജീവിതത്തിൽ ഇങ്ങനെയൊക്കെ ചെയ്താൽ വരാനിരിക്കുന്ന വിധി നിർണയ ദിവസത്തിൽ അല്ലാഹു അവരെ വേണ്ടവിധം ശിക്ഷിക്കുമെന്ന് അവരോർക്കുന്നത് നന്ന്.

## പ്രത്യേക വ്യവസ്ഥകൾ

### പ്രത്യേക വ്യവസ്ഥകൾ വയ്ക്കാനുള്ള അനുവാദം

വിവാഹം നടക്കുമ്പോൾ രണ്ടുകക്ഷികൾക്കും വിവാഹസംബന്ധമായി എന്തെങ്കിലും കരാർ വ്യവസ്ഥകൾ-അതായത് പ്രസ്തുത കരാറിൽ നിന്ന് പിറകോട്ടുപോയാൽ വിവാഹം അസാധുവാകും എന്നോ മറ്റോ വയ്ക്കുന്നതിനെക്കുറിച്ച് നമുക്ക് നോക്കാം. ഇസ്ലാമികമായ തത്വങ്ങൾക്ക് എതിരല്ലെങ്കിൽ ഇങ്ങനെ കരാർ വ്യവസ്ഥകൾ വയ്ക്കുന്നതിൽ തെറ്റൊന്നുമില്ല. ഇങ്ങനെയുള്ള വ്യവസ്ഥകൾ സാധാരണ വധുവിന്റെ ഭാഗത്തുനിന്നാണ് ഉണ്ടാവുക. കാരണം ഭർത്താവിന് ഏതുസമയത്ത് വേണമെങ്കിലും മൊഴിചൊല്ലി ഭാര്യയെ ഉപേക്ഷിക്കാവുന്നതാണ്.

ഉഖ്ബാഹ് ബിൻ ആമിർ അൽ ജൂഹനി പ്രവാചകൻ പറഞ്ഞതായി പറഞ്ഞിട്ടുണ്ട്.

أحق الشروط أن توفوا به ما استحللتم به الفروج

---

111) അൽഹക്കീം, അൽബയ്ഹാഖി എന്നിവർ രേഖപ്പെടുത്തിയത്. അൽബാനി 'ഹസൻ' ആണ് എന്ന് പ്രഖ്യാപിച്ചത്. (സ്വഹീഹുൽ ജാമി 1567, അസ്സ്വഹീഹ 999)

"തീർച്ചയായും ഏറ്റവും നന്നായി പൂർത്തീകരിക്കേണ്ടതും പാലിക്കേണ്ടതുമായ വ്യവസ്ഥകൾ സ്ത്രീകളുടെ ഗുഹ്യാവയവങ്ങളിലേക്ക് നിങ്ങളെ അനുവദിക്കുന്ന വ്യവസ്ഥകളാണ് (വിവാഹവും തദ്വാരാ ലൈംഗികബന്ധവും വഴി എന്നാണ് ഉദ്ദേശിക്കുന്നത്).[112]

## വ്യവസ്ഥകളുടെ കരുത്ത്

കരാർ വ്യവസ്ഥകൾ ഇസ്‌ലാമികമായി സ്വീകാര്യമാണെങ്കിൽ അവ പൂർത്തീകരിക്കണം. അവ ലംഘിച്ചാൽ വധുവിന് വിവാഹം റദ്ദ് ചെയ്യാനുള്ള മതിയായ കാരണമായിത്തീരും.

അൽ അഥ്റമും, അബ്ദുറഹ്മാൻ ഇബ്നു ഗനമും നിവേദനം: ഒരു വീട്ടിൽ (പട്ടണത്തിൽ) ഒരുമിച്ചു താമസിക്കുമെന്ന വധുവിന്റെ വ്യവസ്ഥയിൽ വിവാഹിതനായ ഒരാളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. കുറച്ചു കാലത്തിനുശേഷം അയാൾക്ക് വേറെ സ്ഥലത്തേയ്ക്ക് മാറേണ്ട ആവശ്യമുണ്ടായി. അപ്പോൾ വധുവിന്റെ കുടുംബം ഉമർ (ﷺ)യുടെ അടുത്ത് പരാതിയുമായെത്തി. ഉമർ പറഞ്ഞു: "അവളുടെ വ്യവസ്ഥകൾ മാനിക്കപ്പെടേണ്ടതുണ്ട്." അയാൾ എതിർത്തു. ഇത് ആണുങ്ങളോട് ചെയ്യുന്ന അനീതിയാണ്. ഇങ്ങനെയായാൽ ഒരു സ്ത്രീ എപ്പോൾ വിചാരിച്ചാലും പുരുഷനെ ഉപേക്ഷിക്കും."

അതിന് ഉമർ മറുപടി പറഞ്ഞത്

المؤمنون علي شروطهم مقاطع الحقوق عند الشروط

''വിശ്വാസികൾ അവരുടെ കരാർ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. വ്യവസ്ഥകൾ പാലിക്കാതെ നില്ക്കുമ്പോൾ അവകാശങ്ങൾക്ക് സ്ഥാനമില്ല."[113]

## വ്യവസ്ഥകൾ താൽക്കാലികമായി ഒഴിവാക്കൽ

ഇനി ഭാര്യക്കു വേണമെങ്കിൽ ഒന്നോ അതിലധികമോ കരാർ വ്യവസ്ഥകൾ, ഒരു ഔദാര്യമെന്ന നിലയ്ക്കോ മാപ്പുകൊടുക്കുന്നു

---

112) ബുഖാരി, മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

113) ബൈഹഖി, സഅദ്ബ്നു മൻസൂർ, ഇബ്നു അബീശൈബ തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽഅൽബാനി പരിശോധിച്ചുറപ്പു വരുത്തിയത് (ഇർവാഉൽ ഗലീൽ 1893)

എന്ന നിലയ്ക്കോ ഒഴിവാക്കാവുന്നതാണ്. ഇസ്ലാമികമായ തത്വങ്ങൾക്ക് എതിരാണെന്നു കണ്ടാൽ ഇസ്ലാമിക ന്യായാധിപന് തന്നെ ഏതു വ്യവസ്ഥയും ഒഴിവാക്കാനധികാരമുണ്ട്.

കൗതുകകരമായ മറ്റൊരു കാര്യം, മുകളിൽ പറഞ്ഞതിനു സമാനമായ മറ്റൊരു സംഭവത്തിൽ ഉമർ (ﷺ) തന്നെ കരാർ വ്യവസ്ഥകൾ റദ്ദു ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട് എന്നതാണ്. ചിലപ്പോൾ രണ്ടു കുടുംബങ്ങളുടെയും കാര്യത്തിൽ അദ്ദേഹം വ്യത്യാസം കണ്ടതുമൂലമാകാം, അങ്ങനെ വ്യത്യസ്തമായ ഒരു വിധിന്യായം അദ്ദേഹം നല്കിയത്. (അല്ലാഹുവിനാണ് ഏറ്റവും നന്നായി അറിയുക)

സയ്യിദ് ബിൻ ഉബൈദ് ബിൻ അസ്സ്വബാഹ് നിവേദനം: ഉമറിന്റെ കാലത്ത് ഭാര്യയെ അവളുടെ ജന്മനഗരത്തിൽ നിന്നും പുറത്തുകൊണ്ടുപോവുകയില്ല എന്ന വ്യവസ്ഥയിൽ ഒരാൾ വിവാഹം കഴിച്ചു. ഈ വ്യവസ്ഥയിൽ നിന്നും ഉമർ (ﷺ) അയാളെ സ്വതന്ത്രനാക്കിക്കൊണ്ട് പറഞ്ഞു: ''ഒരു സ്ത്രീ അവളുടെ ഭർത്താവിന്റെ കൂടെയാണ് ഉണ്ടായിരിക്കേണ്ടത് (അയാളെവിടെ പോകുന്നുവോ അവിടെ)[114]

ഇതിനെക്കുറിച്ച് ബൈഹകി പറയുന്നു: "ഈ നിവേദനം സുന്നത്തിനും ഗ്രന്ഥത്തിനും അടുത്തു നില്ക്കുന്നതാണ്. സ്വഹാബത്തിന്റെ അഭിപ്രായവുമായും ഇതിന് സാദൃശ്യമുണ്ട്."

## നിരർത്ഥകമായ വ്യവസ്ഥകൾ

മേൽസൂചിപ്പിച്ചതുപോലെ, ഏതെങ്കിലും വ്യവസ്ഥകൾ ഇസ്ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണെങ്കിൽ അവ താനേ റദ്ദാവുന്നതാണ്. ആഇശയും ഇബ്നു അബ്ബാസും പ്രവാചകൻ പറഞ്ഞതായി പറഞ്ഞിരിക്കുന്നു:

كل شرط ليس في كتاب الله فهو باطل وإن كان مائة شرط

"അല്ലാഹുവിന്റെ ഗ്രന്ഥത്തിന് നിരയ്ക്കാത്ത ഏത് കരാർ വ്യവസ്ഥയും നിരർത്ഥകമാണ് ഒരു നൂറ് വ്യവസ്ഥകൾ ഉണ്ടായിരുന്നാൽ പോലും"[115]

---

114) ബൈഹഖി രേഖപ്പെടുത്തിയത്. അൽഅൽബാനി പരിശോധിച്ചുറപ്പുവരുത്തിയത് (ഇർവാഉൽ ഗലീൽ 1893)

115) ബുഖാരി മുസ്ലിം മറ്റുള്ളവരും രേഖപ്പെടുത്തിയത്.

ഒരു ഉദാഹരണമായി അബൂഹുറയ്റ(ﷺ) പ്രവാചകൻ പറഞ്ഞതായി പറയുന്നു:

لا تسأل المرأة طلاق أختها لتستفرغ صحفتها ولتنكح فإن لها ما قدر لها

"ഒരു സ്ത്രീ, തന്റെ (ഇസ്ലാമിലുള്ള) സഹോദരിയുടെ സുഖ സൗകര്യങ്ങൾ തടയാൻ വേണ്ടി അവളെ വിവാഹമോചനം ചെയ്യാൻ ആവശ്യപ്പെടുന്നത് അനുവദനീയമല്ല. തീർച്ചയായും അവൾക്ക് വിധിച്ചതുമാത്രമേ അവൾക്ക് ലഭിക്കൂ?[116]

ഉമ്മു മുബശിർ അൽ അൻസാരിയ്യ പറയുന്നു: അവളുടെ ഭർത്താവായിരുന്ന ബറാബിൻ മഅ്റൂർ മരണപ്പെട്ടപ്പോൾ അല്ലാഹുവിന്റെ ദൂതർ അവളോട് പറഞ്ഞു:

"തീർച്ചയായും സെയ്ദ് ബിൻ ഹാരിഥയുടെ ഭാര്യ മരണപ്പെട്ടു പോയി. അവന് ഒരു ഭാര്യയെ കണ്ടെത്തേണ്ടതുണ്ട്. ഞാൻ അവനുവേണ്ടി തെരഞ്ഞെടുത്തത് നിന്നെയാണ്."

അവൾ അതിന് തയ്യാറാവാതെ പറഞ്ഞു. "ഞാൻ എന്റെ ഭർത്താവിനോട്, അദ്ദേഹത്തിനു ശേഷം ആരെയും വിവാഹം കഴിക്കുകയില്ല എന്ന വാക്കു കൊടുത്തിരുന്നു.' പ്രവാചകൻ ഉത്തരം നൽകി." ഈ വ്യവസ്ഥ ശരിയല്ല.ശേഷം പ്രവാചകൻ ചോദിച്ചു. "നിനക്ക് അവനോട് ഇഷ്ടക്കുറവ് എന്തെങ്കിലുമുണ്ടോ?" അവൾ പറഞ്ഞു: അങ്ങയുമായി ഇത്ര അടുത്ത് അല്ലാഹു ആക്കിയയാളെ ഞാനെങ്ങനെ അനിഷ്ടപ്പെടാൻ? മരിച്ചുപോയ എന്റെ "ഭർത്താവിനോടുള്ള അതീവ താല്പര്യം കൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. പക്ഷേ താങ്കൾ പറയുന്നത് എന്തും ഞാൻ ചെയ്യും." അങ്ങനെ പ്രവാചകൻ അവളെ സെയ്ദിന് വിവാഹം ചെയ്തുകൊടുത്തിട്ട് തന്റെ ഭാര്യമാരുടെ കൂട്ടത്തിൽ ജീവിക്കാൻ പറഞ്ഞു. ഒരു ആടിന്റെ പാൽ കറന്ന് കൊണ്ടുവന്നാൽ അദ്ദേഹത്തിന്റെ ഭാര്യമാർക്ക് കൊടുക്കുന്നതിലും മുമ്പ് അവൾക്ക് കുടിയ്ക്കാൻ കൊടുക്കുമായിരുന്നു."[117] ഒരു ദിവസം അവൾ

116) ബുഖാരി, അബൂദാവൂദ് രേഖപ്പെടുത്തിയത്

117) ദത്തെടുക്കൽ നിരോധിക്കുന്നതിന് മുമ്പായിരിക്കണം ഇത്. തന്റെ ദത്തെടുക്കപ്പെട്ട മകന്റെ ഭാര്യയായതിനാൽ പ്രവാചകൻ (ﷺ) അവരെ മരുമകളായി കരുതി.

ആയിശയുടെ കൂടെയായിരുന്നപ്പോൾ പ്രവാചകൻ അവിടെ വരികയും ആഇശയുടെ മുട്ടിൻമേൽ കൈവെച്ച് അവരുടെ ചെവിയിൽ എന്തോ പറയുകയും ചെയ്തു.

അവരാകട്ടെ പ്രവാചകന്റെ ശരീരത്തിൽ കൈവയ്ക്കുകയും അദ്ദേഹത്തെ തള്ളി മാറ്റാൻ ശ്രമിക്കുകയും ചെയ്തു. ഉമ്മുമുബശിർ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരോട് നിങ്ങൾ എന്താണ് ഇങ്ങനെ ചെയ്യുന്നത്?"

പ്രവാചകൻ ചിരിച്ചുകൊണ്ട് പറഞ്ഞു. "സാരമില്ല. അവൾ ചിലപ്പോൾ ഇതും ഇതിൽ കൂടുതലുമൊക്കെ ചെയ്യാറുണ്ട്."

## വിവാഹ കരാർ (നിക്കാഹ്)

### ഖുത്ബ

വിവാഹച്ചടങ്ങുകൾക്ക് നേതൃത്വം കൊടുക്കുന്നയാൾ ഖുത്ബതുൽ-ഹാജകൊണ്ട് തുടങ്ങുകയാണ് വേണ്ടതെന്ന് ഇബ്ൻമസൂദും ജാബിറും റിപ്പോർട്ട് ചെയ്യുന്നു.

### ഈജാബും ഖബൂലും (ദാനവും സ്വീകരണവും)

ഈജാബും ഖബൂലും (ദാനവും സ്വീകരണവുമാണ്) വിവാഹക്കരാറിന്റെ യഥാർത്ഥ വ്യവസ്ഥകൾ. വിവാഹമെന്ന ബന്ധത്തിൽ ഏർപ്പെടുന്നതിന് ഇരു വിഭാഗത്തിന്റെയും പരസ്പരമുള്ള സമ്മതവും കരാറുമാണത്. ഇരുവിഭാഗത്തിന്റെയും പരസ്പരമുള്ള സമ്മതവും കരാറുമാണത്. ഇജാബും ഖബൂലും വളരെ വ്യക്തമായി, വളരെ സരളമായി ഒരേ സദസ്സിൽ, സാക്ഷികളുടെ മുൻപാകെ പരസ്യമായി പറയേണ്ടതാണ്. ചടങ്ങ് നടത്തുന്നയാൾ രണ്ടു വിഭാഗക്കാരെയും താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ പറയാൻ വേണ്ടിവന്നാൽ സഹായിക്കേണ്ടതുണ്ട്. (അല്ലെങ്കിൽ ഇതിനു തുല്യമായ വാക്കുകളായാലും മതി)

**1. വലിയ്യ്:**

എന്റെ അധീനത്തിലുള്ള (ഇന്ന) സ്ത്രീയെ അല്ലാഹുവിന്റെ നിയമപ്രകാരവും അവന്റെ ദൂതന്റെ സുന്നത്തും പ്രകാരം, ഞങ്ങൾ തമ്മിൽ സമ്മതിച്ച മഹറിനും മറ്റ് വ്യവസ്ഥകൾക്കും വിധേയമായി ഞാൻ നിനക്ക് നൽകുന്നു.

**2. വരൻ**

താങ്കളുടെ അധീനത്തിൽ ഉള്ള (ഇന്ന) സ്ത്രീയെ അല്ലാഹുവിന്റെ നിയമവും അവന്റെ ദൂതന്റെ സുന്നത്തും പ്രകാരം, ഞങ്ങൾ തമ്മിൽ സമ്മതിച്ച മഹറിനും മറ്റ് വ്യവസ്ഥകൾക്കും വിധേയമായി ഞാൻ സ്വീകരിച്ചിരിക്കുന്നു.

ഇതിന്റെ ഈജാബും, ഖബൂലും അതിന്റെ ഉള്ളടക്കത്തിൽ ഒരുപോലെയായിരിക്കണം. ഇവ തമ്മിലുള്ള ഏതെങ്കിലും വ്യത്യാസം വിവാഹക്കരാർ അസാധുവാക്കുവാൻ ഇടയാക്കും. ഉദാഹരണമായി ഒരു വലിയ്യ് ഇങ്ങനെ പറയുന്നു എന്നുകരുതുക. ''ഞാൻ ആയിരം മഹറിന് ഇന്ന സ്ത്രീയെ വിവാഹം ചെയ്തുതരുന്നു" എന്നു പറയുകയും വരൻ "ഞാൻ എണ്ണൂറ് മഹറിന് വിവാഹം സ്വീകരിക്കുന്നു" എന്നും പറഞ്ഞാൽ വിവാഹം അപ്പോൾ തന്നെ അസാധുവായി.

## വിവാഹക്കരാർ എഴുതൽ

ഇക്കാലത്ത് കരാർ എഴുതൽ ഒരു കരാർ സാധുവാകാൻ ആവശ്യം വേണ്ട കാര്യമാണ്. ഭാര്യയുടെയും ഭർത്താവിന്റെയും അവകാശങ്ങൾ സംരക്ഷിക്കാനും ഭാവിയിൽ മറ്റെന്തെങ്കിലും സംബന്ധിച്ച് ആവശ്യം വന്നാൽ വായിച്ചു നോക്കാനും അതൊരാവശ്യമാണ്.

ഒരു വിവാഹക്കരാറ് (അല്ലെങ്കിൽ സർട്ടിഫിക്കറ്റ് അനുബന്ധം എ)യിൽ കൊടുത്തിട്ടുണ്ട്.

## വിവാഹക്കരാറിന്റെ ഫലം

വിവാഹക്കരാർ നടപ്പിൽ വന്നുകഴിഞ്ഞാൽ വധുവിനും വരനും എല്ലാ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും നടപ്പിൽ വന്നുകഴിഞ്ഞു. ഭാര്യയ്ക്ക് പിന്നീട് നല്കാമെന്നു പറഞ്ഞ മഹറുപോലും ഉടനടി ബാധ്യതയാകുന്നു. ഇതിനെ സംബന്ധിച്ച് ഈ ശ്രേണിയിലെ മൂന്നാമത്തെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

അധ്യായം 5

# വിവാഹാഘോഷം

## വിവാഹം പരസ്യപ്പെടുത്തൽ

അടുത്തകാലം വരെ തികച്ചും അപരിചിതരായിരുന്ന ഒരു പുരുഷനെയും സ്ത്രീയെയും ഒരു പുതിയ ബന്ധത്തിൽ എത്തിക്കുന്നതിന്റെ തുടക്കമാണ് ഒരു വിവാഹ ഉടമ്പടി. ഇനി രണ്ടുപേരും ഒരുമിച്ച് പുറത്തുപോയിത്തുടങ്ങും. വിവാഹത്തെക്കുറിച്ച് നാട്ടുകാർ അറിഞ്ഞില്ലെങ്കിൽ ഈ ഇണകളെക്കുറിച്ച് മോശമായിട്ടായിരിക്കും ചിന്തിക്കുക. അതുകൊണ്ടുതന്നെ വിവാഹത്തെക്കുറിച്ച് കഴിയാവുന്നത്രെ പരസ്യപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. എന്നു വെച്ച് വളരെക്കൂടുതൽ ആർഭാടമോ, ഇക്കാര്യത്തിൽ അതിരുകടന്ന പ്രവൃത്തിയോ ഉണ്ടാവാനും പാടില്ല.

അബ്ദുല്ല ഇബ്നു സുബൈർ പറയുന്നു. അല്ലാഹുവിന്റെ ദൂതർ പറഞ്ഞിട്ടുണ്ട്.

أَعْلِنُوا النِّكَاحَ

“വിവാഹം പരസ്യമാക്കുക”[118]

---

118) അഹ്മദ്, ഇബ്നുഹിബാൻ തുടങ്ങിയവർ രേഖപ്പെടുത്തിയത് (ആദാബുസ്സിഫാഫ് പേ: 183)

അസ്സാഇബ് ബിൻ യസീദ്, അല്ലാഹുവിന്റെ ദൂതർ ഇപ്രകാരം പറഞ്ഞതായി പറയുന്നു:

أشيدوا النكاح و أعلنوه

''വിവാഹം പരസ്യമാക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുക.(119)

ഹബ്ബാർ ഇബ്നുൽ അസ്‌വദ് തന്റെ പെൺമക്കളിൽ ഒരാളെ വിവാഹം ചെയ്തു കൊടുത്തതായി പറയുന്നു. അല്ലാഹുവിന്റെ ദൂതർ (വിവാഹാഘോഷത്തിന്റെ) ശബ്ദം കേട്ട് അതെന്താണ് എന്ന് അന്വേഷിച്ചു. അത് ഹബ്ബാറിന്റെ മകളുടെ വിവാഹ സദസ്സിൽ നിന്നാണ് എന്നറിഞ്ഞപ്പോൾ അതിനെ അനുകൂലിച്ചുകൊണ്ട് പറഞ്ഞു: أشيدوا النكاح أشيدوا النكاح هذا النكاح لا السفاح

"വിവാഹം പരസ്യപ്പെടുത്തുക. വിവാഹം പരസ്യപ്പെടുത്തുക. ഇത് വിവാഹമാണ്. വ്യഭിചാരമല്ല."(120)

ഒരു വിവാഹച്ചടങ്ങിൽ തന്നെ സാധാരണ പരസ്യപ്പെടുത്താനുള്ള മാർഗങ്ങൾ സ്ത്രീകളുടെ പാട്ടും ആഘോഷവും വലീമത്ത് എന്നറിയപ്പെടുന്ന വിവാഹ സൽക്കാരവുമാണ്. ഈ അധ്യായത്തിൽ നാം ചർച്ച ചെയ്യുന്നത് അനുവദനീയമായതും അല്ലാത്തതുമായ വിവാഹാഘോഷമാണ്. വലീമത്ത് അടുത്ത അധ്യായത്തിലേക്ക് മാറ്റി വയ്ക്കുന്നു.

## പ്രാർത്ഥനയും ആശംസയും

വിവാഹം കഴിഞ്ഞ ദമ്പതിമാർക്ക് അനുഗ്രഹവും അഭിവൃദ്ധിയും ആശംസിക്കൽ അനുവദനീയമാണ്. ജാബിർ (رضي الله عنه) നിവേദനം: അദ്ദേഹത്തിന്റെ വിവാഹ ദിനത്തിൽ പ്രവാചകൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

بارك الله لك

"ബാറക്കല്ലാഹു ലക.....അല്ലാഹു അനുഗ്രഹിക്കട്ടെ (നിന്റെ ഭാര്യയെയും വിവാഹത്തെയും)(121)

---

119) ത്വബറാനി (അൽ കബീറിൽ) രേഖപ്പെടുത്തിയത്. അൽബാനി പരിശോധിച്ച് ഉറപ്പിച്ചത്. (സ്വഹീഹുൽ ജാമിഅ് : 1010, 1011), അസ്സ്വഹീഹ് : 1463

120) ഇബ്നു മൻദാ ആലേഖനം ചെയ്തത് (അൽഅൽബാനി പരിശോധിച്ച് ഉറപ്പിച്ചത്: അസ്സ്വഹീഹ 1463)

121) ബുഖാരി, മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

ഖുറൈദബിൻ അൽ ഹസീബ് (ﷺ) നിവേദനം: ഒരു കൂട്ടം അൻസാറുകൾ അലിയോട് ചോദിച്ചു: "താങ്കളെന്താണ് ഫാത്വിമയെ ആലോചിക്കാത്തത് (വിവാഹലോചനയ്ക്ക്)?" അവരുടെ ഉപദേശം മാനിച്ച് അദ്ദേഹം പ്രവാചകനടുത്തുപോയി. പ്രവാചകൻ ചോദിച്ചു: "അബൂത്വാലബിന്റെ പുത്രന് എന്താണ് വേണ്ടത്?" അദ്ദേഹം മറുപടി പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞാൻ വന്നത് അല്ലാഹുവിന്റെ ദൂതരുടെ മകളായ ഫാത്വിമയുടെ കാര്യത്തിന്നാണ്." തിരുദൂതർ പറഞ്ഞു: മർഹബൻ, വ അഹ്‌ലൻ വ അഹ്‌ലൻ-സ്വാഗതം ഒരു കുടുംബാംഗം."(122) പിന്നീട് അദ്ദേഹം യാതൊന്നും പറഞ്ഞില്ല. അലി അദ്ദേഹത്തെ പറഞ്ഞു വിട്ട അൻസ്വാറുകളുടെ ഇടയിലേക്ക് ചെന്നു. അവർ അദ്ദേഹത്തോട് ചോദിച്ചു: ''നീ എന്തു വാർത്തയാണ് കൊണ്ടുവരുന്നത്.'' അദ്ദേഹം പറഞ്ഞു: ''എനിക്കൊന്നും അറിഞ്ഞുകൂടാ. അദ്ദേഹം എന്നോട് ഇത്രമാത്രമേ പറഞ്ഞുള്ളൂ. ''മർഹബൻ വ അഹ്‌ലൻ'' അവർ പറഞ്ഞു: ''അല്ലാഹുവിന്റെ ദൂതനിൽ നിന്ന് ഇതിൽ ഒരുവാക്ക് മാത്രം മതിയല്ലോ. അദ്ദേഹം താങ്കൾക്ക് കുടുംബവും വിശാലതയും വാഗ്ദാനം ചെയ്തില്ലേ?"

പിന്നീട് പ്രവാചകൻ ഫാത്വിമയെ അലിക്ക് വിവാഹം ചെയ്തുകൊടുത്തിട്ട് പറഞ്ഞു:

إنه لا بد للعروس

"തീർച്ചയായും ഒരു വിവാഹത്തിന് (അല്ലെങ്കിൽ നവവരന്) വലീമത്ത് നിർബന്ധമാണ്."

അപ്പോൾ ഒരാൾ പറഞ്ഞു: ''ഞാൻ ഒരു മുട്ടനാടിനെ കൊണ്ടുവരാം.'' മറ്റൊരാൾ പറഞ്ഞു: "ഞാൻ അല്പം ചോളം കൊണ്ടുവരാം.'' അങ്ങനെ വിവാഹരാത്രിയിൽ പ്രവാചകൻ അലിയോട് പറഞ്ഞു: "താങ്കൾ ഇനി എന്നെ കാണുന്നത് വരെ ഒന്നും ചെയ്യരുത്." എന്നിട്ട് അലിയുടെ അടുത്തുപോയി അൽപം വെള്ളമെടുത്ത് വുദു എടുത്തശേഷം അലിയുടെ മേൽ ഒഴിച്ച് എന്നിട്ട് പറഞ്ഞു.

122) ഈ രണ്ടു വാക്കുകളാണ് ഒരു അതിഥിയെ വരവേൽക്കാൻ ഉപയോഗിക്കുന്നത്. ഒന്നാമത്തെ വാക്കിനർത്ഥം ''താങ്കളുടെ സാന്നിധ്യവും സമാധാനവും വിശാലതയും ഉണ്ടാക്കുന്നുവെന്നാണ്. രണ്ടാമത്തെ വാക്കിനർത്ഥം "നിങ്ങൾ ഈ കുടുംബത്തിലെ ഒരംഗമാണ് എന്ന്.

اللهم بارك فيهما وبارك لهما في بنائهما

“അല്ലാഹുവേ, ഇവരെയും ഇവരുടെ വിവാഹത്തെയും നീ അനുഗ്രഹിക്കേണമേ.”(123)

ആഇശ(ﷺ) നിവേദനം: അവരുടെ വിവാഹരാത്രിയിൽ അവരുടെ മാതാവ് അവരെ പ്രവാചകന്റെ വീട്ടിൽ കൊണ്ടുപോയി. അവിടെ അവർക്ക് സ്വാഗതമോതാൻ കുറച്ച് അൻസ്വാർ സ്ത്രീകൾ ഉണ്ടായിരുന്നു. അവർ ആഇശയെ അഭിനന്ദിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു:

علي الخير و البركة و علي خير طائر

“(നിങ്ങളുടെ വിവാഹം) നന്മനിറഞ്ഞതും അനുഗ്രപൂർണവും ആകട്ടെ. നിങ്ങൾ സൗഭാഗ്യം കൈവരട്ടെ.”(124)

അബൂഹുറയ്റ, നിവേദനം: പ്രവാചകൻ ഒരു വരനെ അല്ലെങ്കിൽ വധുവിനെ കണ്ടാൽ ഇപ്രകാരം പറഞ്ഞിരുന്നു:

بارك الله لك و بارك عليك و جمع بينكما في الخير

“ബാറക്കല്ലാഹു ലക്ക, വ ബാറക അലൈക്ക, വ ജമഅ ബൈനക്കുമാ ഫീ ഖയ്ർ-അല്ലാഹു നിനക്ക് വേണ്ടി അനുഗ്രഹിക്കട്ടെ (നിന്റെ ഇണയെ) നിന്നെ അനുഗ്രഹിക്കട്ടെ നിങ്ങളെ രണ്ടുപേരെയും സമൃദ്ധിയിൽ കൂട്ടിയോജിപ്പിക്കട്ടെ.”(125)

അഖിൽ ബിൻ അബീത്വാലിബ് (ﷺ) നിവേദനം: പ്രവാചകൻ താഴെ പറയുന്ന ദുആ ചൊല്ലാനായി സ്വഹാബത്തിനോട് പറയാറുണ്ട്. (ദുആ പുതുതായി വിവാഹം ചെയ്ത ആളുകൾക്ക് വേണ്ടിയാണ്)

بارك الله لكم و بارك عليكم

---

123) ഇബ്നു സഅദ്, അത്തബറാനി, ഇബ്നുഅസ്സാക്കിർ എന്നിവർ രേഖപ്പെടുത്തിയത്. അൽബാനി ഹസൻ ആയി അംഗീകരിച്ചത്.

124) ബുഖാരി, മുസ്‌ലിം എന്നിവർ രേഖപ്പെടുത്തിയത്

125) അബൂദാവൂദ്, തിർമുദി തുടങ്ങിയവരും രേഖപ്പെടുത്തിയത്, അൽബാനി പ്രാമാണികമാക്കിയത്. (ആദാബുസ്സിഫാഫ് പേ :175)

"ബാറക്കല്ലാഹു ലകും വ ബാറക അലൈക്കും-അല്ലാഹു നിങ്ങൾക്ക് വേണ്ടിയും (നിങ്ങളുടെ വിവാഹത്തെ) നിങ്ങളെയും അനുഗ്രഹിക്കട്ടെ."[126]

## പാട്ടും ദഫ് മുട്ടലും

### സംഗീതം നിഷിദ്ധം

പൊതുവായി പറഞ്ഞാൽ സംഗീതം ഇസ്‌ലാമിൽ നിഷിദ്ധ മാണ്. ഈ നിയമം പ്രാമാണിക ഗ്രന്ഥങ്ങളിലും ആദ്യകാല ഉലമാക്കളുടെ (നാലു ഇമാമുമാർ ഉൾപ്പെടുന്ന പണ്ഡിതന്മാരുടെ) അഭിപ്രായത്തിലും അങ്ങനെ തന്നെയാണ്. അബൂമാലിക് അൽ അശ്അരി (رضي الله عنه) പ്രവാചകൻ ഇങ്ങനെ പറഞ്ഞതായി പറയുന്നു:

لَيَكُونَنَّ مِنْ أُمَّتِي أَقْوَامٌ يَسْتَحِلُّونَ الْحِرَ وَالْحَرِيــرَ وَالْخَمْرَ وَالْمَعَازِفَ وَلَيَنْزِلَنَّ أَقْوَامٌ إِلَى جَنْبِ عَلَمٍ يَرُوحُ عَلَيْهِمْ بِسَارِحَةٍ لَهُمْ يَأْتِيــهِمْ يَعْنِي الْفَقِيرَ لِحَاجَةٍ فَيَقُولُونَ ارْجِعْ إِلَيْنَا غَدًا فَيُبَيِّتُهُمْ اللَّهُ وَيَضَعُ الْعَلَمَ وَيَمْسَخُ آخَرِينَ قِرَدَةً وَخَنَازِيرَ إِلَى يَوْمِ الْقِيَامَةِ

"എന്റെ ഉമ്മത്തിൽ 'ഹിർവിലും'[127] പട്ടിലും[128] മദ്യത്തിലും, സംഗീതോപകരണങ്ങളിലും മുഴുകുന്ന കുറെയാളുകൾ ഉണ്ടായിരിക്കും. അതിൽ കുറെയാളുകൾ ഒരു മലഞ്ചെരുവിൽ തമ്പടിക്കും. പാവപ്പെട്ട ഒരു ആട്ടിടയൻ (അവരുടെ ആടുമാടുകളെ നോക്കുന്നയാൾ) വൈകുന്നേരം അവരുടെ ആടുമാടുകളുമായി വന്ന് അവരോട് (സാമ്പത്തിക) സഹായം ചോദിക്കും. അവർ അവനോട് (സാമ്പത്തിക സഹായം നല്കുന്നത് ഒഴിവാക്കാനായി) "നാളെ വാ" എന്നു പറയും. അല്ലാഹു അവരിൽ അധികപേരെയും രാത്രിയിൽ തന്നെ ആ മല അവരുടെ മേൽ മറിച്ചിട്ട് നശിപ്പിക്കും. ബാക്കിയായവരെ കുരങ്ങുകളും പന്നികളുമാക്കി മാറ്റും.

126) അന്നസാഇ, ഇബ്നുമാജ തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽഅൽബാനി ഹസൻ ആണ് എന്ന് പ്രഖ്യാപിച്ചത്. (ആദാബുസ്സിഫാഫ് പേ: 175-177)

127) വ്യഭിചാരവും ദുർനടപ്പും

128) സ്വാഭാവിക പട്ട് പുരുഷന് നിരോധിക്കപ്പെട്ടതാണ്.

പുനരുത്ഥാനത്തിന്റെ ദിവസം വരെ അവർ അങ്ങനെ തന്നെയായി രിക്കുകയും ചെയ്യും."(129)

അനസ്, ഇമ്രാൻ തുടങ്ങിയവർ പ്രവാചകൻ ഇപ്രകാരം പറഞ്ഞതായി പറയുന്നു:

ليكونن في هذه الأمة خسف وقذف ومسخ وذلك إذا شربوا الخمور واتخذوا القينات وضربوا بالمعازف

"ഈ ഉമ്മത്തിലെ ചിലർ ഭൂമി തകർന്നടിയുന്നതിൽ പെടും. കല്ലുവീഴ്ചയിൽ പെടും, രൂപാന്തരം വന്ന് ശിക്ഷിക്കപ്പെടും. ഇതുണ്ടാകുക അവർ ഖംറ് (മദ്യം) കുടിക്കുകയും സ്ത്രീ ഗായിക മാരെ കൂടെ താമസിപ്പിക്കുകയും സംഗീതോപകരണങ്ങൾ ഉപയോഗിച്ച് പാടുകയും ചെയ്യുമ്പോഴായിരിക്കും."(129)

## 'ദഫിന്' അനുവദനീയം

ഒരു സംഗീതോപകരണം മാത്രം സംഗീതോപകരണങ്ങളുടെ നിരോധനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ദഫ് എന്ന വാദ്യമാണത്. ഇത് 'തംബൂരിൻ' (മദ്ദളം പോലെ ഒരു വാദ്യോപകരണം) പോലെയുള്ള ഒരു ഉപകരണമാണ്. പക്ഷെ മണികളോ വളയങ്ങളോ ഇല്ല. അതുതന്നെ മൂന്ന് സന്ദർഭങ്ങളിൽ മാത്രമാണ് അനുവദിച്ചത്.

1. ഈദ് ആഘോഷത്തിൽ
2. വിവാഹങ്ങളിൽ-കൂടുതൽ താഴെ കൊടുക്കുന്നു.
3. ഒരു വാഗ്ദാനം നിറവേറ്റുമ്പോൾ, ഇത് പ്രവാചകന്റെ കാലത്തുണ്ടായ ഒരു സംഭവത്തിന്റെ പശ്ചാത്തലത്തിലാണ്. ഈ ചർച്ചയിൽ അത് അപ്രസക്തമാണ്. മാത്രവുമല്ല, ദഫ് ഉപയോഗിക്കേണ്ടത് കുട്ടികളും സ്ത്രീകളും മാത്രമാണെന്ന് നബിചര്യയെക്കുറിച്ചുള്ള മുഴുവൻ റിപ്പോർട്ടുകളും സൂചിപ്പി ക്കുന്നുണ്ട്. അതു കൊണ്ടുതന്നെ വിവാഹസമയത്ത് പുരുഷ

129) അൽബുഖാരി (ഫതഹുൽബാരി 5590) ഇബ്നുഹിബ്ബാൻ തുടങ്ങിയവർ രേഖപ്പെടുത്തിയത്. പ്രാമാണികമാണ് എന്ന് അൽഅൽബാനി പരിശോധിച്ചുറപ്പുവരുത്തിയത്. (സ്വഹീഹുൽ ജാമി 5466, അസ്സ്വഹീഹ 91)

ന്മാർ പാടുകയും വാദ്യോപകരണങ്ങൾ ഉപയോഗിക്കുകയും നൃത്തം ചെയ്യുകയും ചെയ്യുന്ന ഇന്നത്തെ രീതി സുന്നത്തിനോട് എതിരാണ്. ഇങ്ങനെ സ്ത്രൈണമായ കാര്യങ്ങൾ ചെയ്യാൻ പുരുഷന്മാർ ലജ്ജിക്കേണ്ടതും വെറുക്കേണ്ടതുമാണ്. നാം ഉപസംഹരിക്കുന്നു.

ഉപയോഗിക്കാൻ പാടുള്ള വാദ്യം : ദഫ്

ഉപയോഗിക്കേണ്ട സന്ദർഭം : ഈദും, വിവാഹങ്ങളും

ഉപയോഗിക്കാവുന്ന ആളുകൾ : കുട്ടികളും സ്ത്രീകളും

## വിവാഹത്തിലെ ദഫ്മുട്ടലും പാട്ടും

വിവാഹവേളയിൽ ദഫ് മുട്ടിക്കൊണ്ട് പാടുന്നത് *സ്ത്രീകൾക്ക്* മാത്രം സമ്മതം നല്കപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്.

അബൂബൽക് യഹ്യാൻ ബിൻ സലീം നിവേദനം ചെയ്യുന്നു. അദ്ദേഹം മുഹമ്മദ് ബിൻ ഹതീബിനോട് പറഞ്ഞു: "എന്റെ രണ്ടു വിവാഹങ്ങളിലും ഒരു ശബ്ദവും (പാട്ടിന്റെ) ഉണ്ടായിരുന്നില്ല." മുഹമ്മദ് അപ്പോൾ അദ്ദേഹത്തോട് പ്രവാചകൻ പറഞ്ഞതായി പറയുന്നു:

فصل ما بين الحلال و الحرام ضرب الدف و الصوت في النكاح

''നിയമപരമായ(വിവാഹം)തും നിയമപരാമല്ലാത്തതും (വ്യഭിചാരം) തമ്മിലുള്ള വ്യത്യാസം ദഫിന്റെ ശബ്ദവും വിവാഹച്ചടങ്ങിൽ പാട്ടിന്റെ സാന്നിധ്യവുമാണ്.[130]

ആഇശ പറയുന്നു: അവർ അൻസ്വാറിൽ നിന്നുള്ള ഒരു ആൾക്കുവേണ്ടി ഒരു സ്ത്രീയെ ഒരുക്കി നിർത്തി. അപ്പോൾ പ്രവാചകൻ ചോദിച്ചു:

يَا عَائِشَةُ مَا كَانَ مَعَكُمْ لَهْوٌ فَإِنَّ الْأَنْصَارَ يُعْجِبُهُمْ اللَّهْوُ

130) അന്നസാഈ, തിർമിദി തുടങ്ങിയവർ രേഖപ്പെടുത്തിയത്. ഹസൻ ആണ് എന്ന് അൽ അൽബാനി പറഞ്ഞത്.

“ആഇശാ, നിനക്ക് കുറച്ച് ലഹ്‌വ് കൂടി (പാട്ടും നൃത്തവും) കൂടി ആകാമായിരുന്നില്ലേ? അൻസ്വാറുകൾക്ക് തീർച്ചയായും ലഹ്‌വ് ഇഷ്ടമാണ്.[131]

## എന്താണ് പാടേണ്ടത്?

പാട്ട് ലളിതവും നിഷ്കളങ്കവുമായ വാക്കുകൾ ഉപയോഗിക്കുന്നതായിരിക്കണം. ധിക്കാരത്തിനോ പാപത്തിനോ പ്രോത്സാഹനം നല്കുന്ന തരത്തിലുള്ളതാവരുത്. അക്കാലത്ത് സംഗീതം എന്നാൽ കവിത ചൊല്ലലിനോടുകൂടി ദഫ് മുട്ടലും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് ഓർക്കേണ്ടതാണ്. അതിൽ ഒരിക്കലും ചീത്ത വാക്കുകളോ, രാഗങ്ങളോ മനുഷ്യനെ ആകൃഷ്ടനാക്കുന്ന ശാരീരിക ചലനമോ ഉണ്ടായിരുന്നില്ല എന്നുകൂടി ഓർക്കണം.

വേറൊരു റിപ്പോർട്ടിൽ ആഇശ, അവരോട് പ്രവാചകൻ ഇങ്ങനെ ചോദിച്ചതായി പറയുന്നു.

فهل بعثتم معها جارية تضرب بالدف وتغني ؟

“നിനക്ക് ദഫ്മുട്ടാനും പാടാനുമായി വധുവിന്റെ കൂടെ ഒരു ചെറിയ പെൺകുട്ടിയെ കൂടി അയക്കാമായിരന്നില്ലേ?.”

ആഇശ ചോദിച്ചു. “അവൾ എന്താണ് ചൊല്ലുക?.” അദ്ദേഹം (സ.അ) മറുപടി പറഞ്ഞു:

أتيناكم أتيناكم فحيونا نحييكم
لولا الذهب الأحم ر ما حلت بواديكم
لولا الحنطة السمرا ء ما سمنت عذاريكم

“ഞങ്ങൾ നിന്നെക്കാണാൻ വന്നു, നിന്നെക്കാണാൻ വന്നു. ഞങ്ങളോട് ആശംസ പറയൂ എങ്കിൽ ഞങ്ങൾ നിന്നെ ആശംസിയ്ക്കാം.

ചുവന്ന സ്വർണത്തിന്നു വേണ്ടിയല്ലാതെ നിന്റെ മരുഭൂമിയിൽ ആരും വരില്ലായിരുന്നു.

131) അൽബുഖാരിയും മറ്റുള്ളവരും രേഖപ്പെടുത്തിയത്

കറുത്ത ധാന്യം കൊണ്ടല്ലാതെ നിങ്ങളുടെ കന്യകൾക്ക് ഒരിക്കലും തടിയുണ്ടാകുമായിരുന്നില്ല"[132]

## നൃത്തം വെയ്ക്കൽ

മുകളിൽ നാം കണ്ടത് വിവാഹത്തിനു പ്രവാചകൻ സ്ത്രീകൾക്ക് ലഹ്‌വ് അനുവദിച്ചിട്ടുണ്ട് എന്നാണ്. ലഹ്‌വിൽ ദഫ്മുട്ടലും പാട്ടും, നൃത്തവും ഉൾപ്പെടുന്നതാണ്. ഈ നൃത്തം എന്നത് ദഫിന്റെ താളത്തിന് അനുസൃതമായി ശരീരം മൃദുവായും നിഷ്കളങ്കമായും ആട്ടുക എന്നത് മാത്രമാണ്. ഇക്കാലത്ത് കല്യാണ വീടുകളിൽ കാണുന്നത് പോലെ അശ്ലീലവും, മനുഷ്യന്റെ കാമചോദനകളുയർത്തുന്നതുമായ നൃത്തമല്ല.

## സമ്മാനം നൽകൽ

എല്ലാ അവസരങ്ങളിലും സമ്മാനം നൽകുന്നത് ഒരു നല്ല നടപടിക്രമമാണ്. അല്ലാഹുവിന്റെ ദൂതർ(ﷺ) പറഞ്ഞതായി അബൂ ഹുറൈറ(رضي الله عنه) പറയുന്നു.

تهادوا تحابوا "സമ്മാനങ്ങൾ കൈമാറുക. അത് നിങ്ങൾക്കിടയിൽ സ്നേഹം വളർത്തും."[133]

വിവാഹം കഴിഞ്ഞ ദമ്പതികൾക്ക് സമ്മാനം നല്കാവുന്നതാണ്. താഴെ കാണുന്ന കാര്യങ്ങൾ ഓർക്കേണ്ടതുണ്ട് എന്ന് മാത്രം.

* സമ്മാനങ്ങൾ ധാരാളിത്തം കാട്ടാനോ പ്രദർശനത്തിനോ വേണ്ടിയാകരുത്.
* അത് നിർബന്ധമായ ഒരു ചടങ്ങായി മാറ്ററുത്. ഉദാഹരണമായി വധുവിനെ കുളിപ്പിക്കൽ ഒരു ചടങ്ങാക്കി, പങ്കെടുക്കാൻ വരുന്നവർ സമ്മാനം കൊണ്ടുവരണമെന്ന കീഴ്‌വഴക്കവും പാടില്ല. (നമ്മുടെ നാട്ടിലെ മൈലാഞ്ചി കല്യാണം പോലെ)
* സമ്മാനമെന്നത് ഇസ്‌ലാമിന് അനുവദനീയമായിരിക്കണം. പ്രതിമകളോ, സംഗീതോപകരണങ്ങളോ, നിരോധിക്കപ്പെട്ട മറ്റു സാധനങ്ങളോ പാടില്ല.

---

131) അൽബുഖാരിയും മറ്റുള്ളവരും രേഖപ്പെടുത്തിയത്

132) ത്വബ്‌റാനിയും മറ്റും രേഖപ്പെടുത്തിയത്. അൽഅൽബാനി ഹസൻ ആണെന്ന് പ്രഖ്യാപിച്ചത് (ഇർവാഉൽ ഗലീൽ 1995, അദബ് മസ്നിഫ് 181)

133) അബൂയഅ്‌ലാ, അൽബയ്ഹാഖി, അൽബുഖാരി എന്നിവർ അൽഅദബുൽ മുഫ്റദ് എന്ന ഗ്രന്ഥത്തിൽ പറഞ്ഞത് (ഇർവാഉൽ ഗലീൽ 1601)

ഈ കാര്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് ശ്രദ്ധാപൂർവം തെരഞ്ഞെടുത്താൽ വിവാഹ സമ്മാനമെന്നത് നവദമ്പതികൾക്ക് അവരുടെ പുതിയ കുടുംബം പടുത്തുയർത്താൻ വളരെ സഹായക മായിത്തീരും.

അനസ് ബിൻ മാലിക് പറയുന്നു: പ്രവാചകൻ (സ.അ) സൈനബിനെ വിവാഹം കഴിച്ചപ്പോൾ ഉമ്മു സുലൈം[134] അനസി നോട് പറഞ്ഞു: "നമുക്ക് അല്ലാഹുവിന്റെ ദൂതർക്ക് ഒരു സമ്മാനം നൽകാം." അനസ് മറുപടി പറഞ്ഞു: "ശരി." അവർ പോയി ഈത്ത പ്പഴവും, വെണ്ണയും ഉണക്കിയ തൈരും കൂടി ഒരു പാത്രത്തിലിട്ട് മൃദുവായ ഒരു മിശ്രിതമാക്കി (ഇതിനെ ഹയ്സ അല്ലെങ്കിൽ ഹയ്സ് എന്നു പറയുന്നു) ഈ പാത്രം അനസ് പ്രവാചകനടുത്ത് കൊണ്ടു പോയപ്പോൾ പ്രവാചകൻ പാത്രമവിടെ വെച്ചിട്ട് ചില ആളുകളെ ക്ഷണിക്കാനായി പറഞ്ഞുവിട്ടു. കൂട്ടത്തിൽ വഴിയിൽ കാണുന്നവ രെയല്ലാം വിളിക്കാനും പറഞ്ഞു. അനസ് ആജ്ഞാപിക്കപ്പെട്ടതു പോലെ ചെയ്തു. പക്ഷേ തിരിച്ചെത്തിയപ്പോഴേക്കും വീട്ടിൽ ധാരാളം ആളുകളെക്കൊണ്ട് നിറഞ്ഞിരുന്നു. പ്രവാചകൻ ഹയ്സ എടുത്തുവെച്ച് അതിനു മുകളിൽ കൈവച്ചു. എന്നിട്ട് പത്താളുകൾ വീതമുള്ള സംഘങ്ങളായി ആളുകളെ വിളിച്ചു. എന്നിട്ട് പറഞ്ഞു:

اذكروا اسم الله وليأكل كل رجل مما يليه

"അല്ലാഹുവിന്റെ നാമം പറയുക. എന്നിട്ട് ഓരോരുത്തരും അവരുടെ ഭാഗത്ത് നിന്നും ഭക്ഷിക്കുക.'' അവിടെയുണ്ടായി രുന്നതിൽ നിന്ന് എല്ലാവരും കഴിച്ചു.[135]

## വിവാഹാഘോഷങ്ങളിൽ പാപം ചെയ്യുന്നത് ഒഴിവാക്കുക

### ഒരു പ്രധാന മുന്നറിയിപ്പ്

അല്ലാഹുവിനോടുള്ള അനുസരണക്കേടും പാപകരമായ പ്രവൃത്തിയും വിവാഹാഘോഷ സമയത്ത് മുസ്ലിംകൾ ചെയ്യുന്നതായി സാധാരണ കാണപ്പെടുന്നു. കുറെ പേരെങ്കിലും

134) അനസിന്റെ മാതാവ്

135) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

വിചാരിക്കുന്നത് വിവാഹം എന്നാൽ ഇസ്ലാമികപരമായ തത്വങ്ങളെ ഒഴിച്ചു നിർത്താനുള്ള അവസരമാണ് എന്നാണ്.

ഈ ഭാഗത്ത് അനുസരണക്കേടിന്റെ ഉദാഹരണമായി നാം ചില പ്രവൃത്തികൾ എടുത്തുപറയുന്നു. ഇങ്ങനെയുള്ള പ്രവൃത്തികൾ വിവാഹങ്ങളിൽ നിന്ന് കർശനമായും ഒഴിവാക്കാനും ഇങ്ങനെയുള്ള വിവാഹങ്ങൾ ബഹിഷ്കരിക്കാനും നാം ശക്തമായി ആവശ്യപ്പെടുന്നു.

നവദമ്പതിമാരെയും അവരുടെ കുടുംബങ്ങളെയും നാം ഓർമിപ്പിക്കുന്നത് വിവാഹം ദമ്പതിമാർക്ക് ഒരു പുതിയ ജീവിതത്തിന്റെ തുടക്കം കുറിക്കുന്നുവെന്നാണ്. അതുകൊണ്ടു തന്നെ അതിന്റെ ആരംഭം സാധ്യമായത്ര നല്ല നിലയിൽ തന്നെ ആയിരിക്കണം. നമ്മുടെയെല്ലാം നാഥനായ അല്ലാഹുവിനോട് അനുസരണ കാണിച്ചും അവന്റെ അനുഗ്രഹവും മാപ്പും ആവശ്യപ്പെട്ടുകൊണ്ടും ആവണം. അവന്റെ അനുഗ്രഹത്തിന് വിഘാതമാവുകയും കടുത്ത ശിക്ഷയ്ക്ക് കാരണമാവുകയും ചെയ്യുന്ന പാപപങ്കിലമായ കൃത്യങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ എല്ലാ പരിശ്രമവും നടത്തേണ്ടതുണ്ട്.

## അനിസ്ലാമികമായ വേഷഭൂഷാദികൾ ഒഴിവാക്കൽ

വിവാഹത്തിനുവേണ്ടി വേഷം ധരിക്കുമ്പോൾ മുസ്ലിംകൾ താഴെ പറയുന്ന കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്.

* നമ്മോട്എടുത്തുകളയരുത് എന്ന് ആജ്ഞാപിക്കപ്പെട്ട രോമം പറിക്കരുത്. പുരികം പറിച്ചു കളയുന്നതും പുരുഷന്മാർ താടി വടിച്ചു കളയുന്നതും താടി വളരെ ചെറുതായി വെട്ടുന്നതും ഒഴിവാക്കേണ്ടതാണ്.

* അമുസ്ലിംകളുടെയും ദുർവൃത്തരുടെയും വേഷ വിധാനങ്ങൾ അവർ അനുകരിക്കരുത്. ഉദാഹരണമായി അഭിനേത്രികളുടെയും പാട്ടുകാരുടെയും മറ്റും വേഷ വിധാനങ്ങളും കേശാലങ്കാരവും അനുകരിക്കുന്നത് ആശാസ്യമല്ല. മറ്റു സ്ത്രീകളുടെ കൂട്ടത്തിലോ, സ്വന്തം മഹ്റമുകളുടെ (വിവാഹം നിഷിദ്ധമാക്കപ്പെട്ട രക്തബന്ധമുള്ളവർ) കൂടെയോ ആയിരി

ക്കുമ്പോൾ മാത്രമേ സ്ത്രീകൾ സുഗന്ധ ദ്രവ്യങ്ങൾ ഉപയോഗിക്കാൻ പാടുള്ളൂ. മഹ്റമല്ലാത്തവരുടെ സാന്നിധ്യത്തിൽ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നത് വലിയ തെറ്റാണ്. അബൂമൂസൽ അശ്അരി പ്രവാചകൻ പറഞ്ഞതായി പറയുന്നു:

أيما امرأة استعطرت فمرت علي قوم ليجدوا ريحها فهي زانية

"സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുകയും അതുപയോഗിച്ച ശേഷം പരപുരുഷന്മാരുടെ അടുത്തുകൂടി അവരെ മണപ്പിച്ചു കൊണ്ടുപോവുകയും ചെയ്യുന്നവൾ അഭിസാരികയാണ്."(136)

സ്ത്രീകൾ ചമയങ്ങൾ ഒഴിവാക്കേണ്ടതാണ്. ഇത് അവിശ്വാസികളെ അനുകരിക്കലാണ് എന്നതിനു പുറമെ ചർമത്തിന് ഹാനികരവും അല്ലാഹുവിന്റെ സൃഷ്ടിക്ക് മാറ്റം വരുത്തലുമാണ്. നഖം വളർത്തലും അതിന് ചായം കൊടുക്കലും ഇങ്ങനെ തന്നെ.

ഇതിന് ഒരപവാദം കണ്ണിൽ (കൂഹ്ല്) സുറുമ എഴുതുന്നതിനു മാത്രമാണ്. സ്വഹാബത്ത് സുറുമ ഉപയോഗിച്ചിരുന്നു. അലി (ﷺ) പ്രവാചകൻ പറഞ്ഞതായി പറയുന്നു:

عليكم بالإثمد ؛ فإنه منبتة للشعر مذهبة للقذى مصفاة للبصر

"അഞ്ജനം ഉപയോഗിക്കൂ. അത് (കണ്ണിന്റെ ഇമ)രോമങ്ങൾ വളരാനും കണ്ണിന്റെ അശുദ്ധികൾ പുറത്തുകളയാനും കണ്ണിന്റെ കാഴ്ച വ്യക്തമാക്കാനും നല്ലതാണ്.(137)

ഹിന്നാ (മൈലാഞ്ചി) ഉപയോഗിക്കാനും അനുവാദമുണ്ട്. (സാധാരണയായി സ്ത്രീകൾ അത് കയ്യിലും കാലിലും തേക്കുന്നു) ഹിന്ന എന്നത് ഒരു ചുവപ്പും ഓറഞ്ചും കലർന്ന സൗന്ദര്യവർദ്ധക വസ്തുവാണ്. അത് തയ്യാറാക്കുന്നത് ഹിന്ന എന്ന ചെടിയുടെ (മൈലാഞ്ചിച്ചെടി) ഇലകളിൽ നിന്നും, ചെറിയ കൊമ്പുകളിൽ നിന്നുമാണ്. പ്രവാചകന്റെ പരിചാരികയായിരുന്ന സൽമാ നിവേദനം:

136) അബൂദാവൂദ്, തിർമിദി എന്നിവർ രേഖപ്പെടുത്തിയത്. ഹസൻ ആണ് എന്ന് അൽബാനി പറഞ്ഞത്

137) ത്വബറാനി, അബൂനുഐം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

“പ്രവാചകനെ ഒരു മുള്ളു കുത്തുകയോ ഒരു മുറിവ് അദ്ദേഹത്തിന്റെ ദേഹത്തിലുണ്ടാവുകയോ ചെയ്തപ്പോഴൊക്കെ അദ്ദേഹം അതിൽ ഹിന്ന ഇടാതെ ഇരുന്നിട്ടില്ല.”(138)

* ദേഹത്ത് പച്ചകുത്തുന്നതും ശരീരം തുളയ്ക്കുന്നതും മുസ്‌ലിംകൾ ഒഴിവാക്കേണ്ടതാണ്. ഇത് രണ്ടും ഇസ്‌ലാം ശക്തമായി നിരോധിച്ചതുമാണ്. അവ വ്യക്തമായും സാത്താന്റെ കല്പനകളിൽ പെട്ടതും അടുത്ത കാലത്ത് മാത്രം പിഴച്ച ആളുകൾക്കിടയിൽ പ്രചാരത്തിലായതുമാണ്.
* വസ്ത്രം എപ്പോഴും സൗമ്യതയും ചാരുതയുമുള്ളതായിരിക്കണം. ഒരിക്കലും വസ്ത്രവും അലങ്കാരങ്ങളും അമിതമോ അത്യധികം വിലപിടിപ്പുള്ളതോ ആവരുത്. ഒരു നിശാവസ്ത്രത്തിനോ ഒരു ജോഡി ചെരുപ്പുകൾക്കോ ചിലവാക്കുന്ന ആയിരങ്ങൾ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ പട്ടിണികിടക്കുന്ന മുസ്‌ലിംകളുടെ ജീവൻ രക്ഷിക്കാൻ ഉതകുമെന്ന് ഠമനസ്സിലാക്കണം.
* ജാഡ പ്രദർശിപ്പിക്കാനായി വസ്ത്രവും അലങ്കാരങ്ങളും അണിയുന്നത് ഒഴിവാക്കേണ്ടതാണ്.
* വസ്ത്രം ഔറത്തും അതിന്റെ രൂപവും മുഴുവൻ മറയ്ക്കുന്നതായിരിക്കണം. ഔറത്തിന്റെ പരിധി എന്താണെന്ന് താഴെ കൊടുത്തിരിക്കുന്നു. പട്ടികയിൽ നിന്ന് മനസ്സിലാക്കം.

| വ്യകതി | ഔറത്തിന്റെ പരിധി |
|---|---|
| പുരുഷൻ –<br>പുരുഷനോടൊപ്പമായാലും<br>സ്ത്രീയോടൊപ്പമായാലും | പൊക്കിൾ മുതൽ<br>കാൽമുട്ടുവരെ |
| സ്ത്രീ –<br>മഹ്റമല്ലാത്തവരോടൊപ്പമായാലും<br>അമുസ്‌ലിം സ്ത്രീകളോടൊപ്പമായാലും | മുഖവും മുൻകൈയും<br>ഒഴിച്ചുള്ള ഭാഗങ്ങൾ |
| സ്ത്രീ – മഹ്റമുകളോടൊപ്പമായാലും മറ്റു മുസ്‌ലിം സ്ത്രീകളോടൊപ്പമായാലും | കഴുത്ത്, കൈകൾ, കാൽവണ്ണകൾ എന്നിവ ഒഴിച്ചുള്ള ഭാഗം |

138) അത്തിർമിദി, ഇബ്നുമാജ എന്നിവർ രേഖപ്പെടുത്തി അൽ അൽബാനി ഹസൻ ആണ് എന്ന് പറഞ്ഞത്.

ഔറത്ത് മറയ്ക്കാതെ വസ്ത്രമുടുക്കുന്നതിന്റെ ഉദാഹരണങ്ങൾ: പുരുഷന്മാർ ഷോർട്സോ ഇറുക്കമുള്ള പാന്റ്സോ ധരിക്കുന്നത്; സ്ത്രീകൾ മഹ്റമല്ലാത്തവർക്ക് അവരുടെ തലയോ കൈയ്യോ കാണിക്കുന്നത്, അല്ലെങ്കിൽ ഇറുകിയ വസ്ത്രമോ കട്ടി കുറഞ്ഞതോ ഉൾഭാഗം കാണാൻ കഴിയുന്നതോ തിളക്കമുള്ളതോ ആയ വസ്ത്രം ധരിക്കുന്നത്; സ്ത്രീകൾ മറ്റു സ്ത്രീകൾക്ക് തന്റെ തുടകളോ കക്ഷമോ മാറിടത്തിന്റെ ഭാഗങ്ങളോ കാണിക്കുന്നത്. * ആളുകൾ എതിർലിംഗത്തിൽപ്പെട്ടവർ ധരിക്കുന്ന വസ്ത്രങ്ങൾ ഒഴിവാക്കണം. സ്ത്രീകൾ പുരുഷന്മാരുടെ രീതിയിലുള്ള വസ്ത്രങ്ങളോ പുരുഷന്മാർ സ്വാഭാവികപട്ടോ സ്വർണാഭരണങ്ങളോ കൈവളകളോ, കൈചങ്ങലകളോ കണ്ഠാഭരണങ്ങളോ അണിയാൻ പാടില്ല.

## അനിസ്ലാമികമല്ലാത്ത ആചാരങ്ങൾ ഒഴിവാക്കുക

അനിസ്ലാമികമായ പല ആചാരങ്ങളും മുസ്ലിംകൾ വിവാഹത്തിൽ നിന്ന് ഒഴിച്ചു നിർത്തേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച്

മുസ്ലിംകൾ മഹ്റമല്ലാത്ത ആണുങ്ങളും പെണ്ണുങ്ങളും ഇടകലരാനനുവദിക്കരുത്. അങ്ങനെ അനുവദിയ്ക്കുന്നത് താഴെ പറയുന്ന തരത്തിലുള്ള പാപങ്ങൾക്ക് കാരണമാവുന്നതാണ്.

* പരസ്പരം തൊടുക, കെട്ടിപ്പിടിക്കുക, ഹസ്തദാനം ചെയ്യുക.
* തമ്മിൽ കൊച്ചു വർത്തമാനം പറയലും, ചിരിക്കലും ശൃംഖരിക്കലും
* പരസ്പരം നോക്കലും നോട്ടം കൈമാറലും
* വരനെ സ്ത്രീകളുടെ ഭാഗത്തേക്ക് (പലപ്പോഴും മറ്റു പുരുഷന്മാരോടു കൂടി) ആനയിക്കലും വരൻ വധുവിനെ മറ്റുള്ള ഒരുപാട് സ്ത്രീകളുടെ മുമ്പിൽ വച്ച് (അവർ പലരും നേരെ ചൊവ്വേ വസ്ത്രം ധരിക്കാത്തവരുമായിരിക്കും) ചുംബിക്കലും.

മുസ്ലിംകൾ വിവാഹം ഒരു ധൂർത്തിന്റെയും ജാഡയുടെയും വേദിയാക്കുന്നത് ഒഴിവാക്കേണ്ടതാണ്. അനാവശ്യച്ചെലവു മൂലം ഒരു മുസ്ലിമിനു പോലും ഉപകാരപ്പെടാത്ത വിധത്തിൽ പണം ചെലവഴിക്കപ്പെടുകയാണ്. ഉദാഹരണമായി

* ചെലവേറിയ ഹോട്ടലുകളിലും മറ്റും വെച്ച് നടത്തപ്പെടുന്ന വിവാഹത്തിൽ വിലകൂടിയ ഭക്ഷണങ്ങൾ നിർലോഭം

വിളമ്പുകയാണ്. പലപ്പോഴും അനിസ്ലാമികമായ കാര്യങ്ങൾ ആണവിടെ നടക്കുന്നത്.

* വിവാഹത്തിന് പങ്കെടുക്കാനെത്തിയവർക്ക് വിലകൂടിയ കൗതുകവസ്തുക്കൾ, മിഠായികൾ നിറച്ച് വിതരണം ചെയ്യുന്നതും സ്വർണനാണങ്ങളോ വെള്ളിനാണയങ്ങളോ 'ഭാഗ്യ'മുള്ള ആളുകൾക്ക് വേണ്ടി വാരിയെറിയുകയും ചെയ്യുന്നത്.

* വധു അവളുടെ ഔറത്ത് പുറത്തുകാണിക്കുന്ന വിധത്തിൽ വിലയേറിയ വിവാഹവസ്ത്രം ധരിക്കുന്നത്. അനിസ്ലാമികമായ വിവാഹാഘോഷങ്ങളിൽ വരുന്ന പാപപങ്കിലമായ മറ്റ് പ്രവൃത്തികളും തടയേണ്ടതുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

* അനിസ്ലാമികമായി വേഷം ധരിച്ച വിളമ്പുകാരികൾ ഭക്ഷണം നൽകുന്നത്.

* സംഗീതം പൊഴിക്കുന്നത്. പലപ്പോഴും ദുരർത്ഥം വെച്ചുള്ള പാട്ടുകളും ആഭാസകരമായ നൃത്തവും കൂടെയുണ്ടാകും.

* മദ്യം വിളമ്പുന്നത്. ഇബ്നുഉമർ നിവേദനം: അല്ലാഹുവിന്റെ ദൂതർ പറഞ്ഞിട്ടുണ്ട്:

من كان يؤمن بالله واليوم الآخر فلا يقعد على مائدة يدار عليها الخمر

"അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ആരും മദ്യം വിളമ്പുന്ന ഒരു മേശക്കരുകിൽ ഇരിക്കരുത്."(139)

പുതുതായി വവാഹം കഴിഞ്ഞാൽ ദമ്പതികൾ വിവാഹ ശേഷം അവരുടെ വൈവാഹിക പദവി കാണിക്കാനായി വിവാഹ മോതിരം അണിയുന്നത് ഇസ്ലാമിൽ യാതൊരു അടിസ്ഥാനവും ഇല്ലാത്ത ആചാരമാണത്.

ഇസ്ലാമികാചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും തുരങ്കം വയ്ക്കുന്ന കാര്യങ്ങൾ മുസ്ലിംകൾ ഒഴിവാക്കണം. താഴെ കൊടുക്കുന്നതുപോലെ.

139) അഹ്മദ്, അത്തിർമിദി തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽഅൽബാനി യഥാർത്ഥമാണ് എന്ന് പരിശോധിച്ച് അറിഞ്ഞത്. (ഇർവാഉൽ ഗലീൽ 1949)

* ഒരു നമസ്കാരം ഒഴിവാക്കുന്നതോ ജമാഅത്തായി നമസ്കരിക്കുന്നതിൽ നിന്ന് മാറി നില്ക്കുന്നതോ.

* വിവാഹം വളരെ വൈകിയും, ഫജ്ര്‍ നമസ്കാരം നഷ്ടപ്പെടുത്തുന്ന രീതിയിൽ തുടരൽ.

## ചിത്രങ്ങൾ എടുക്കുന്നത് ഒഴിവാക്കുക

ഒരു മുസ്ലിം, മറ്റുതരത്തിൽ ഒഴിവാക്കാൻ പറ്റാത്ത ആവശ്യങ്ങളുണ്ടെങ്കിലല്ലാതെ ഒരിക്കലും ചിത്രങ്ങൾ എടുക്കരുത്.

ആഇശ നിവേദനം: പ്രവാചകൻ ഒരിക്കൽ അവരുടെ വീട്ടിൽ ചിത്രങ്ങളുടെ ഒരു തിരശ്ശീല കണ്ടപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ദേഷ്യം വന്നു. ശേഷം പറഞ്ഞു.

إِنَّ الَّذِينَ يَصْنَعُونَ هَذِهِ الصُّوَرَ يُعَذَّبُونَ يَوْمَ الْقِيَامَةِ يُقَالُ لَهُمْ أَحْيُوا مَا خَلَقْتُمْ

“അന്ത്യനാളിൽ ഇത്തരം ചിത്രങ്ങൾ നിർമിക്കുന്നവർക്ക് കഠിനമായ ശിക്ഷ ലഭിക്കുകയും അവരോട് അവരുടെ സൃഷ്ടിക്ക് ജീവൻ നൽകാനാവശ്യപ്പെടുകയും ചെയ്യും.”

അതിനാൽ അവർ ആ തിരശ്ശീല എടുത്തുവെട്ടി, അതുകൊണ്ട് തലയിണകൾ ഉണ്ടാക്കി.[140]

ഇബ്നുമസ്ഊദ്, അല്ലാഹുവിന്റെ പ്രവാചകൻ ഇപ്രകാരം പറഞ്ഞതായി പറയുന്നു:

إِنَّ أَشَدَّ النَّاسِ عَذَابًا عِنْدَ اللَّهِ يَوْمَ الْقِيَامَةِ الْمُصَوِّرُونَ

“തീർച്ചയായും ചിത്രങ്ങൾ ഉണ്ടാക്കുന്നവർക്കാണ് അന്ത്യദിനത്തിൽ അതി കഠിനമായ ശിക്ഷ ലഭിക്കുന്നത്.”[141]

അബൂത്വൽഹ, അലി തുടങ്ങിയവർ അല്ലാഹുവിന്റെ ദൂതൻ പറഞ്ഞതായി പറയുന്നു:

إن الملائكة لا تدخل بيتا فيه كلب أو صورة

140) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

141) മുസ്ലിമും അഹ്മദും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

"തീർച്ചയായും ഒരു ചിത്രമോ ഒരു നായയോ ഒരു വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല."(142)

ഈ ഹദീസുകൾ ഏതുതരത്തിലുള്ള ചിത്രങ്ങൾക്കും ബാധകമാണ്. ആത്മാവും ജീവനുമുള്ള വസ്ത്രക്കളുടെതായാലും സാങ്കല്പിക ജീവികൾ ആയാലും ചിത്രങ്ങൾ ദ്വിമാന ചിത്രങ്ങളായാലും ത്രിമാനചിത്രങ്ങളായാലും പെയിന്റിംഗുകളായാലും, ഫോട്ടോഗ്രാഫുകളായാലും ഇതിൽ വ്യത്യാസമൊന്നും ഇല്ല.

ആധുനികമായ ഒരു ആചാരം വിവാഹാഘോഷങ്ങൾക്കിടയിൽ നവദമ്പതികളുടെയും ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയുമൊക്കെ ഒരുപാട് ചിത്രങ്ങളും വീഡിയോ ചിത്രങ്ങളും എടുക്കുക എന്നതാണ്. ഈ ചിത്രങ്ങളാകട്ടെ അല്ലാഹുവിനോടുള്ള ധിക്കാരം പലതരത്തിലും കാണിക്കുകയും ചെയ്യുന്നു. പലപ്പോഴും സ്ത്രീകൾ അവരുടെ മഹ്റമല്ലാത്ത പുരുഷന്മാരുടെ കൂടെ അവരുടെ തലയും മറ്റ് ശരീരഭാഗങ്ങളും പുറത്തുകാണിക്കുന്നു. അങ്ങനെ തികച്ചും അനാവശ്യമായ ഒരു ചിത്രമെടുപ്പിന്റെ കൂടെ, പാപത്തിനും അനുസരണക്കേടിനുമുള്ള സാധ്യതകളും ഒരുങ്ങുന്നു. ചിത്രമെടുക്കലിലൂടെ അവർ മനുഷ്യരുടെ പാപങ്ങളെ 'മരിവിപ്പിച്ചു' നിർത്തുന്നു. അവർക്കുതന്നെയും മറ്റുള്ളവർക്കും പിന്നീട് കാണാനായിട്ട്-അന്ത്യനാളിൽ അവരുടെ തിന്മകളുടെ ഭാരം കൂട്ടാൻ അത് കാരണമാവുകയും ചെയ്യും എന്ന് ഓർക്കുന്നത് നന്ന്.

142) ബുഖാരി, മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

## അധ്യായം 6

# വലീമത്ത് (വിവാഹ സൽക്കാരം)

വലീമത്ത് (അഥവാ വിവാഹ സൽക്കാരം എന്നത്) ഭർത്താവ് നിക്കാഹിന് ശേഷം തന്റെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും വേണ്ടി നല്കുന്ന ഒരു ഭക്ഷണമാണ്.

വലീമത്ത് എന്നത് ഭർത്താവിന്റെ പേരിൽ നിർബന്ധമായ ഒരു ചടങ്ങാണ്. ബുറൈദബിൻ അൽഹസീബ് നിവേദനം: അലി (رضي الله عنه) ഫാത്വിമയെ വിവാഹം കഴിച്ചപ്പോൾ തിരുദൂതർ പറഞ്ഞു:

“തീർച്ചയായും ഒരു വിവാഹത്തിന് (ഒരു വരന്) ഒരു വലീമത്ത് അനിവാര്യമാണ്.”

അപ്പോൾ സഅദ് പറഞ്ഞു: “ഞാൻ ഒരാടിനെ കൊണ്ടുവരാം.” മറ്റൊരാൾ പറഞ്ഞു: “ഞാൻ അല്പം ചോളവും കൊണ്ടുവരാം.”[143]

അബ്ദുർറഹ്മാൻബിൻ ഔഫ് (رضي الله عنه) മദീനയിലേക്ക് പാലായനം ചെയ്തപ്പോൾ പ്രവാചകൻ അദ്ദേഹത്തെ സഅദ്ബിൻ അർ-റബീ അൽ അൻസാരിയുടെ സഹോദരനാക്കി.[144] സഅദ്

---

143) അഹ്മദ്, അന്നസാഇ എന്നിവർ രേഖപ്പെടുത്തിയത്. അൽഅൽബാനി യഥാർത്ഥ മാണെന്ന് പറഞ്ഞത് (സ്വഹീഹുൽ ജാമിഅ് 2419, അദാബുസിഫാഫ് 144-145)

144) മദീനയിലെ തദ്ദേശവാസികളായ അൻസ്വാറുകൾ അവരെ സ്വീകരിക്കാൻ സർവ്വാത്മനാ തയ്യാറായിരുന്നു. അഭയം തേടി വന്നപ്പോൾ എല്ലാം ഉപേക്ഷിച്ചിട്ടായിരുന്നല്ലോ. മുഹാജിറുകൾ എത്തിയത്. ഹിജ്റയുടെ ആദ്യകാലങ്ങളിൽ പ്രവാചകൻ മുഹാജിറുകളിൽ നിന്നുള്ള ഓരോ ആളെയും ഒരു അൻസ്വാറിന്റെ സഹോദരനായി പ്രഖ്യാപിച്ചു.

അബ്ദുറഹ്മാനോട് പറഞ്ഞു: സഹോദരാ ഈ മദീനയിൽ ഞാനാണ് ഏറ്റവും സമ്പന്നനായ വ്യക്തി. അതിനാൽ എന്റെ സ്വത്ത് രണ്ടായി പകുത്ത് അതിലൊരു ഭാഗം താങ്കൾക്കു തരാം. എനിക്ക് രണ്ടു ഭാര്യമാരാണ്. അതേ സമയം എന്റെ സഹോദരനായ താങ്കൾക്ക് ഭാര്യയില്ല. എന്റെ ഭാര്യമാരിൽ ആരെയാണ് താങ്കൾക്ക് താല്പര്യം എന്ന് എന്നോട് പറഞ്ഞാൽ ഞാൻ അവളെ വിവാഹ മോചനം ചെയ്ത് അവളുടെ ഇദ്ദയുടെ കാലാവധി കഴിയുമ്പോൾ താങ്കൾക്ക് വിവാഹം ചെയ്തുതരാം." അബ്ദുർറഹ്മാൻ മറുപടി പറഞ്ഞു. "അല്ലാഹുവാണെ, വേണ്ട. എനിക്ക് അങ്ങാടിയിലേക്കുള്ള വഴി കാണിച്ചുതന്നാൽ മാത്രം മതി. അങ്ങനെ അദ്ദേഹം അങ്ങാടിയിൽ പോയി കച്ചവടം ചെയ്ത് ലാഭമുണ്ടാക്കി കുറച്ച് വെണ്ണയും അഖീതും (ഉണക്കിയ പുളിയില്ലാത്ത തൈര്) വാങ്ങി വീട്ടിലേക്ക് വന്നു.

കുറച്ചു ദിവസം കഴിഞ്ഞതിനുശേഷം പ്രവാചകൻ അബ്ദുർ റഹ്മാൻ പുതിയ മഞ്ഞനിറമുള്ള വസ്ത്രം ഇട്ടുവരുന്നതുകണ്ടു (ആ നിറമുള്ള വസ്ത്രം ഉപയോഗിച്ചിരുന്നത് പുതുതായി വിവാഹിത രായവരായിരുന്നു) അദ്ദേഹം ചോദിച്ചു. "എന്തു പറ്റി?" അബ്ദുർറ ഹ്മാൻ മറുപടി പറഞ്ഞു: "ഞാൻ അൻസ്വാറുകളിൽ പെട്ട ഒരു സ്ത്രീയെ വിവാഹം കഴിച്ചു. അദ്ദേഹം വീണ്ടും ചോദിച്ചു: "താങ്കൾ എന്താണ് മഹർ നല്കിയത്?'' അബ്ദുർറഹ്മാൻ പറഞ്ഞു: ''ഈത്തപ്പഴത്തിന്റെ കുരുവിന്റെയത്ര സ്വർണം.'' അപ്പോൾ പ്രവാചകൻ പറഞ്ഞു:

فبارك الله لك.أولم,ولو بشاة

'അല്ലാഹു നിനക്കുവേണ്ടി വിവാഹത്തെ അനുഗ്രഹിക്കട്ടെ. ഒരു വലീമത്ത് നല്കുക. ഒരൊറ്റ ആടിനെക്കൊണ്ടായാലും ശരി."

അബ്ദുർറഹ്മാൻ പിന്നീട് പറഞ്ഞു: "അതിനുശേഷം ഒരു കല്ല് ഉയർത്തേണ്ടിവന്നാൽ അതിനടിയിൽ സ്വർണമോ വെള്ളിയോ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. (പ്രവാചകന്റെ പ്രാർത്ഥന കാരണം) ഈ ഹദീസ് പറഞ്ഞുതന്ന അനസ് (ﷺ) അവസാനമായി പറയുന്നു: "അബ്ദുർറഹ്മാൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഓരോ ഭാര്യയ്ക്കും ഒരു ലക്ഷം ദിനാർ വീതം അവരുടെ വീതമായി ലഭിച്ചു.[145]

145) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

# വലീമത്തിനെ സംബന്ധിച്ച നിയമങ്ങളും നിർദേങ്ങളും

താഴെ കൊടുക്കുന്ന നിയമങ്ങളും വലീമത്തിന് ബാധകമാണ്.

## വലീമത്തിന്റെ സമയം

പ്രവാചകന്റെ ശീലമനുസരിച്ച് വലീമത്ത് നല്കേണ്ടത് വിവാഹ രാത്രിയിലോ അതിനെ തുടർന്ന് വരുന്ന മൂന്നു ദിവസങ്ങ=ളിൽ ഏതെങ്കിലും ഒന്നിലോ ആണ്.

അനസ് (ﷺ) പറയുന്നു:

“അല്ലാഹുവിന്റെ ദൂതർ ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു ഭാര്യയുമായുള്ള വിവാഹം കഴിഞ്ഞ ദിവസം എന്നെ പറഞ്ഞയച്ച് കുറച്ചു ആളുകളെ സൽക്കാരത്തിനായി വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു.”(146)

അനസ് ഇതും നിവേദനം ചെയ്യുന്നു: “പ്രവാചകൻ സഫിയ്യയെ വിവാഹം കഴിഞ്ഞപ്പോൾ അവളുടെ സ്വാതന്ത്ര്യമാ യിരുന്നു അവളുടെ മഹർ. അദ്ദേഹം മൂന്നുദിവസമാണ് വലീമത്ത് നടത്തിയത്.”(147)

മറ്റൊരു റിപ്പോർട്ടിൽ അനസ് (ﷺ) പറഞ്ഞു:

“പ്രവാചകൻ ഖൈബറിനും അൽമദീനയ്ക്കുമിടിയിൽ മൂന്നുരാത്രികൾ തമ്പടിച്ചുതാമസിച്ചു. സഫിയ്യയുമായുള്ള അദ്ദേഹത്തിന്റെ വിവാഹം കഴിഞ്ഞത് അന്നായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ വലീമത്തിന്നായി മുസ്ലിംകളെ ക്ഷണിച്ചു. അതിന് റൊട്ടിയോ ഇറച്ചിയോ ഇല്ലായിരുന്നു. നിലത്തുവിരിച്ച തുകലിൽ ഈത്തപ്പഴവും അഖീത്തും ചൊരിഞ്ഞിരുന്നു. ആളുകൾ അവർക്ക് വേണ്ടുവോളം കഴിച്ചു.”(148)

വീണ്ടും അനസിൽ നിന്ന്: “അല്ലാഹുവിന്റെ പ്രവാചകൻ സൈനബിനെ വിവാഹം കഴിച്ചപ്പോൾ അദ്ദേഹം വലീമത്ത് നടത്തുകയും മുസ്ലിംകൾ ധാരാളമായി ഇറച്ചിയും റൊട്ടിയും

---

146) ബുഖാരി, ബൈഹഖി എന്നിവർ രേഖപ്പെടുത്തിയത്

147) അബൂയഅ്ലാ രേഖപ്പെടുത്തിയത്. അൽബാനി ഉറപ്പാക്കിയത്

148) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

കഴിച്ചു. അതിനു ശേഷം (രാവിലെ) അദ്ദേഹം വിശ്വാസികളുടെ ഉമ്മമാരായ മറ്റു വ്യക്തിമാരുടെ അടുത്തുപോയി. അവരോട് സലാം ചൊല്ലുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പകരമായി അവരും തിരിച്ച് സലാം ചൊല്ലുകയും അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വിവാഹം കഴിയുന്നതിന്റെ പ്രഭാതത്തിൽ അദ്ദേഹത്തിന്റെ ശീലം ഇതായിരുന്നു.(149)

## ഭക്ഷണത്തിന്റെ തരങ്ങൾ

അലിയെയും അബ്ദുർറഹ്മാൻബിൻ ഔഫിനെയും കുറിച്ച് മുകളിൽ കൊടുത്ത വിവരണങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് വലീമത്തിൽ മാംസം ഉൾപ്പെടുത്താൻ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട് എന്നാണല്ലോ. -ഏറ്റവും ചുരുങ്ങിയത് ഒരു ആടുകൊണ്ടെങ്കിലും- അതിനുള്ള ചെലവ് വഹിക്കാനുള്ള കഴിവുണ്ടെങ്കിൽ.

അനസ് വിവരിക്കുന്നു:

ما رأيت رسول الله ( صلى الله عليه وآله وسلم ) أولم على امرأة من نسائه أكثر أو أفضل مما أولم على زينب فإنه ذبح شاة أطعمهم خبـــزا ولحما حـــتى تركوه

''അല്ലാഹുവിന്റെ പ്രവാചകൻ സൈനബുമായുള്ള വിവാഹത്തിന് നല്കിയത്ര ഭക്ഷണം വലീമത്തായി നല്കുന്നത് മറ്റൊരു പത്നിയുമായുള്ള വിവാഹത്തിലും ഞാൻ കണ്ടിട്ടില്ല. അദ്ദേഹം ഒരാടിനെ അറുക്കുകയും ആളുകൾക്ക് റൊട്ടിയും ഇറച്ചിയും വേണ്ടുവോളം നല്കുകയും ചെയ്തു.''(150) എന്നാലും മാംസം എന്നത് വലീമത്തിന് നിർബന്ധമായ കാര്യമൊന്നുമല്ല. മുകളിൽ നാം കണ്ടത് (ഇനിയും താഴെ വീണ്ടും പറയാൻ പോകുന്നതും) പ്രവാചകൻ സഫിയ്യയെ വിവാഹം കഴിച്ചപ്പോൾ നടത്തിയ വലീമത്തിന് മാംസം ഉണ്ടായിരുന്നില്ല എന്നതാണ്.

149) അന്നസാഈ, ഇബ്നുസഅദ് എന്നിവർ രേഖപ്പെടുത്തിയത്. (അൽബാനി ഹസൻ ആണ് എന്നുറപ്പിച്ചത്. അദബുസിഫാഫ് 137-138.

150) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

## ചെലവിന് സഹായിക്കൽ

വലീമത്ത് എന്നത് വരന്റെ ചുമതലയിൽപ്പെട്ടതാണ്. എന്നാലും മറ്റു മുസ്‌ലിംകൾക്ക് അതിന്റെ ചിലവിലോ പാചകത്തിലോ അയാളെ സഹായിക്കാൻ അനുമതിയുണ്ട്. അലിയെ അദ്ദേഹത്തിന്റെ വലീമത്ത് തയ്യാറാക്കാൻ മറ്റ് കുറെ മുസ്‌ലിംകൾ സഹായിച്ചതായി നാം മുകളിൽ കണ്ടുവല്ലോ.

അതുപോലെ തന്നെ സഫിയ്യയുമായി പ്രവാചകന്റെ വിവാഹത്തിൽ മദീനയിലേക്ക് തിരിച്ചുയാത്രയിൽ ഉമ്മുസുലൈം സഫിയ്യയെ പ്രവാചകനുവേണ്ടി ഒരുക്കുകയും അവളെ രാത്രിയിൽ അദ്ദേഹത്തിന്നടുത്ത് എത്തിക്കുകയും ചെയ്തതായി അനസ് (رضي الله عنه) വിവരിക്കുന്നു. വിവാഹപ്പിറ്റേന്ന് പ്രവാചകൻ പറഞ്ഞു.

من كان عنده فضل زاد فليجئ به

''ആർക്കെങ്കിലും ഭക്ഷണസാധനം കൂടുതലുണ്ടെങ്കിൽ ഞങ്ങൾക്ക് തരിക.''

അപ്പോൾ ജനങ്ങൾ അഖീത്, ഈത്തപ്പഴം, വെണ്ണ എന്നിവ കൊണ്ടുവരികയും ഹയ്സ് (ഒരു ഭക്ഷണപദാർത്ഥം) ഉണ്ടാക്കുകയും ചെയ്തു. ആളുകൾ എല്ലാവരും ഹയ്സ് ഭക്ഷിക്കുകയും അവരുടെ അടുത്ത് വലിയ പാത്രങ്ങളിൽ നിറച്ചുവച്ചിരുന്ന മഴവെള്ളം കുടിക്കുകയും ചെയ്തു.(151)

## ആരെ ക്ഷണിക്കണം?

പുതുതായി വിവാഹം കഴിഞ്ഞയാൾ വലീമത്തിന് മുസ്‌ലിം ബന്ധുക്കളെയും, സുഹൃത്തുക്കളെയും പരിചയക്കാരെയും പ്രത്യേകിച്ച് അവരിലുള്ള നല്ലയാളുകളെ വിളിക്കേണ്ടതാണ്. അബൂസൈദ് അൽഖുദ്‌രി, അല്ലാഹുവിന്റെ പ്രവാചകൻ ഇപ്രകാരം പറഞ്ഞതായി വിവരിക്കുന്നു:

لا تصاحب إلا مؤمنا ولا يأكل طعامك إلا تقي

''ഒരു വിശ്വാസിയെയല്ലാതെ അനുധാവനം ചെയ്യരുത്(കൂടെ പോകരുത്). നിങ്ങളുടെ ഭക്ഷണം ധർമനിഷ്ഠയുള്ളവരല്ലാത്തവരെക്കൊണ്ട് തീറ്റിക്കുകയും ചെയ്യരുത്.''

151) ബുഖാരി, മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

പാപികളായ വ്യക്തികളെയും അമുസ്‌ലിംകളെയും ഇങ്ങനെയുള്ള ക്ഷണത്തിൽ നിന്ന് കഴിയാവുന്നതും ഒഴിച്ചു നിർത്തണം. അവർ വരുന്നതുകൊണ്ട് പ്രത്യേക മെച്ചം എന്തെങ്കിലും ഇല്ലയെങ്കിൽ പ്രത്യേകിച്ചും.

'മെച്ചം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവർക്ക് ദഅ്‌വത്ത് എത്തിച്ചുകൊടുക്കുക എന്നുള്ളതാണ്. അവരുടെ സാന്നിധ്യം വിവാഹത്തിന് വന്നവരെ ദോഷമായി ബാധിക്കും എന്ന് ഭയമുണ്ടെങ്കിൽ ഒഴിവാക്കേണ്ടതാണ്.

വലീമത്തിന് വേണ്ടി ക്ഷണിക്കുമ്പോൾ പാവപ്പെട്ടവനെന്നോ ധനവാനെന്നോ ഉള്ള വിവേചനം പാടില്ല. പ്രവാചകൻ (സ.അ) ഇപ്രകാരം പറഞ്ഞതായി അബൂഹുറയ്റ വിവരിക്കുന്നു:

شَرُّ الطَّعَامِ طَعَامُ الْعُرْسِ يُطْعَمُهُ الْأَغْنِيَاءُ وَيُمْنَعُهُ الْمَسَاكِينُ وَمَنْ لَمْ يُجِبْ فَقَدْ عَصَى اللَّهَ وَرَسُولَهُ

"ഏറ്റവും മോശമായ ഭക്ഷണം പണക്കാരെ ക്ഷണിക്കുകയും പാവങ്ങളെ ഒഴിവാക്കുകയും ചെയ്ത വലീമത്ത് ആണ്. ഒരു വലീമത്തിനുള്ള ക്ഷണം നിരസിച്ചവൻ അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും അനുസരണക്കേട് കാട്ടുകയാണ്.(152)

അബൂഹുറയ്റയിൽ നിന്നുള്ള മറ്റൊരു നിവേദനത്തിൽ അല്ലാഹുവിന്റെ പ്രവാചകൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:

شَرُّ الطَّعَامِ طَعَامُ الْوَلِيمَةِ يُمْنَعُهَا مَنْ يَأْتِيهَا وَيُدْعَى إِلَيْهَا مَنْ يَأْبَاهَا وَمَنْ لَمْ يُجِبْ الدَّعْوَةَ فَقَدْ عَصَى اللَّهَ وَرَسُولَهُ

"ഭക്ഷണം കഴിക്കാനെത്തിയവരെ (വിശപ്പുകൊണ്ട്) തിരിച്ചു വിടപ്പെടുകയും, ക്ഷണിക്കപ്പെട്ടവർക്ക് താൽപര്യമില്ലാത്ത (കാരണം അവർക്ക് ഭക്ഷണത്തിന് ആവശ്യമില്ല)തുമായ ഒരു വലീമത്തിന്

152) മുസ്‌ലിം തുടങ്ങിയവർ അബൂഹുറൈറ, ഇബ്നുഅബ്ബാസ്, ഇബ്നുഉമർ എന്നിവരിൽ നിന്ന് രേഖപ്പെടുത്തിയത്. അൽബുഖാരി, മുസ്‌ലിം തുടങ്ങിയവർക്ക് ഇത് 'മൗഖൂഫ്' ആണെന്ന് അഭിപ്രായമുണ്ട്. (അബൂഹുറൈറയും വാക്കുകളായതു കാരണം എന്ന് പറയുന്നുമുണ്ട്) പക്ഷേ മറ്റു പ്രാമാണിക വിവരണങ്ങൾ ഇത് പ്രവാചകന്റെ മൊഴിയാണ്

വിളമ്പുന്ന ഭക്ഷണമാണ് ഏറ്റവും മോശമായ ഭക്ഷണം. വലീമത്തിന് ക്ഷണിക്കപ്പെട്ടിട്ട് ഉത്തരം നല്കാത്തവൻ അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും ധിക്കരിച്ചവനാണ്."(153)

## ആതിഥേയന്റെ മര്യാദകൾ

ഒരു വലീമത്തിനോ മറ്റെന്തെങ്കിലും സൽക്കാരത്തിനോ വേണ്ടി അതിഥികളെ ക്ഷണിക്കുമ്പോൾ ആതിഥേയൻ കാണിക്കേണ്ട ചില മര്യാദകൾ കൂടിയുണ്ട്. അവയിൽ പലതും നേരത്തെ പറഞ്ഞിട്ടുണ്ട്. തുടർന്ന് വരുന്ന ഭാഗത്ത് പ്രധാനമായ മറ്റു ചില കാര്യങ്ങൾ കൂടി പറയുന്നു.

### ആത്മാർത്ഥത

ആളുകളെ ഭക്ഷിപ്പിക്കുന്നത് പ്രാർത്ഥനയുടെ ഒരു വകഭേദം തന്നെയാണ് എന്നത് എല്ലാവരും മനസ്സിലാക്കുകയും ഓർമിക്കുകയും വേണം. അതുകൊണ്ടുതന്നെ, അത് ആത്മാർത്ഥതയോടുകൂടി ചെയ്യേണ്ടതാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലം മാത്രം പ്രതീക്ഷിച്ചുകൊണ്ട്.

അബ്ദുല്ല ബിൻ അംറ് ബിൻ അൽ ആസ് (رضي الله عنه) ഒരു മനുഷ്യൻ പ്രവാചകനോട് "എന്തുപ്രവൃത്തിയാണ് ഇസ്‌ലാമിൽ ഏറ്റവും മഹത്തരം?" എന്ന് ചോദിച്ചതായി പറയുന്നു. പ്രവാചകന്റെ ഉത്തരം

تُطْعِمُ الطَّعَامَ وَتَقْرَأُ السَّلَامَ عَلَى مَنْ عَرَفْتَ وَمَنْ لَمْ تَعْرِفْ

"ഭക്ഷണം കഴിപ്പിക്കലും, നിങ്ങൾക്ക് അറിയാവുന്നവരോടും അറിയാത്തവരോടും സലാം പറയലും."(154)

സുഹൈബ് (رضي الله عنه) അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി വിവരിക്കുന്നു:

خيركم من أطعم الطعام و رد السلام

"നിങ്ങളുടെ ഇടയിലുള്ള ഏറ്റവും നല്ലവൻ ഭക്ഷണം കൊടുക്കുന്നവരും സലാമിന് മറുപടി പറയുന്നവരുമാണ്."(155)

153) ബുഖാരി, മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

154) ബുഖാരി, മുസ്‌ലിം രേഖപ്പെടുത്തിയത്.

155) അഹ്മദ്, അൽഹക്കീം തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽഅൽബാനി ഹസൻ ആണെന്ന് ഉറപ്പിച്ചത് (സ്വഹീഹ് അൽജാമി: 3318)

## ദുർവ്യയവും ജാഡയും ഒഴിവാക്കുക

ചിലയാളുകൾ മറ്റുള്ളവരുടെ മുൻപിൽ സ്വയം വലിയവരാണെന്ന് കാണിക്കാനായി അമിതമായി ചെലവുവരുന്ന സദ്യകളും സ്വീകരണവും ചെലവേറിയ വല്ല ഹോട്ടലിലും വെച്ച് ഒരുക്കുകയും അവരുടെ വരുമാനത്തിന്നനുസരിച്ച് താങ്ങാൻ കഴിയാത്ത ചെലവു വരുത്തിവച്ചശേഷം അതിനുശേഷം വളരെക്കാലത്തേക്ക് ഞെരുങ്ങി ജീവിക്കുകയും ചെയ്യുന്നു. ഇത് ഇസ്‌ലാമിൽ നിരോധിക്കപ്പെട്ടിട്ടുള്ളതാണ്. അത് പിശാചിനെ അനുകരിക്കൽ മാത്രമാണ്. അല്ലാഹു പറയുന്നു:

﴿ وَلَا تُبَذِّرْ تَبْذِيرًا ۝٢٦ إِنَّ ٱلْمُبَذِّرِينَ كَانُوٓا۟ إِخْوَٰنَ ٱلشَّيَٰطِينِ ۖ وَكَانَ ٱلشَّيْطَٰنُ لِرَبِّهِۦ كَفُورًا ﴾

നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു. (അൽ ഇസ്റാ 17:26–27)

അല്ലാഹു (ﷻ) പറയുന്നു:

﴿ وَكُلُوا۟ وَٱشْرَبُوا۟ وَلَا تُسْرِفُوٓا۟ ۚ إِنَّهُۥ لَا يُحِبُّ ٱلْمُسْرِفِينَ ﴾

''തിന്നുകയും കുടിക്കുകയും ചെയ്യുവിൻ. പക്ഷേ, അതിരുകവിടാതിരിക്കുവിൻ. അല്ലാഹു ദുർവ്യയം ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നില്ല.'' (അൽ അഅ്റാഫ് 31)

അൽമുഗീറ ബിൻ ശുഅ്ബ വിവരിക്കുന്നു: പ്രവാചകൻ പറഞ്ഞു:

كَرِهَ لَكُمْ ثَلَاثًا قِيلَ وَقَالَ وَإِضَاعَةَ الْمَالِ وَكَثْرَةَ السُّؤَالِ

"അല്ലാഹു തീർച്ചയായും മൂന്നു (ദുർ)ഗുണങ്ങൾ ഇഷ്ടപ്പെടുന്നില്ല. പരദൂഷണം, ദുർവ്യയം, യാചന എന്നിവയാണവ"(156)

---

156) ബുഖാരി, മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

ജുൻദുബ് ബിൻ അബ്ദില്ലയും ഇബ്നു അബ്ബാസും പ്രവാചകൻ ഇങ്ങനെ പറഞ്ഞതായി വിവരിക്കുന്നു:

من سمع سمع الله به ومن راءى راءى الله به

"ആരെങ്കിലും മറ്റുള്ളവർ കേൾക്കാനായി എന്തെങ്കിലും ചെയ്താൽ (അന്ത്യനാളിൽ) അല്ലാഹു അവന്റെ പാപങ്ങൾ ജനങ്ങൾ കേൾക്കാൻ ഇടവരുത്തും മറ്റുള്ളവർ കാണാനായി ഒരാൾ എന്തെങ്കിലും ചെയ്താൽ, (അന്ത്യനാളിൽ) അവന്റെ പാപങ്ങൾ അല്ലാഹു കാണിച്ചുകൊടുക്കും[157]

ഒരിക്കൽ രണ്ടു മനുഷ്യർ സൽമാനെ കാണാനായി വന്നു. സൽമാൻ അവരുടെ മുമ്പിൽ ഉപ്പും റൊട്ടിയും കൊണ്ടുവന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ആകെയുണ്ടായിരുന്നതായിരുന്നു അത്. എന്നിട്ട് പറഞ്ഞു:

"അതിഥികൾക്ക് കൊടുക്കുന്ന കാര്യത്തിൽ അമിതമാവുന്നതിനെ അല്ലാഹുവിന്റെ ദൂതൻ നിരോധിച്ചില്ലായിരുന്നുവെങ്കിൽ ഞങ്ങൾ നിങ്ങൾക്കു വേണ്ടി വളരെ കഷ്ടപ്പെട്ട് ചെലവഴിക്കുമായിരുന്നു."[158]

## നിരോധിക്കപ്പെട്ട പാത്രങ്ങൾ ഉപയോഗിക്കൽ

സദ്യകൾക്കും സൽക്കാരങ്ങൾക്കും വലീമത്തിനും കാണപ്പെടുന്ന ഒരു ദുർവ്യയം സ്വർണത്തിന്റെയോ, വെള്ളിയുടെയോ അല്ലെങ്കിൽ സ്വർണം പൂശിയ പാത്രങ്ങളിലോ ഭക്ഷണം വിളമ്പുക എന്നതാണ്.

ഹുദൈഫ നിവേദനം: അല്ലാഹുവിന്റെ ദൂതർ ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

لَا تَلْبَسُوا الْحَرِيرَ وَلَا الدِّيبَاجَ وَلَا تَشْرَبُوا فِي آنِيَةِ الذَّهَبِ وَالْفِضَّةِ فهي لَهُمْ فِي الدُّنْيَا وهي لكم فِي الْآخِرَةِ

157) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

158) അഹ്മദ്, അൽഹക്കീം തുടങ്ങിയവർ രേഖപ്പെടുത്തിയത്. യഥാർത്ഥമാണ് എന്ന് അൽബാനി പറഞ്ഞത് (ഇർവാഉൽ ഗലീൽ 1957)

പട്ട് (സിൽക്ക്) ദിബാജ് (സിൽക് കൊണ്ട് ലൈനിംഗ് ബോർഡറുള്ള ഒരു വസ്ത്രം) ധരിക്കരുത്. അവമേൽ ഇരിക്കുകയും ചെയ്യരുത്. സ്വർണം, വെള്ളി എന്നിവ കൊണ്ടുണ്ടാക്കിയ പാത്രങ്ങ ളിൽ നിന്ന് തിന്നുകയോ കുടിക്കുകയോ ചെയ്യരുത്. അവ ഈ ജീവി തത്തിൽ അവർക്കും (അവിശ്വാസികൾ) അടുത്ത ജീവിതത്തിൽ നമുക്കും ഉള്ളതാണ്."[159]

അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതായി ഉമ്മുസലമ പറയുന്നു:

أَنَّ الَّذِي يَأْكُلُ أَوْ يَشْرَبُ فِي آنِيَةِ الْفِضَّةِ وَالذَّهَبِ فَإِنَّمَا يُجَرْجِرُ فِي بَطْنِهِ نَارَ جَهَنَّمَ

"തീർച്ചയായും സ്വർണത്തിന്റെയോ വെള്ളിയുടെയോ പാത്രങ്ങളിൽ നിന്ന് തിന്നുകയോ കുടിയ്ക്കുകയോ ചെയ്യുന്നവൻ അവന്റെ വയറിൽ നരകാഗ്നിയുടെ പ്രതിധ്വനി ഉണ്ടാക്കുകയാണ്."[160]

പല പണ്ഡിതന്മാരും വെള്ളിപൂശിയ പാത്രങ്ങൾ ഉപയോഗി ക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുള്ള വ്യവസ്ഥയായി പറയുന്നത് വെള്ളിയുടെ പടലം പാത്രത്തിന്റെ മൊത്തം പദാർത്ഥവുമായി ഒത്തു നോക്കുമ്പോൾ ഏകദേശം 'ഒട്ടുമില്ല' എന്നു പറയാൻ മാത്രം തീരെ കുറവായിരിക്കുമെന്നതാണ്. അങ്ങനെയായാൽ പോലും അത്തരം വെള്ളി ഉപയോഗിക്കുന്നത് തന്നെ ശുബ്ഹാഹ് (സംശയം) ആയ കാര്യമാണ്. അതിനാൽ ഒഴിവാക്കുകയായിരിക്കും കൂടുതൽ നല്ലത്.

## ഒരുപാട് ആളുകളെ ക്ഷണിക്കൽ

ന്യായമായ ഒരു പരിധിക്കുള്ളിൽ നിന്നുകൊണ്ട് വലീമത്തിന് കഴിയാവുന്നത്ര ആളുകളെ കൊണ്ടുവരാൻ നവവരൻ ശ്രമിക്കേണ്ടതാണ്. ജാബിർ ബിൻ അബ്ദില്ല (رضي الله عنه) അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതായി പറയുന്നു : أحب الطعام إلي الله ما كثرت عليه الأيدي

"അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം പല കൈകളും കൂടിച്ചേരുന്ന ഭക്ഷണമാണ്.[161]

159) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

160) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

161) ഇബ്നുഹിബ്ബാൻ, അൽബൈഹഖി തുടങ്ങിയവർ രേഖപ്പെടുത്തിയത്. യഥാർത്ഥമാണെന്ന് അൽബാനി (സ്വഹീഹുൽ ജാമിഅ് : 171, അസ്വഹീഹ് : 895)

## അതിഥികളെ ആദരിക്കൽ

അതിഥിക്ക് ചില അവകാശങ്ങൾ ഉണ്ട്. അയാളോട് നന്നായി പെരുമാറുകയും ബഹുമാനിക്കുകയും വേണം. അതിഥിയെ ബഹുമാനിക്കുക എന്നത് യഥാർത്ഥ വിശ്വാസത്തിന്റെ ഒരു ലക്ഷണമാണ്. അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) പറഞ്ഞതായി അബൂഹുറൈറ(ؓ) പറയുന്നു:

مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ ضَيْفَهُ وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَصِلْ رَحِمَهُ وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ

“അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ അതിഥിയെ ആദരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ ബന്ധുജനങ്ങളോട് ദയകാണിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ല കാര്യങ്ങൾ പറയട്ടെ. അല്ലെങ്കിൽ നിശ്ശബ്ദനായിരിക്കണം.”(162)

## അതിഥികളെ സൽക്കരിക്കുന്നതിന്റെ പ്രവാചക മര്യാദ

അതിഥികളെ ബഹുമാനിക്കുന്നതിന്റെ ഏറ്റവും നല്ല മര്യാദകൾ നമുക്ക് ഇബ്റാഹീം തന്റെ അതിഥികളെ സ്വീകരിച്ചത് വിവരിക്കുന്ന കുറച്ച് ആയത്തുകളിൽ നിന്നുതന്നെ പഠിക്കാവുന്നതാണ്.

﴿ هَلْ أَتَىٰكَ حَدِيثُ ضَيْفِ إِبْرَٰهِيمَ ٱلْمُكْرَمِينَ ﴿٢٤﴾ إِذْ دَخَلُوا۟ عَلَيْهِ فَقَالُوا۟ سَلَـٰمًا ۖ قَالَ سَلَـٰمٌ قَوْمٌ مُّنكَرُونَ ﴿٢٥﴾ فَرَاغَ إِلَىٰٓ أَهْلِهِۦ فَجَآءَ بِعِجْلٍ سَمِينٍ ﴿٢٦﴾ فَقَرَّبَهُۥٓ إِلَيْهِمْ قَالَ أَلَا تَأْكُلُونَ ﴾

“ഇബ്റാഹീമിന്റെ മാന്യന്മാരായ അതിഥികളെക്കുറിച്ചുള്ള വാർത്ത നിനക്ക് വന്നുകിട്ടിയിട്ടുണ്ടോ? അവർഅദ്ദേഹത്തിന്റെ അടുത്തുവന്നിട്ട് സലാം പറഞ്ഞസമയത്ത് അദ്ദേഹം പറഞ്ഞു:

162) ബുഖാരി, മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

സലാം (നിങ്ങൾ) അപരിചിതരായ ആളുകളാണല്ലോ. അനന്തരം അദ്ദേഹം ധൃതിയിൽ തന്റെ ഭാര്യയുടെ അടുത്തേക്ക് ചെന്നു. എന്നിട്ട് ഒരു തടിച്ച കാളക്കുട്ടിയെ വേവിച്ചുകൊണ്ടുവന്നു. എന്നിട്ട് അത് അവരുടെ അടുത്തേക്ക് വെച്ച്. അദ്ദേഹം പറഞ്ഞു. നിങ്ങൾ തിന്നുന്നില്ലേ?" (അദാരിയാത്ത്: 51 : 24-27)

ഇബ്നുൽ ഖയ്യിം ഈ ആയത്തിൽ നിന്ന് പഠിക്കാനുള്ള വിവിധ പാഠങ്ങളെക്കുറിച്ച് വളരെ പറയുന്നുണ്ട്. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകളിൽ അതിഥികളെ ആദരിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ലേഖനം ചുരുക്കി വിവരിക്കുന്നു.

1. ഇബ്റാഹീം വളരെ സൗമ്യമായും രഹസ്യമായുമാണ് ഭക്ഷണം തയ്യാറാക്കാൻ പോയത്. തിടുക്കത്തിൽ രഹസ്യമായി ഭക്ഷണം തയ്യാറാക്കാൻ അദ്ദേഹത്തിന്റെ പോക്കിനുള്ള കാരണം അതിഥികൾക്ക് വല്ലായ്മതോന്നാതിരിക്കാനാണ്. ഇത് സാവധാനത്തിൽ ചിട്ടയോടുകൂടി അതിഥികളുടെ സാന്നിധ്യത്തിൽ വെച്ച് ഭക്ഷണം തയ്യാറാക്കുന്നതിനോട് ഒന്ന് താരതമ്യം ചെയ്യേണ്ടതുണ്ട്. തീർച്ചയായും രണ്ടാമത് പറഞ്ഞകൃത്യം അവർക്ക് വല്ലായ്മ ഉണ്ടാക്കുകതന്നെ ചെയ്യും.

2. ഭക്ഷണം തയ്യാറാക്കാൻ ഇബ്റാഹീം സ്വന്തം വീടിലേക്കല്ലാതെ മറ്റൊരു സ്ഥലത്തേക്കും തിരിഞ്ഞില്ല. ഇത് സൂചിപ്പിക്കുന്നത് അതിഥികളെ സ്വീകരിക്കാൻ സാധാരണ നിലയിൽ ആവശ്യമായതെല്ലാം അദ്ദേഹത്തിന്റെ വീട്ടിൽ ഉണ്ട് എന്നാണ്. അയൽപക്കത്തേക്കോ മറ്റോ തേടിപ്പോകേണ്ടി വന്നില്ല എന്നർത്ഥം.

3. ഇബ്റാഹീം കാളക്കുട്ടിയെ കൊണ്ടു വന്നു. അദ്ദേഹം തന്നെ നേരിട്ട് അതിഥികൾക്ക് വിളമ്പുകയാണ് ചെയ്യുന്നത്. വേറെയാരെങ്കിലും ഏല്പിച്ചിട്ടില്ല.

4. ഇബ്റാഹീം അവർക്കു മുമ്പിൽ കൊണ്ടുവന്നത് പൂർണമായ ഒരു കാളക്കുട്ടിയെയായിരുന്നു. കുറച്ച് ഭാഗം മാത്രമല്ല. അതിഥികൾക്ക് അവർക്ക് താല്പര്യമുള്ള ഭാഗം എടുക്കാനാണ് അങ്ങനെ ചെയ്തത്.

5. ഇബ്റാഹീം കൊണ്ടുവന്നത് തടിച്ച ഒരു മൃഗത്തെയാണ്. മെലിഞ്ഞുണങ്ങിയ ഒന്നിനെയല്ല. മാത്രവുമല്ല ഒരു ചെറിയ കാളക്കുട്ടിയെയായിരുന്നല്ലോ കൊണ്ടുവന്നത്, പൂർണവളർച്ചയെത്തിയ ഒന്നിനെയല്ല. മൃഗം വളരെ വിലകൂടുതലുള്ളതാണ്, അത് അതിഥികളെ സന്തോഷിപ്പിക്കണം എന്ന് അദ്ദേഹം കരുതിക്കാണണം. അദ്ദേഹത്തിന്റെ ആതിഥ്യമര്യാദയും ഹൃദയവിശാലതയും അതിന്റെ വില നോക്കാതെ കശാപ്പു ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.
6. ഇബ്റാഹീം അതിഥികൾ ഇരുന്നിടത്തേക്കാണ് ഭക്ഷണം കൊണ്ടുവന്നത്. മറ്റൊരു മുറിയിൽ ഭക്ഷണം വിളമ്പി അതിഥികളെ അങ്ങോട്ട് വിളിക്കുകയല്ല അദ്ദേഹം ചെയ്തത്.
7. 'പോയി ഭക്ഷണം കഴിക്കൂ' എന്ന് പറയുന്നതിനുപകരം ഇബ്റാഹീം അതിഥികളെ വളരെ സൗമ്യമായ വാക്കുകൾ കൊണ്ട് നിങ്ങൾ കഴിക്കുന്നില്ലേ എന്ന് ചോദിക്കുകയാണ് ചെയ്തത്. അങ്ങനെ അവർക്ക് കഴിക്കാനോ കുടിക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം നൽകി.

## അതിഥികൾ കാണിക്കേണ്ട മര്യാദകൾ

വലീമത്തിനോ മറ്റു ഭക്ഷണ സൽക്കാരത്തിനോ ക്ഷണിക്കപ്പെട്ട അതിഥികളും ചില ആദാബുകൾ (മര്യാദകൾ) കാണിക്കേണ്ടതുണ്ട്. വളരെ പ്രധാനപ്പെട്ട ചില ആദാബ് ആണ് താഴെ കൊടുക്കുന്നത്.

## ക്ഷണം സ്വീകരിക്കുക എന്നത് മതപരമായ കർത്തവ്യമാകുന്നു.

വലീമത്തിനോ മറ്റു ഭക്ഷണ സൽക്കാരങ്ങൾക്കോ ക്ഷണിക്കപ്പെട്ടാൽ പങ്കെടുക്കൽ ഓരോ വ്യക്തിയുടെയും ചുമതലയാകുന്നു. ഇസ്‌ലാമികമായി നിയമപരമായി പങ്കെടുക്കാതിരിക്കാൻ എന്തെങ്കിലും തക്കതായ കാരണമില്ലെങ്കിൽ പങ്കെടുക്കുക തന്നെവേണം.

അല്ലാഹുവിന്റെ ദൂതർ ഇപ്രകാരം പറഞ്ഞതായി ഉമർ (رضي الله عنه) വിവരിക്കുന്നു:

إِذَا دُعِيَ أَحَدُكُمْ إِلَى الْوَلِيمَةِ فَلْيَأْتِهَا عرسا أو نحوه و من لم يجب الدعوة فقد عصى الله و رسوله

“നിങ്ങളിലാരെങ്കിലും ഒരു വലീമത്തന് ക്ഷണിക്കപ്പെട്ടാൽ അതിനു പോവുക തന്നെ വേണം. ഒരു കല്യാണമോ അതുപോലെയെന്തെങ്കിലുമാണമെങ്കിലും. ആരെങ്കിലും ഒരു ക്ഷണത്തിന് പ്രതികരിച്ചില്ലെങ്കിൽ അയാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കാത്തവനാണ്”.[163]

ഇബ്നു ഹജർ ഈ ഹദീസിൽനിന്ന് മനസ്സിലാക്കിയെടുത്തത് ക്ഷണം സ്വീകരിക്കൽ വാജിബ് ആണെന്നാണ്. കാരണം അങ്ങനെ ചെയ്യാത്ത ഒരാൾ അനുസരണിയില്ലാത്തയാളാണ് എന്ന് പറയുന്നു.[164]

അബൂമൂസൽ അശ്അരി (ﷺ) അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതായി വിവരിക്കുന്നു:

فكوا الآني و أجيبوا الداعي و عودا المريض

‘‘(മുസ്ലിം) യുദ്ധത്തടവുകാരെ സ്വാതന്ത്ര്യരാക്കുക (അവരുടെ മോചനദ്രവ്യം ശത്രുക്കൾക്ക് കൊടുത്തുകൊണ്ട്) ക്ഷണിക്കുന്ന ആളോട് പ്രതികരിക്കുക (ഒരു വലീമത്തിലേക്കോ അതുപോലെയുള്ളതിലേക്കോ) രോഗികളെ സന്ദർശിക്കുക.”[165]

ഇത് പ്രവാചകന്റെ ഒരു കൽപനയാണ്. അതിനാൽ ക്ഷണിച്ചാൽ പങ്കെടുക്കുക എന്നത് വാജിബ് ആണ് എന്ന് വീണ്ടും സ്ഥാപിക്കുന്നു.

ഇത് മനസ്സിലാക്കിക്കൊണ്ട് ക്ഷണിക്കപ്പെട്ടാൽ നാം ഈമാനോടും (മതപരമായ മൂല്യത്തിൽ വിശ്വസിച്ച്) ഇഹ്തിസാബോടും (സാന്നിധ്യത്തിനുള്ള അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിച്ച്) ക്ഷണത്തിനോട് പ്രതികരിക്കേണ്ടതുണ്ട്. ആത്മാർത്ഥമായി ഇത് നിറവേറ്റിയാൽ ഒരു വലീമത്തിന് പോകുന്നത് പ്രതിഫലം പ്രതീക്ഷിക്കാവുന്ന ഒരു ആരാധനയായി മാറുന്നു.

---

163) ബുഖാരി, മുസ്ലിം, തുടങ്ങിയവർ രേഖപ്പെടുത്തിയത്. കല്യാണത്തെക്കുറിച്ച് പറയുന്ന ഭാഗം അബൂയഅ്ലാ രേഖപ്പെടുത്തിയതും അൽബാനി പരിശോധിച്ചതുമാണ്.

164) ഫത്ഹുൽബാരി

165) ബുഖാരി രേഖപ്പെടുത്തിയത്

## മതപരമായ ഒഴികഴിവുകൾ

ഒരു വലീമത്തിന് പോകാതിരിക്കാനുള്ള നിയമപരമായ ഒരു കാരണം ഒരു മനുഷ്യന്റെ സ്വന്തം വരുതിയ്ക്കപുറം വരുന്ന കാര്യങ്ങളാണ്. അല്ലാഹു പറയുന്നു:

﴿ لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا ﴾

“അല്ലാഹു ഒരു മനുഷ്യനും അവന് താങ്ങാനാവാത്ത ഭാരം നല്കുന്നില്ല.” (അൽബഖറ 2:286)

വീണ്ടും പറയുന്നു.

﴿ يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ ٱلْعُسْرَ ﴾

‘‘നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത് ഞെരുക്കം വരുത്താനല്ലേ.”(അൽബഖറ 2:185) വീണ്ടും മറ്റൊരിടത്ത്

﴿ فَٱتَّقُوا۟ ٱللَّهَ مَا ٱسْتَطَعْتُمْ ﴾

‘‘നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക.”(തഗാബുൻ 64:16)

ഇങ്ങനെ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പങ്കെടുക്കാതിരിക്കാനുള്ള നിയമപരമായ ന്യായങ്ങളായി കരുതാം.

1. ഒരേ സമയത്ത് രണ്ടു സ്ഥലത്ത് വലീമത്തിന് ക്ഷണിക്കപ്പെട്ടിട്ടുണ്ടായിരിക്കുക.
2. വലീമത്തിന് പോകാൻ ചെലവേറിയ ഒരു യാത്ര വേണ്ടി വരുക.
3. വലീമത്തിന്റെ അതേ സമയത്തുതന്നെ മറ്റെന്തെങ്കിലും പ്രധാനപ്പെട്ട ഒരു കാര്യം ഉണ്ടായിരിക്കുക. അതായത് പങ്കെടുത്തില്ലെങ്കിൽ സ്വത്തിനോ, ആരോഗ്യത്തിനോ, മറ്റുതരത്തിലുള്ള സൗഖ്യത്തിനോ നാശം വരുത്തുന്ന രീതിയിലുള്ള എന്തെങ്കിലും ഒരു കാര്യം ഉദാഹരണമായി ഒരു സ്കൂൾ പരീക്ഷ, ഒരു കച്ചവട പ്രശ്നം തുടങ്ങിവ.

എങ്ങനെയായിരുന്നാലും ഒരാൾക്ക് വലീമത്തിനുള്ള ക്ഷണം സ്വീകരിക്കാതിരിക്കാനുള്ള കാരണം ന്യായീകരിക്കത്തക്കതാണെന്ന് സ്വയം തോന്നുന്നുണ്ടെങ്കിൽ മുൻകൂട്ടി പറയേണ്ടതാണ്.

## അനുവദനീയമല്ലാത്ത കാര്യങ്ങൾ ഉൾക്കൊള്ളുന്ന ക്ഷണങ്ങൾ ഒഴിവാക്കൽ

അല്ലാഹുവിനോടുള്ള അനുസരണക്കേട് ഉൾക്കൊള്ളുന്ന വലീമത്തിന് ക്ഷണിച്ചാൽ ക്ഷണം നിരസിക്കേണ്ടതാണ്. മദ്യം വിളമ്പുക, സംഗീതം, പുരുഷന്മാരും സ്ത്രീകളും ഇടകലരുക തുടങ്ങിയവയുള്ള ചടങ്ങുകൾ ഇതിനുദാഹണങ്ങളാണ്. അലി ഇബ്നു അബീത്വാലിബ് (ﷺ) വിവരിക്കുന്നു: അദ്ദേഹം അൽപം ഭക്ഷണമുണ്ടാക്കി പ്രവാചകനെ ക്ഷണിച്ചു. പ്രവാചകൻ എത്തിയപ്പോൾ അദ്ദേഹം ഒരു ചിത്രം കാണുകയും പോവാനായി തിരിയുകയും ചെയ്തു. അലി ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ മാതാപിതാക്കൾ താങ്കളുടെ ജാമ്യത്തടവുകാരാകട്ടെ-എന്താണ് താങ്കൾ പുറം തിരിയാൻ ഇടയാക്കിയത്.?" അദ്ദേഹം മറുപടി പറഞ്ഞു:

إن في البيت سترا فيه تصاوير وإن الملائكة لا تدخل بيتا فيه تصاوير

"തീർച്ചയായും ഈ വീട്ടിൽ ചിത്രമുള്ള ഒരു തിരശ്ശീലയുണ്ട്. ചിത്രങ്ങൾ ഉള്ള ഒരു വീട്ടിലും മലക്കുകൾ പ്രവേശിക്കുകയില്ല.[165]

ഉമറിന്റെ (ﷺ) ഭൃത്യനായിരുന്നഅസ്‌ലം നിവേദനം: ഉമർ (ﷺ) ശാമിലേക്ക് (ഫലസ്ത്വീനും ചുറ്റുപാടും) പോയപ്പോൾ ക്യസ്ത്യാനികളുടെ ഒരു നേതാവ്, അവരുടെ ഒരു പള്ളിയിൽ വച്ച് കുറച്ച് ഭക്ഷണമുണ്ടാക്കി ഉമറിനോട് പറഞ്ഞു: താങ്കളും കൂട്ടുകാരും വന്നാൽ എനിക്ക് അതൊരു ബഹുമതിയായിരിക്കും.

ഉമർ പറഞ്ഞു:

إنا لا ندخل كنائسكم من أجل الصور التي فيها

'നിശ്ചയം, നിങ്ങളുടെ പള്ളികളിൽ നിറയെ പ്രതിമകളായതിനാൽ തന്നെ ഞങ്ങൾ അവയിൽ പ്രവേശിക്കുകയില്ല."[166]

---

166) ഇബ്നു മാജ അബൂയഅ്ലാ തുടങ്ങിയവർ രേഖപ്പെടുത്തിയത്. അൽഅൽബാനി പ്രാമാണികമെന്ന് എന്നുറപ്പുവരുത്തിയത്.

167) ബൈഹഖി രേഖപ്പെടുത്തിയത്. അൽബാനി പരിശോധിച്ചത്.

അബൂമസ്ഊദ് ഉഖ്ബാ ബിൻ അംറ് നിവേദനം: അദ്ദേഹത്തെ ഒരാൾ ഭക്ഷണം തയ്യാറാക്കി വെച്ച് ക്ഷണിച്ചു. ആ മനുഷ്യനോട് അദ്ദേഹം ചോദിച്ചു. "ആ വീട്ടിൽ ചിത്രങ്ങൾ ഉണ്ടോ?" അയാൾ മറുപടി പറഞ്ഞു: 'ഉണ്ട്.' അബൂ മസ്ഊദ് ആ പ്രതിരൂപം നശിപ്പിക്കപ്പെടുന്നതുവരെ അകത്ത് കടക്കാൻ വിസമ്മതിച്ചു. ശേഷം അദ്ദേഹം വീട്ടിലേക്ക് പ്രവേശിച്ചു.(167)

ഔസാഈ പറഞ്ഞു:

''ചെണ്ടയും വീണയും ഉള്ള സ്ഥലങ്ങളിൽ ഞങ്ങൾ വലീമത്തിന് പോകാറില്ല."(168)

## ഭക്ഷണം കഴിക്കൽ

ക്ഷണം സ്വീകരിക്കൽ നിർബന്ധമാണെങ്കിലും ഭക്ഷണം കഴിക്കണമെന്ന് നിർബന്ധമില്ല. തന്റെ സ്വന്തം സ്ഥിതിക്കനുസരിച്ച് അതിഥിയ്ക്ക് ഭക്ഷണം കഴിക്കുകയോ കഴിക്കാതിക്കുകയോ ചെയ്യാവുന്നതാണ്. കഴിക്കാതിരുന്നാൽ ആതിഥേയന് അനിഷ്ടം തോന്നാതിരിക്കാൻ അയാളോട് കഴിക്കാതിരിക്കാനുള്ള കാരണം പറയേണ്ടതാണ്.

പ്രവാചകൻ ഇങ്ങനെ പറഞ്ഞതായി ജാബിർ ബിൻ അബ്ദില്ല (ﷺ) പറയുന്നു:

إِذَا دُعِيَ أَحَدُكُمْ إِلَى طَعَامٍ فَلْيُجِبْ فَإِنْ شَاءَ طَعِمَ وَإِنْ شَاءَ تَرَكَ

"ഭക്ഷണത്തിന്നായി നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ ക്ഷണത്തിന് നിങ്ങൾ പ്രതികരിക്കേണ്ടതുണ്ട്. അയാൾക്ക് വേണമെങ്കിൽ ഭക്ഷണം കഴിക്കാം. അയാൾക്ക് കഴിക്കേണ്ട എന്നുണ്ടെങ്കിൽ കഴിക്കാതെയുമിരിക്കാം."(169)

എന്നാലും അല്പമെങ്കിലും കഴിക്കുന്നതാണ് നല്ലത്. അടുത്ത ഭാഗം നോക്കുക.

---

167) ബൈഹഖി രേഖപ്പെടുത്തിയത്

168) അബൂഅൽഹസൻ അൽഹർബിയും രേഖപ്പെടുത്തിയത് (ഫവായിദുൽ മുൻതഖയിൽ) അൽബാനി പരിശോധിച്ചത്.

169) മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്

## നോമ്പെടുത്തിരിക്കുന്ന ആൾ എന്തു ചെയ്യണം

നോമ്പെടുത്തിരിക്കുന്ന ആൾ വലീമത്തിലും നോമ്പ് ഒഴിവാക്കതെ ഇരിക്കാം. ഭക്ഷണം കഴിക്കുന്നതിന് പകരം ആതിഥേയനെ ആശംസിക്കുകയും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

പ്രവാചകൻ ഇങ്ങനെ പറഞ്ഞതായി അബൂഹുറയ്റയും ബിൻ മസ്ഊദും (ﷺ) പറയുന്നു:

ذَا دُعِيَ أَحَدُكُمْ فَلْيُجِبْ فَإِنْ كَانَ مُفْطِرًا فَلْيَطْعَمْ وَإِنْ كَانَ صَائِمًا فَلْيُصَلِّ

‘‘നിങ്ങളിൽ ഒരാൾ ഭക്ഷണത്തിന് ക്ഷണിക്കപ്പെട്ടാൽ ക്ഷണത്തിന് ഉത്തരം നല്കണം. നോമ്പല്ലെങ്കിൽ ഭക്ഷണം കഴിക്കുകയും വേണം. അഥവാ നോമ്പിലാണ് ഉള്ളതെങ്കിൽ ആതിഥേയനുവേണ്ടി പ്രാർത്ഥിക്കട്ടെ.”[170]

അല്ലാഹുവിന്റെ ദൂതർ(ﷺ) ഇപ്രകാരം പറഞ്ഞതായി ഇബ്നുഉമർ(ﷺ) പറയുന്നു:

أجيبوا هذه الدعوة إذا دعيتم لها

“ഈ ക്ഷണത്തിന് (ഒരു വലീമത്തിന്) ഉത്തരം നല്കുക.”

ഇബ്നു ഉമർ വലീമത്തിന് ക്ഷണിക്കപ്പെട്ടാൽ പോകാറുണ്ടായിരുന്നു. പലപ്പോഴും നോമ്പെടുത്തുകൊണ്ടു തന്നെ.[171]

പക്ഷേ ഒരാൾ ഐഛിക നോമ്പെടുക്കുതന്നാണെങ്കിൽ നോമ്പ് മുറിയ്ക്കുന്നതാണ് ഉത്തമം. പ്രത്യേകിച്ചും ഭക്ഷണം കഴിക്കുന്നത് ആതിഥേയന് സന്തോഷമുളവാക്കും എന്ന് കണ്ടാൽ.

അബൂ സഈദ് അൽ ഖുദ്രി, അദ്ദേഹം ഒരിക്കൽ പ്രവാചകന് വേണ്ടി ഭക്ഷണമുണ്ടാക്കിയതായി വിവരിക്കുന്നു. പ്രവാചകൻ

---

170) മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത് അവസാന ഭാഗം (പ്രാർത്ഥനയെ സംബന്ധിച്ചത്) മസൂദ് മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. തബ്റാനിയും ഇബ്നു സുന്നിയും രേഖപ്പെടുത്തിയിട്ടുണ്ട്. അൽബാനി പ്രാമാണികമാക്കിയത് (ഇർവാ ഉൽ ഗലീൽ 1953)

171) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

വന്നത് അദ്ദേഹത്തിന്റെ കുറച്ച് കൂട്ടുകാരുമായിട്ടായിരുന്നു. ഭക്ഷണം കൊണ്ടുവന്നപ്പോൾ അവരിലാരാൾ "ഞാൻ നെമ്പെടുത്തിട്ടുണ്ട്" എന്നു പറഞ്ഞ് മാറിനിന്നു. അല്ലാഹുവിന്റെ ദൂതർ പറഞ്ഞു:

دعاكم أخوكم و تكلف لكم أفطر و صم مكانه يوما إن شئت

''താങ്കളുടെ സഹോദരൻ താങ്കളെ ക്ഷണിക്കുകയും അതിനുവേണ്ടി അധ്വാനിക്കുകയും ചെയ്തു. ഇന്ന് നോമ്പ് മുറിക്കുകയും വേറൊരു ദിവസം നോമ്പെടുക്കുകയും ചെയ്യുക. താങ്ങൾക്ക് താൽപര്യമാണെങ്കിൽ."(172)

(ഈ ഹദീസ് ഐഛിക നോമ്പ് വീട്ടേണ്ടതില്ല എന്ന കാര്യത്തിലേക്കുകൂടി വെളിച്ചം വീശുന്നു.)

## പ്രവേശനാനുമതി തേടൽ

ഒരാൾ വലീമത്തിനോ മറ്റോ ആയി പോകുമ്പോൾ ആതിഥേയൻ സ്വാഭാവികമായും അയാളെ പ്രതീക്ഷിക്കുന്നുണ്ടാവും. അതിനാൽ അവിടെ കടക്കാൻ പ്രത്യേക അനുവാദം ചോദിക്കേണ്ട തില്ല. ഒരു പൊതുസ്ഥലമാണെങ്കിൽ പ്രത്യേകിച്ചും.

അല്ലാഹുവിന്റെ ദൂതർ(ﷺ) പറഞ്ഞതായി അബൂഹുറൈറ(ﷺ) പറയുന്നു:

رسول الرجل إلي الرجلإ ذنه

"ഒരാളിൽ നിന്ന് വേറൊരാളിലേക്ക് അയക്കപ്പെട്ട ദൂതൻ (അയാളെ ക്ഷണിച്ചുകൊണ്ട്) അയാൾക്ക് അനുവാദം (പങ്കെടുക്കാൻ) നല്കുന്നു."(173)

മറ്റൊരു പ്രസ്താവത്തിൽ അബൂഹുറയ്റ(ﷺ) നിവേദനം: പ്രവാചകൻ(ﷺ) ഇങ്ങനെ പറഞ്ഞു:

إِذَا دُعِيَ أَحَدُكُمْ فَجَاءَ مَعَ الرَّسُولِ فَذَاكَ إِذْنٌ لَهُ

172) ബൈഹഖി, അത്തബറാനി (ഔസതിൽ) തുടങ്ങിയവർ രേഖപ്പെടുത്തിയത്.

173) അബൂദാവൂദ്, ഇബ്നുഹിബ്ബാൻ, അൽബുഖാരി എന്നിവർ അദബ് ഉൽ മുഫ്റാദ് എന്ന ഗ്രന്ഥത്തിൽ അൽബാനി പരിശോധിച്ചത്.

"നിങ്ങളിലൊരാൾ ഭക്ഷണത്തിന് ക്ഷണിക്കപ്പെടുകയും അയാൾ ദൂതന്റെ കൂടെ വരികയുമാണെങ്കിൽ അതുതന്നെ അവന് അനുവാദമാണ്."(174)

ഇബ്നുമസ്ഊദ് പറഞ്ഞു: **إذا دعيت فقد أذن لك**

"നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ (സ്വാഭാവികമായും) നിങ്ങൾക്ക് (കടന്നുചെല്ലാനുള്ള) അനുവാദം നല്കപ്പെട്ടു.(175)

എന്നിരുന്നാലും ഒരാളുടെ വീട്ടിൽ വച്ചാണ് ഭക്ഷണം വിളമ്പുന്നത് എങ്കിൽ അകത്തു കടക്കാൻ അനുവാദം വേണം. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَدۡخُلُواْ بُيُوتًا غَيۡرَ بُيُوتِكُمۡ حَتَّىٰ تَسۡتَأۡنِسُواْ وَتُسَلِّمُواْ عَلَىٰٓ أَهۡلِهَاۚ ذَٰلِكُمۡ خَيۡرٞ لَّكُمۡ لَعَلَّكُمۡ تَذَكَّرُونَ ﴾

ഹേ; സത്യവിശ്വാസികളേ, നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ (ഇതു പറയുന്നത് ). (അന്നൂർ : 27)

പല കാരണങ്ങൾ കൊണ്ടും അനുമതി തേടൽ ഒരു പ്രധാന വിഷയം തന്നെയാണ്. ചിലത് താഴെ കൊടുക്കുന്നു.

1. ആതിഥേയന് സ്വീകരിക്കാൻ വേണ്ടി ഒരുങ്ങേണ്ടതുണ്ട്. വീട്ടിനകത്ത് വേണ്ടവിധത്തിൽ വസ്ത്രമുടുക്കാതെ നിൽക്കുന്ന സ്ത്രീകൾ ഉണ്ടെങ്കിൽ അതിഥിയുടെ കണ്ണുകൾ അവരുടെ മേൽ പതിക്കാനിടയില്ല എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

സഹ്ൽ ഇബ്നു സഅ്ദ് (ﷺ), അല്ലാഹുവിന്റെ ദൂതർ ഇപ്രകാരം പറഞ്ഞതായി വിവരിക്കുന്നു:

---

174) അബൂദാവൂദും, ബുഖാരി 'അദബുൽ മുഫ്റദി'ലും രേഖപ്പെടുത്തിയത്.

175) ബുഖാരി 'അദബുൽ മുഫ്റദി'ൽ രേഖപ്പെടുത്തിയത്.

إنما جعل الإستئذان من أجل البصر

“നിശ്ചയം, അനുമതി തേടണമെന്ന വ്യവസ്ഥ വെച്ചിരിക്കുന്നത് നോട്ടത്തിന്റെ പ്രശ്നമുള്ളത് കൊണ്ടാണ്”(176)

2. ആതിഥേയന് അകത്തു കടക്കാൻ അനുവാദം ചോദിക്കുന്ന എല്ലാവരും ക്ഷണിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അടുത്ത ഉപവിഭാഗത്തിൽ ഇതിനെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യപ്പെടും.

## ക്ഷണമില്ലാതെ പോകുമ്പോൾ

മുകളിൽ പറഞ്ഞ ഹദീസുകളിൽ നിന്ന് നാം കണ്ടു ക്ഷണം തന്നെ പങ്കെടുക്കാനുള്ള അനുവാദം നൽകുന്നു എന്ന്. ക്ഷണിക്കപ്പെടാതെ വന്ന ഒരാൾക്ക് പ്രവേശനം നൽകുമെന്ന് ഉറപ്പ് പറയാനാവില്ല- ആതിഥേയന് അയാളോട് കടന്നുപോകാൻ പറയാനോ അല്ലെങ്കിൽ സ്വീകരിക്കാനോ ഉള്ള പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്.

അബൂ മസ്ഊദ് അൽ അൻസാരി അൽ ബദ്രി നിവേദനം: അൻസ്വാരികളിൽപ്പെട്ട അബൂ ശുഐബ് എന്നയാൾക്ക് കശാപ്പുകാരനായ ഒരു അടിമ ഉണ്ടായിരുന്നു. ഒരു ദിവസം പ്രവാചകൻ തന്റെ നാല് കൂട്ടുകാരുമായി ഇരിക്കുമ്പോൾ അബൂ ശുഐബ് അവരുടെ അടുത്തേക്ക് വന്നു. അദ്ദേഹത്തിന്റെ മുഖത്ത് വിശപ്പിന്റെ ലക്ഷണം ഉണ്ടായിരുന്നു. അദ്ദേഹം ഓടി അടിമയുടെ അടുത്തുചെന്ന് പറഞ്ഞു: “വേഗം പ്രവാചകരെയും നാലുപേരെയും സ്വീകരിക്കാനായി അഞ്ചുപേർക്ക് ഭക്ഷണം തയ്യാറാക്കണം”. എന്നിട്ട് അദ്ദേഹം പ്രവാചകനെയും നാലുപേരെയും ഭക്ഷണത്തിന് ക്ഷണിച്ചു. അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോകുമ്പോൾ ആറാമത് ഒരാൾ അവരുടെ ഒപ്പം ചെന്നു. വീട്ടിനു മുൻപിൽ എത്തിയപ്പോൾ പ്രവാചകൻ പറഞ്ഞു:

إن هذا تبعنا فإن شئت أن تأذن و إن شئت رجع

“തീർച്ചയായും ഈ മനുഷ്യൻ കൂടി നമ്മുടെയൊപ്പം വന്നിട്ടുണ്ട്. നിങ്ങൾക്ക് വേണമെങ്കിൽ അയാളെ പ്രവേശിപ്പിക്കാം. താൽപ്പര്യമില്ലെങ്കിൽ നിരസിക്കുകയും ആകാം”.

176) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

അബൂ ശുഐബ് പറഞ്ഞു:

"അല്ലാഹുവിന്റെ ദൂതരേ ഞാൻ അയാളെ വീട്ടിൽ പ്രവേശിപ്പിക്കാം".(177)

ഈ ഹദീസ് സൂചിപ്പിക്കുന്നത് ആതിഥേയൻ ക്ഷണിക്കപ്പെടാതെ എത്തുന്ന അതിഥികളെ അകത്തേക്ക് വിളിക്കാനോ തിരികെ പറഞ്ഞയക്കാനോ സ്വാതന്ത്ര്യമുണ്ട് എന്നതാണ്. കാരണം അയാൾക്കു മാത്രമാണല്ലോ തനിക്ക് എത്ര അതിഥികളെ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയുക.

ദൗർഭാഗ്യകരമെന്ന് പറയട്ടെ, നാം പലപ്പോഴും കാണുന്നത് ക്ഷണിക്കപ്പെട്ട അതിഥികൾ പലപ്പോഴും ക്ഷണിക്കപ്പെടാത്ത അതിഥികളെ കൂട്ടി വരുന്നതാണ്. അതിഥേയന് അവരെ സ്വീകരിക്കാനും, നിരസിക്കാനും കഴിയില്ല. അയാൾ പ്രതിസന്ധിയിലാകുന്നു. അവരെ സ്വീകരിക്കാതിരുന്നാൽ അവരെ കൊണ്ടുവന്ന, ക്ഷണിക്കപ്പെട്ട അതിഥികൾക്ക് വിരോധം തോന്നും. ഇത് തീർച്ചയായും സുന്നത്തിൽ നിന്നുള്ള വ്യതിചലനവും, അതിഥിമര്യാദകളുടെ പൂർണ്ണമായ ലംഘനവുമാണ്.

## സലാം പറയലും ഹസ്തദാനം ചെയ്യലും.

ഒരു മുസ്ലിം തന്റെ മറ്റു മുസ്ലിം സഹോദരന്മാരെ കാണുമ്പോൾ സലാം പറഞ്ഞ് അഭിവാദ്യം ചെയ്യേണ്ടതുണ്ട്. അതുപോലെ ഒരാൾ ഭക്ഷണത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ വേറൊരു വീട്ടിൽ പ്രവേശിക്കുമ്പോൾ അവിടെയുള്ള ആളുകളെ സലാം കൊണ്ട് അഭിവാദ്യം ചെയ്യണം. അല്ലാഹു പറയുന്നു.

﴿ فَإِذَا دَخَلْتُم بُيُوتًا فَسَلِّمُوا عَلَىٰ أَنفُسِكُمْ تَحِيَّةً مِّنْ عِندِ اللَّهِ مُبَارَكَةً طَيِّبَةً ﴾

"നിങ്ങൾ വീടുകളിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിൽ നിന്നുള്ള ആശംസകൊണ്ട് അഭിവാദ്യം ചെയ്യുക". (അന്നൂർ:61) അന്നേരം ആതിഥേയനോ അല്ലെങ്കിൽ അവിടെ സന്നിഹിതരാ

177) ബുഖാരി, മുസ്ലിം തുടങ്ങിയവർ രേഖപ്പെടുത്തിയത്.

യവരോ അതുപോലെ അതല്ലെങ്കിൽ കൂടുതൽ നല്ല ഒരു ആശംസ യാൽ പ്രത്യഭിവാദ്യം ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു.

“നിങ്ങൾ ഒരു അഭിവാദ്യം ചെയ്യപ്പെട്ടാൽ തിരിച്ച് അതിനേക്കാൾ നല്ലതുകൊണ്ട് പ്രത്യഭിവാദ്യം ചെയ്യുക. ഏറ്റവും ചുരുങ്ങിയത് തുല്ല്യമായിട്ടെങ്കിലും അതിനോട് പ്രതികരിക്കുക. തീർച്ചയായും അല്ലാഹു വളരെ ശ്രദ്ധയുള്ള ഒരു കണക്കുസൂക്ഷിപ്പുകാരനത്രെ”. (അന്നിസാഅ് 4:86)

ഇബ്നു അംറും സുഹൈബും ഉദ്ധരിച്ച ഹദീസുകളും നോക്കാൻ വായനക്കാരനോട് അഭ്യർത്ഥിക്കുന്നു. (ഈ അദ്ധ്യായത്തിൽ നേരത്തേ പറഞ്ഞിട്ടുണ്ട്.)

ചിലയാളുകൾ തമ്മിൽ കാണുമ്പോൾ ഇസ്ലാമികേതരമായ അഭിവാദ്യം കൈമാറുന്നു. ഉദാഹരണം “ഗുഡ് ഈവനിംഗ്”, “ഹായ്” തുടങ്ങിയവ. ഇതെല്ലാം ഒഴിവാക്കേണ്ടതുണ്ട്. കാരണം അല്ലാഹു നമുക്ക് കൂടുതൽ നല്ല ഒരു അഭിവാദ്യം നൽകിയിട്ടുണ്ട്; ‘സലാം’ ആണത്. ഇതിൽ സമാധാനത്തിനു വേണ്ടിയുള്ള ഒരു പ്രാർത്ഥന ഉൾക്കൊള്ളുന്നുണ്ട്. മലക്കുകളുടെയും സ്വർഗ്ഗക്കാരുടെയും അഭിവാദ്യം അതുന്നെയാണ്.(178)

ചിലയാളുകൾ പരസ്പരം കാണുമ്പോഴൊക്കെ പരസ്പരം ആലിംഗനബദ്ധരാവുന്നതും ചുംബിക്കുന്നതും കാണാറുണ്ട്. ഇത് അനിസ്ലാമികമാണ്. ആലിംഗനം ചെയ്യുന്നത് വേണമെങ്കിൽ കുറെക്കാലും കഴിഞ്ഞു കാണുമ്പോൾ (ഉദാഹരണം യാത്രയിൽ നിന്ന് തിരിച്ചു വരിക) മാത്രം ചെയ്യേണ്ടതാണ്. മറ്റുള്ള എല്ലാ അവസരങ്ങളിലും മുസ്ലിംകൾ പരസ്പരം സലാം ചൊല്ലുകയും ഹസ്തദാനം ചെയ്യുന്നതുമാണ് നല്ലത്.

അനസ് ബിൻ മാലിക്ക് (ﷺ) ഒരു മനുഷ്യൻ പ്രവാചകനോട് ചോദിച്ചതായി പറയുന്നു. “അല്ലാഹുവിന്റെ ദൂതരേ, ഒരാൾ അയാളുടെ മുസ്ലിം സഹോദരനെ കാണുമ്പോൾ തല കുനിക്കേണ്ടതുണ്ടോ?” അദ്ദേഹം പറഞ്ഞു “ഇല്ല”. അയാൾ വീണ്ടും ചോദിച്ചു: “കെട്ടിപ്പിടിക്കുകയോ ഉമ്മവയ്ക്കുകയോ വേണമോ?” അദ്ദേഹം

178) ഉദാഹരണത്തിന് സൂറ: അർറഅദ് : 24 കാണുക.

പറഞ്ഞു ''വേണ്ട''. അയാളുടെ കൈപിടിച്ച് കുലുക്കണമോ? പ്രവാച കൻ പറഞ്ഞു: ''ഉവ്വ്''.(179)

ഒരു മുസ്‌ലിം സഹോദരനെ ഹസ്തദാനം ചെയ്യുന്നത് വളരെ പ്രതിഫലം തരുന്ന ഒരു പ്രവൃത്തിയാണ്. (അല്ലെങ്കിൽ മുസ്‌ലിം സ്ത്രീ അവളുടെ സഹോദരിയെ ഹസ്തദാനം ചെയ്യുന്നത്). അൽ ബറാബിൻ അസീബ് (ﷺ), അല്ലാഹുവിന്റെ പ്രവാചകൻ ഇങ്ങനെ പറഞ്ഞതായി വിവരിക്കുന്നു:

ما من مسلمين يلتقيان فيتصافحان إلا غفر لهما قبل أن يتفرقا

''രണ്ടു മുസ്‌ലിംകൾ തമ്മിൽ കണ്ട് ഹസ്തദാനം ചെയ്താൽ അവർ പിരിയുന്നതിന് മുൻപായിത്തന്നെ അവരുടെ തെറ്റുകൾ പൊറുക്കപ്പെടുന്നതാണ്''.(180)

അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി അബൂ ഹുറൈറ (ﷺ) പറയുന്നു:

إذا انتهى أحدكم إلى المجلس ؛ فليسلم فإذا أراد أن يقوم ؛ فيسلم ؛ فليست الأولى بأحق من الآخرة

''നിങ്ങൾ ഒരു സദസ്സിൽ (മുസ്‌ലിംകളുടെ സദസ്സ്) എത്തുമ്പോൾ സലാം പറയുവിൻ. അവിടെ നിന്ന് പിരിഞ്ഞുപോവുക യാണെങ്കിലും സലാം പറയുവിൻ. തീർച്ചയായും ആദ്യത്തെ സലാ മാണ് രണ്ടാമത്തേതിനേക്കാൾ കൂടുതൽ എന്നൊന്നുമില്ല (രണ്ടും തുല്ല്യമാണ്)''.(181)

## അല്ലാഹുവിന്റെ നാമത്തിൽ ഭക്ഷണം തുടങ്ങൽ

ഭക്ഷണം കഴിക്കാൻ തുടങ്ങുന്നതിന് മുൻപ് നാം അല്ലാഹുവിന്റെ നാമത്തിൽ തുടങ്ങേണ്ടതാണ്. ''ബിസ്മില്ല-അല്ലാഹുവിന്റെ തിരുനാമത്തിൽ (ഞാൻ ഭക്ഷിക്കാൻ തുടങ്ങുന്നു)''.

---

179) തുർമുദി രേഖപ്പെടുത്തിയത്. അൽബാനി പ്രാമാണികമാക്കി. (ഹസൻ) രിയാദു സ്വാലിഹീൻ : 893

180) അബൂദാവൂദും തിർമുദിയും രേഖപ്പെടുത്തിയത്. അൽബാനി പ്രാമാണികമാക്കിയത്. (അസ്വഹീഹ് :525)

181) അബൂദാവൂദും തിർമുദിയും രേഖപ്പെടുത്തിയത്. അൽബാനി പ്രാമാണികമാക്കിയത്. (അസ്വഹീഹ് :183)

ഉമർ ബിൻ അബീസലമ (ﷺ) രേഖപ്പെടുത്തിയത് അദ്ദേഹം ചെറുപ്പത്തിൽ അല്ലാഹുവിന്റെ ദൂതരുടെ സംരക്ഷണയിൽ ആയിരുന്നപ്പോൾ, അദ്ദേഹം ഭക്ഷണം കഴിക്കുന്ന സമയം താലത്തിൽ മുഴവൻ അദ്ദേഹത്തിന്റെ കൈ എത്തുമായിരുന്നു. അല്ലാഹുവിന്റെ ദൂതൻ അദ്ദേഹത്തോട് നിർദ്ദേശിച്ചു:

يا غلام ! سم الله وكل بيمينك وكل مما يليك

"കുട്ടീ, അല്ലാഹുവിന്റെ നാം പറയുക, വലതു കൈകൊണ്ട് ഭക്ഷിക്കു, നിന്റെ ഭാഗത്തു നിന്ന് ഭക്ഷണം കഴിക്കുക".(182)

വഹ്ശിയ്യ് ബിൻ ഹർബ് ഒരാൾ ഇങ്ങനെ പറഞ്ഞതായി പറയുന്നു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ ഭക്ഷണം കഴിക്കുന്നു. പക്ഷെ സംതൃപ്തി തോന്നുന്നില്ല". അദ്ദേഹം ചോദിച്ചു "നിങ്ങൾ ഒറ്റയ്ക്കാണോ ഭക്ഷണം കഴിക്കുന്നത്?" അയാൾ പറഞ്ഞു "അതെ". അപ്പോൾ അല്ലാഹുവിന്റെ ദൂതർ പറഞ്ഞു:

اجتمعوا على طعامكم واذكروا اسم الله تعالى عليه يبارك لكم فيه

"ഭക്ഷണത്തിനായി എല്ലാവരും ഒന്നിക്കുക. അല്ലാഹുവിന്റെ നാം ഉച്ചരിക്കുക- അപ്പോൾ നിനക്കത് അനുഗ്രഹീതമായി ഭവിക്കും".(183)

ഭക്ഷണം തുടങ്ങുന്നതിന് മുൻപായി അല്ലാഹുവിന്റെ നാം ഉച്ചരിച്ചാൽ സാത്താൻ അതിൽ നിന്ന് പങ്ക് കഴിക്കുന്നത് തടയപ്പെടും. അല്ലാഹുവിന്റെ പ്രവാചകൻ ഇങ്ങനെ പറയുന്നതായി കേട്ടുവെന്ന് ജാബിർ (ﷺ) സാക്ഷ്യപ്പെടുത്തുന്നു:

إِذَا دَخَلَ الرَّجُلُ بَيْتَهُ فَذَكَرَ اللَّهَ عِنْدَ دُخُولِهِ وَعِنْدَ طَعَامِهِ قَالَ الشَّيْطَانُ لَا مَبِيتَ لَكُمْ وَلَا عَشَاءَ وَإِذَا دَخَلَ فَلَمْ يَذْكُرْ اللَّهَ عِنْدَ دُخُولِهِ قَالَ الشَّيْطَانُ أَدْرَكْتُمْ الْمَبِيتَ وَإِذَا لَمْ يَذْكُرْ اللَّهَ عِنْدَ طَعَامِهِ قَالَ أَدْرَكْتُمْ الْمَبِيتَ وَالْعَشَاءَ

"ഒരാൾ തന്റെ വീട്ടിലേക്ക് പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിന്റെ നാമം ഉച്ചരിച്ചാൽ, സാത്താൻ

182) ബുഖാരിയും മുസ്ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.
183) അഹ്മദ്, അബൂദാവൂദ് തുടങ്ങിയവർ രേഖപ്പെടുത്തിയത്.

തന്റെ കൂട്ടുകാരോട് പറയും പറയുക! നിങ്ങൾക്ക് ഇന്ന് സ്ഥാനമോ ഭക്ഷണമോ ഇല്ല (ഈ വീട്ടിൽ ഇന്ന് രാത്രി)'' പക്ഷെ അല്ലാഹുവിന്റെ നാമം ഉച്ചരിക്കാതെ അകത്തു പ്രവേശിച്ചാൽ, സാത്താൻ തന്റെ കൂട്ടുകാരോട് പറയും, ''ഇന്നത്തെ നിങ്ങളുടെ വാസസ്ഥലം നിങ്ങൾ സുരക്ഷിതമാക്കി''. അയാൾ വീണ്ടും ഭക്ഷണം കഴിക്കുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചില്ലെങ്കിൽ വീണ്ടും സാത്താൻ പറയും ''ഇന്ന് ഭക്ഷണവും താമസവും സുരക്ഷിതമാക്കിയിരിക്കുന്നു''.[184]

ഒരാൾ ഭക്ഷണം കഴിക്കാൻ തുടങ്ങുന്നതിനു മുമ്പ് അല്ലാഹുവിന്റെ നാമം ഉച്ചരിക്കാൻ മറന്നാൽ, ഭക്ഷണത്തിനിടെ ഓർമ്മവരുമ്പോൾ ഉച്ചരിച്ചാലും മതി. അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി ആയിശ (رضي الله عنها) വിവരിക്കുന്നു:

**إذا أكل أحدكم فليذكر اسم الله فأن نسى أن يذكر أسم الله في أوله فليقل : بسم الله أوله وآخره**

''നിങ്ങളിലാരെങ്കിലും ഭക്ഷിക്കുമ്പോൾ, അവൻ അല്ലാഹുവിന്റെ നാമം ഉച്ചരിക്കട്ടെ. ആരെങ്കിലും അല്ലാഹുവിന്റെ നാമം ഉച്ചരിക്കാൻ മറന്നുപോയാൽ അയാൾ 'ബിസ്മില്ലാഹി അവ്വലുഹു വആഖിറഹു' എന്ന് പറയട്ടെ- അല്ലാഹുവിന്റെ നാമത്തിൽ തുടക്കം മുതൽ ഒടുക്കം വരെ ഞാൻ ഭക്ഷിക്കുന്നു''.[185]

ഭക്ഷണത്തിനു മുൻപോ ഭക്ഷണ സമയത്തോ ചൊല്ലാനുള്ള പ്രത്യേക പ്രാർത്ഥനകളോ, ദിക്റുകളോ ഒന്നും തന്നെയില്ല എന്നത് ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ നാമം ഉച്ചരിച്ചാൽ മാത്രം മതി. ഭക്ഷണത്തിന് മുൻപ് ആളുകൾ സാധാരണ നടത്തുന്ന പ്രാർത്ഥനകൾ ആധികാരികമല്ലാത്തതും അതിനാൽ തന്നെ ഒഴിവാക്കപ്പെടേണ്ടതുമാണ്.

## ഭക്ഷണത്തെ കുറ്റം പറയരുത്.

ഹലാലായ എല്ലാ ഭക്ഷണവും അല്ലാഹുവിൽ നിന്നുള്ള ആനുകൂല്യമാണ്. നാം അതിനെ കുറ്റം പറയരുത്. കുറ്റം പറയുന്നത് അല്ലാഹുവിനോടുള്ള അസംതൃപ്തിയും നന്ദികേടുമാണ് കാണിക്കുന്നത്. മാത്രവുമല്ല, ആതിഥേയനെ അത് വിഷമിപ്പിക്കുകയും മുറിപ്പെടുത്തുകയും ചെയ്യും.

184) മുസ്‌ലിം രേഖപ്പെടുത്തിയത്.

185) അബൂദാവൂദ്, തുർമിദി തുടങ്ങിയവർ രേഖപ്പെടുത്തിയത്.

അബൂ ഹുറൈറ (ﷺ) പറയുന്നു:

مَا عَابَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ طَعَامًا قَطُّ إِنْ اشْتَهَاهُ أَكَلَهُ وَإِنْ كَرِهَهُ تَرَكَهُ

“അല്ലാഹുവിന്റെ ദൂതർ ഒരു ഭക്ഷണത്തെയും കുറ്റം പറഞ്ഞിരുന്നില്ല. അദ്ദേഹത്തിന് ആവശ്യം തോന്നിയാൽ കഴിക്കുകയും, ഇഷ്ടമില്ലെങ്കിൽ വേണ്ടെന്നു വയ്ക്കുകയുമായിരുന്നു പതിവ്”.(186)

## ഭക്ഷണം കഴിക്കുന്നതിലെ മിതത്വം.

ഒരു വലീമത്ത് ആയാലും, ഭക്ഷണശാലകളിൽ നിന്നായാലും, വീട്ടിൽ നിന്ന് ഭക്ഷിക്കുന്നതായാലും ഭക്ഷണം അതീവ രുചികരമായിരുന്നാലും, അല്ലെങ്കിൽ സാധാരണ ഭക്ഷണമായിരുന്നാലും, ഒരിക്കലും അമിതമായി കഴിക്കരുത്. ആരോഗ്യപരമായ പ്രശ്നങ്ങൾക്കു പുറമേ, അമിതമായി കഴിക്കുന്നത് മടി തോന്നിക്കുകയും, അല്ലാഹുവിനെ ഓർക്കുന്നതിൽ നിന്നും, അവന്റെ ആരാധനയിൽ മുഴുകുന്നതിൽ നിന്നും ഭ്രംശമുണ്ടാക്കുകയും ചെയ്യും.

ഒരു വിശ്വാസിയുടെ സവിശേഷമായ ഒരു ഗുണം, അയാൾ അമിതഭക്ഷണം കഴിക്കുന്നില്ല എന്നതാണ്. അബൂ മൂസൽ അശ്അരിയും അബ്ദുല്ലാ ഇബ്നു ഉമറും പ്രവാചകൻ പറഞ്ഞതായി പറയുന്നു:

إِنَّ الْمُؤْمِنَ يَأْكُلُ فِي مِعًى وَاحِدٍ وَالْكَافِرَ يَأْكُلُ فِي سَبْعَةِ أَمْعَاءٍ

“തീർച്ചയായും ഒരു വിശ്വാസി ഒരു കുടലിലേക്കുള്ള ഭക്ഷണമാണ് കഴിക്കുന്നത് (കുറച്ചു ഭക്ഷണം). ഒരു കാഫിർ ഏഴു കുടലിലേക്ക് കഴിക്കുന്നു (വാരി വലിച്ചു തിന്നുന്നു)”.(187)

പ്രവാചകൻ (ﷺ) അത്യാർത്തിയെ ശക്തമായി നിരോധിക്കുകയും, ആളുകൾ കഴിക്കുന്നതിൽ അധികവും അവർക്ക് ആവശ്യമില്ലാത്തതാണ് എന്ന് സൂചിപ്പിക്കുകയും ചെയ്തു- ഒരുപക്ഷെ ഉപദ്രവും കൂടിയാണത്! അൽ മിഖദാം ബിൻ മഅ്ദ് യക്രിബ് (ﷺ) അല്ലാഹുവിന്റെ ദൂതൻ പറഞ്ഞതായി പറയുന്നു:

186) ബുഖാരിയും മുസ്ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.
187) ബുഖാരിയും മുസ്ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

ما ملأ آدمي وعاء شرا من بطن بحسب ابن آدم أكلات يقمن صلبه فإن كان لا محالة فثلث لطعامه وثلث لشرابه وثلث لنفسه

“ഒരു മനുഷ്യന് തന്റെ സ്വന്തം വയറിനേക്കാൾ മോശമായ ഒരു പാത്രവും നിറയക്കാൻ സാധ്യമല്ല, കുറച്ച് ഭക്ഷണം കഴിച്ചാൽ തന്നെ പുറം നേരെ നിർത്താൻ സാധിക്കും. ഇനി അതിനു കഴിഞ്ഞില്ലെങ്കിൽ വയറിന്റെ മൂന്നിലൊന്ന് ഭക്ഷണത്തിനും, മൂന്നിലൊരു ഭാഗം പാനീയത്തിനും, ബാക്കി മൂന്നിലൊന്ന് വായു സഞ്ചാരത്തിനും”.(188)

## മറ്റുള്ളവരുടെ കൂടെ ഭക്ഷണം കഴിക്കുന്നതിന്റെ ഗുണം

മറ്റുള്ളവരുടെ കൂടെ ഭക്ഷണം കഴിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്തിന് കാരണമാകുമെന്ന് നാം കണ്ടു. (ജാബിറിന്റെയും വഹ്ശിയ്യുടെയും ഹദീസ്) അതേ അർത്ഥത്തിൽ തന്നെ പ്രവാചകൻ പറഞ്ഞതായി ഉമർ (﵁) പറയുന്നു:

كلوا جميعا ولا تفرقوا فإن البركة مع الجماعة

“സംഘമായിരുന്ന് ഭക്ഷണം കഴിക്കുക. ഒറ്റയ്ക്കൊറ്റയ്ക്കല്ല. കാരണം അല്ലാഹുവിന്റെ അനുഗ്രഹം സംഘത്തോടൊപ്പമാണ്.”(189)

കൂട്ടത്തിലിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ ഭക്ഷണം കൂടുതൽ ആളുകൾക്ക് തികയുന്നതാണ്. അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതായി അബൂ ഹുറൈറ പറയുന്നു:

طَعَامُ الِاثْنَيْنِ كَافِي الثَّلَاثَةِ وَطَعَامُ الثَّلَاثَةِ كَافِي الْأَرْبَعَةِ

“രണ്ടാളുകൾ കഴിക്കുന്ന ഭക്ഷണം മൂന്ന് പേർക്ക് മതിയാകുന്നതാണ്, മൂന്നുപേർക്ക് ഉള്ള ഭക്ഷണം നാലാളുകൾക്ക് തികയുന്നതാണ്”.(190)

---

188) തുർമുദിയും അഹമ്മദും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

189) ഇബ്നുമാജ രേഖപ്പെടുത്തിയത്.

190) ബുഖാരിയും മുസ്‌ലിമും രേഖപ്പെടുത്തിയത്.

**വിനീതനായിരുന്ന് അരികിൽ നിന്ന് കഴിക്കൽ.**

അഹംഭാവം എന്നത് അല്ലാഹുവിന്റെ സൗമനസ്യത്തിനോടുള്ള നന്ദികേടിന്റെ അടയാളമാണ്. ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ ചാരിക്കിടക്കുകയോ, ധിക്കാരത്തോടെ ഇരിക്കുകയോ ചെയ്യരുത്. വളരെ വിനീതനായി സാവധാനത്തിൽ ഭക്ഷണം കഴിക്കുക.

അബ്ദുള്ള ബിൻ ബുസ്ർ പ്രവാചകന് അൽഗർറ (വെളുത്തത്) എന്ന പേരിൽ ഒരു താലമുണ്ടായിരുന്നു നിവേദനം. അത് നാല് ആളുകൾക്ക് ചുമക്കാൻ മാത്രം വലുതായിരുന്നു. ഒരു ദിവസം പ്രവാചകന് ഒരാടിനെ സമ്മാനമായി കിട്ടി- അന്ന് ഭക്ഷണം കുറവായിരുന്നു. അദ്ദേഹം കുടുംബത്തോട് പറഞ്ഞു:

اطبخوا هذه الشاة وانظروا إلى هذا الدقيق فاخبزوه اطبخوا وأثردوا عليه

"ഈ ആടിനെ പാകം ചെയ്യൂ. ഈ പൊടിയെടുത്ത് റൊട്ടിയുണ്ടാക്കൂ. റൊട്ടിയും മാംസവും കൂട്ടിക്കുഴക്കൂ".

രാവിലെ ആളുകൾ ളുഹാ നമസ്കാരം കഴിഞ്ഞ ഉടനെ അൽഗർറായിൽ നിറയെ തരീദ്[191] കൊണ്ടുവന്നു. ആളുകൾ ചുറ്റും ഇരുന്നു. ആളുകൾ കൂട്ടമായപ്പോൾ പ്രവാചകൻ മുട്ടുകുത്തിനിന്നു (കാൽമുട്ടും, കാൽവിരലുകളും നിലത്ത് തട്ടുന്ന വിധത്തിൽ). ഗ്രാമീണനായ ഒരു അറബി ചോദിച്ചു "എന്തുതരം ഇരുത്തമാണ് ഇത്?" പ്രവാചകൻ മറുപടി പറഞ്ഞു:

إن الله جعلني عبدا كريما

"തീർച്ചയായും അല്ലാഹു എന്നെ അവന്റെ ഒരു ബഹുമാനിക്കുന്ന ദാസനായി കണ്ടിരിക്കുന്നു. മർക്കടമുഷ്ടിക്കാരനായ ശാസകനായിട്ടില്ല".

എന്നിട്ട് അദ്ദേഹം പറഞ്ഞു:

كلو من حواليها و دعوا ذروتها يبارك فيها

"തളികയുടെ വശങ്ങളിൽ നിന്ന് കഴിക്കു. ഉയർന്ന നടുഭാഗം ഒഴിവാക്കുക- അപ്പോൾ നിങ്ങൾക്ക് അനുഗ്രഹമുണ്ടാകും".[192]

---

191) റൊട്ടിയും ഇറച്ചിയും ചേർത്തോ അല്ലാതെയോ ഉണ്ടാക്കുന്ന വിഭവം.

192) അബൂദാവൂദ്, ഇബ്നുമാജ തുടങ്ങിയവർ രേഖപ്പെടുത്തിയത്.

ഈ ഹദീസിന്റെ ചില റിപ്പോർട്ടുകളിൽ പ്രവാചകൻ ഇപ്രകാരം പറഞ്ഞതായി കാണുന്നു:

خذوا فكلوا ؛ فوالذي نفس محمد بيده ؛ ليفتحن عليكم أرض فارس والروم حتى يكثر الطعام فلا يذكر اسم الله عليه

“എടുത്ത് ഭക്ഷിക്കു. മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവൻ തന്നെ സത്യം! പേർഷ്യക്കാരുടെയും റോമക്കാരുടെയും രാജ്യങ്ങൾ നിങ്ങൾക്കുവേണ്ടി തുറക്കപ്പെടും. അങ്ങനെ നിങ്ങൾക്ക് അല്ലാഹുവിന്റെ നാമം ഭക്ഷണം കഴിക്കുന്നതിന് മുമ്പ് ഉച്ചരിക്കപ്പെടാതാകുന്നത്ര സമൃദ്ധിയായി നിങ്ങൾക്ക് ഭക്ഷണം ലഭിക്കും”.(193)

ഈ ഹദീസ് സൂചിപ്പിക്കുന്നത് ഒരുപാട് ആളുകൾ ഒരുമിച്ചിരുന്ന് കഴിക്കുന്ന ഭക്ഷണത്തിന്റെ നടുവിലേക്ക് അല്ലാഹുവിന്റെ അനുഗ്രഹം ഇറക്കപ്പെടും എന്നതാണ്. അവർ ഒഴിവാക്കി വശങ്ങളിൽ നിന്ന് കഴിച്ചാൽ അനുഗ്രഹം എല്ലാ വശത്തേക്കും എത്തുന്നതാണ്.

ഇതേ അർത്ഥം വരുന്ന രീതിയിൽ തന്നെ, അല്ലാഹുവിന്റെ ദൂതർ(ﷺ) പറഞ്ഞതായി ഇബ്നു അബ്ബാസ്(رضي الله عنه) വിവരിക്കുന്നു:

البركة تنزل وسط الطعام فكلوا من حافتيه ولا تأكلوا من وسطه

“അനുഗ്രഹം ചൊരിയപ്പെടുന്നത് ഭക്ഷണത്തിനു നടവിലേക്കാണ്. അതുകൊണ്ട് നടുവിൽ നിന്ന് ഭക്ഷിക്കാതെ അരുകിൽ നിന്ന് കഴിക്കുക”.(194)

## ഭക്ഷണം പാഴാക്കിക്കളയൽ.

ഇന്ന് കാണുന്നത് മുസ്‌ലിംകൾ ധാരാളം ഭക്ഷണം വെറുതെ കളയാൻ അനുവദിക്കുന്നു എന്നതാണ്. പ്രത്യേകിച്ച് വിവാഹ സൽക്കാരങ്ങളിലും മറ്റ് സാമൂഹിക ചടങ്ങുകളിലും- അതേ സമയം ധാരാളം മുസ്‌ലിംകൾ പട്ടിണിയും ക്ഷാമവും അനുഭവിക്കുകയാണ്.

193) അബൂബക്കർ അശ്ശാഫിഇ (അൽ ഫവാഇദ്), ബൈഹഖി തുടങ്ങിയവർ രേഖപ്പെടുത്തിയത്.

194) അബൂദാവൂദ്, തുർമുദി തുടങ്ങിയവർ രേഖപ്പെടുത്തിയത്.

ഇത് സുന്നത്തിന്റെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. പ്രവാചകൻ കൈയിലോ പാത്രത്തിലോ പറ്റിപ്പിടിച്ചിരുന്ന ഭക്ഷണത്തരികൾ പോലും എടുക്കാൻ ബദ്ധശ്രദ്ധനായിരുന്നു.

കഅബ് ബിൻ മാലിക്ക് പ്രവാചകൻ മൂന്നു വിരലുകൊണ്ടാണ് ഭക്ഷണം കഴിച്ചിരുന്നത് എന്ന് പറയുന്നു. ഭക്ഷണം കഴിഞ്ഞശേഷം കഴുകുന്നതിന് മുമ്പ് അദ്ദേഹം വിരലുകൾ നക്കിത്തുടച്ചിരുന്നു.(195)

ജാബിർ (ﷺ), പ്രവാചകൻ തന്റെ അനുയായികളോട് ഭക്ഷണം കഴിഞ്ഞശേഷം തങ്ങളുടെ വിരലുകളും, പാത്രങ്ങളും നക്കിത്തുട ക്കാൻ കൽപ്പിച്ചിരുന്നു, എന്ന് വിവരിക്കുന്നു. അദ്ദേഹം (പ്രവാചകൻ) പറഞ്ഞു:

إنكم لا تدرون في أي طعامكم البركة

''നിങ്ങളുടെ ഭക്ഷണത്തിൽ ഏതുഭാഗത്താണ് അനുഗ്രഹമുള്ള തെന്ന് നിങ്ങൾക്ക് അറിയില്ലല്ലോ''.(196) അൽപം ഭക്ഷണം കൈയിൽ നിന്ന് താഴെ വീണാലും അത് എടുക്കാൻ മടികാണിക്കരുത്. അത് എടുത്ത് വൃത്തിയാക്കി കഴിക്കണം. അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതായി ജാബിർ (ﷺ) പറയുന്നു:

إِنَّ الشَّيْطَانَ يَحْضُرُ أَحَدَكُمْ عِنْدَ كُلِّ شَيْءٍ مِنْ شَأْنِهِ حَتَّى يَحْضُرَهُ عِنْدَ طَعَامِهِ فَإِذَا سَقَطَتْ مِنْ أَحَدِكُمْ اللُّقْمَةُ فَلْيُمِطْ مَا كَانَ بِهَا مِنْ أَذًى ثُمَّ لِيَأْكُلْهَا وَلَا يَدَعْهَا لِلشَّيْطَانِ فَإِذَا فَرَغَ فَلْيَلْعَقْ أَصَابِعَهُ فَإِنَّهُ لَا يَدْرِي فِي أَيِّ طَعَامِهِ تَكُونُ الْبَرَكَةُ

''തീർച്ചയായും സാത്താൻ നിങ്ങളുടെ ഓരോ പ്രവൃത്തിയും ചെയ്യുമ്പോഴും കൂടെയുണ്ട്. ഭക്ഷണം കഴിക്കുമ്പോൾ പോലും ആരുടെയെങ്കിലും കൈയിൽ നിന്ന് ഒരു കഷ്ണം താഴെ വീണുപോയാൽ അവൻ അത് പെറുക്കിയെടുത്ത് വൃത്തിയാക്കി ഭക്ഷിച്ചുകൊള്ളട്ടെ. അല്ലാതെ സാത്താനു വേണ്ടി അത് അവിടെ ഇടരുത്. മാത്രവുമല്ല ഒരാൾ ഭക്ഷണം കഴിഞ്ഞ് വിരൽ നക്കിത്തുട യ്ക്കാതെ കൈ കൈലേസിൽ തുടയ്ക്കരുത്. ഭക്ഷണത്തിൽ അനു

195) മുസ്‌ലിം, അബൂദാവൂദ് തുടങ്ങിയവർ രേഖപ്പെടുത്തിയത്.

196) മുസ്‌ലിമും മറ്റുള്ളവരും രേഖപ്പെടുത്തി

ഗ്രഹം ഏത് തരിയിൽ ആണ് ഇരിക്കുന്നതെന്ന് ആർക്കും അറിയില്ല''.[197]

## ഭക്ഷണത്തിന് ശേഷം അല്ലാഹുവിനെ സ്തുതിക്കലും അവനോട് പ്രാർത്ഥിക്കലും.

ഭക്ഷണം കഴിച്ച ശേഷം ആ ഭക്ഷണം അവന് ലഭ്യമാക്കിയ സർവ്വശക്തനെ സ്തുതിച്ച് അവനോട് നന്ദികാണിക്കണം. അല്ലാഹുവിന്റെ ദൂതൻ പറഞ്ഞതായി അനസ് (﵁) പറയുന്നു:

**قال رسول الله صلى الله عليه وسلم إن الله ليرضى عن العبد أن يأكل الأكلة فيحمده عليها أو يشرب الشربة فيحمده عليها**

''തീർച്ചയായും അല്ലാഹു അല്പം ഭക്ഷണം കഴിച്ചാലോ അൽപം പാനീയം കുടിച്ചാലോ, അല്ലാഹുവിനെ സ്തുതിക്കുന്ന ദാസന്റെ പ്രവൃത്തിയിൽ സന്തുഷ്ടനാകുന്നു''.[198]

അല്ലാഹുവിന്റെ ദൂതർ(ﷺ) പറഞ്ഞതായി ഇബ്നു അബ്ബാസ്(﵁) പറയുന്നു:

**من أطعمه الله طعاما فليقل : اللهم بارك لنا فيه و أطعمنا خيرا منه و من سقاه الله لبنا فليقل : اللهم بـــارك لنا فيه و زدنا منه فإنه ليس شـــيء يجزي من الطعام و الشراب غير اللبن**

''അല്ലാഹു ഭക്ഷണം കഴിപ്പിച്ച ഓരോരുത്തരും പറയേണ്ടതുണ്ട്: ''*അല്ലാഹുമ്മ ബാരിക്ക് ലനാ ഫീഹി വ അത്ഇംനാ ഖൈറൻ മിൻഹു*- അല്ലാഹുവേ, ഇത് ഞങ്ങൾക്കുവേണ്ടി അനുഗ്രഹിക്കേണമേ. ഞങ്ങൾക്ക് കൂടുതൽ നല്ല ഭക്ഷണം തരുകയും ചെയ്യേണമേ''. അല്ലാഹു ആർക്കെങ്കിലും പാല് കുടിക്കാൻ കൊടുത്താൽ അവൻ പറയണം ''*അല്ലാഹുമ്മ ബാരിക്ക് ലനാ ഫീഹി വസിദ്നാ മിൻഹു*- അല്ലാഹുവേ ഇത് ഞങ്ങൾക്കു വേണ്ടി അനുഗ്രഹീതമാക്കുകയും കൂടുതൽ നൽകുകയും ചെയ്യേണമേ''. കാരണം പാലിന്റെയത്ര പോഷക സമൃദ്ധിയും പൂർണ്ണവുമായ മറ്റൊരു ഭക്ഷണവും പാനീയവും ഇല്ല.[199]

---

197) മുസ്ലിം രേഖപ്പെടുത്തിയത്.

198) മുസ്ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

199) അഹ്മദും അബൂദാവൂദും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ പ്രവാചകൻ ഇങ്ങനെ പറഞ്ഞിരുന്നുവെന്ന് അബൂ ഉമാമ പറഞ്ഞിട്ടുണ്ട്:

الحمد لله حمدا كثيرا طيبا مباركا فيه غير مودع ولا مستغنى عنه ربنا

"അൽഹംദുലില്ലാഹി, ഹംദൻ കഥീറൻ തയ്യിബൻ മുബാറക്കൻ ഫീഹി, ഗയ്റ മുകാഫഇൻ വലാ മുവദുഇൻ വലാ മുസ്തഗ്നൻ അൻഹു റബ്ബനാ- എല്ലാ സ്തുതിയും അല്ലാഹുവിനാണ്- സമൃദ്ധമായതും, ശുദ്ധവും അനുഗ്രഹപൂർണ്ണവുമായ സ്തുതി (താങ്കൾ തരുന്നത്) അതേ അളവിൽ തിരിച്ചുതരാൻ സാദ്ധ്യമല്ല. ഞങ്ങൾക്ക് സ്ഥിരമായി ഇത് വേണം. അതില്ലാതെ ഞങ്ങൾക്ക് കഴിയാനാവില്ല ഞങ്ങളുടെ രക്ഷിതാവേ".[200]

മുആദ് ബിൻ അനസ് അൽ ജുഹനി (ﷺ) പ്രവാചകൻ ഇങ്ങനെ പറഞ്ഞിരുന്നതായി പറഞ്ഞിട്ടുണ്ട്:

من أكل طعاما ثم قال الحمد لله الذي أطعمني هذا الطعام ورزقنيه من غير حول مني ولا قوة غفر له ما تقدم من ذنبه .

"ഭക്ഷണം കഴിച്ച ശേഷം ആരെങ്കിലും '*അൽഹംദുലില്ലാഹില്ലദീ അത്അമനീ ഹാദത്തആമ വ റസഖ്നീ ഫീ മിൻ ഗയ്രി ഹൗലിൻ മീന്നീവലാ ഖുവ്വത്തൻ*-. എന്റെ യാതൊരുശക്തിയും കഴിവുമില്ലാതെ എനിക്ക് ഇത് തിന്നാൻ ഇടയാക്കിയ അല്ലാഹുവിന് സർവ്വസ്തുതിയും". എന്നു പറഞ്ഞാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.[201]

പ്രവാചകനെ എട്ടുവർഷം സേവിച്ച ഒരാൾ പറഞ്ഞത് ഭക്ഷണം പ്രവാചകന്റെ മുൻപിൽ കൊണ്ടുവന്നാൽ അദ്ദേഹം ബിസ്മില്ലാ എന്നു പറഞ്ഞിരുന്നു (അല്ലാഹുവിന്റെ നാമത്തിൽ). ഭക്ഷണം കഴിച്ചാൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിരുന്നു:

اللهم أطعمت وأسقيت وأغنيت وأقنيت وهديت وأحييت فلك الحمد على ما أعطيت

"*അല്ലാഹുമ്മ അത്അംത വ അസഖയ്ത വ അഗ്നയ്ത, വ അഖ്നയ്ത, വ ഹദയ്ത, വ അഹ്യയ്ത, ഫലക്കൽ ഹംദ് അലാ*

200) ബുഖാരിയും മറ്റുള്ളവരും രേഖപ്പെടുത്തിയത്.
201) ഇബ്നുമാജയും അബൂദാവൂദും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

*മാ അഅ്തയ്ത*– അല്ലാഹുവേ നീ ഭക്ഷിപ്പിച്ചു. (എന്നെ) എനിക്ക് കുടിക്കാൻ തന്നു. മറ്റുള്ളവരെ ആശ്രയിക്കുന്നത് ഒഴിവാക്കാൻ ആവശ്യമായത് (എനിക്ക്) തന്നു. എല്ലാ സാധനങ്ങളും (എനിക്ക്) അനുവദിച്ചു, (എനിക്ക്) മാർഗദർശനം നൽകി, (എനിക്ക്) ജീവിതം തന്നു, എനിക്ക് അനുവദിച്ചു തന്നതിനുള്ള എല്ലാ സ്തുതിയും നിനക്കാണ്''.(202)

## ആതിഥേയർക്കുവേണ്ടിയുള്ള പ്രാർത്ഥന.

അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം തന്നെ തങ്ങൾക്ക് ഭക്ഷണം കൊടുത്ത ആളുകളോടും നന്ദി കാണിക്കേണ്ടതുണ്ട്. ഇതിന് ഏറ്റവും നല്ല വഴി അവർക്ക് വേണ്ടി പ്രാർത്ഥിക്കുക എന്നതാണ്.

അൽ മിഖ്ദാദ് ഇബ്നു അൽ അസ്വദ് (ﷺ) അല്ലാഹുവിന്റെ ദൂതർ അദ്ദേഹത്തിന് ഭക്ഷണമോ പാനീയമോ നൽകിയവർക്ക് വേണ്ടി പാർത്ഥിക്കാറുണ്ട് എന്ന് പറയുന്നു. പ്രാർത്ഥന ഇങ്ങനെ:

اللهم أطعم من أطعمني واسق من سقاني

''*അല്ലാഹുമ്മ അത്ഇം മൻ അത്അമനീ, വ ഇസ്ഖി മൻ സഖാനീ*– അല്ലാഹുവേ എനിക്ക് ഭക്ഷണം നൽകിയ ആളെ നീ ഭക്ഷിപ്പിക്കുക. എനിക്ക് കുടിക്കാൻ തന്നെ ആൾക്ക് നീ കുടിക്കാൻ കൊടുക്കുക''.(203)

അബ്ദുല്ല ബിൻ ബുസ്റ് (ﷺ), അല്ലാഹുവിന്റെ ദൂതർ അദ്ദേഹത്തിന്റെ പിതാവിന്റെ കൂടെ അതിഥിയായി എത്തിയ സംഭവം വിവരിക്കുന്നു: അവർ അൽപം ഭക്ഷണം അദ്ദേഹത്തിന്റെ മുൻപിൽ വച്ചു. അദ്ദേഹം കഴിക്കുകയും ചെയ്തു. പിന്നെ അവർ പാനീയം കൊണ്ടുവന്നു. അദ്ദേഹം അതിൽ നിന്ന് കുടിച്ച ശേഷം വലത്തുഭാഗത്തിരിക്കുന്ന ആൾക്ക് കുടിയ്ക്കാനായി കൊടുത്തു. പ്രവാചകൻ പോകാനായി അദ്ദേഹത്തിന്റെ വാഹനത്തിന്റെ പുറത്ത് കയറിയപ്പോൾ അബ്ദുള്ളയുടെ പിതാവ് അദ്ദേഹത്തോട് അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു:

---

202) അഹമ്മദും നസാഇയും (അൽകുബ്റയിൽ) മറ്റുള്ളവരും രേഖപ്പെടുത്തിയത്.
203) മുസ്ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

اللهم بارك لهم فيما رزقتهم واغفر لهم وارحمهم

"*അല്ലാഹുമ്മ ബാരിക്ക് ലഹും ഫീമാ റസ്ഖതഹും വഗ്ഫിർ ലഹും, വർഹംഹും*- അല്ലാഹുവേ നിന്നാൽ അവർക്ക് നൽകിയതിൽ അവരെ നീ അനുഗ്രഹിക്കേണമേ. അവർക്ക് മാപ്പു നൽകുകയും അവരോട് കരുണ കാണിക്കുകയും ചെയ്യേണമേ".[204]

പ്രവാചകൻ ഒരിക്കൽ സഅദ് ബിൻ ഉബാദ(ﷺ)യെ സന്ദർശിച്ചതായി അനസ് (ﷺ) പറഞ്ഞിട്ടുണ്ട്. സഅദ് കുറേ ഉണക്ക മുന്തിരി അദ്ദേഹത്തിനു നൽകി. അദ്ദേഹം അത് ഭക്ഷിച്ചശേഷം പറഞ്ഞു:

أفطر عندكم الصائمون و أكل طعامكم الأبرار و صلت عليكم الملائكة

"*അഫ്ത ഇൻദക്കുമുസ്സാഇമൂൻ വ അകല തആമുക്കുമുൽ അബ്റാർ വസല്ലത്ത് അലൈക്കുമുൽ മലാഇക്കത്ത്*- നോമ്പെടുക്കുന്നവൻ താങ്കളുടെയടുക്കൽ വന്ന് നോമ്പുമുറിക്കട്ടെ; താങ്കളുടെ ഭക്ഷണം നല്ലയാളുകൾ കഴിക്കട്ടെ. മലക്കുകൾ താങ്കൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ".[205]

## വിടചൊല്ലൽ.

ഒരാളെ ഭക്ഷണത്തിന് ക്ഷണിച്ചാൽ നേരത്തേ പോയി ഭക്ഷണത്തിന് കാത്തിരിക്കരുത്. അങ്ങനെ ചെയ്താൽ ആതിഥേയന് അത് ഒരു അസൗകര്യമാവും. ഇക്കാര്യത്തിൽ എങ്ങനെയാണ് പെരുമാറേണ്ടത് എന്ന് വിശ്വാസികൾക്ക് അല്ലാഹു നിർദ്ദേശം നൽകിയിട്ടുണ്ട് (പ്രവാചകനിലൂടെ).

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَدْخُلُواْ بُيُوتَ ٱلنَّبِيِّ إِلَّآ أَن يُؤْذَنَ لَكُمْ إِلَىٰ طَعَامٍ غَيْرَ نَٰظِرِينَ إِنَىٰهُ ﴾

"വിശ്വാസികളേ, ഒരു ഭക്ഷണത്തിന് ക്ഷണിക്കപ്പെടുമ്പോഴല്ലാതെ പ്രവാചകന്റെ വീട്ടിൽ നിങ്ങൾ കടന്നു ചെല്ലരുത്. ഭക്ഷണം പാകമാമാകുന്നത് കാത്തിരിക്കുന്നവരാകരുത്".(അഹ്സബ് : 53)

---

204) മുസ്ലിം രേഖപ്പെടുത്തിയത്.

205) അബൂദാവൂദ്, ഇബ്നുമാജ മറ്റുള്ളവരും രേഖപ്പെടുത്തിയത്

ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ വളരെ നേരം അവിടെത്തന്നെ നിന്ന് ആതിഥേയന് ബുദ്ധിമുട്ട് ഉണ്ടാക്കരുത്. അല്ലാഹു പറയുന്നു:

﴿ وَلَٰكِنْ إِذَا دُعِيتُمْ فَٱدْخُلُوا۟ فَإِذَا طَعِمْتُمْ فَٱنتَشِرُوا۟ وَلَا مُسْتَـْٔنِسِينَ لِحَدِيثٍ ۚ إِنَّ ذَٰلِكُمْ كَانَ يُؤْذِى ٱلنَّبِىَّ فَيَسْتَحْىِۦ مِنكُمْ ۖ وَٱللَّهُ لَا يَسْتَحْىِۦ مِنَ ٱلْحَقِّ ﴾

"നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ കടന്നു ചെല്ലുക. നിങ്ങൾ ഭക്ഷണം കഴിച്ചാൽ പിരിഞ്ഞുപോവുകയും ചെയ്യുക. നിങ്ങൽ വർത്തമാനം പറഞ്ഞ് രസിച്ചിരിക്കുന്നവരാകരുത്. തീർച്ചയായും അതൊക്കെ പ്രവാചകനെ ശല്യപ്പെടുത്തുന്നതാകുന്നു. എന്നാൽ അതുപറയാൻ അദ്ദേഹത്തിനു ലജ്ജ തോന്നുന്നു. പക്ഷെ അല്ലാഹുവിന് സത്യത്തിന്റെ കാര്യത്തിൽ ലജ്ജ തോന്നുകയില്ല".(അഹ്സബ് :53)

പോകാനാവുമ്പോൾ വന്നപ്പോൾ സലാം പറഞ്ഞതുപോലെ സലാം പറയണം. ഇക്കാര്യത്തിൽ വീണ്ടും നാം അബൂ ഹുറൈറ യുടെ ഹദീസ് എടുത്തുദ്ധരിക്കുന്നു. പ്രവാചകൻ പറഞ്ഞു:

**إذا انتهى أحدكم إلى المجلس فليسلم فإذا أراد أن يقوم فليسلم فليست الأولى بأحق من الآخرة.**

"നിങ്ങളാരെങ്കിലും ഒരു സദസ്സിൽ (മുസ്ലിംകളുടെ) കടന്നു ചെല്ലുമ്പോൾ സലാം പറയണം. അവൻ അവിടെ നിന്ന് പോരുമ്പോഴും സലാം പറയട്ടെ. തീർച്ചയായും ആദ്യത്തെ സലാം അവസാന സലാമിനേക്കാൾ കൂടുതൽ ശരിയായതാണ് എന്നൊന്നും ഇല്ല".[206]

206) അബൂദാവൂദ്, തുർമുദിയും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

## അദ്ധ്യായം-7
# വിവാഹം യാഥാർത്ഥ്യമാക്കൽ

### വിവാഹിതരായ ദമ്പതിമാരെ ഉപദേശിക്കൽ

വിവാഹ രാത്രിയിൽ നവദമ്പതിമാരെ ഒരുമിച്ച് തനിച്ച് വിടുന്നതിന് മുൻപ്, വൈവാഹിക ബന്ധങ്ങളെ സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അവർക്ക് നൽകുക എന്നത് വളരെ പ്രധാനമാണ്. ദമ്പതികൾ തമ്മിലുള്ള ചുമതലകളും, തമ്മിൽ തമ്മിലുള്ള അവകാശങ്ങളും, മറ്റ് പ്രധാനപ്പെട്ട കാര്യങ്ങളും ഈ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉൾപ്പെടേണ്ടതാണ്. പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എല്ലാം തന്നെ ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

### വധുവിനോടുള്ള ദയ

ഭർത്താവ് തന്റെ വധുനോട് ആദ്യത്തെ രാത്രിയിൽ വളരെ ദയയോടുകൂടി പെരുമാറണം. അവൾ ഒരു കന്യകയാണെങ്കിൽ പ്രത്യേകിച്ചും. ഈ രാത്രി അവളുടെ ജീവിതത്തിന് ഇതുവരെ ഇല്ലാത്ത ഒരു പുതിയ തുടക്കം നൽകുന്നതാണെന്ന് അവൻ മനസ്സിലാക്കണം. അവൾക്ക് പരിഭ്രമവും അവനുമായി സഹകരിക്കുന്നതിൽ സാവധാനവും ഉണ്ടായേക്കാം. അതുകൊണ്ട് തന്നെ അവളോട് അവൻ ഹീനമായി പെരുമാറരുത്. അവൾ ആദ്യരാത്രിക്ക് പൂർണ്ണമായി തയ്യാറെടുത്തിട്ടില്ലെങ്കിൽ അവളുടെ പരിഭ്രമം

കുറയ്ക്കാനായി അവൻ രണ്ടോ മൂന്നോ ദിവസം സഹായിച്ച ശേഷം മാത്രമേ പരമമായ ബന്ധത്തിന് മുതിരാവൂ.

അല്ലാഹുവിന്റെ ദൂതർ (ﷺ) ആയിശ (رضي الله عنها) യുമായുള്ള ആദ്യ രാത്രിയിൽ വളരെ സൗമ്യമായും ദയയോടുകൂടിയുമാണ് അവരോട് പെരുമാറിയത്. അദ്ദേഹം അവർക്ക് അൽപം പാല് കുടിക്കാൻ നൽകുകയും പെൺകുട്ടികളായ അവരുടെ സുഹൃത്തുക്കളെ അവരോടൊപ്പം കുറേ നേരം ചെലവഴിക്കാൻ അനുവദിക്കുകയും, അവരോടൊപ്പം തമാശ പറയുകയും ചെയ്തു- ഇതെല്ലാം ചെയ്തത് ആഇശ (رضي الله عنها) ക്ക് ആശ്വാസം തോന്നാനായിരുന്നു.

അസ്മ ബിൻത് യസീദ് ബിൻ അൽ സക്കാൻ[208] നിവേദനം. അവർ ആഇശയെ ചമയിച്ചൊരുക്കി പ്രവാചകനെ ക്ഷണിച്ചു. അദ്ദേഹം വന്ന് അവരുടെയടുത്ത് ഇരുന്നു. അദ്ദേഹത്തിന് വലിയ ഒരു കോപ്പ നിറയെ പാല് നൽകപ്പെട്ടിരുന്നു. അദ്ദേഹം അതിൽ നിന്ന് അൽപം കുടിച്ച് ആഇശക്ക് നൽകി. അവരാണെങ്കിൽ ലജ്ജയോടെ തല താഴ്ത്തി. അസ്മ അവരെ ശാസിച്ചുകൊണ്ട് പറഞ്ഞു ‘‘അല്ലാഹുവിന്റെ പ്രവാചകൻ തരുന്നത് സ്വീകരിക്കാതിരിക്കരുത്’’. അപ്പോൾ അവർ കോപ്പ വാങ്ങി അൽപം കുടിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘‘നിന്റെ സുഹൃത്തിന് കൊടുക്കൂക’’. അസ്മ പറഞ്ഞു: ‘‘അല്ലാഹുവിന്റെ ദൂതരേ! ആദ്യം അത് വാങ്ങി അതിൽ നിന്ന് അൽപം കുടിക്കുക. എന്നിട്ട് താങ്കളുടെ കൈകൊണ്ടു തന്നെ എനിക്ക് നൽകുക’’. അദ്ദേഹം അതെടുത്ത് അൽപം കുടിച്ച് അടുത്ത് ഇരുന്നിരുന്ന അസ്മയ്ക്ക് കൊടുത്തു. അവർ അതുവാങ്ങി പ്രവാചകന്റെ ചുണ്ട് സ്പർശിച്ച സ്ഥലത്ത് തന്റെ ചുണ്ട് വെച്ച് കുടിക്കാൻ തുടങ്ങി. അപ്പോൾ അദ്ദേഹം മറ്റു ചില സ്ത്രീകളിലേക്ക് ചൂണ്ടിക്കൊണ്ട് ‘‘നിന്റെ സുഹൃത്തുക്കൾക്ക് കൊടുക്കൂക’’ എന്ന് പറഞ്ഞു. അവർ പറഞ്ഞു ‘‘ഞങ്ങൾക്ക് ഇപ്പോൾ അതിനോട് താൽപര്യം തോന്നുന്നില്ല’’. അദ്ദേഹം പറഞ്ഞു:

لا تجمعن جوعا و كذبا

‘‘വിശപ്പും നുണയും കൂട്ടിച്ചേർക്കരുത്’’.[207]

207) അഹമ്മദ് രേഖപ്പെടുത്തിയത്.

## ഒന്നിച്ച് രണ്ട് റകഅത്ത് നമസ്ക്കരിക്കൽ.

വരൻ ഇമാമായിക്കൊണ്ട് നവദമ്പതികൾ രണ്ടു റക്അത്ത് ഒന്നിച്ചു നിന്ന് നമസ്ക്കരിക്കുന്നത് പുണ്യകരമാണ്. ആദ്യ രാത്രി തന്നെ അവർ തമ്മിൽ കണ്ടുമുട്ടുന്നത് അല്ലാഹുവിനുള്ള ഒരു ആരാധനയിലൂടെയാകണം എന്നതിന്റെ ഏറ്റവും വലിയ സൂചനയാണിത്.

അബൂ ഉസയ്ദിന്റെ മൗലാ (സ്വതന്ത്രനാക്കപ്പെട്ട അടിമ) യായിരുന്ന അബൂ സഈദ് വിവരിക്കുന്നു: അദ്ദേഹം ഒരു അടിമയായിരുന്നപ്പോൾ തന്നെ വിവാഹം കഴിക്കുകയും ഒരുപാട് സ്വഹാബികൾ അദ്ദേഹത്തിന്റെ വലീമത്തിൽ പങ്കുകൊള്ളുകയും ചെയ്തു. അവരിൽ ഇബ്ന് മസ്ഊദ്, ഹുദൈഫാ അബൂദർ എന്നിവരും ഉണ്ടായിരുന്നു. ഒരു നമസ്ക്കാരത്തിനു വേണ്ടി ഇഖാമത്ത് കൊടുത്തപ്പോൾ അബൂദർ നമസ്ക്കാരം നയിക്കുവാനായി മുന്നോട്ടു വന്നു. അപ്പോൾ അവരെല്ലാം കൂടി പറഞ്ഞു: ‘‘മാറിനിൽക്ക് (ആതിഥേയനാണ് നമസ്ക്കാരം നയിക്കാനുള്ള അവകാശം)’’. അദ്ദേഹം ചോദിച്ചു ‘‘അങ്ങനെയുമുണ്ടോ?’’ അവർ പറഞ്ഞു ‘‘അതെ’’. അങ്ങനെ അബൂ സഈദ് മുന്നോട്ട് വന്ന്, അദ്ദേഹം യജമാനനുള്ള കീഴിലുള്ള ഒരടിമയായിട്ടുകൂടി നമസ്ക്കാരം നയിച്ചു (ഇമാമായി). നമസ്കാരശേഷം അവർ അദ്ദേഹത്തെ പഠിപ്പിച്ചു:

‘‘നിന്റെ വധു നിന്റെയടുത്ത് വരുമ്പോൾ അവളുടെ കൂടെ രണ്ടു റക്അത്ത് നമസ്ക്കരിക്കുക. എന്നിട്ട് അല്ലാഹുവിനോട് അവളിലൂടെ നിനക്ക് നന്മ നൽകാനും, അവളുടെ തിന്മയിൽ നിന്ന് നിന്നെ സംരക്ഷിക്കാനും അല്ലാഹുവിനോട് പ്രാർത്ഥിക്കുക. അതിനു ശേഷം നിന്റെ വധുവുമായി നിനക്കിഷ്ടമുള്ളതൊക്കെയാവാം’’.(208)

ശഖീഖ് നിവേദനം: ഹരീസ് എന്നു പേരുള്ള ഒരാൾ അബ്ദുള്ള ബിൻ മസ്ഊദിന്റെ അടുത്തു വന്ന് പറഞ്ഞു: ‘‘ഞാൻ ഇപ്പോൾ ഒരു ചെറുപ്പക്കാരിയായ കന്യകയെ വിവാഹം കഴിച്ചിട്ടുണ്ട്. അവൾ എന്നെ വെറുക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു’’. ഇബ്നു മസ്ഊദ് പറഞ്ഞു:

---

208) ഇബ്നു അബീശൈബ രേഖപ്പെടുത്തിയത്. അൽബാനി പ്രാമാണികമാക്കിയത്. (ആദാബുസ്സിഫാഫ് പേ: 94)

"തീർച്ചയായും (ദമ്പതിമാർ തമ്മിലുള്ള) സ്നേഹം എന്നു പറയുന്നത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അനിഷ്ടമാകട്ടെ, അല്ലാഹു നിങ്ങൾക്ക് നിയമവിധേയമാക്കിത്തന്നതിനെ വെറുക്കാൻ ആവശ്യപ്പെടുന്ന ചെകുത്താനിൽ നിന്നുള്ളതും. അവൾ നിന്റെയടുത്തേക്ക് വരുമ്പോൾ നിന്റെ പിന്നിൽ നിന്ന് രണ്ട് റക്അത്ത് നമസ്ക്കരിക്കാൻ അവളോട് പറയുക. എന്നിട്ട് പറയുക:

**اللهم بارك لي في أهلي وبارك لهم في اللهم اجمع بيننا ما جمعت بخير وفرق بيننا إذا فرقت إلى خير.**

*അല്ലാഹുമ്മ ബാരിക്ക് ലീ ഫീ അഹ്ലി, വ ബാരിക്ക് ലഹു ഫിയ്യാ. അല്ലാഹുമ്മ അജ്മഅ് ബയ്നനാ മാ ജമഅ്ത ബി ഖൈർ. വഫർരിക്ക് ബയ്നനാ ഇദാ ഫർറക്ത ഇലാ ഖയ്ർ*– അല്ലാഹുവേ എന്റെ ഭാര്യയെ എനിക്ക് വേണ്ടി നീ അനുഗ്രഹിക്കേണമേ. എന്നെ അവൾക്ക് വേണ്ടിയും നീ അനുഗ്രഹിക്കേണമേ ഞങ്ങളുടെ ഒരുമിച്ചുചേരൽ നന്മക്ക് വേണ്ടിയാക്കേണമേ. ഞങ്ങൾ പിരിയാൻ നീ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ഞങ്ങളുടെ പിരിയലും നന്മക്ക് വേണ്ടിത്തന്നെ ആക്കേണമേ".[209]

## അല്ലാഹുവിന്റെ അനുഗ്രഹം തേടൽ.

രണ്ട് റക്അത്ത് ഒരുമിച്ച് നമസ്ക്കരിച്ച ശേഷം, തനിക്കു വേണ്ടിയും തന്റെ വധുവിന് വേണ്ടിയും അല്ലാഹുവിനോട് പ്രാർത്ഥി ക്കാൻ ഭർത്താവിനോട് ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. അബ്ദുള്ള ബിൻ അംറ് (ﷺ) അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതായി വിവരിക്കുന്നു:

**إذا أفاد أحدكم امرأة أو خادما أو دابّة فليأخذ بناصيتها، وليسمّ الله، وليدع بـــالبركة، وليقل: "بسم الله، اللّهمّ بارك لي فيها. اللهمّ إني أسألك من خيرها وخير ما جبلتها عليه، وأعوذبك من شرّها وشرّ ماجبـــلتها عليه." وإن كان بـــعيرا فليأخذ بـــذروة ســـنامه.**

"നിങ്ങളിൽ നിന്നൊരാൾ ഒരു ഭാര്യയെയോ, ഭൃത്യനെയോ, സവാരിമൃഗത്തെയോ സമ്പാദിക്കുമ്പോൾ അവളുടെ (അല്ലെങ്കിൽ അതിന്റെ) നെറ്റിത്തടത്തിൽ പിടിച്ച് അല്ലാഹുവിന്റെ അനുഗ്രഹം തേടണം. എന്നിട്ട് പറയണം

"*ബിസ്മില്ലാഹ്, അല്ലാഹുമ്മ ബാരിക് ലീ ഫീഹാ. അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഖൈരിഹാ വ ഖൈരി മാ ജബൽതഹാ*

209) ഇബ്നു അബീശൈബയും അബ്ദുർറസാഖും രേഖപ്പെടുത്തിയത്. അൽബാനി പ്രാമാണികമാക്കിയത്. (ആദാബുസ്സിഫാഫ് പേ: 96)

*അലൈഹി, വ അഊദു ബിക മിൻ ശർരിഹാ വ ശർരി മാ ജബൽതഹാ അലൈഹി*- അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവേ ഇവളെ എനിക്കുവേണ്ടി അനുഗ്രഹിക്കേണമേ. അല്ലാഹുവേ ഞാൻ ഇവളുടെ (ഇതിന്റെ) നന്മക്കായി നിന്നോട് ചോദിക്കുന്നു; ഇവളെ (ഇതിനെ) സൃഷ്ടിക്കപ്പെട്ടതിന്റെ നന്മക്കും ഇവളുടെ (ഇതിന്റെ) തിന്മയിൽ നിന്നും ഇവളെ (ഇതിനെ) സൃഷ്ടിച്ചതിൽ തിന്മയുണ്ടെങ്കിൽ അതിൽ നിന്നും എന്നെ സംരക്ഷിക്കാനും ഞാനപേക്ഷിക്കുന്നു''.

ഇനി വാങ്ങിയത് ഒരു ഒട്ടകത്തിനെയാണെങ്കിൽ അതിന്റെ പൂഞ്ഞയുടെ മുകളറ്റത്ത് പിടിച്ചാണ് പ്രാർത്ഥിക്കേണ്ടത്.(210)

## ദാമ്പത്യ ബന്ധത്തിന്റെ മര്യാദകൾ.

ദമ്പതിമാർ തമ്മിൽ ബന്ധപ്പെടുമ്പോൾ പാലിക്കേണ്ട വളരെ പ്രധാനമായ മാർഗ്ഗരേഖകൾ ഉണ്ട്. നാം അത് വളരെ ചുരുക്കി പ്രതി പാദിക്കാം. വിശാലമായി അടുത്ത പുസ്തകത്തിൽ- 'വസ്ത്രത്തേ ക്കാൾ അടുത്തത്' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

## ലൈംഗിക ബന്ധത്തിനു മുൻപുള്ള പ്രാർത്ഥന.

വികാരത്തള്ളിച്ചയുടെ കൊടുമുടിയിലും ഒരു വിശ്വാസി തന്റെ നാഥനെ മറന്നുപോകുന്നില്ല. ഒരു വിശ്വാസി ഓർമ്മിക്കേണ്ടത് ഭാര്യയുമായുള്ള ലൈംഗിക ബന്ധം എന്നു പറയുന്നത് പല ശ്രേഷ്ഠമായ ഉദ്ദേശങ്ങൾ നിറവേറ്റലാണ് എന്നാണ്- സ്വന്തം കാമതൃഷ്ണ മാത്രമല്ല. ഈ ഉദ്ദേശ്യങ്ങളിൽ ഒന്ന് ഒരു നല്ല തലമുറയെ ഉണ്ടാക്കുക എന്നതാണ്. അതുകൊണ്ട് ചെകുത്താനെ അവനിൽ നിന്നും അവന്റെ സന്താനങ്ങളിൽ നിന്നും ഒഴിച്ചു നിർത്താനായി പ്രാർത്ഥിക്കൽ വളരെ പ്രധാനമാണ്. ഇബ്നു അബ്ബാസ് (ﷺ) പ്രവാചകൻ പറഞ്ഞിട്ടുള്ളതായി പറയുന്നു.

لو أن أحدكم إذا أراد أن يأتي أهله فقال باسم الله اللهم جنبنا الشيطان وجنب الشيطان ما رزقتنا فإنه إن يقدر بينهما ولد في ذلك لم يضره شيطان أبدا

നിങ്ങളിൽ ആരെങ്കിലും ഭാര്യയെ സമീപിക്കുമ്പോൾ ഇങ്ങനെ പറഞ്ഞാൽ:

*ബിസ്മില്ലാ. അല്ലാഹുമ്മ ജന്നിബ്നശ്ശൈത്വാൻ വ ജന്നിബിശ്ശയ്ത്വാന മാറസ്ക്തനാ*- അല്ലാഹുവിന്റെ നാമത്തിൽ,

210) ബുഖാരിയും ഇബ്നു അബീശൈബയും മറ്റുള്ളവരും ചേർന്ന് രേഖപ്പെടുത്തിയത്.

അല്ലാഹുവേ ഞങ്ങളിൽ നിന്ന് ചെകുത്താനെ അകറ്റി നിർത്തേണമേ. ഞങ്ങൾക്ക് നീ കനിഞ്ഞു തരുന്നതിൽ നിന്നും ചെകുത്താനെ മാറ്റി നിർത്തണേ''.

ആ ബന്ധത്തിൽ നിന്ന് ഒരു കുട്ടിയുണ്ടാകാൻ കൽപിക്കപ്പെട്ടാൽ ചെകുത്താൻ അതിനെ ഒരിക്കലും ഉപദ്രവിക്കുകയില്ല.(211)

## ലൈംഗിക ബന്ധത്തിനുള്ള അദബുകൾ (മര്യാദകൾ)

ഒരാൾ തന്റെ ഇണയോട് വളരെ അടുത്ത് ഇരിക്കുമ്പോഴും ശാരീരിക ബന്ധത്തിൽ ഏർപ്പെടുമ്പോഴും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:

1. പുരുഷന് ഭാര്യയുമായി അവളുടെ മുൻ ദ്വാരത്തിലൂടെ (യോനി) മാത്രമേ ബന്ധപ്പെടാവൂ. പിൻ ദ്വാരത്തിലൂടെ ബന്ധപ്പെടുന്നത് കടുത്ത പാപമാണ്.
2. ഭാര്യ ആർത്തവകാലത്ത് അവളുമായി ലൈംഗിക ബന്ധം പാടില്ല. അവളുടെ ശരീരത്തിന്റെ മറ്റുഭാഗങ്ങൾകൊണ്ട് ആസ്വദിക്കുന്നതിൽ തെറ്റില്ല. ആർത്തവമുള്ളവളുമായി ഉള്ള ലൈംഗിക ബന്ധം മഹാപാപമാണ്.
3. ഒരാൾ ജുനൂബ് (അശുദ്ധിയുള്ളവൻ) ആകുന്നത് താഴെ പറയുന്ന രണ്ടിലൊരു മാർഗത്തിലൂടെയാണ്.

   a. ലൈംഗിക ബന്ധം മുഖേനയോ, സ്വപ്ന സ്ഖലനം മൂലമോ, ആലിംഗന ചുംബനാദികൾ കൊണ്ടോ രതിമൂർച്ഛ വരികയും ശുക്ലം സ്രവിക്കുകയും ചെയ്യുന്നതിലൂടെയോ.

   b. ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് മൂലം- ശുക്ലസ്രാവം ഉണ്ടായാലും ഇല്ലെങ്കിലും.
4. ജുനൂബ് ആയ ഒരാൾക്ക് നമസ്ക്കരിക്കുന്നതിനു മുമ്പ് ഗുസ്ൽ (കുളി) നടത്തേണ്ടതുണ്ട്. അല്ലാഹുവിനെ കുറിച്ചു പറയുന്നതിന് മുമ്പോ ഉറങ്ങാൻ പോകുന്നതിനു മുമ്പോ കുളിക്കുന്നതാണ് അഭികാമ്യം. അതിന് സാധ്യമല്ലെങ്കിൽ ഗുഹ്യാവയവങ്ങൾ കഴുകിയതിനു ശേഷം വുളു എടുക്കുകയെങ്കിലും ചെയ്യേണ്ടതാണ്.
5. ലൈംഗിക ബന്ധത്തിലും, കിടപ്പുമുറിയിലും എന്തൊക്കെ നടക്കുന്നുവെന്ന് മറ്റുള്ളവരോട് പറയുന്നത് നിരോധിക്കപ്പെട്ടിട്ടുള്ളതാണ്.

---

211) ബുഖാരിയും മുസ്ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

## വിവാഹ പിറ്റേന്നുള്ള പ്രഭാതം

വിവാഹ രാത്രി കഴിഞ്ഞ പ്രഭാതത്തിൽ ഭർത്താവ് തന്റെ ബന്ധുക്കളെയും, കുടുംബാംഗങ്ങളെയും, സന്ദർശിക്കുകയും അവരെ ആശംസിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. അനസ് (ﷺ) നിവേദനം: അല്ലാഹുവിന്റെ ദൂതർ സൈനബുമായുള്ള വിവാഹത്തിന്റെ പിറ്റേന്ന് പ്രഭാതത്തിൽ മറ്റു ഭാര്യമാരെ സന്ദർശിക്കുകയും സലാം പറയുകയും, ആശംസകളും പ്രാർത്ഥനകളും കൈമാറുകയും ചെയ്തു. വിവാഹപ്പിറ്റേന്ന് പ്രഭാതത്തിലുള്ള അദ്ദേഹത്തിന്റെ പതിവാണിത്.[212]

## മധുവിധു

ഇപ്പോഴുള്ള ഒരു പുതിയ ശീലം വിവാഹം കഴിഞ്ഞ ഉടനെ നവദമ്പതികൾ ഒരു 'മധുവിധു' യാത്രയ്ക്ക് ഇറങ്ങുന്നു എന്നതാണ്. അവരുടെ സാമ്പത്തിക നിലയ്ക്കനുസരിച്ച് യാത്ര വിദേശങ്ങളിലേക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കോ ആകും.

ഈ 'മധുവിധു' എന്ന ഏർപ്പാട് പല മുസ്ലിംകളും അനുകരിക്കാൻ തത്രപ്പെടുന്ന അനിസ്ലാമികമായ ഒരു ശീലമാണ് എന്നതിൽ സംശയമില്ല. ഇത് പലപ്പോഴും പാപങ്ങളുടെ പട്ടികയിൽ എണ്ണം കൂട്ടാനുള്ള അവസരമാകും. കാരണം ഈ യാത്രകളിൽ പലപ്പോഴും അമുസ്ലിംകളുമായി ഇടകലരുകയും, സംഗീതം ആസ്വദിക്കുകയും, മദ്യം വിളമ്പുന്ന മദ്യശാലകളിൽ പോവുകയും, ആളുകൾ നല്ല രീതിയിൽ വസ്ത്രം ധരിക്കാതെ നടക്കുന്ന കടൽത്തീരത്തും മറ്റും പോവുകയും ചെയ്യുന്നു, ഇതെല്ലാം നിഷിദ്ധമാണ്.

നവദമ്പതികൾക്ക് വിവാഹത്തെ തുടർന്ന് അൽപ ദിവസം ജോലിയിൽ നിന്ന് അവധി ലഭിച്ചാൽ അത് അല്ലാഹുവിനോടുള്ള അനുസരണക്കേട് കാണിക്കാൻ ഉപയോഗിക്കരുത്. അവർക്ക് വേണമെങ്കിൽ ഉംറയ്ക്ക് പോവുകയോ അവരുടെ കുടുംബവീടുകൾ സന്ദർശിച്ച് ബന്ധങ്ങൾ കാത്തുസൂക്ഷിക്കാനുപയോഗിക്കുകയും, അവരെ ഇസ്ലാമിന്റെ പാതയിലേക്ക് ക്ഷണിക്കുകയും ചെയ്യാവുന്നതാണ്.

212) നസാഇയും ഇബ്നുസഅദും രേഖപ്പെടുത്തിയത്.

## അദ്ധ്യായം-8
# നിരോധിക്കപ്പെട്ട വിവാഹബന്ധങ്ങൾ

### സ്ഥിരമായി നിഷിദ്ധമായ വിവാഹബന്ധങ്ങൾ

**മുഖവുര**

പുരുഷന് ഒരിക്കലും വിവാഹം കഴിക്കാൻ അനുവാദമില്ലാത്ത സ്ത്രീകളെയാണ് സ്ഥിരമായി വിലക്കപ്പെട്ട വിവാഹബന്ധങ്ങൾ എന്നു പറയുന്നത്. അങ്ങനെ സ്ഥിരമായി വിലക്കപ്പെടാൻ കാരണം രക്തബന്ധമോ, വിവാഹബന്ധമോ, മുലകുടി ബന്ധമോ മൂലമാവും. സ്ഥിരമായി വിലക്കപ്പെട്ട ഒരു സ്ത്രീക്ക് പുരുഷൻ 'മഹ്റം' ആണ്.

താഴെ പറയുന്ന ആയത്തിൽ സ്ഥിരമായി വിലക്ക് ഏർപ്പെടുത്തിയിട്ടുള്ള സ്ത്രീകൾ ആരാണെന്ന് അല്ലാഹു തന്നെ പറയുന്നു.

﴿ وَلَا تَنكِحُوا۟ مَا نَكَحَ ءَابَآؤُكُم مِّنَ ٱلنِّسَآءِ إِلَّا مَا قَدْ سَلَفَ ۚ إِنَّهُۥ كَانَ فَـٰحِشَةً وَمَقْتًا وَسَآءَ سَبِيلًا ﴾

''നിങ്ങളുടെ പിതാക്കൻമാർ വിവാഹം കഴിച്ച സ്ത്രീകളെ വിവാഹം കഴിക്കരുത്- മുമ്പ് ചെയ്ത്പോയതൊഴികെ. തീർച്ചയായും

അത് ഒരു നീചവൃത്തിയും വെറുക്കപ്പെട്ട ഒരു കാര്യവും ദുഷിച്ച മാർഗവുമാകുന്നു.” (അന്നിസാ 4:22)

﴿ حُرِّمَتْ عَلَيْكُمْ أُمَّهَٰتُكُمْ وَبَنَاتُكُمْ وَأَخَوَٰتُكُمْ وَعَمَّٰتُكُمْ وَخَٰلَٰتُكُمْ وَبَنَاتُ ٱلْأَخِ وَبَنَاتُ ٱلْأُخْتِ وَأُمَّهَٰتُكُمُ ٱلَّٰتِىٓ أَرْضَعْنَكُمْ وَأَخَوَٰتُكُم مِّنَ ٱلرَّضَٰعَةِ وَأُمَّهَٰتُ نِسَآئِكُمْ وَرَبَٰٓئِبُكُمُ ٱلَّٰتِى فِى حُجُورِكُم مِّن نِّسَآئِكُمُ ٱلَّٰتِى دَخَلْتُم بِهِنَّ فَإِن لَّمْ تَكُونُوا۟ دَخَلْتُم بِهِنَّ فَلَا جُنَاحَ عَلَيْكُمْ وَحَلَٰٓئِلُ أَبْنَآئِكُمُ ٱلَّذِينَ مِنْ أَصْلَٰبِكُمْ وَأَن تَجْمَعُوا۟ بَيْنَ ٱلْأُخْتَيْنِ إِلَّا مَا قَدْ سَلَفَ ۗ إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴾

വിവാഹം ചെയ്യാൻ നിങ്ങൾക്ക് നിരോധിക്കപ്പെട്ടവർ നിങ്ങളുടെ മാതാക്കൾ, പെൺമക്കൾ, സഹോദരിമാർ, പിതൃസഹോദരികൾ, മാതൃസഹോദരികൾ, സഹോദരന്മാരുടെ മക്കൾ, സഹോദരിമാരുടെ മക്കൾ, നിങ്ങൾക്ക് മുലപ്പാൽ തന്ന മുലകുടി അമ്മമാർ, അങ്ങനെ മുലപ്പാൽ തരുമ്പോൾ അവർക്കുണ്ടായിരുന്ന പെൺമക്കൾ, ഭാര്യമാരുടെ ഉമ്മമാർ, നിങ്ങൾ ശാരീരികമായി ബന്ധപ്പെട്ട നിങ്ങളുടെ ഭാര്യമാർക്ക് മറ്റൊരു ബന്ധത്തിൽ ജനിച്ച മക്കൾ (അവരുമായി ശാരീരക ബന്ധം പുലർത്തിയിട്ടില്ലെങ്കിൽ അവരുടെ മക്കളെ വിവാഹം കഴിക്കുന്നതിന് വിരോധമില്ല), നിങ്ങളുടെ സ്വന്തം ആൺമക്കൾ വിവാഹം കഴിച്ച സ്ത്രീകൾ, സഹരോദരിമാരായ രണ്ടു സ്ത്രീകൾ (നേരത്തെ കഴിഞ്ഞതിനു പ്രശ്നമില്ല. തീർച്ചയായും അല്ലാഹു പൊറുത്തുകൊടുക്കുന്നവനാണ്). അന്നിസാഅ് 4:23)

﴿ وَٱلْمُحْصَنَٰتُ مِنَ ٱلنِّسَآءِ إِلَّا مَا مَلَكَتْ أَيْمَٰنُكُمْ ۖ كِتَٰبَ ٱللَّهِ عَلَيْكُمْ ۚ وَأُحِلَّ لَكُم مَّا وَرَآءَ ذَٰلِكُمْ أَن تَبْتَغُوا۟ بِأَمْوَٰلِكُم مُّحْصِنِينَ غَيْرَ مُسَٰفِحِينَ ۚ فَمَا ٱسْتَمْتَعْتُم بِهِۦ مِنْهُنَّ فَـَٔاتُوهُنَّ أُجُورَهُنَّ فَرِيضَةً ۚ وَلَا جُنَاحَ عَلَيْكُمْ فِيمَا تَرَٰضَيْتُم بِهِۦ مِنۢ بَعْدِ ٱلْفَرِيضَةِ ۚ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴾

"താങ്കൾക്ക് വിവാഹിതരായ സ്ത്രീകളും നിരോധിക്ക്പപെട്ടി രിക്കുന്നു. നിങ്ങൾക്ക് ക്രയവിക്രയാവകാശം ഉള്ളവർ ഒഴികെ (തടവുകാരും, അടിമകളും). ഇത് നിങ്ങളുടെ മേൽ അല്ലാഹുവിന്റെ കൽപനയാകുന്നു. ഇതല്ലാത്ത എല്ലാ സ്ത്രീകളും നിങ്ങൾക്ക് നിയമ വിധേയരാണ്. അവർക്ക് നിങ്ങൾ വിവാഹമാലോചിച്ച് നിങ്ങളുടെ കൈയിൽ നിന്ന് ചാരിത്ര്യമാഗ്രഹിച്ച് പണം നൽകിയാൽ മാത്രം അല്ലാതെ നിയമവിരുദ്ധമായ ലൈംഗിക ബന്ധം വഴിയല്ല. നിങ്ങൾ ആസ്വദിക്കുന്ന സ്ത്രീകൾക്ക് (വിവാഹം വഴി) നിങ്ങൾ അവർക്ക് നഷ്ടപരിഹാരം (മഹ്റ്) നിർബന്ധമായും നൽകുക. നിങ്ങൾ പരസ്പ്പരം സമ്മതിച്ച് (കൊടുക്കാൻ) നിർബന്ധിത ചുമതലയ്ക്ക് പുറമേ നൽകുന്നതിന് വിരോധമില്ല. അല്ലാഹു എല്ലാം അറിയുന്ന വനും വിവേകശാലിയുമത്രേ." (അന്നിസാ 4:24)

## രക്തബന്ധം കൊണ്ട് നിഷിദ്ധമാക്കപ്പെട്ടവർ.

മേൽ പറഞ്ഞതിൽ നിന്നും, ഏഴു വിഭാഗം സ്ത്രീകളാണ് രക്തബന്ധം കാരണമായി വിവാഹം നിഷിദ്ധമാക്കപ്പെട്ടത് എന്നു കാണാം:

1. മാതാക്കൾ (രണ്ടു ഭാഗത്തുനിന്നുള്ള മാതാമഹികളും അതിന് മുകളിലുള്ളവരും ഇതിൽ ഉൾപ്പെടും.)
2. പെൺമക്കളും പേരമക്കളും അതിനു താഴോട്ടുള്ളവരും.
3. സഹോദരിമാർ. (സ്വസഹോദരിമാരും മാതാവോ പിതാവോ വഴിക്കുള്ള സഹോദരിമാരും.

4. പിതൃസഹോദരിമാർ (പിതാവിന്റെയും പിതാമഹന്റെയും മാതാവിന്റെയും മാതാമഹികളുടെയും അവരുടെ മുകളിലുള്ള വരുടെയും സഹോദരിമാർ).

5. മാതൃസഹോദരിമാർ (മാതാവിന്റെയും പിതാവിന്റെയും മാതൃസഹോദരിയും, പിതാമഹൻമാരുടെ മാതൃസഹോ ദരിമാരും).

6. സഹോദര പുത്രിമാർ, പേരമക്കൾ (അത് സ്വസഹോദരനാ ണെങ്കിലും പിതാവോ മാതാവോ വഴിയുള്ള അർദ്ധസഹോദര നാണെങ്കിലും).

7. സഹോദരിയുടെ പുത്രിമാർ (സ്വസഹോദരിയാണെങ്കിലും, പിതാവോ, മാതാവോ വഴിയുള്ള അർദ്ധ സഹോദരിയാ ണെങ്കിലും).

## വിവാഹത്തിലൂടെ നിരോധിക്കപ്പെട്ടവർ.

1. പിതാക്കളുടെ ഭാര്യമാർ (പിതാമഹന്മാരുടെയും അവരുവഴി മുകളിലേക്കും) ഈ നിരോധനം പിതാവ് വിവാഹം കഴിച്ചാലുടൻ തന്നെ (ശാരീരിക ബന്ധം നടന്നിട്ടില്ലെങ്കിൽ പോലും) നിലവിൽ വരുന്നതാണ്.

2. മക്കളുടെ ഭാര്യമാർ (പേരമക്കളുടെയും അതുവഴി താഴോട്ടു) ഇതും മകൻ വിവാഹം കഴിച്ചാലുടനെ, ശാരീരിക ബന്ധം ഉണ്ടായിട്ടില്ലെങ്കിൽ പോലും, നിലവിൽ വരും.

3. ഭാര്യമാരുടെ ഉമ്മമാർ (മാതാമഹികളും അതുപോലെ മുകളിലോട്ടും) വിവാഹച്ചടങ്ങ് നടന്നയുടൻ തന്നെ ഈ നിരോധനവും നിലവിൽ വരും.

4. ഭാര്യമാരുടെ മറ്റൊരു വിവാഹത്തിലുണ്ടായ മക്കൾ (പേരക്കുട്ടികളും അങ്ങനെ താഴോട്ടും). ഈ നിരോധനം ഭാര്യമാരുമായി ലൈംഗികമായി ബന്ധപ്പെട്ടാൽ മാത്രമേ നിലവിൽ വരൂ.

നാലാമത്തെ വിഭാഗത്തിൽ പറഞ്ഞ (ഭാര്യമാർക്ക് വേറെ വിവാഹത്തിൽ ഉണ്ടായ മക്കൾ) ഭാര്യമാരുടെ പെൺമക്കളെ സംബന്ധിച്ച് മിക്കവാറും പണ്ഡിതന്മാരുടെ അഭിപ്രായം അവർ

എല്ലാവരും നിരോധിക്കപ്പെട്ടവർ ആണ് എന്നു തന്നെയാണ്. അവരുടെ ഉമ്മമാരുമായി 'ചിറ്റപ്പൻ' സഹശയനം നടത്തുന്നതോടെ ഈ നിരോധനം നിലവിൽ വരുന്നു. അവർ പറയുന്നത് മുകളിൽ പറഞ്ഞ ആയത്തിലെ (4:23) "സംരക്ഷണത്തിൽ" എന്ന വാക്ക് ഭാര്യ മാരുടെ പെൺമക്കളെയും ഉൾക്കൊള്ളുന്നു എന്നതാണ്.

എന്തായാലും 'സംരക്ഷണത്തിൽ' എന്ന വാക്കിന് വിശ്വസിക്കാനാവുന്ന ഒരു വിശദീകരണം 'പോറ്റു പിതാവിന്' ഉള്ള നിരോധനം വളർത്തുപുത്രി അയാളുടെ വീട്ടിൽ താമസിച്ചിട്ടുണ്ടെ ങ്കിൽ മാത്രമാണ് എന്നതാണ്. അയാളുടെ വീട്ടിൽ താമസിക്കാത്ത മകളെ സംബന്ധിച്ചിടത്തോളം മാതാവ് അയാളുമായി വിവാഹ ബന്ധത്തിൽ ഇരിക്കുന്ന സമയത്തു മാത്രമേ നിരോധനം ഉള്ളൂ. അലി (ﷺ) ക്ക് ഈ അഭിപ്രായമാണ് ഉണ്ടായിരുന്നത്.

മാലിക്ക് ഇബ്നു ഔസ് ഇബ്നു അൽ ഹദഥാൻ നിവേദനം: അദ്ദേഹത്തിന് മക്കളെ പ്രസവിച്ച ശേഷം മരണപ്പെട്ടുപോയ ഒരു ഭാര്യ ഉണ്ടായിരുന്നു. അദ്ദേഹം അവളുടെ മരണത്തിൽ വളരെയ ധികം ദുഃഖിച്ചു. അലി (ﷺ) അദ്ദേഹത്തെ കണ്ടപ്പോൾ ചോദിച്ചു: "നിനക്കെന്താണ് കുഴപ്പം?" അദ്ദേഹം മറുപടി പറഞ്ഞു: "എന്റെ ഭാര്യ മരിച്ചുപോയി". "അവൾക്ക് മകൾ ഉണ്ടായിരുന്നോ?"

"ഉണ്ട്. അവൾ അങ്ങ് തായിഫിലാണ്". (മക്കയുടെ തെക്കു ഭാഗത്തുള്ള ഒരു പട്ടണം) അദ്ദേഹം ചോദിച്ചു "എന്നെങ്കിലും അവൾ നിന്റെ കീഴിൽ താമസിച്ചിട്ടുണ്ടോ?" മാലിക്ക് പറഞ്ഞു: "ഇല്ല". അപ്പോൾ അലി (ﷺ) പറഞ്ഞു: "എന്നാൽ അവളെ വിവാഹം കഴിക്കുക". അപ്പോൾ അദ്ദേഹം ചോദിച്ചു: "അപ്പോൾ നിങ്ങളുടെ 'നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തു പുത്രിമാരെ'ക്കുറിച്ചുള്ള അല്ലാഹുവിന്റെ നിരോധനമോ?" അദ്ദേഹം പറഞ്ഞു: "നിശ്ചയമായും അവൾ താങ്കളുടെ കീഴിൽ ഉണ്ടായിട്ടേ ഇല്ലല്ലോ. അത് ബാധകമാവു ന്നത് അവൾ താങ്കളുടെ വീട്ടിൽ താമസിച്ചിട്ടുണ്ടെങ്കിൽ മാത്ര മാണ്".[213]

---

213) അബ്ദുറസാഖും ഇബ്നു അബീഹാതിമും രേഖപ്പെടുത്തിയത്.

## മുലകുടി ബന്ധം കൊണ്ട് നിഷിദ്ധമായവർ

മുലപ്പാൽ നൽകുന്ന അമ്മയുടെ പാല് കുട്ടിക്ക് പോഷകവും അതുവഴി വളർച്ചയും നൽകുന്നു. ഒരു സ്ത്രീ ഒരു ശിശുവിന് മുലപ്പാലൂട്ടുമ്പോൾ അവൾ ആ കുട്ടിയെ പ്രസവിച്ചതിനു സമാനമായ ഒരു ബന്ധം അവർ തമ്മിലുണ്ടാകുന്നു.

ആഇശ, ഇബ്നു അബ്ബാസ്, അലി (ﷺ) തുടങ്ങിയവർ നിവേദനം: അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞു:

إن الله حرّم من الرّضاع ما حرّم من الولادة (النسب)

“തീർച്ചയായും മുലകുടി ബന്ധത്തിൽ പെട്ടവരെ (വിവാഹം കഴിക്കുന്നത്) അല്ലാഹു വിലക്കിയിരിക്കുന്നു; ജന്മം കൊണ്ടുള്ള ബന്ധത്താൽ വിലക്കപ്പെട്ടതൊക്കെ (രക്തബന്ധം)”.(214)

എന്നാലും മുലകുടി മൂലമുള്ള ബന്ധം നിഷിദ്ധമാവണമെങ്കിൽ താഴെ പറയുന്ന വ്യവസ്ഥകൾ പൂർത്തീകരിക്കണം.

1. അഞ്ചോ അതിലധികമോ പ്രാവശ്യം മുലകുടിച്ചിരിക്കണം.
2. ശിശു വിശപ്പുള്ളതായിരിക്കണം. ഓരോ പ്രാവശ്യവും വയറുനിറയെ കുടിക്കുകയും വേണം.
3. നിഷിദ്ധമാകന്നതിനുള്ള മുലകുടി, ശിശുവിന് രണ്ടു വയസ്സാകുന്നതിന് മുമ്പായിരിക്കണം.

അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി ആഇശ (ﷺ) പറയുന്നു:

لا تحرّم المصّة ولا المصّتان

“ഒന്നോ രണ്ടോ പ്രാവശ്യം മുലകുടിക്കുന്നത് നിഷിദ്ധമാകുകയില്ല”.(215)

ഉമ്മുൽ ഫള്ൽ (ﷺ) നിവേദനം: ഒരിക്കൽ പ്രവാചകൻ അവരുടെ വീട്ടിലായിരുന്നപ്പോൾ ഗ്രാമീണനായ ഒരറബി വന്ന് അദ്ദേഹത്തോട് ചോദിച്ചു “അല്ലാഹുവിന്റെ ദൂതരേ, ഞാൻ രണ്ടാ

214) ബുഖാരിയും മുസ്ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.
215) മുസ്ലിം, അബൂദാവൂദ് തുടങ്ങിയവർ രേഖപ്പെടുത്തിയത്.

മത് ഒരു വിവാഹം ചെയ്തിട്ടുണ്ട്. പക്ഷെ എന്റെ നേരത്തേയുള്ള ഭാര്യ അവകാശപ്പെടുന്നത് അവർ തമ്മിൽ ഒന്നോ രണ്ടോ പ്രാവശ്യം മുല കുടിച്ചതായ ബന്ധം ഉണ്ടെന്നാണ്''.

അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞു:

لا تحرّم الإملاجة ولا الإملاجتان

''ഒന്നോ രണ്ടോ പ്രാവശ്യം മാത്രം കുടിച്ചതുകൊണ്ട് നിഷിദ്ധ മാകുകയില്ല''.(216)

അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി ആഇശ (ﷺ) പറയുന്നു:

انظرن من إخوانكن فإنما الرضاعة من المجاعة

'' (സ്ത്രീ സമൂഹമേ!)നിങ്ങളുടെ യഥാർത്ഥ സഹോദരന്മാർ ആരെന്ന് പരിശോധിക്കുക. കാരണം (സാഹോദര്യത്തിനു കാര ണമാകുന്ന) മുലകുടി വിശപ്പ് മാറുന്നത് വരെ കുടിക്കുന്നതാണ്''.(217)

ഉമ്മു സലമയും, അബ്ദുള്ള ബിൻ സുബൈറും അല്ലാഹു വിന്റെ ദൂതർ ഇപ്രകാരം പറഞ്ഞതായി പറയുന്നു:

لا يحرم من الرضاعة إلا ما فتق الأمعاء وكان قبل الفطام

''ആമാശയം നിറഞ്ഞില്ലെങ്കിൽ (ശിശുവിന്റെ വിശപ്പ് മാറിയില്ലെങ്കിൽ) മുലകുടി എന്നത് നിരോധനത്തിന് കാരണമാ വുന്നില്ല. അതു തന്നെ മുലകുടി നിർത്തുന്നതിന് മുൻപായിരി ക്കണം''.(218)

ആയിശ (ﷺ) പറയുന്നു.

''ഖുർആനിൽ ആദ്യം അവതരിച്ചത്, പത്ത് പ്രാവശ്യം മുലകുടിച്ചതായി അറിഞ്ഞാൽ നിരോധനത്തിന് കാരണമാവും എന്നാണ്. അതിനുശേഷം അതിൽ നിന്ന് അഞ്ച് എടുത്തുമാറ്റപ്പെട്ടു. അഞ്ചു പ്രാവശ്യം മുലകുടിച്ചത് അറിയപ്പെട്ടാൽ നിഷിദ്ധമാകും എന്നായി. ഈ നിയമമായിരുന്നു അല്ലാഹുവിന്റെ പ്രവാചകൻ നിര്യാതനാവുമ്പോൾ ഉണ്ടായിരുന്നത്.''(219)

---

216) മുസ്‌ലിമും ഇബ്നുമാജയും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

217) ബുഖാരിയും മുസ്‌ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

218) മുസ്‌ലിമും ഇബ്നുമാജയും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

219) മാലികും മുസ്‌ലിമും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

ഇനി വരുന്ന ഭാഗങ്ങളിൽ 'വളർത്തമ്മ' എന്ന് നാം ഉദ്ദേശിക്കുന്നത് മുകളിൽ പറഞ്ഞ സാഹചര്യങ്ങൾ എല്ലാം ശരിയായി വരുന്ന വിധം ഒരാൾക്ക് മുല കൊടുത്തിട്ടുള്ള സ്ത്രീയെയാണ്. 'വളർത്തച്ഛൻ' എന്നാൽ മുലകുടിക്കുന്ന സമയത്ത് 'വളർത്തമ്മ'യെ വിവാഹം കഴിച്ചിരുന്ന പുരുഷൻ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വളർത്തമ്മയ്ക്ക് മുലപ്പാലുണ്ടാകാൻ കാരണമായ ആൾ.

താഴെ കൊടുത്തിരുന്ന പട്ടികയിൽ മുലകുടി ബന്ധം മൂലം വിവാഹം നിഷിദ്ധമാകുന്ന വരുന്ന എട്ടു വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ ആരൊക്കെയാണ് എന്ന് വിവരിക്കുന്നു.

| **വളർത്തു ബന്ധം (മുലകുടി ബന്ധം)** | **കണക്കാക്കപ്പെടുന്ന ബന്ധം** |
|---|---|
| 1. വളർത്തമ്മ | ഉമ്മ |
| 2. വളർത്തുമകൾ | മകൾ |
| 3. വളർത്തമ്മയുടെ ഉമ്മ | മാതാമഹി |
| 4. വളർത്തച്ഛന്റെ ഉമ്മ | പിതാമഹി |
| 5. വളർത്തമ്മയുടെ സഹോദരി | മാതൃസഹോദരി |
| 6. വളർത്തച്ഛന്റെ സഹോദരി | പിതൃസഹോദരി |
| 7. വളർത്തമ്മയുടെ പൗത്രി | സഹോദരപുത്രി |
| 8. അർദ്ധസഹോദരി | സഹോദരി |

## ഒരാളുടെ അർദ്ധസഹോദരിമാർ മൂന്നു വിധമാകാം

| **സഹോദരിയുടെ വിവരണം** | **കണക്കാക്കപ്പെടുന്ന ബന്ധം** |
|---|---|
| 1. വളർത്തമ്മയാൽ മുലയൂട്ടപ്പെട്ടവൾ ഒരേ ഭർത്താവിൽ നിന്നുതന്നെ | പൂർണ്ണ സഹോദരി. |
| 2. വളർത്തമ്മയാൽ മുലയൂട്ടപ്പെട്ടു- എന്നാൽ രണ്ടു ഭർത്താക്കന്മാരിൽ നിന്നുള്ളതാണെന്ന് മാത്രം | അമ്മ വഴിക്കുള്ള അർദ്ധ സഹോദരി. |
| 3. വളർത്തച്ഛന്റെ വളർത്തമ്മയല്ലാത്ത മറ്റൊരു ഭാര്യയാൽ മുലയൂട്ടപ്പെട്ടു | പിതാവ് വഴിക്കുള്ള അർദ്ധ സഹോദരി. |

ഇവിടെ ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം, മുലകുടി ബന്ധം എന്നത് മുലയൂട്ടപ്പെട്ട വ്യക്തിക്കും അയാളുടെ മകൾക്കും മാത്രമേ ബാധകമാവൂ എന്നതാണ്. അയാളുടെ സഹോദരന്മാരും സഹോദരിമാരും ഉൾപ്പടെയുള്ള മറ്റ് ബന്ധുക്കൾക്ക് ഇത് ബാധകമല്ല.

ഉദാഹരണമായ 'എ' എന്നയാൾക്ക് മുലകുടി ബന്ധമുള്ള 'ബി' എന്ന സഹോദരി ഉണ്ട് എന്ന് വയ്ക്കുക. അയാളുടെ നേരെ സഹോദരനാണ് 'സി'. 'ഡി' മകനുമാണ്. ഇങ്ങനെയുള്ള അവസ്ഥയിൽ 'എ'യ്ക്കും 'ഡി'യ്ക്കും 'ബി'യെ വിവാഹം ചെയ്യാൻ സാധ്യമല്ല. പക്ഷെ 'സി'യ്ക്ക് വിവാഹം കഴിക്കുന്നതിൽ പ്രശ്നമില്ല.

## താൽക്കാലികമായി നിരോധിക്കപ്പെട്ട സ്ത്രീകളും, വിവാഹങ്ങളും.

വിവാഹത്തിന്റെ താൽക്കാലിക നിരോധനം എന്നാൽ ഒരു സ്ത്രീയെ വിവാഹം കഴിക്കുന്നതിൽ നിന്ന് പുരുഷനെ തടയുന്ന നിശ്ചിത അവസരങ്ങളിൽ മാത്രമുള്ള നിരോധനമാണ്. ഈ പ്രത്യേക പരിതസ്ഥിതികൾ മാറിയാൽ നിരോധനം നീങ്ങുകയും ആ സ്ത്രീ അയാൾക്ക് അനുവദനീയമാവുകയും ചെയ്യുന്നു.

താൽക്കാലിക നിരോധനമുള്ള സ്ത്രീകൾ താഴെ പറയുന്നു;

## നാലു വിവാഹത്തിൽ കൂടുതൽ കഴിക്കുക.

ഒരാൾക്ക് നാലു ഭാര്യമാരുണ്ടെങ്കിൽ അയാൾക്ക് മറ്റു സ്ത്രീകളെല്ലാം താൽകാലികമായി നിഷിദ്ധമാണ്. ഇതിനർത്ഥം അയാൾ ഏതെങ്കിലുമൊരാളെ വിവാഹമോചനം നടത്തുന്നതുവരെ മറ്റൊരു വിവാഹം കഴിക്കരുത് എന്നാണ്.

ഇസ്ലാമിൽ ഒരാൾക്ക് നാലിൽ കൂടുതൽ ഭാര്യമാർ ഉണ്ടാകാൻ പാടില്ല. ഇസ്ലാം ആശ്ലേഷിക്കുന്നതിനു മുമ്പ് നാലിൽ കൂടുതൽ ഭാര്യമാരെ വിവാഹം കഴിച്ചിട്ടുള്ളവരോടു പോലും അവർക്ക് ഇഷ്ടമുള്ള നാലുപേരെ നിലനിർത്തി ബാക്കിയുള്ളവരെ വിവാഹമോചനം നടത്താൻ പ്രവാചകൻ ആജ്ഞാപിച്ചു. ഇബ്നു ഉമർ പറയുന്നു: ഗയ്ലാൻ ബിൻ സലമ ഇസ്ലാമിലേക്ക് വന്നപ്പോൾ അദ്ദേഹത്തിന് പത്ത് ഭാര്യമാർ ഉണ്ടായിരുന്നു. അല്ലാഹുവിന്റെ പ്രവാചകൻ അദ്ദേഹത്തോട് പറഞ്ഞു:

أمسك منهن أربعا وفارق سائرهن

"അവരിൽ നിന്ന് നാലാളെ നിർത്തി ബാക്കിയുള്ളവരെ വിവാഹമോചനം നടത്തുക".[220]

**ഒരേ സമയം രണ്ടു സഹോദരിമാരെ വിവാഹം കഴിക്കൽ.**

ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിച്ചിരിക്കെ ആ സ്ത്രീയുടെ സഹോദരിമാർ അയാൾക്ക് താൽക്കാലികമായി നിരോധിക്കപ്പെട്ടവരാകുന്നു. ഈ സ്ത്രീയെ വിവഹമോചനം നടത്താതെ അവരിലാരെയും വിവാഹം കഴിക്കാൻ പാടില്ല.

പ്രവാചകൻ ഇപ്രകാരം പറഞ്ഞതായി അബൂഹുറൈറ പറയുന്നു.

لا تنكح المرأة على عمتها و لا العمة على ابنة أخيها و لا المرأة على خالتها و لا الخالة على بنت أختها لا الكبرى على الصغرى و لا الصغرى على الكبرى

"ഒരു സ്ത്രീയും അവളുടെ പിതൃസഹോദരിയോടു കൂടി വിവാഹിതയാകാൻ പാടില്ല (ഒരേ ആളുമായി വിവാഹിതയാകരുത് എന്ന് അർത്ഥം) ഒരു മാതൃസഹോദരി തന്റെ ഭാഗിനേയിയോടൊപ്പവും ഒരു മൂത്ത സഹോദരി ഇളയവളോട് ഒപ്പമോ, ഇളയവൾ മൂത്തവളോട് ഒപ്പമോ വിവാഹത്തിൽ ഒരുമിക്കാൻ പാടുള്ളതല്ല".[221]

## ഒരേ സമയം തന്നെ അമ്മായിയെയും അവരുടെ ഭാഗിനേയിയെയും വിവാഹം കഴിക്കൽ.

അബൂ ഹുറൈറയുടെ മുകളിൽ പറഞ്ഞ ഹദീസിൽ നമുക്ക് കാണാൻ സാധിക്കുന്നത് ഒരു സ്ത്രീയെയും അവരുടെ സഹോദരി പുത്രിയെയും (ഭാഗിനേയിയെയും) ഒരേ സമയത്ത് വിവാഹം കഴിക്കരുത് എന്നാണ്. ഒരാൾക്ക് ഒരാളെ വിവാഹം കഴിക്കുന്നതിന് മുമ്പ് മറ്റെയാളെ വിവാഹമോചനം നടത്തേണ്ടതുണ്ട്.

ഇതേ അർത്ഥത്തിൽ അബൂഹുറൈറ, ജാബിർ, ഇബ്നു അബ്ബാസ്, അബൂ സഈദ്, ഇബ്നു ഉമർ, അലി (ﷺ) എന്നിവരെ

220) തിർമിദിയും ഇബ്നുമാജയും മറ്റുള്ളവരും രേഖപ്പെടുത്തിയത്.

221) അബൂദാവൂദും നസാഇയും മറ്റുള്ളവരും ചേർന്ന് രേഖപ്പെടുത്തിയത്.

ല്ലാവരും അല്ലാഹുവിന്റെ ദൂതർ ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യുന്നു:

لا يجمع بين المرأة و عمتها و لا بين المرأة و خالتها

"ഒരാൾക്ക് ഒരു സ്ത്രീയെയും അവളുടെ പിതൃസഹോദരിയെയും ഒരുമിച്ച് വയ്ക്കാൻ പാടില്ല (ഭാര്യയായി). ഒരു സ്ത്രീയും അവളുടെ മാതൃസഹോദരിയും പാടില്ല".(222)

## മറ്റുള്ളവരുമായി വിവാഹബന്ധത്തിലുള്ള സ്ത്രീകൾ

ഇത് വളരെ വ്യക്തമായിത്തന്നെ മുകളിൽ പറഞ്ഞ ആയത്തിൽ (സൂറത്തുന്നിസാ 4:24) പറഞ്ഞിട്ടുണ്ട്.

ഇതു തന്നെ അവസാനത്തെ വിവാഹമോചനം നടക്കാത്ത, (ഇദ്ദയിലിരിക്കുന്ന) സ്ത്രീകളുടെ കാര്യത്തിലും ബാധകമാണ്. അങ്ങനെയുള്ള സ്ത്രീകൾ അപ്പോഴും അവളുടെ ഭർത്താവിന്റെ കീഴിലാണ് ഉള്ളത്. അവളുടെ ഇദ്ദ പൂർണ്ണമാകുന്നത് വരെ ആരും അവളെ വിവാഹാന്വേഷണം നടത്തുകയും ചെയ്യരുത്.

## അഭിസാരികമാർ

അഭിസാരികയാണ് എന്ന് അറിയപ്പെടുന്ന സ്ത്രീയെ വിവാഹം കഴിക്കുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു- അവൾ പരസ്യമായി പശ്ചാത്തപിച്ചു മടങ്ങുന്നത് വരെ. അല്ലാഹു പറയുന്നു

﴿ ٱلزَّانِى لَا يَنكِحُ إِلَّا زَانِيَةً أَوْ مُشْرِكَةً وَٱلزَّانِيَةُ لَا يَنكِحُهَآ إِلَّا زَانٍ أَوْ مُشْرِكٌ ۚ وَحُرِّمَ ذَٰلِكَ عَلَى ٱلْمُؤْمِنِينَ ﴾

വ്യഭിചാരിയായ പുരുഷൻ വ്യഭിചാരിണിയെയോ ബഹുദൈവവിശ്വാസിനിയെയോ അല്ലാതെ വിവാഹം കഴിക്കാറില്ല. വ്യഭിചാരിണിയെ വ്യഭിചാരിയോ ബഹുദൈവവിശ്വാസിയോ അല്ലാതെ വിവാഹം കഴിക്കാറുമില്ല. സത്യവിശ്വാസികളുടെ മേൽ അത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. (അനൂർ : 3)

222) ബുഖാരിയും മുസ്ലിമും മറ്റുള്ളവരും ചേർന്ന് രേഖപ്പെടുത്തിയത്.

ഹബീബ് അൽ മുഅല്ലിം പറയുന്നു: അൽ കുഫയിൽ (ഇറാഖിൽ) നിന്നുള്ള ഒരാൾ അംറുബ്നു ശുഅയ്ബിനടുത്തു വന്നിട്ട് പറഞ്ഞു: ''അടിക്കപ്പെട്ട ഒരു വ്യഭിചാരിക്ക് തന്നെപ്പോലെ അടിക്കപ്പെട്ട ഒരു വ്യഭിചാരിണിയെ മാത്രമേ വിവാഹം കഴിക്കാൻ പാടുള്ളൂ എന്ന് അൽ-ഹസൻ (അൽ ബസ്രി) പറഞ്ഞിട്ടുണ്ട് എന്നറിഞ്ഞാൽ നിങ്ങൾക്ക് അത്ഭുതമില്ലേ?'' അംറ് പറഞ്ഞു: ''അതിൽ അത്ഭുതപ്പെടാൻ എന്താണുള്ളത്? അല്ലാഹുവിന്റെ പ്രവാചകൻ ഇങ്ങനെ പറഞ്ഞതായി അബൂഹുറൈറയിൽ നിന്ന് സഈദ് അൽ മഖ്ബിരി നമ്മോട് വിവരിച്ചു തന്നിട്ടില്ലേ?

لا ينكح الزاني المجلود إلا مثله

''ചാട്ടവാറു കൊണ്ട് അടിക്കപ്പെട്ട ഒരു വ്യഭിചാരി തന്നെപ്പോലെയല്ലാത്തവളെ വിവാഹം കഴിക്കരുത്''(223)

ഈ ഹദീസിനെ സംബന്ധിച്ച് ശൗക്കാനി പറഞ്ഞു: ''പൊതുവായ ഈ വിവരണം സിനാ ചെയ്യുന്നവർക്കെല്ലാം എല്ലാവർക്കും ബാധകമാണ്. സിന ചെയ്യുന്നതായി അറിയപ്പെടുന്ന ഒരു പുരുഷനെ വിവാഹം കഴിക്കാൻ ഒരു സ്ത്രീക്ക് അനുവാദമില്ല എന്നതിന്റെ തെളിവാണ് ഇത്. അതുപോലെ സിന ചെയ്യുന്ന ഒരു സ്ത്രീയെ വിവാഹം ചെയ്യാൻ ഒരു പുരുഷനും അനുവാദമില്ല. ഈ ആയത്തിൽ (അന്നൂർ : 3) അതാണ് സൂചിപ്പിക്കുന്നത്''.(224)

അംറ് ബിൻ ശുഐബ് അദ്ദേഹത്തിന്റെ പിതാവിൽ നിന്നും, പിതാവ് പിതാമഹനിൽ നിന്നും നിവേദനം ചെയ്യുന്നു- മർഥിദ് ബിൻ അബി മർഥിദ് അൽ ഗനവി മക്കയിൽ യുദ്ധത്തടവുകാരായിരുന്ന മുസ്ലിംകളെ മക്കയിൽ നിന്ന് രക്ഷപ്പെടാൻ സഹായിച്ചിരുന്നു. മക്കയിലെ അനാഖ് എന്നു പേരുള്ള ഒരു വേശ്യ അദ്ദേഹത്തിന്റെ സുഹൃത്തായിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ പ്രവാചകന്റെ അടുത്തു വന്നു ചോദിച്ചു: ''ഞാൻ അനാഖിനെ വിവാഹം ചെയ്യട്ടെയോ?''. അല്ലാഹുവിന്റെ ദൂതർ മുകളിൽ പറഞ്ഞ ആയത്ത് ഇറങ്ങുന്നത് വരെ ഒന്നും പറഞ്ഞില്ല. ശേഷം പ്രവാചകൻ അദ്ദേഹത്തെ വിളിച്ചിട്ട് പറഞ്ഞു ''അവളെ വിവാഹം കഴിക്കരുത്''.(225)

223) അബൂദാവൂദും അഹമ്മദും ഹാകിമും രേഖപ്പെടുത്തിയത്.

224) നൈലുൽ ഔഥാർ 6:283

225) അബൂദാവൂദ്, നസാഇ തുടങ്ങിയവർ രേഖപ്പെടുത്തിയത്.

ഇബ്നുൽ ഖയ്യിം പറഞ്ഞു:

''ഈ നിരോധനം വ്യക്തമാക്കുന്നത് ഈ കുറ്റം ഭർത്താവിന്റെ കിടയ്ക്കക്ക് ഉപദ്രവത്തിന് (അതായത് അയാളുടെ അഭിമാനത്തിനും ബാഹുമാനത്തിനും ക്ഷതത്തിന്) കാരണമാവുമെന്നാണ്. അത് അല്ലാഹു ആളുകളുടെ ഇടയിൽ നടപ്പാക്കിയ പവിത്രമായ ബന്ധങ്ങൾ നശിപ്പിക്കുമെന്നതുമാണ്...... അങ്ങനെ അവർ അവരുടെ കാര്യങ്ങൾ അന്വേഷിക്കുന്നവരായിരിക്കും..... ഇങ്ങനെ ശരീഅത്തിന്റെ ഒരു സൗന്ദര്യമെന്നത് ഒരു അഭിസാരികയെ വിവാഹം ചെയ്യുന്നതിനുള്ള നിരോധനമാണ്- അവൾ പശ്ചാത്തപിക്കുകയും അവളുടെ ഗർഭപാത്രം ശുദ്ധമാക്കുകയും ചെയ്യുന്നത് വരെ.(226)

## മുശ്രിക്കായ സ്ത്രീകൾ

ഒരു മുശ്രിക്കായ സ്ത്രീ ഇസ്ലാം ആശ്ലേഷിക്കുന്നത് വരെ അവളെ കല്ല്യാണം കഴിക്കരുത്. അമുസ്ലിം സ്ത്രീകളെ വിവാഹം കഴിക്കുന്നതിനെ കുറിച്ച് വിശദമായി പിന്നീട് വിവരിക്കുന്നുണ്ട്.

## ഇഹ്റാമിലായിരിക്കുമ്പോഴുള്ള വിവാഹം

ഹജ്ജിനോ ഉംറക്കോ പോകുന്നയാൾ ഇഹ്റാമിൽ ആയിരിക്കുമ്പോൾ വിവാഹാഭ്യർത്ഥന നടത്താനോ വിവാഹം കഴിക്കാനോ പാടില്ല.

ഉഥ്മാൻ (ﷺ), അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞതായി പറയുന്നു:

لا ينكح المحرم ولا ينكح ولا يخطب

''ഇഹ്റാമിലായിരിക്കുന്ന ഒരാൾ വിവാഹം കഴിക്കാനോ വിവാഹാലോചന നടത്താനോ പാടില്ല''.(227)

## യുദ്ധത്തടവുകാരിയായി പിടിച്ച ഗർഭിണിയായ സ്ത്രീയെ വിവാഹം ചെയ്യൽ.

അല്ലാഹുവിന്റെ പ്രവാചകൻ ഒരു സ്ത്രീ തടവുകാരിയുമായി (യുദ്ധത്തിൽ പിടിച്ച) ലൈംഗിക ബന്ധം നടത്തുന്നത് (ഭാര്യ എന്ന നിലയിലോ വെപ്പാട്ടി എന്ന നിലയ്ക്കോ) നിരോധിച്ചിരിക്കുന്നു.

226) ഇഖ്താദുൽ ലഹ്ഫാൻ 1:66

227) സാദുൽ മആദ് 5:114

അവളുടെ ഗർഭപാത്രം ആദ്യ ബന്ധത്തിൽ നിന്ന് ശുദ്ധിയാവുന്നത് വരെ. ഔതാസ് യുദ്ധത്തിലെ യുദ്ധത്തവുകാരെപ്പറ്റി അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി അബൂ സഈദ് അൽ ഖുദ്‌രി വിവരിക്കുന്നു:

لا توطأ حامل حتى تضع و لا غير ذات حمل حتى تحيض

“ആരും ഒരു ഗർഭിണി പ്രസവിക്കുന്നത് വരെയും ഗർഭിണിയല്ലാത്ത ഒരുവൾക്ക് ആർത്തവം ഉണ്ടാകുന്നത് വരെയും അവരുമായി ഇണ ചേരരുത്”.(228)

റുവയ്ഫി ബിൻ ഥാബിത് (ﷺ), അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) പറഞ്ഞതായി നിവേദനം:

من كان يؤمن بالله واليوم الآخر فلا يسق ماءه زرع غيره و من كان يؤمن بالله واليوم الآخر فلا يأت سبيا من السبي حتى يستبرئها

“അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ആരും മറ്റു വല്ലവരുടേയും കൃഷി സ്വന്തം വെള്ളം കൊണ്ട് നനയ്ക്കരുത് (ബീജം കൊണ്ട് എന്നാണ് ഉദ്ദേശിക്കുന്നത്). അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ആരും ഒരു യുദ്ധത്തടവുകാരി അവളുടെ ഗർഭപാത്രം (ആർത്തവത്താൽ) ശുദ്ധിയാക്കുന്നത് വരെ അവളുമായി ഇണ ചേരരുത്”.(229)

ഇബ്നു ഉമർ പറഞ്ഞു: “പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ട ഒരടിമപ്പെൺകുട്ടിയെ ആർക്കെങ്കിലും നൽകുകയോ വിൽക്കുകയോ അല്ലെങ്കിൽ സ്വതന്ത്രയാക്കുകയോ ചെയ്താൽ അവൾ (അവളുടെ ഗർഭപാത്രം) ഒരു ആർത്തവം കൊണ്ട് ശുദ്ധിയാക്കണം. ഒരു കന്യക ശുദ്ധമാക്കണമെന്നില്ല.”(230)

## ജാഹിലിയ്യ കാലഘട്ടത്തിലെ നിരോധിക്കപ്പെട്ട വിവാഹങ്ങൾ

ആഇശ (ﷺ) ജാഹിലിയ്യ കാലഘട്ടത്തിൽ പതിവുണ്ടായിരുന്ന ചില തരം വിവാഹങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. ഉർവാ ബിൻ അസ്സുബൈർ (ﷺ) നിവേദനം, ജാഹിലിയ്യാകാലത്ത് നാല് തരം

228) അബൂദാവൂദ്, ബൈഹഖി മറ്റുള്ളവരും രേഖപ്പെടുത്തിയത്.
229) അബൂദാവൂദും തുർമുദിയും മറ്റുള്ളവരും രേഖപ്പെടുത്തിയത്
230) ബുഖാരിയും ബൈഹഖിയും നാഫിഇൽ നിന്ന് രേഖപ്പെടുത്തിയത്.

വിവാഹം ഉണ്ടായിരുന്നതായി ആഇശ(ﷺ) പറഞ്ഞു:

1. ഒന്നാമത്തേത് ഇന്നു കാണപ്പെടുന്ന തരം വിവാഹമായിരുന്നു. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന്റെ മകളെയോ അയാളുടെ സംരക്ഷണത്തിലുള്ള മറ്റൊരു സ്ത്രീയെയോ വിവാഹമന്വേഷിക്കുകയും അവൾക്ക് സ്വദാഖ് കൊടുത്ത് വിവാഹം ചെയ്യുകയും ചെയ്യുന്ന രീതി.

2. രണ്ടാമത്തെ തരം വിവാഹം ഒരാൾ തന്റെ ഭാര്യയോട്, അവൾ ആർത്തവം കഴിഞ്ഞ് ശുദ്ധിയായാൽ, ഇന്ന ആളെ ക്ഷണിച്ച് അയാളിൽ നിന്ന് ഗർഭിണിയാകൂ എന്ന് പറയുന്ന രീതി. അവളുടെ ഭർത്താവ് അവൾ മറ്റെയാളിൽ നിന്ന് ഗർഭിണിയാണ് എന്നറിയുന്നത് വരെ അവളെ തൊടാതെ മാറിനിൽക്കും. അവൾ ഗർഭിണിയാണ് എന്നുറപ്പിച്ചാൽ അയാൾ വേണമെങ്കിൽ ശാരീരിക ബന്ധം പുലർത്തും. കുട്ടിക്ക് കുലീനനായ ഒരാളുടെ ഗുണങ്ങൾ ഉണ്ടാവാനാണ് ഇങ്ങനെ ചെയ്തിരുന്നത്.

3. മൂന്നാമത്തേത് പത്തിൽ കുറഞ്ഞ ആളുകളുള്ള ഒരു സംഘം. ഒരു സ്ത്രീയുടെ അടുത്ത് പോയി അവളുമായി ശാരീരിക ബന്ധം പുലർത്തും. അവൾ ഗർഭിണിയായാൽ പ്രസവം വരെ അവൾ കാത്തുനിൽക്കും. കുറച്ച് രാത്രികൾക്ക് ശേഷം അവൾ അവരെയെല്ലാവരെയും വിളിപ്പിക്കും. ആരും തന്നെ പോകാതിരിക്കുകയില്ല. എല്ലാവരും എത്തുമ്പോൾ അവൾ പറയും:"നിങ്ങൾ എന്താണ് ചെയ്തത് എന്ന്നിങ്ങൾക്കറിയാം. ഞാനിതാ ജന്മം നൽകിയിരിക്കുന്നു. ഈ കുട്ടി നിങ്ങളുടേതാണ് (എന്നു പറഞ്ഞ് അതിലാരുടെയെങ്കിലും പേര് പറയും) ആ കുട്ടിയെ അയാളുടേതാണ് എന്ന് അംഗീകരിക്കാതിരിക്കാനാവില്ല.

4. നാലാമത്തേത് വലിയൊരു സംഘം പുരുഷന്മാർ ഒരു സ്ത്രീയുടെ അടുത്ത് പോകും. അടുത്തു വന്ന ആരെയും അവൾ നിരസിക്കില്ല. അവർ അന്നത്തെ കാലത്തെ വേശ്യകളായിരുന്നു. അവൾ ഇടപാടുകാർക്ക് തിരിച്ചറിയാനായി വാതിലിനുമുകളിൽ കൊടിയടയാളം വച്ചിരുന്നു. അവർ ഗർഭിണിയായാൽ പ്രസവിക്കുന്നത് വരെ കാത്തിരിക്കും. എന്നിട്ട് അവളുമായി ബന്ധപ്പെട്ട എല്ലാവരെയും വിളിപ്പിക്കും. കുട്ടിയുടെ മുഖച്ഛായ

തിരിച്ചറിയാൻ പ്രത്യേകം കഴിവുള്ളവർ ഇതിൽ ആരോടാണ് കുട്ടിക്ക് സാമ്യമുള്ളത് എന്ന് തിരിച്ചറിഞ്ഞ് അയാൾക്ക് ഈ കുട്ടിയുടെ പിതൃത്വം ചാർത്തിക്കൊടുക്കും. അയാൾക്ക് അത് നിഷേധിക്കുവാൻ യാതൊരു അവകാശവും ഇല്ല. ആഇശ(ﷺ) ഉപസംഹരിക്കുന്നു: മുഹമ്മദ് (ﷺ) സത്യവുമായി വന്ന ശേഷം എല്ലാത്തരത്തിൽ പെട്ട ജാഹിലിയ്യ വിവാഹങ്ങളും നിർത്തി- ഇന്നത്തെ രീതിയിൽ ഉള്ളതൊഴിച്ച്."[231]

ഈ ഹദീസിൽ പറഞ്ഞ രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും തരം വിവാഹങ്ങൾ വ്യക്തമായും നിരോധിക്ക പ്പെട്ടതാണ്. അതിനെക്കുറിച്ച് താഴെ ചുരുക്കി ചർച്ച ചെയ്യാം.

## ഭാഗികമായ പരസ്യ വിവാഹം

മുകളിൽ പറഞ്ഞ ഹദീസിൽ രണ്ടാമത്തെ തരം വിവാഹ മാണിത്. ഒരാൾ തന്റെ ഭാര്യയെ മറ്റൊരാളുമായി ലൈംഗിക ബന്ധത്തിനു പ്രേരിപ്പിക്കും. ഈ ആൾ ധൈര്യം, തറവാടിത്തം, ശ്രേഷ്ഠത എന്നിവയിൽ അറിയപ്പെടുന്ന ആളായിരിക്കും. പറഞ്ഞയക്കുന്ന പുരുഷന്റെ ഉദ്ദേശ്യം അവൾക്ക് അയാളിലൂടെ വിശിഷ്ട ഗുണങ്ങൾ ഉള്ള ഒരു കുട്ടി വേണമെന്നുള്ളതാണ്. ഇത് 'സിന'(വ്യഭിചാരം)യാണെന്നതിന് ഒരു സംശയവും ഇല്ല. ഇത് ചെയ്യുന്ന ആളാകട്ടെ 'ദയ്യൂഥും'.

## ഒരു സംഘത്തിന്റെ വിവാഹം

മുകളിൽ പറഞ്ഞ ഹദീസിൽ മൂന്നാമത്തെ തരം വിവാഹമാണ് ഇത്. ഒരു സംഘം പുരുഷന്മാർ ഒരു സ്ത്രീയെ 'വിവാഹം' കഴിക്കുകയും അവളുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയും ചെയ്യും. ഇത് മനുഷ്യന്റെ ശുദ്ധപ്രകൃതിയിൽ നിന്നും മാനുഷിക മൂല്യങ്ങളിൽ നിന്നുമുള്ള വ്യക്തമായ വ്യതിചലനവും, അന്തമി ല്ലാത്ത അധഃപതനവുമാണ് എന്നതിൽ തർക്കമില്ല. ഇസ്ലാമിന്റെ ആവിർഭാവത്തിനു മുമ്പ് സ്ത്രീകൾ എത്രമാത്രം അപമാനിക്ക പ്പെടുകയും വെറുക്കപ്പെടുകയും ചെയ്തിരുന്നു എന്നതിന് വ്യക്തമായ തെളിവാണ് ഇത്.

231) ബുഖാരിയും അബൂദാവൂദും രേഖപ്പെടുത്തിയത്.

## പരസ്യമായ വേശ്യാവൃത്തി.

മുകളിൽ പറഞ്ഞ നാലാമത്തെ തരം പരസ്യമായ വേശ്യാവൃത്തിയുടെ മറ്റൊരു രൂപമാണ്. സ്ത്രീ, അവളുടെ വീട്ടിനു മുകളിൽ ഒരു അടയാളം തൂക്കിയിടുന്നു. ഇതിനർത്ഥം ഏതു പുരുഷനും, അയാൾ അവൾക്ക് പണം നൽകിയാൽ ശരീരം നൽകാൻ അവൾ തയ്യാറാണ് എന്നതാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇത്തരത്തിൽ പെട്ട 'വിവാഹ'വും, 'തൊഴിലും', 'പരിഷ്കൃതം' എന്നൊക്കെയറിയപ്പെടുന്ന രാജ്യങ്ങളിൽ ഇന്നും നടന്നുവരുന്നു.

## നിരോധിക്കപ്പെട്ട മറ്റ് വിവാഹങ്ങൾ.

ജാഹിലിയ്യത്തിൽ നടപ്പിലുണ്ടായിരുന്ന വിവിധ തരം വിവാഹങ്ങൾ, ഇസ്ലാമിന്റെ ശൈശവ ദശയിലും തുടർന്നിരുന്നു. പിന്നീട് അവ നിരോധിക്കപ്പെട്ടു. താഴെ പറയുന്നത് അങ്ങനെയുള്ളവയാണ്.

## 'മുത്അ' വിവാഹം.

'മുത്അ' (ആസ്വാദനം) വിവാഹം എന്നത് താൽക്കാലികമായ ഒരു വിവാഹമാണ്. വിവാഹച്ചടങ്ങിൽ തന്നെ ഇതിന്റെ കാലാവധി പ്രഖ്യാപിക്കപ്പെടും. കൃത്യമായ കാലാവധി കഴിഞ്ഞാൽ ദമ്പതിമാർ പ്രത്യേക വിവാഹമോചനം ഇല്ലാതെ തന്നെ, വേർപെടും. മാത്രവുമല്ല, ഈ രണ്ട് ദമ്പതിമാർക്കും മറ്റെയാളിന്റെ അനന്തരാവകാശം ലഭിക്കുകയില്ല.

ഇത്തരം വിവാഹം ജാഹിലിയ്യ കാലഘട്ടത്തിൽ സാധാരണയായിരുന്നു. ഇതിന്റെ ഉദ്ദേശ്യം പുരുഷന്റെ ശാരീരികാവശ്യ നിർവ്വഹണം മാത്രമാണ്. അല്ലാഹുവിന്റെ പ്രവാചകൻ ഇത് കുറച്ച് കാലത്തിന് അനുവദിക്കുകയും അവസാനം സ്ഥിരമായി നിരോധിക്കുകയും ചെയ്തു.

അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായി അബൂഹുറൈറ(﵁) പറയുന്നു:

هدم المتعة النكاح و الطلاق و العدة و الميراث

"വിവാഹമോചനം, ഇദ്ദ, അനന്തരാവകാശം എന്നിവ വഴി 'മുത്അ' വിവാഹം എടുത്ത് കളഞ്ഞിരിക്കുന്നു".[232]

---

232) ഇബ്നു ഹിബ്ബാൻ, ബൈഹഖി, ദാറഖുത്നി എന്നിവർ രേഖപ്പെടുത്തിയത്.

'ഉലമാ'ക്കൾ(പണ്ഡിതന്മാർ)ക്കിടയിൽ മുത്അ വിവാഹം ഖൈബർ യുദ്ധത്തിന്റെ സമയത്താണോ മക്കാ വിജയത്തിന്റെ സമയത്താണോ നിരോധിക്കപ്പെട്ടത് എന്നതിനെക്കുറിച്ച് അഭിപ്രായ വ്യത്യാസം ഉണ്ട്. മക്കാ വിജയത്തിന്റെ സമയത്താണ് എന്നതാണ് ഭൂരിപക്ഷാഭിപ്രായം.

മക്കാ വിജയത്തിന്റെ സമയത്ത് പ്രവാചകൻ ഇങ്ങനെ പറഞ്ഞതായി സബ്റാ ബിൻ മഅ്ബിദ് (ﷺ) നിവേദനം:

يا أيها الناس إني قد كنت أذنت لكم في الاستمتاع من النساء وإن الله قد حرم ذلك إلى يوم القيامة فمن كان عنده منهن شيء فليخل سبـــيله ولا تأخذوا مما آتيتموهن شيئا

"ജനങ്ങളേ, 'മുത്അ' യിലൂടെ സ്ത്രീകളുമായി ബന്ധപ്പെടാൻ ഞാൻ നേരത്തേ നിങ്ങൾക്ക് അനുവാദം തന്നിട്ടുണ്ട്. പക്ഷെ പുനരുത്ഥാനത്തിന്റെ നാൾവരെ അല്ലാഹു അത് നിരോധിച്ചിരിക്കുന്നു. അതിനാൽ ആരുടെയെങ്കിലും കീഴിൽ അങ്ങനെയുള്ള വല്ല സ്ത്രീകളും ഉണ്ടെങ്കിൽ അവരെ സ്വതന്ത്രമാക്കി വിടേണ്ടതാകുന്നു. നിങ്ങൾ അവർക്ക് കൊടുത്തതൊന്നും അവരിൽ നിന്ന് തിരിച്ചു വാങ്ങുകയുംചെയ്യരുത്".[233]

സബ്റാഹ് (ﷺ) ഇതും കൂടി പറഞ്ഞു:

"മക്കാ വിജയത്തിന്റെ വർഷത്തിൽ അല്ലാഹുവിന്റെ ദൂതർ സ്ത്രീകളെ ആസ്വദിക്കാൻ (മുതഅ വഴി) ഞങ്ങൾക്ക് അനുവാദം തന്നിരുന്നു. മക്കയിൽ പ്രവേശിക്കുന്ന സമയത്ത് ഇതായിരുന്നു സ്ഥിതി. പക്ഷേ മക്കയിൽ നിന്ന് വിട്ടുപോരുന്നതിന് മുൻപു തന്നെ അത് അദ്ദേഹം നിരോധിക്കുകയും ചെയ്തു".[234]

പ്രവാചകൻ 'മുത്അ' വിവാഹം നിരോധിച്ചത് ഇബ്നു അബ്ബാസ്(ﷺ), അറിഞ്ഞിരുന്നില്ല. അതിനാൽ അലി (ﷺ) അദ്ദേഹത്തെ ശകാരിച്ചു:

"പ്രവാചകൻ ഖൈബറിന്റെ അന്നു തന്നെ സ്ത്രീകളെ ആസ്വദിക്കുന്നത് (മുത്അ) നിരോധിച്ചു. സാധാരണ കഴുതകളെ തിന്നുന്നതും നിരോധിച്ചിട്ടുണ്ട് ".[235]

233) മുസ്ലിം, ഇബ്നുമാജയും രേഖപ്പെടുത്തിയത്.
234) മുസ്ലിമും അഹമ്മദും ബൈഹഖിയും രേഖപ്പെടുത്തിയത്
235) ബുഖാരി, മുസ്ലിം മറ്റുള്ളവരും ചേർന്ന് രേഖപ്പെടുത്തിയത്.

## തഹ്‌ലീൽ വിവാഹം.

ഒരാൾ തന്റെ ഭാര്യയെ മൂന്നുവട്ടം വിവാഹമോചനം നടത്തിയാൽ, മറ്റൊരാൾ അവളെ വിവാഹം ചെയ്തതിനു ശേഷം വിവാഹമോചനം ചെയ്താലല്ലാതെ[236] അവളെ വീണ്ടും ആദ്യത്തെയാൾക്ക് വിവാഹം ചെയ്യാനനുവാദമില്ല.

ഈ സ്ത്രീ രണ്ടാമത്തെ ഭർത്താവുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടിരിക്കണം. എങ്കിൽ മാത്രമേ രണ്ടാമത്തെ ഭർത്താവ് സ്വന്തം ഇഷ്ടപ്രകാരം ഉപേക്ഷിച്ചിതിനു ശേഷം ആദ്യത്തെയാൾക്ക് അവളെ വിവാഹം കഴിക്കാനനുവാദമുള്ളൂ.

ഇബ്നു ഉമർ (ﷺ) വിവരിക്കുന്നു: അല്ലാഹുവിന്റെ പ്രവാചകനടുത്ത് ഒരു പ്രശ്നം വന്നു. "ഒരു മനുഷ്യൻ അയാളുടെ ഭാര്യയെ മുന്നു പ്രാവശ്യം മൊഴി ചൊല്ലി. മറ്റൊരാൾ അവളെ കല്യാണം കഴിച്ചു. അയാൾ അവളുമായി മുറിയിൽ കയറുകയും വാതിലുകളും കർട്ടനുകളും അടയ്ക്കുകയും ചെയ്തു. (അതായത് അവർ രഹസ്യമായ സ്ഥലത്ത് ഒരുമിച്ച് കുറച്ചു സമയം ചെലവഴിച്ചു). പക്ഷെ ലൈംഗിക ബന്ധത്തിൽ ഏർപ്പെടാതെ മൊഴിചൊല്ലി. അങ്ങനെയെങ്കിൽ ആദ്യത്തെയാൾക്ക് അവളെ വീണ്ടും സ്വീകരിക്കാമോ?"

അദ്ദേഹം പറഞ്ഞു:

لا تحل للأول حتى يجامعها الآخر

"രണ്ടാമത് വിവാഹം കഴിച്ചയാളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാലല്ലാതെ ഒന്നാമത്തെയാൾക്ക് അവൾ അനുവദനീയമാകുന്നില്ല".[237]

അതു പോലെ തന്നെ, ആഇശ (ﷺ), അനസ്, ഉബൈദുള്ള ബിൻ അബ്ബാസ് (ﷺ) എന്നിവർ ഒരു സംഭവം വിവരിക്കുന്നുണ്ട്. 'റുഫാഅ അൽ ഖർസി തന്റെ ഭാര്യയെ മൂന്ന് തവണ മൊഴിചൊല്ലി. അതിനു ശേഷം അവൾ അബ്ദു റഹ്മാൻ ബിൻ അസ്സുബൈറിനെ വിവാഹം കഴിച്ചു. പക്ഷെ അവൾ അയാളെ അടുത്തേക്ക് വരാനനുവദിച്ചില്ല. എന്നിട്ട് അവൾ പ്രവാചകനടുത്ത് ചെന്ന് അയാൾ ഷണ്ഠനാണെന്ന് പറഞ്ഞു വിവാഹമോചനം ആവശ്യപ്പെട്ടു. അബ്ദുറ

236) അൽ ബഖറ 229 പരിശോധിക്കുക.

237) നസാഇയും അഹ്മദും മറ്റുള്ളവരും രേഖപ്പെടുത്തുന്നു.

ഫാൻ ആകട്ടെ ഇത് അവൾക്ക് ആദ്യ ഭർത്താവിനടുത്തേക്ക് മടങ്ങി പ്പോകാനുള്ള തന്ത്രമാണ് എന്ന് പറഞ്ഞ് ഇതിനെ നേരിട്ടു. അല്ലാഹു വിന്റെ പ്രവചാകൻ പറഞ്ഞത് രണ്ടാമത്തെ ഭർത്താവുമായി ലൈംഗിക ബന്ധം നടന്നില്ലെങ്കിൽ, ഇത് സാധ്യമല്ല എന്നായി രുന്നു.(238)

ഈ വ്യവസ്ഥയെ മറികടക്കാൻ ചിലർ ഒരു സൂത്രം പ്രയോഗിക്കാറുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങളിൽ ഭാര്യക്ക് ആദ്യ ഭർത്താവിലേക്ക് പോകാൻ വേണ്ടി മറ്റൊരാൾ (മുഹിൽ എന്നോ മുഹല്ലിൽ എന്നോ അയാൾ അറിയപ്പെടുന്നു) അവളെ വിവാഹം കഴിക്കുന്നു. ഈ വിവാഹത്തിന്റെ വ്യവസ്ഥ അയാൾ അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതോടെ അവരുടെ വിവാഹം അവസാനിക്കുന്നു എന്നതാണ്. ഇത് ഒരു തരം 'മുത്അ' വിവാഹം തന്നെയാണ്. കാരണം അതിൽ ഒരു 'താൽക്കാലികത്വം' അടങ്ങി യിട്ടുണ്ട്. ഇതിനു പുറമേ ഇത് അല്ലാഹുവിന്റെ ആജ്ഞയോടും നിർദ്ദേശങ്ങളോടുമുള്ള വ്യക്തമായ വെല്ലുവിളിയാണ്. അതുകൊ ണ്ടുതന്നെ അല്ലാഹുവിന്റെ ശാപം ലഭിക്കാനുള്ള കാരണവുമാണ്.

അലി ബിൻ അബി ത്വാലിബ്, അബ്ദുള്ള ബിൻ മസൂദ്, ജാബിർ ബിൻ അബ്ദില്ല എന്നിവർ പ്രവാചകൻ പറഞ്ഞതായി പറയുന്നു:

لعن الله المحلل والمحلل له

"തഹ്ലീൽ നടത്തുന്നവനെയും, നടത്തപ്പെടുന്നവനെയും അയാളെയും അല്ലാഹു ശപിച്ചിരിക്കുന്നു".(238)

ഉഖ്ബാഹ് ബിൻ ആമിർ അല്ലാഹുവിന്റെ ദൂതർ(ﷺ) പറഞ്ഞതായി നിവേദനം:

ألا أخبركم بالتيس المستعار ؟ هو المحل فلعن الله المحلل والمحلل له

"കടം വാങ്ങിയ മുട്ടനാടിനെ പറ്റി ഞാൻ പറഞ്ഞു തരട്ടെയോ? തഹ്ലീൽ നടത്തുന്ന വ്യക്തിയാണ് അത്. തഹ്ലീൽ നടത്തുന്ന വനെയും നടത്തുന്നവനെയും അല്ലാഹു ശപിക്കട്ടെ".(239)

238) അൽ ബഖറ 229 പരിശോധിക്കുക.

239) ഇബ്നുമാജ, ഹാകിം, ബൈഹഖി എന്നിവർ രേഖപ്പെടുത്തിയത്

ഒരാൾ ഇബ്നു ഉമർ (ﷺ) നോട് ഇങ്ങനെ പറഞ്ഞതായി നാഫിഅ് പറയുന്നു: "ഒരു സ്ത്രീയെ മുൻപുണ്ടായിരുന്ന ഭർത്താവിന് അനുവദനീയമാക്കാനായി വിവാഹം കഴിക്കാൻ എനിക്ക് നിയമപരമായി സാധിക്കുമല്ലോ. അയാൾ എന്നോട് അതിനു വേണ്ടി ആവശ്യപ്പെട്ടിട്ടില്ല. എന്നാലും അയാൾ അറിയാതെ തന്നെ ഞാൻ അങ്ങനെ ചെയ്തു".

അദ്ദേഹം മറുപടി പറഞ്ഞു:

"പാടില്ല! വിവാഹമെന്നത് നിഷ്കപടമായി ചെയ്യേണ്ടതാണ്- നിങ്ങൾക്ക് അവളെ ഇഷ്ടമാണെങ്കിൽ നിലനിർത്താം; ഇഷ്ടമില്ലെങ്കിൽ ഉപേക്ഷിക്കാം. അല്ലാഹുവിന്റെ പ്രവാചകന്റെ കാലത്ത് 'തഹ്ലീൽ' എന്ന ഏർപ്പാടിനെ 'സിനാ' ആയിട്ടായിരുന്നു ഞങ്ങൾ കണ്ടിരുന്നത്. ഇനിയും ആരെങ്കിലും അതിൽ തുടരുന്നുവെങ്കിൽ അവനും 'സിന'യിൽ തന്നെയാണ്. മറ്റൊരാൾക്ക് നിയമവിധേയമാക്കാനായി ഇരുപത് കൊല്ലം കൂടെ കഴിഞ്ഞാലും 'സിന' തന്നെ!".[240]

## ശിഗാറിന്റെ വിവാഹം.

ശിഗാർ എന്നത് ഒരാൾ മറ്റൊരാളുടെ മകളെ (അല്ലെങ്കിൽ അയാളുടെ സംരക്ഷണത്തിലുള്ള മറ്റൊരു സ്ത്രീയെ) വിവാഹം ചെയ്യുകയും അയാൾ തിരിച്ച് ഇങ്ങോട്ടും അതുപോലെ വിവാഹം ചെയ്യുകയും അതേ സമയം രണ്ടുപേരും മഹ്റ് നൽകാതിരിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ്. നാഫിഅ് വ്യക്തമാക്കുന്നു:

"ശിഗാർ എന്നത് ഒരാൾ അപരന്റെ മകളെ, അയാൾ തന്റെ മകളെ വിവാഹം ചെയ്യാമെന്ന വ്യവസ്ഥയിൽ കഴിക്കുന്ന വിവാഹമാണ് പരസ്പരം മഹറില്ലാതെയാണ് ആ വിവാഹം".[241]

ശിഗാറിനെ പ്രവാചകൻ നിരോധിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞതായി ഇബ്നു ഉമർ പറഞ്ഞിട്ടുണ്ട്:

لا شغار في الإسلام

"ഇസ്ലാമിൽ ശിഗാർ അനുവദനീയമല്ല".[242]

---

240) ഹാകിം, ബൈഹഖി, ത്വബ്റാനി എന്നിവർ രേഖപ്പെടുത്തിയത്.

241) ഇബ്നുമാജ, ഹാകിം, ബൈഹഖി എന്നിവർ രേഖപ്പെടുത്തിയത്

242) മുസ്ലിമും ബൈഹഖിയും രേഖപ്പെടുത്തിയത്.

ഇനി മഹ്റ് പറഞ്ഞാൽ പോലും അങ്ങോട്ടുമിങ്ങോട്ടുമുള്ള വിവാഹം സംശയാസ്പദമാണ്. അതിനാൽ ഒഴിവാക്കുന്നതാണ് നല്ലത്.

അഅ്റജ് നിവേദനം: അബ്ബാസ് ഇബ്നു അബ്ദില്ലാ ഇബ്നു അബ്ബാസ് തന്റെ മകളെ അബ്ദു റഹ്മാൻ ഇബ്നുൽ ഹക്കമിനു വിവാഹം ചെയ്തു കൊടുത്തു. അബ്ദുറഹ്മാൻ തിരിച്ച് തന്റെ മകളെയും. അവർ മഹർ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും മുആവിയ (അന്ന് ഖലീഫയായിരുന്ന ആൾ) മർവാൻ ബിൻ അൽ ഹക്കമിന് വേർപിരിയാൻ ആജ്ഞാപിച്ചുകൊണ്ട് കത്തെഴുതി: അതിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടായിരുന്നു:

‘‘ഇത് അല്ലാഹുവിന്റെ പ്രവാചകൻ നിരോധിച്ച ഒരു ശിഗാർ വിവാഹമാണ്’’.(243)

**വിവാഹമോചനം ചെയ്യാനുദ്ദേശിച്ചു നടത്തുന്ന വിവാഹം**

ചിലയാളുകൾ ചില സ്ത്രീകളെ പ്രത്യേക ഉദ്ദേശലക്ഷ്യങ്ങൾക്കായി വിവാഹം കഴിക്കുകയും ആ ഉദ്ദേശ്യം നിറവേറിക്കഴിഞ്ഞാൽ വിവാഹമോചനം ചെയ്യുകയും ചെയ്യാമെന്ന് കരുതാറുണ്ട്. ഇതിന് ഒരു ഉദാഹരണം പാശ്ചാത്യനാടുകളിൽ വിദേശികൾ ഒരു തദ്ദേശിയായ സ്ത്രീയെ ആ രാജ്യത്തെ താമസം ശരിയാക്കാൻ വേണ്ടി വിവാഹം കഴിക്കുന്ന സമ്പ്രദായമാണ്. അതു കഴിഞ്ഞാൽ വിവാഹമോചനം നടത്തും.

വിവാഹം എന്നത് ഇത്തരം ഒരു വ്യവസ്ഥയോടുകൂടി ഇത്ര കാലത്തിനാണ് എന്നു പറഞ്ഞാൽ അത് നിരോധിക്കപ്പെട്ട മുത്അ വിവാഹമല്ലാതെ മറ്റൊന്നുമല്ല. അങ്ങനെയല്ലെങ്കിൽ ഭൂരിപക്ഷം ഉലമാക്കളും കരുതുന്നത് ഈ വിവാഹം സാധുവാണെന്നാണ്. പക്ഷെ വിവാഹം കഴിച്ചയാൾ അയാളുടെ ഉദ്ദേശ്യം ഒളിച്ചു വെച്ച സ്ഥിതിക്ക് സ്ത്രീയെ വഞ്ചിക്കുകയാണ്. അതുകൊണ്ട് തന്നെ അയാൾ അതിൽ കുറ്റക്കാരനാണ്.

243) അഹ്മദ്, അബൂദാവൂദ് ഇബ്നു ഹബ്ബാൻ എന്നിവർ രേഖപ്പെടുത്തിയത്.

## അമുസ്‌ലിംകളെ വിവാഹം കഴിക്കൽ

**പൊതുനിയമം**

അല്ലാഹു മുശ്‌രിക്കുകളുമായുള്ള വിവാഹം നിരോധിച്ചിരിക്കുന്നു. ആണായാലും പെണ്ണായാലും ഇങ്ങനെ തന്നെ.

﴿ وَلَا تَنكِحُوا۟ ٱلْمُشْرِكَـٰتِ حَتَّىٰ يُؤْمِنَّ ۚ وَلَأَمَةٌ مُّؤْمِنَةٌ خَيْرٌ مِّن مُّشْرِكَةٍ وَلَوْ أَعْجَبَتْكُمْ ۗ وَلَا تُنكِحُوا۟ ٱلْمُشْرِكِينَ حَتَّىٰ يُؤْمِنُوا۟ ۚ وَلَعَبْدٌ مُّؤْمِنٌ خَيْرٌ مِّن مُّشْرِكٍ وَلَوْ أَعْجَبَكُمْ ۗ أُو۟لَـٰٓئِكَ يَدْعُونَ إِلَى ٱلنَّارِ ۖ وَٱللَّهُ يَدْعُوٓا۟ إِلَى ٱلْجَنَّةِ وَٱلْمَغْفِرَةِ بِإِذْنِهِۦ ﴾

“ബഹുദൈവ വിശ്വാസിനികളെ- അവർ വിശ്വസിക്കുന്നത് വരെ നിങ്ങൾ വിവാഹം കഴിക്കരുത്. സത്യവിശ്വാസിനിയായ അടിമസ്ത്രീയാണ് ബഹുദൈവ വിശ്വാസിനിയേക്കാൾ നല്ലത്. അവൾ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും ശരി. ബഹുദൈവ വിശ്വാസികൾക്ക് അവർ വിശ്വസിക്കുന്നത് വരെ വിവാഹം കഴിപ്പിച്ചു കൊടുക്കുകയും ചെയ്യരുത്. സത്യവിശ്വാസിയായ ഒരടിമയാണ് ബഹുദൈവ വിശ്വാസിയേക്കാൾ നല്ലത്. അവൻ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും ശരി. അക്കൂട്ടർ നരകത്തിലേക്കാണ് ക്ഷണിക്കുന്നത്. അല്ലാഹുവാകട്ടെ അവന്റെ ഹിതമനുസരിച്ച് സ്വർഗ്ഗത്തിലേക്കും പാപമോചനത്തിലേക്കും ക്ഷണിക്കുന്നു” (അൽബഖറ:221)

എല്ലാ അമുസ്‌ലിംകളും മുശ്‌രിക്കുകളാണ്. അല്ലാഹുവല്ലാത്തവരെ (യേശുവിനെയോ ഉസൈറിനേയോ) ആരാധിക്കുകയും, അല്ലാഹുവിനെക്കുറിച്ച് തെറ്റായ വിശ്വാസങ്ങൾ വെച്ച് പുലർത്തുകയും ചെയ്യുകയാണെങ്കിൽ, വേദക്കാരും(ജൂദന്മാരും ക്രൈസ്തവരും) ഇതിലുൾപ്പെടും.

### നിയമത്തിനുള്ള അപവാദം.

മുകളിൽ പറഞ്ഞ നിയമത്തിന് അല്ലാഹു തന്നെ ഒഴിവ് നൽകിയിട്ടുണ്ട്: മുസ്‌ലിം പുരുഷന്മാർക്ക് യഹൂദരോ ക്രിസ്ത്യാനികളോ ആയ സ്ത്രീകളെ വിവാഹം ചെയ്യുവാൻ അനുമതി

തന്നിട്ടുണ്ട്- വളരെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥയോടുകൂടിയാണത്; അവർ പതിവ്രതകളായിരിക്കണം. അതായത് അവർ വ്യഭിചാരത്തിലേർപ്പെടുന്നവരോ രഹസ്യവേഴ്ചക്കാരെ സ്വീകരിക്കുന്നവരോ ആകരുത്. അല്ലാഹു പറയുന്നു.

﴿ ٱلْيَوْمَ أُحِلَّ لَكُمُ ٱلطَّيِّبَٰتُ ۖ وَطَعَامُ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ حِلٌّ لَّكُمْ وَطَعَامُكُمْ حِلٌّ لَّهُمْ ۖ وَٱلْمُحْصَنَٰتُ مِنَ ٱلْمُؤْمِنَٰتِ وَٱلْمُحْصَنَٰتُ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ إِذَآ ءَاتَيْتُمُوهُنَّ أُجُورَهُنَّ مُحْصِنِينَ غَيْرَ مُسَٰفِحِينَ وَلَا مُتَّخِذِىٓ أَخْدَانٍ ۗ وَمَن يَكْفُرْ بِٱلْإِيمَٰنِ فَقَدْ حَبِطَ عَمَلُهُۥ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ﴾

എല്ലാ നല്ല വസ്തുക്കളും ഇന്ന് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദം നൽകപ്പെട്ടവരുടെ ക്ഷണം നിങ്ങൾക്ക് അനുവദനീയമാണ്. നിങ്ങളുടെ ക്ഷണം അവർക്കും അനുവദനീയമാണ്. സത്യവിശ്വാസിനികളിൽ നിന്നുള്ള പതിവ്രതകളായ സ്ത്രീകളും, നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നുള്ള പതിവ്രതകളായ സ്ത്രീകളും – നിങ്ങള വർക്ക് വിവാഹമൂല്യം നൽകിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ – ( നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.) നിങ്ങൾ വൈവാഹിക ജീവിതത്തിൽ ഒതുങ്ങി നിൽക്കുന്നവരായിരിക്കണം. വ്യഭിചാരത്തിൽ ഏർപെടുന്നവരാകരുത്. രഹസ്യവേഴ്ചക്കാരെ സ്വീകരിക്കുന്നവരുമാകരുത്. സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവന്റെ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്ത് അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും. (അൽ മായിദ 5:5)

## ആരാണ് 'വേദക്കാർ'?

മുകളിൽ പറഞ്ഞ സമ്മതം ഏകദൈവക്കാരായ വേദക്കാർക്ക് മാത്രമാണ് ബാധകം എന്നു ചില സ്വഹാബികൾ മനസ്സിലാക്കി. ത്രിത്വവിശ്വാസമുള്ള ക്രിസ്ത്യാനികളെക്കുറിച്ച് "അവളുടെ നാഥൻ യേശുവാണ് എന്ന് പറയുന്നതിലും വലിയ ശിർക്ക് എന്താണ്?" എന്ന് അവൻ വാദിക്കുന്നു. ഉദാഹരണമായി അലി (ﷺ) പറഞ്ഞു:

"അറബികളായ ക്രിസ്ത്യാനികൾ അറുത്തത് ഭക്ഷിക്കരുത്, കാരണം അവർ യഥാർത്ഥ ക്രിസ്ത്യാനികളല്ല- മാത്രവുമല്ല മദ്യപാനം ചെയ്യുകയും ചെയ്യുന്നു".[244]

മറിച്ച്, ഉമർ (ﷺ) വിനോട്, തോറ വായിക്കുകയും സാബ്ബത്ത് ആചരിക്കുകയും എന്നാൽ പുനരുത്ഥാനത്തിൽ വിശ്വസിക്കുകയും ചെയ്യാത്ത ഒരു കൂട്ടം യഹൂദന്മാർ അറുത്തതിൽ നിന്ന് ഭക്ഷിക്കാമോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്:

"അവർ വേദക്കാരിൽ നിന്നുള്ള ഒരു സംഘമാണ്" എന്നാണ്.[245]

ഇബ്നു അബ്ബാസ് (ﷺ) പറഞ്ഞു:

"തഗ്‌ലിബ്[246] അറുത്തതിൽ നിന്ന് കഴിക്കുകയും അവരുടെ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യുക".[247] സഹരിയോട് അറബ് ക്രിസത്യാനികളുടെ അറവിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത് അത് അനുവദനീയമാണെന്നാണ്. അദ്ദേഹം പറഞ്ഞു.

"ഒരു മതം വിശ്വസിച്ചാൽ അതിലെ ആളായിട്ടാണ് കരുതപ്പെടുന്നത്".[248]

ഇതുപോലുള്ള ഒരു ചോദ്യത്തിന് ഉത്തരമായി ശഅ്ബി (റഹി) പറഞ്ഞു:

"അല്ലാഹു അവരുടെ അറവ് അനുവദനീയമാക്കി. നിങ്ങളുടെ നാഥൻ ഒരിക്കലും മറവിയുള്ളവനല്ല".[249] ക്രിസ്ത്യാനികളും യഹൂദരും ഏത് തരം വിശ്വാസക്കാരായാലും 'വേദക്കാർ' തന്നെയാണ് എന്നതിന് സലഫിൽ നിന്നുതന്നെ ഇതുപോലുള്ള ധാരാളം ആധികാരികമായ റിപ്പോർട്ടുകൾ ഉണ്ട്. രണ്ട് അഭിപ്രായങ്ങളിൽ വച്ച് ശക്തമായത് ഇതാണ് എന്നാണ് തോന്നുന്നത്".[250]

---

244) അബ്ദുർറസാകും ബൈഹഖിയും രേഖപ്പെടുത്തിയത്.
245) അബ്ദുർറസാകും ബൈഹഖിയും രേഖപ്പെടുത്തിയത്.
246) അറബ് ക്രിസ്ത്യൻ ഗോത്രം.
247) ഇബ്നു അബീശൈബ രേഖപ്പെടുത്തിയത്.
248) അബ്ദുറസാഖ് രേഖപ്പെടുത്തിയത്.
249) അബ്ദുറസാഖ് രേഖപ്പെടുത്തിയത്.
250) ജാമിഉൽ അഹ്ഖാം

**പ്രയാസകരമായ ഒരു അവസ്ഥ.**

'പതിവ്രത' എന്ന നിബന്ധന നമ്മുടെ ഈ കാലത്ത് ഉറപ്പിക്കാൻ പറ്റില്ല. പതിവ്രതയായ ഒരു സ്ത്രീ എന്നാൽ തന്റെ വീട്ടിൽ ഒരു രത്നം പോലെ സൂക്ഷിക്കപ്പെട്ടു വെച്ച, ഒരിക്കലും ചുംബനത്തിലോ, പരപുരുഷ സ്പർശനത്തിലോ, തലോടലിലോ, പരപുരുഷന്മാരുമായി സംസർഗ്ഗത്തിലുണ്ടാകുന്ന മറ്റ് ഏതൊരു ബന്ധത്തിലോ, പെടാത്തവളാകുന്നു.

പാപത്തിൽ നിന്നും തടഞ്ഞു നിർത്തുന്ന ഒരു 'വിശ്വാസം' അമുസ്‌ലിം സ്ത്രീയെ സംബന്ധിച്ചിടത്തോളം, അവൾക്കില്ല. അതിനു പുറമേ ഇന്നത്തെ തുറന്ന പാശ്ചാത്യ സംസ്കാരം രക്ഷിതാക്കളുടെയും ബന്ധുക്കളുടെയും അനുവാദത്തോടു കൂടിത്തന്നെ 'സിന'യെ പ്രോത്സാഹിപ്പിക്കുന്നു. അവിടെ ഒരു പെൺകുട്ടി ലൈംഗിക ബന്ധത്തിൽ ഏർപ്പെടാതെ ഇരുപത് വയസ്സുവരെ കഴിഞ്ഞുപോകുന്നത് കാണാൻ വളരെ പ്രയാസമാണ്. പാശ്ചാത്യരുടെ ഇടയിൽ കന്യകത്വം എന്നത് ഇപ്പോൾ വളരെ അപൂർവ്വമാണ്.

ചില ആളുകൾ ചോദിച്ചേക്കാം; ''ക്രിസ്ത്യാനിയായ ഒരു സ്ത്രീ പഴയ കുഴഞ്ഞാടുന്ന സ്വഭാവത്തിൽ നിന്ന് പശ്ചാത്തപിച്ചു മടങ്ങിയാലോ? അപ്പോൾ അവളെ വിവാഹം കഴിക്കാൻ അനുവാദമില്ലേ?'' എന്ന്. അതിനുള്ള മറുപടി: പശ്ചാത്താപം എന്നാൽ മുസ്‌ലിംകൾക്ക് മാത്രം പ്രത്യേകമായി ഉള്ള ഒരു പ്രാർത്ഥനയാണ് എന്നാണ്. അതിന്റെ ഒന്നാമത്തെ വ്യവസ്ഥ തന്നെ അല്ലാഹുവിനോടുള്ള *ഇഖ്‌ലാസ്* (ആത്മാർത്ഥത) ആണ്. എങ്ങനെയാണ് ഒരു അമുസ്‌ലിമിന് ഇത് നിറവേറ്റാനാവുക? അവളുടെ പശ്ചാത്താപം ഇസ്‌ലാമിനെ ആശ്ലേഷിച്ചുകൊണ്ടായിരിക്കണം. (അല്ലാഹുവിന് വേണ്ടി, വിവാഹത്തിന് വേണ്ടിയല്ല)

ഇസ്‌ലാമിന്റെ ശക്തിയും പ്രതാപവും അതിന്റെ പരകോടിയിൽ നിൽക്കുമ്പോൾ പോലും ഉമർ (﵁) വേദക്കാരെ വിവാഹം കഴിക്കുന്നതിന് എതിരായിരുന്നു. അബൂ വാഇൽ, ഹുദൈഫ (﵁) ഒരു യഹൂദ സ്ത്രീയെ വിവാഹം ചെയ്തതായി വിവരണം നൽകിയിട്ടുണ്ട്. ഉമർ (﵁) അദ്ദേഹത്തിനെഴുതി ''അവളെ ഉപേക്ഷിക്കുക''. അദ്ദേഹം തിരിച്ച് എഴുതി ''ഇത് നിയമവിരുദ്ധമാണെങ്കിൽ ഞാനവളെ ഉപേക്ഷിക്കാം''. ഉമർ (﵁) എഴുതി

إني لا أزعم أنها حرام ولكني أخاف أن تعاطوا المومسات منهن

''ഇത് നിയമ വിരുദ്ധമാണ് എന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഞാൻ ഭയപ്പെടുന്നത് നിങ്ങൾ (മുസ്ലിംകൾ) അടുത്തു തന്നെ അവരുടെ വേശ്യകളുമായി ഇടപെടും എന്നാണ് (-എല്ലാവരും ഇക്കാര്യം വളരെ ലഘുവായി കാണുന്ന കാരണത്താൽ)[251]

ജൂത സ്ത്രീകളെയും ക്രിസ്ത്യാനി സ്ത്രീകളെയും വിവാഹം കഴിക്കുന്നതിനെക്കുറിച്ച് ജാബിർ (ﷺ)നോടു ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു:

''ഞങ്ങൾ സഅദ് ബിൻ അബീ വഖാസിനോടു കൂടി അൽ കൂഫയിൽ യുദ്ധം ചെയ്യുന്ന സമയത്ത് അവരെ വിവാഹം ചെയ്തിട്ടുണ്ടായിരുന്നു. കാരണം ആ സമയത്ത് ഞങ്ങൾക്ക് മുസ്ലിം സ്ത്രീകളെ കിട്ടാനില്ലായിരുന്നു. പക്ഷെ (യുദ്ധം കഴിഞ്ഞ്) തിരിച്ചു വന്നപ്പോൾ ഞങ്ങൾ അവരെ വിവാമോചനം ചെയ്തു.[252]

251) ബൈഹഖിയും സഅദ്ബ്നു മൻസൂറും രേഖപ്പെടുത്തിയത്.
252) ഇമാം ശാഫിയും (അൽ ഉമ്മ്) ബൈഹഖിയും രേഖപ്പെടുത്തിയത്.

# ഉപസംഹാരം.

നമ്മുടെ ഈ കാലഘട്ടത്തിൽ മുസ്ലിംകൾ വളരെ അശക്തരും മറ്റുള്ളവരുടെ മേൽക്കോയ്മക്ക് കീഴെ ഒതുങ്ങിയവരും ആണ്. മുസ്ലിംകളുടെ സ്വന്തം രാഷ്ട്രങ്ങളിൽ പോലും ഇതാണ് സ്ഥിതി. ഒരാൾ ഒരമുസ്ലിം സ്ത്രീയെ വിവാഹം കഴിച്ചാൽ അയാൾക്ക് സ്വന്തം വീട്ടിൽ പോലും ഇസ്ലാമികാന്തരീക്ഷം നടപ്പാക്കാൻ സാധിക്കാതെ വരും. അയാൾ തന്റെ ഭാര്യ കുരിശ് ധരിക്കുന്നതും, യേശുവിനോട് പ്രാർത്ഥിക്കുന്നതും, പന്നി മാംസം ഭക്ഷിക്കുന്നതും, കുട്ടികളെ അവിശ്വാസികളാക്കി വളർത്തുന്നതും നോക്കി നിൽക്കേണ്ടിവരും. ഇത് സ്വന്തം മക്കളുടെ മേലും സ്വന്തം വ്യക്തിത്വത്തിലും സ്വയം വരുത്തിവെക്കുന്ന അപകടമാണ്, അല്ലാഹുവിനോടുള്ള അനാദരവും അനുസരണക്കേടുമാണ്. ഈ പാപത്തിനേക്കാൾ വലിയ പാപം എന്താണ്? ഇന്നത്തെ പരിതസ്ഥിതിയിൽ ഇങ്ങനെയുള്ള വിവാഹങ്ങൾ വിലക്കാൻ ഇതു തന്നെ മതിയായ കാരണമാണ്.

ചിലർ പറയാറുള്ള ഒഴികഴിവ് ‘‘വിവാഹം വ്യഭിചാരത്തേക്കാൾ നല്ലതാണ് എന്നാവും. ഇത് അസംബന്ധമാണ്. ഒന്നാമതായി ഇങ്ങനെയുള്ള വിവാഹങ്ങൾ അനുവദനീയമല്ല. രണ്ടാമതായി ഏറ്റവും പിഴച്ച വ്യഭിചാരത്തിന്റെ ഫലത്തേക്കാൾ മോശം ഫലമാണ് ഇതുകൊണ്ട് ഉണ്ടാവുന്നത്.

അതുകൊണ്ട്, യുവാക്കൾ അല്ലാഹുവിനെ ഭയപ്പെടുകയും, മുസ്‌ലിം സ്ത്രീകളെ മാത്രം വിവാഹം കഴിക്കുകയും ചെയ്യുക. അവൾ നിങ്ങൾക്ക് ജീവിതം മുഴുവൻ നല്ല കൂട്ടുകാരിയായിരിക്കുകയും നിങ്ങളുടെ സന്താനങ്ങളെ യഥാർത്ഥ ഇസ്‌ലാമിൽ വളർത്താൻ സഹായിക്കുകയും ചെയ്യും, തീർച്ച.

●